# തത്വചിന്തയും ദൈവശാസ്ത്രവും

ഡോ. ജോസഫ് പാംപ്ലാനി

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# തത്വചിന്തയും ദൈവശാസ്ത്രവും

**Title :** Philosophy and Theology
Author Dr. Joseph Pamplany
**Published by :** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on :** 2014 November 01 (All Saints Day)

**Office Assistance :** Rev. Sr.Glorista SABS
Mr.Renjith K.C
Mrs. Anitha Vijayan
Mrs. Maneesha Shinoj
Mrs. Jeshitha Vijesh
Miss. Bhavya K
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. തത്വശാസ്ത്രം : ദൈവശാസ്ത്രത്തിന്റെ ഭൂമിക ......... ................................. 5
2. ചിന്തയുടെ ചരിത്രം..................................................................................... 42
3. സോക്രട്ടീസ് തത്വചിന്തയുടെ പിതാവ് ...................................................... 51
4. പ്ലേറ്റോയും ക്രിസ്തീയദൈവശാസ്ത്രവും ................................................ 56
5. അരിസ്റ്റോട്ടിലിന്റെ കാര്യകാരണ സിദ്ധാന്തവും കാറ്റഗരികളും.................. 65
6. പാഠശാല (സ്കൊളാസ്റ്റിക്) തത്വചിന്ത ...................................................... 74
7. വി. തോമസ് അക്വീനായും സുമ്മാ തിയോളജിക്കായും ........................... 86
8. ഫ്രാൻസിസ്കൻ തത്വചിന്തകർ ................................................................. 94
9. ആധുനിക താത്വിക സരണികൾ ......................................................... 101
10. ദൈവാസ്തിത്വം ........................................................................................ 124
11. യൂദാസ് തെറ്റുകാരനോ? : ദൈവത്തിന്റെ മുന്നറിവും മനുഷ്യസ്വാതന്ത്ര്യവും................................137
12. പിശാചിന്റെ ഉത്ഭവം എവിടെ നിന്ന്? ...................................................... 149

# 01

## തത്വശാസ്ത്രം:
## ദൈവശാസ്ത്രത്തിന്റെ ഭൂമിക

തത്വചിന്തഎന്നത് തത്വങ്ങളെക്കുറിച്ചുള്ള പഠനമോ ഏതെങ്കിലും വിശ്വാസസംഹിതകളെക്കുറിച്ചുള്ള വിചിന്തനമോ അല്ല. അത് ജ്ഞാനത്തെ അന്വേഷിക്കുന്ന പ്രവൃത്തിയാണ്. ജ്ഞാനത്തെക്കുറിച്ചുള്ള വിമർശനാത്മകവും സമഗ്രവുമായ വിചിന്തനത്തിലൂടെ ചിന്തയുടെ ലോകത്തിന്റെ വാതായനങ്ങൾ തുറക്കുന്നതാണ് തത്വചിന്തയുടെ ധർമ്മം. ഈ അന്വേഷണം ഒരേസമയം വിശകലനപരവും (analytic)സമന്വപരവും (synthetic) പ്രായോഗികവും താത്വികവും യുക്തിപരവും അനുഭവപരവുമാണ്.

ഫിലോസഫി എന്ന പദത്തിന്റെ അർത്ഥം തന്നെ അത് എന്തിനുവേണ്ടി നിലകൊള്ളുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. സോഫിയ (Sophia), ഫിലെയ്ൻ (Philein) എന്നീ ഗ്രീക്കുപദങ്ങൾ ചേർന്നതാണ് 'ഫിലോസഫി'. 'സോഫിയ' എന്നാൽ 'ജ്ഞാനം' എന്നും 'ഫിലെയ്ൻ' എന്നാൽ 'ഇഷ്ടപ്പെടുക' എന്നുമാണർത്ഥം. അപ്പോൾ 'ഫിലോസഫി'എന്ന പദത്തിന്റെ അർത്ഥം 'ജ്ഞാനത്തെ ഇഷ്ടപ്പെടുക' എന്നാണ്.

*Published for the use of the students of Alpha Institute of Theology and Science*

ലക്ഷ്യങ്ങളെയും മൂല്യങ്ങളെയും കുറിച്ചുള്ള പഠനമാണ് തത്വശാസ്ത്രം എന്നു പറയാറുണ്ട്. ജീവിതത്തെക്കുറിച്ചുള്ള വ്യഖ്യാനമാണ് തത്വശാസ്ത്രമെന്നു സാരം. മാത്യു ആർണോൾഡിന്റെ വീക്ഷണത്തിൽ ജീവിതത്തെ ദൃഢമായും സമഗ്രമായും നോക്കിക്കാണുന്നതാണ് തത്വചിന്ത.

തത്വചിന്തയിൽ വിമർശനാത്മകവിശകലനത്തിന് ഏറെപ്രാധാന്യമുണ്ട്. മുൻധാരണകളെയും അർത്ഥകല്പനകളെയും വിശ്വാസസംഹിതകളെയും സിദ്ധാന്തങ്ങളെയും വിമർശനവിധേയമാക്കാതെ അംഗീകരിക്കാൻ തത്വചിന്തതയ്യാറല്ല. അവതരിപ്പിക്കുന്ന വസ്തുതകളിലും നിർവ്വചനങ്ങളിലും സാധ്യമായതിൽ ഏറ്റവും നിയതമായ കൃത്യത പുലർത്തണമെന്ന് തത്വചിന്തകന് നിർബന്ധമുണ്ട്. പറയപ്പെടുന്ന കാര്യങ്ങൾ തമ്മിൽ വൈരുധ്യമോ വാക്കുകൾക്ക് ഭിന്നമായ അർത്ഥങ്ങളോ വിവിധവിവരണങ്ങളിൽ വാക്കുകൾക്ക് പുതിയ അർത്ഥകല്പനയോ സംഭവിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ തത്വചിന്തകർ ബദ്ധശ്രദ്ധരാണ്.

നാം ജീവിക്കുന്ന ഈ ലോകത്തെ ശാസ്ത്രീയമായ രീതികൾ ഉപയോഗിച്ചു മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ് തത്വശാസ്ത്രം ചെയ്യുന്നതെന്ന് ചില തത്വചിന്തകർ അഭിപ്രായപ്പെടുന്നു. ആധുനികതത്വശാസ്ത്രത്തിൽ 'ലോകം' എന്ന പദം ജ്യോതിശ്ശാസ്ത്രപരമായ 'പ്രപഞ്ചം' എന്ന അർത്ഥത്തിലല്ല ഉപയോഗിക്കുന്നത്. നമ്മുടെ സാമൂഹ്യവും രാഷ്ട്രീയവും ധാർമ്മികവും മതപരവുമായ ലോകത്തെയാണ് ആ പദം വ്യഞ്ജിപ്പിക്കുന്നത്. പുരാതനഗ്രീക്കുകാരെ 'ശാശ്വതികത്വം', 'പരിവർത്തനം' എന്നീ പ്രശ്നങ്ങൾ അലട്ടിയിരുന്നു. പക്ഷേ അവർ വെറും രൂപപരമായ മാറ്റത്തെയാണ് 'പരിവർത്തനം' എന്ന പദംകൊണ്ട് അർത്ഥമാക്കിയത്. അതായത്, ഭൗതികപരിമാണുക്കളുടെയും കണങ്ങളുടെയും ചലനം, വസ്തുക്കളുടെ വൃദ്ധിക്ഷയങ്ങൾ മുതലായവയിലായിരുന്നു അവരുടെ താല്പര്യം. ഈ വക പ്രശ്നങ്ങൾക്ക് ഇനിയും ഉത്തരം കാണേണ്ടതായിട്ടാണിരിക്കുന്നത്. പക്ഷേ, നമുക്ക് ഇന്ന് താല്പര്യമുള്ളത് മറ്റൊരു തരം പരിവർത്തനത്തിനു വിധേയമായ ലോകത്തെക്കുറിച്ചാണ് - സദാ മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യാചാരങ്ങൾ, രാഷ്ട്രീയബന്ധങ്ങൾ, ധാർമ്മിക മൂല്യങ്ങൾ, മതങ്ങൾ എന്നിവയുടെ ലോകത്തെക്കുറിച്ച്. ജ്യോതിശ്ശാസ്ത്രപരമായ പ്രപഞ്ചത്തിന്റെ വിസ്തൃതി, കാലം, സ്രഷ്ടാവ്, ലക്ഷ്യം, അതിന്റെ പ്രാഥമികഘടകം, മനുഷ്യനും നിയതിയുമായി അതിനുള്ള ബന്ധം എന്നീ വിഷയങ്ങളോടൊപ്പം തന്നെ മുകളിൽ പറഞ്ഞ നൂതനലോകത്തിന്റെ പ്രശ്നങ്ങളെപ്പറ്റിയും നമുക്ക് ചിന്തിക്കേണ്ടതുണ്ട്.





പ്രപഞ്ചം ജഡമാണോ? അതിനെ നിയന്ത്രിക്കുന്നത് വെറും യാന്ത്രികനിയമങ്ങളാണോ? പദാർത്ഥത്തിനും ഊർജ്ജത്തിനും ഉപരിയായി എന്തെങ്കിലും ശക്തി ഉണ്ടോ? പദാർത്ഥത്തിന്റെ ഘടന എന്താണ്? മനസ്സ് പദാർത്ഥത്തിൽ നിന്ന് വ്യത്യസ്തമാണോ? എന്താണ് ജീവിതം? എന്താണ് മരണം? എന്താണ് ശരി? എന്താണ് തെറ്റ്? നമ്മുടെ പരമമായ മൂല്യങ്ങൾ എന്ത്?- ഈ വക പ്രശ്നങ്ങളെല്ലാം തത്വശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. ഇവയെക്കുറിച്ച് ഗാഢമായി ചിന്തിക്കുക, ശാസ്ത്രരീത്യാ പഠനം നടത്തുക - തത്വചിന്തയുടെ പ്രവർത്തിയാണിത്.

**നിർവചനങ്ങൾ**

ഹെർബർട്ട് സ്പെൻസർ തത്വശാസ്ത്രത്തെ സമ്പൂർണ്ണേകീകൃതജ്ഞാനം എന്നാണ് നിർവചിച്ചിട്ടുള്ളത്. സകാരാത്മകശാസ്ത്രങ്ങൾ ഭാഗികഏകീകൃതജ്ഞാനമാണ്. ഓരോ ശാസ്ത്രവും അതിന്റെ പരിധിയിൽ പെടുന്ന പ്രത്യേക വസ്തുക്കളെ ഏകീകരിക്കുന്നതുപോലെ തത്വശാസ്ത്രം വിവിധ ശാസ്ത്രങ്ങളെ ഒരു ഏകീകൃത വ്യവസ്ഥയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

തത്വശാസ്ത്രത്തെക്കുറിച്ച് വേറെയും പല നിർവചനങ്ങളുണ്ട്. എല്ലാ കാലത്തിന്റെയും "എല്ലാ ജീവിതത്തിന്റെയും പ്രേക്ഷകൻ" ആണ് തത്വചിന്തകനെന്ന് പ്ളേറ്റോ പറയുന്നു. പ്രൊഫസ്സർ വെറ്റ്ഹെഡ്ഢിന്റെ പക്ഷത്തിൽ "ഭാഷയുടെ പരിമിതികളിൽകൂടി പ്രപഞ്ചത്തിന്റെ അനന്തതയെ പ്രകാശിപ്പിക്കുവാനുള്ള ഒരു യത്നമാണ്" തത്വശാസ്ത്രം. തത്വശാസ്ത്രത്തെപ്പറ്റി ബർട്രൻഡ് റസ്സൽ പറയുന്നത് ഇങ്ങനെയാണ് - "തത്വചിന്തയ്ക്ക് നമ്മുടെ ജീവിതലക്ഷ്യങ്ങളെ നിർണ്ണയിക്കുക സാദ്ധ്യമല്ല. എങ്കിലും അതിന് മുൻവിധിയുടെ ഭീകരതയിൽനിന്നും സങ്കുചിതവീക്ഷണംമൂലം ഉളവാകുന്ന വക്രതയിൽനിന്നും നമ്മെ മുക്തരാക്കുവാൻ കഴിയും". ഡോക്ടർ രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ തത്വചിന്തകർ ഭാവിയുടെ വിധാതാക്കളാണ്. ജീവിതത്തെ വിശദീകരിക്കുക മാത്രമല്ല തത്വചിന്തയുടെ കർത്തവ്യം; അതിനെ ഉദ്ദീപിപ്പിക്കുകയും അതിനു മാർഗ്ഗദർശനം ചെയ്യുകയും കൂടിയാണ്.

തത്വചിന്താവിശകലനത്തിൽ താഴെപ്പറയുന്ന വിചിന്തനങ്ങൾ പ്രസക്തമാണ്.

1. തത്വചിന്ത അനുഭവങ്ങളെ ആധാരമാക്കാറുണ്ട്. അനുഭവങ്ങളെല്ലാം വിശകലനാത്മകമായ വിശദീകരണങ്ങൾക്ക് വിധേയമാണെന്ന് തത്വചിന്ത കരുതുന്നു.

2. അനുഭവങ്ങളുടെ വിശദീകരണത്തിൽ അനുഭവവേദ്യമല്ലാത്തവ അപ്രസക്തമാണ്.

3. കേവലം വൈയക്തികമായല്ല സമഗ്രമായിട്ടാണ് തത്വചിന്ത യുക്തിവിശകലനം നടത്തുന്നത്. മനുഷ്യന്റെ വിവിധങ്ങളായ അനുഭവങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന യുക്തിപരമായ ഒരുകണ്ണിയുണ്ടെന്ന് തത്വചിന്തവിലയിരുത്തുന്നു.

4. ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽനിന്നു ലഭിക്കുന്ന അറിവുകളെ സമന്വയിപ്പിച്ചുകൊണ്ടാണ് തത്വചിന്തകാര്യവിശകലനം നടത്തുന്നത്.

5. നിത്യജീവിതത്തിന്റെ പ്രായോഗികപ്രശ്നങ്ങൾക്കുള്ള ഉത്തരംതന്നെയാണ്തത്വചിന്തയും അന്വേഷിക്കുന്നത്."ഞാൻ ആരാണ്" ? "എന്താണ് ജീവിതലക്ഷ്യം"? തുടങ്ങിയ ചോദ്യങ്ങൾ കേവലം അമൂർത്തങ്ങളല്ല, മറിച്ച് മൂർത്തമായ പ്രായോഗികപ്രശ്നങ്ങൾ തന്നെയാണല്ലോ.

6. എന്നാൽ, അമൂർത്തമെന്ന് പ്രഥമദൃഷ്ടാതോന്നുന്നവയും തത്വചിന്തയുടെ ഭാഗമാണ്. സ്വത്വത്തെക്കുറിച്ചും അതിഭൗതികതയെക്കുറിച്ചും നിത്യതയെക്കുറിച്ചുമുള്ള താത്വികവിചിന്തനങ്ങൾ കേവലം പ്രായോഗികമോ മൂർത്തമോ എന്നു പറയാനാവില്ല.

## തത്വശാസ്ത്രവും ഇതരശാസ്ത്രങ്ങളും

തത്വശാസ്ത്രത്തിന്, പ്രത്യേകിച്ചും ആധുനികതത്വശാസ്ത്രത്തിന്, ഗണിതം ഊർജ്ജതതന്ത്രം, രസതന്ത്രം, ജൈവവിജ്ഞാനം, മനശ്ശാസ്ത്രം മുതലായ ശാസ്ത്രങ്ങളുമായി അഭേദ്യമായ ബന്ധം ഉണ്ട്.

എന്നാൽ ഈ ശാസ്ത്രങ്ങളുടെ പ്രവർത്തനമണ്ഡലത്തിൽ പെടാത്ത രണ്ടു കാര്യങ്ങൾ തത്വശാസ്ത്രത്തിന്റെ പരിധിയിൽ പെടുന്നുണ്ട്. ഒന്ന്, ലോകത്തെക്കുറിച്ചുള്ള സമഗ്രവും ബോധപൂർവ്വകവുമായ വിചിന്തനമാണ്-പ്രത്യേകിച്ചും ലോകത്തിന്റെ അർത്ഥം, ലക്ഷ്യം, പ്രയോജനം എന്നിവയെക്കുറിച്ചുള്ള വിചിന്തനം. രണ്ടാമത്തേത്, ഈ ശാസ്ത്രങ്ങളുടെ സങ്കല്പങ്ങളെ വിമർശനാത്മകമായി പരിശോധിക്കുക എന്നത്. ആദ്യത്തേതിനെ കാൽപ്പനികതത്വശാസ്ത്രമെന്നും രണ്ടാമത്തേതിനെ നിരൂപണപരമായ തത്വശാസ്ത്രമെന്നും വിളിക്കാം. ആദ്യത്തേത്, അതായത് പൂർണ്ണരൂപദർശകമായ ജീവിതനിരീക്ഷണം, മനുഷ്യമനസ്സിന്റെ ഗാഢമായ ഒരു അഭിലാഷമാണ്. ലോകത്തെക്കുറിച്ച് വെറും പാരിമാണികമായ നിരീക്ഷണം





കൊണ്ടു നാം തൃപ്തിപ്പെടുന്നില്ല. തത്വചിന്തയുടെ രണ്ടാമത്തെ കർത്തവ്യം സങ്കൽപങ്ങളുടെ വിമർശാത്മകമായ പരിശോധനയാണെന്ന് പറഞ്ഞുവല്ലോ. തത്വശാസ്ത്രത്തിലും നിത്യജീവിതത്തിലും സാധാരണ ഉപയോഗിക്കപ്പെടുന്ന സങ്കല്പങ്ങളും സത്യം, ലക്ഷ്യം, വിജ്ഞാനം, നന്മ, തിന്മ, ഈശ്വരൻ, സൗന്ദര്യം, സുഖം മുതലായ സങ്കൽപങ്ങളും വിമർശാത്മകമായ വിശ്ലേഷണത്തിന് അത് വിധേയമാക്കുന്നു. ശാസ്ത്രങ്ങളിലും തത്വശാസ്ത്രത്തിലും ഉപയോഗിച്ചുവരുന്ന രണ്ടു പ്രധാന സങ്കല്പങ്ങളാണ് 'കാരണവും നിയമ'വും. കാരണത്തെ സംബന്ധിച്ച് ഭൗതികശാസ്ത്രങ്ങൾ ചോദിക്കുന്ന രണ്ടു ചോദ്യങ്ങൾ ഇവയാണ്. ഒന്ന്, എന്താണ് കാരണം? രണ്ട്, എല്ലാ സംഭവങ്ങൾക്കും കാരണം ഉണ്ടോ, അതോ ചില സംഭവങ്ങൾ തീരെ സ്വതന്ത്രങ്ങളാണോ? ഇവയിൽ രണ്ടാമത്തെ ചോദ്യത്തെ സംബന്ധിച്ചിടത്തോളം, ഭൗതികശാസ്ത്രങ്ങളുടെ നിലതക്കതായ കാരണം കൂടാതെ ഒന്നും സംഭവിക്കുന്നില്ല എന്നതാണ്. വർത്തമാനം ഭൂതത്തിന്റെ സന്തതിയാണ്. ഭാവി അതുപോലെ വർത്തമാനത്തിന്റെ ഫലമായിരിക്കും. എല്ലാ ശാസ്ത്രീയഗവേഷണവും ഈ സങ്കൽപത്തെ ആശ്രയിച്ചിരിക്കുന്നു. പക്ഷേ തത്വശാസ്ത്രം കാരണത്വത്തെ ഒരു സാർവ്വത്രിക നിയമമായി അംഗീകരിക്കുന്നുണ്ടെന്നു തോന്നുന്നില്ല. ചിത്തസ്വാതന്ത്ര്യവാദം, ചിത്തസ്വാതന്ത്ര്യനിഷേധവാദം എന്നിവ അതിന്റെ ഫലമായി ഉണ്ടായതാണ്.

അതുപോലെ തന്നെ ഓരോ സംഭവത്തിനും കാരണമുണ്ട് എന്നതിൽ കവിഞ്ഞ് ശാസ്ത്രങ്ങൾക്കു കാരണത്വനിയമത്തിൽ വേറെ താൽപ്പര്യമൊന്നുമില്ല. എന്നാൽ ഒരു തത്വശാസ്ത്രവിദ്യാർത്ഥിക്ക് പ്രഥമകാരണം, അന്തിമകാരണം എന്നിവയിലും താൽപര്യമുണ്ട്.

ഇനി ശാസ്ത്രങ്ങളിലെ ഒരു മൗലികസങ്കൽപമായ നിയമത്തെ നമുക്കപഗ്രഥിക്കാം. പ്രകൃതിനിയമങ്ങളെ കണ്ടുപിടിക്കുന്നതിലാണ് ശാസ്ത്രം, അതിന്റെ ശ്രദ്ധ പ്രധാനമായും കേന്ദ്രീകരിച്ചു പോന്നിട്ടുള്ളത്. ചലനനിയമങ്ങൾ, ഊഷ്മഗതികനിയമങ്ങൾ മുതലായ നിയമങ്ങൾ ശാസ്ത്രത്തെ സമ്പന്നമാക്കിയിട്ടുണ്ട്. നിയമം എന്ന പദത്തിന് രണ്ടു വ്യത്യസ്ത അർത്ഥങ്ങളുണ്ട്. സദാചാരശാസ്ത്രത്തിലും നിയമശാസ്ത്രത്തിലും നിയമത്തിന് ഒരു ആജ്ഞാസ്വഭാവമുണ്ട്. എന്നാൽ ശാസ്ത്രത്തിലെ പ്രകൃതിനിയമം പ്രകൃതിയിലെ വസ്തുക്കളുടെ പ്രവർത്തനരീതിയിൽ കണ്ടുവരുന്ന ഐക്യരൂപത്തെ സംബന്ധിച്ച വെറുമൊരു പ്രമാണസൂത്രം മാത്രമാണ്. വസ്തുക്കൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് വിശദീകരണം നൽകുവാനാണ് ശാസ്ത്രം ശ്രമിക്കുന്നത്; അല്ലാതെ എന്തുകൊണ്ട് അപ്രകാരം പ്രവർത്തിക്കുന്നു എന്നതിനല്ല. ഉദാഹരണമായി ന്യൂട്ടന്റെ ആകർഷ

ണനിയമം, എന്തിനാണ് വസ്തുക്കൾ പരസ്പരം ആകർഷിക്കപ്പെടുന്നത് എന്ന കാര്യം സ്പർശിക്കുന്നതേയില്ല. അവ എങ്ങനെയാണ് അപ്രകാരം ചെയ്യുന്നത് എന്നു മാത്രം വിശദീകരിക്കുന്നു. പക്ഷേ, എങ്ങനെയാണ് എന്ന അറിവുകൊണ്ടുമാത്രം മനുഷ്യൻ തൃപ്തിപ്പെടുന്നില്ല, എന്തിനാണ് എന്ന് അറിയുവാനും അവന് ആകാംക്ഷയുണ്ട്.

ശാസ്ത്രത്തിനും തത്വശാസ്ത്രത്തിനും ഒരേ ലക്ഷ്യമാണുള്ളത്. ആത്മാർത്ഥവും ശ്രമകരവുമായ സത്യാന്വേഷണമാണത്. പക്ഷേ, ശാസ്ത്രം അതിന്റെ സത്യാന്വേഷണമാണത്. പക്ഷേ, ശാസ്ത്രം അതിന്റെ സത്യാന്വേഷണത്തിൽ ചിലപരിമിതികൾ സ്വയം അംഗീകരിച്ചിട്ടുണ്ട്. പരിമിതിക്കളെയെല്ലാം അതിലംഘിച്ച് പ്രപഞ്ചത്തെയാസകലം ഉൾക്കൊള്ളുവാനാണ് തത്വശാസ്ത്രം ശ്രമിക്കുന്നത്.

## മതവും തത്വശാസ്ത്രവും

മതത്തെക്കുറിച്ച് വിശകലനം നടത്തുന്ന തത്വചിന്താവിഭാഗം തന്നെയുണ്ട്. (Philosophy of Religion). ദൈവാസ്ഥിത്വവും, വിവിധസംസ്കാരങ്ങളിലെ മതാനുഭവങ്ങളിലും മതവിശ്വാസത്തിന്റെ ധാർമ്മിക മാനങ്ങളുമൊക്കെ ഈ തത്വചിന്താസരണിയുടെ ഭാഗമാണ്. മതവും തത്വശാസ്ത്രവും പലപ്പോഴും ഓരേ സങ്കൽപങ്ങളെത്തന്നെയാണ് പ്രതിപാദിക്കുന്നത്. (ആത്മാവ്-അതിന്റെ ഉൽപത്തിയും, വിധിയും, ഈശ്വരനും, സൃഷ്ടിയും തുടങ്ങിയ സങ്കൽപങ്ങൾ ഉദാഹരണങ്ങളാണ്.) പക്ഷേ തത്വശാസ്ത്രത്തിന് ഇവയിലുള്ള താൽപ്പര്യം വൈകാരികവും വൈയക്തികവുമത്രേ.

എന്താണ് മതം? മതത്തെക്കുറിച്ചാലോചിക്കുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യമായി വരിക ദേവാലയങ്ങൾ, പ്രാർത്ഥനകൾ, ഗാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ, ക്രിയാവിധികൾ എന്നിവയാണ്. പക്ഷേ, ഇവയൊന്നുമല്ല യഥാർത്ഥത്തിൽ മതം. "നിയതിയെ നിയന്ത്രിക്കുന്ന അദൃശ്യശക്തികളെ ആശ്രയിക്കുകയും അവയുമായി സൗഹൃദബന്ധം സ്ഥാപിക്കുകയും ചെയ്യുവാനുള്ള ആഗ്രഹമാണ് മതം" എന്ന് സാമാന്യമായി പറയാം. മതം ഈശ്വരപ്രേമമാണ്. നമ്മിൽ പരമോൽകൃഷ്ടമായതേതോ അതിനോടുള്ള കൂറാണ്. ഉൽകൃഷ്ടമൂല്യങ്ങളോടുള്ള അഗാധവും സഹജവുമായ ഒരു ഭാവത്തെ ആശ്രയിച്ചു നിൽക്കുന്നു മതം.

നമ്മുടെ മതവിശ്വാസങ്ങളുടെ മേൽ തത്വശാസ്ത്രം എങ്ങനെ സ്വാധീനം ചെലുത്തുന്നു? നമ്മുടെ വിശ്വാസപ്രമാണങ്ങൾ സങ്കുചിതങ്ങളും ദൃഢവുമാണെങ്കിൽ തത്വശാസ്ത്രപഠനം അവയെ പ്രതികൂലമായി ബാധിക്കും. പക്ഷേ, അവ വിശാലവും ലളിതവുമാണെങ്കിൽ തത്വശാസ്ത്രം അവയെ ദൃഢീകരിക്കുകയേ ചെയ്യുകയുള്ളൂ. നിശ്ചയമായും തത്വശാസ്ത്രത്തിന് നമ്മുടെ മൗലികമായ മതവിശ്വാസങ്ങളെ ഒരു കെട്ടുറപ്പുള്ള, ബുദ്ധിപരമായ അടിസ്ഥാനത്തിൽ ഉറപ്പിച്ചു നിർത്തുന്നതിനു സഹായിക്കാൻ കഴിയും.





## തത്വശാസ്ത്രപഠനരീതികൾ

ഏതൊരു വിഷയത്തിനും അതിന്റേതായ പഠനരീതികൾ ഉണ്ടാകും. തത്വശാസ്ത്രത്തിനും സാമാന്യമായ പഠനരീതിക്ക് പുറമെ ചില പ്രത്യേകപഠനരീതികൾ ഉണ്ട്. സാമാന്യമായ പഠനരീതിയെ ശാസ്ത്രീയരീതി എന്ന് മൊത്തത്തിൽ പറയാം. തങ്ങളുടെ സിദ്ധാന്തങ്ങളുടെ സത്യാവസ്ഥ തെളിയിക്കുന്നതിലോ എതിരാളികളുടെ സിദ്ധാന്തങ്ങളെ ഖണ്ഡിക്കുന്നതിലോ ആണ് പണ്ട് ദാർശനികർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ഇത് ദ്വന്ദാത്മകരീതിയുടെ പ്രയോഗത്തിന് വഴിതെളിച്ചു. ദ്വന്ദാത്മകരീതിയുടെ പ്രാണേതാവ് പുരാതന ഗ്രീസിലെ എലീട്ടിക്ക് സ്കൂളിൽപെട്ട ഒരു പ്രമുഖ ചിന്തകനായ സീനോ ആണ്. സോക്രട്ടീസ് ഈ രീതിയെ കൂടുതൽ സംപുഷ്ടമാക്കി. പക്ഷെ, ദ്വന്ദ്വാത്മകവാദം യഥാർത്ഥത്തിൽ തുടങ്ങുന്നത് പ്ലേറ്റോയിൽ നിന്നാണ്. അദ്ദേഹത്തിന്റെ "പാർമെനൈഡ്സ്" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഏകം, അനേകം, സ്ഥായി, സഞ്ചാരി എന്നീ ആശയങ്ങളിൽ അടങ്ങിയിട്ടുള്ള വൈരുദ്ധ്യങ്ങളെ ചൂണ്ടിക്കാണിക്കുകയും ഈ ദ്വന്ദ്വങ്ങൾക്കതീതമായ നിലയെ പ്രാപിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ഭാരതീയ ദർശനങ്ങളിൽ ദ്വന്ദ്വാത്മകവാദരീതികളെ വളരെ സമർത്ഥമായ രീതിയിൽ കൈകാര്യം ചെയ്തിട്ടുള്ളതായി കാണാം. 'ജൽപ' എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ആ രീതി ഉപനിഷത്തുകളിലാണ് ആദ്യമായി ഉപയോഗിച്ചു കാണുന്നത്. ബുദ്ധന്റെ മൗനവും ചിലപ്പോൾ ഈ രീതിയുടെ തുടക്കത്തെ കുറിക്കുന്നതായി വ്യാഖ്യാനിക്കപ്പെടാറുണ്ട്. ബൗദ്ധദർശനത്തിലെ മാദ്ധ്യമികസ്കൂളിന്റെ പ്രമുഖവക്താവും ശൂന്യവാദത്തിന്റെ പ്രാണേതാവുമായ നാഗാർജ്ജുനൻ ഈ രീതി പ്രയോഗിക്കുന്നതിൽ അനിതരസാധാരണമായ സാമർത്ഥ്യം പ്രദർശിപ്പിച്ചിട്ടുണ്ട്. ആധുനിക ബ്രിട്ടീഷ് തത്വചിന്തകരിൽ പ്രമുഖനായ എഫ്.എച്ച്. ബ്രാഡ്‌ലി "പ്രതീതിയും യാഥാർത്ഥ്യവും" (Appearance and Reality) എന്ന തന്റെ ഗ്രന്ഥത്തിൽ ദ്വന്ദ്വാത്മകരീതി അവലംബിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ തത്വശാസ്ത്രത്തിൽ ഇന്ന് ശാസ്ത്രീയരീതിക്കാണ് പ്രാധാന്യം.

തത്വശാസ്ത്രത്തിൽ ശാസ്ത്രീയരീതി വിജയപ്രദമായി ഉപയോഗിക്കുക സാദ്ധ്യമാണോ? ഈശ്വരൻ, പ്രപഞ്ചം, ആത്മാവ് തുടങ്ങിയ തത്വശാസ്ത്രത്തിലെ പ്രമുഖ സങ്കൽപനകളുടെ പരിചിന്തനത്തിന്

ഈ രീതി പ്രയോജനപ്പെടുത്താമോ? സത്യപഠനം ആണ് ഈ രീതിയിലെ കാതലായ അംശം. ശാസ്ത്രങ്ങൾ സ്വീകരിക്കുന്ന സത്യപഠനമാർഗ്ഗങ്ങൾ ഇവിടെ സാദ്ധ്യമാണോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ഇതാണ് : തത്വശാസ്ത്രപരമായ അന്വേഷണങ്ങളിൽ ഈ രീതിയെ മാത്രം അവംലബിച്ചാൽ പോരാ, വിമർശനാത്മകമായ അപഗ്രഥനത്തിനും ചരിത്രപരമായ പഠനത്തിനും ഈ രീതി ഉതകും.

തത്വചിന്തക്ക് വ്യത്യസ്തമായ മറ്റൊരു രഹസ്യരീതി കൈമുതലായി ഉണ്ടെന്നും ആ രീതിയാണ് സത്യത്തിന്റെ കവാടം തുറക്കുവാൻ കൂടുതൽ ഉപകരിക്കുന്നത് എന്നും വാദിക്കുന്ന തത്വചിന്തകർ ഉണ്ട്. ഈ ആന്തരാവബോധം മൃഗങ്ങളുടെ സഹജനവാസനയെപ്പോലെ ഒരു തരം ഭവിഷ്യത് സൂചകമായ അനുഭൂതിയാണ്. പക്ഷേ അത് ആത്മബോധത്തോടു കൂടിയതും അതിന്റെ വിഷയത്തെക്കുറിച്ച് മനനം ചെയ്യുവാൻ കെൽപുള്ളതും ആണെന്നു മാത്രം. പ്രകൃതിയും മനസ്സും തമ്മിൽ ഒരു തരം യോജിപ്പുണ്ടെന്നും ആ യോജിപ്പ് നമ്മുടെ വെറും ബുദ്ധിപരവും ശാസ്ത്രപരവുമായ മാർഗ്ഗങ്ങളിൽ കൂടി കൈവരുത്തുക സാദ്ധ്യമല്ലെന്നും ബർഗ്സൻ പറയുന്നു. ഈ ആന്തരവബോധം നമ്മുടെ ജീവിതത്തിന്റെ ആന്തരികമായ രഹസ്യങ്ങളെക്കുറിച്ച് സവിശേഷമായ ഒരുൾക്കാഴ്ച പ്രദാനം ചെയ്യുന്നുണ്ടെന്നും ബർഗ്സൻ അഭിപ്രായപ്പെടുന്നു.

## തത്വശാസ്ത്രത്തിലെ പ്രധാനവിഷയങ്ങൾ

തത്വശാസ്ത്രത്തെ പൊതുവേ താഴെ പറയുന്ന വിഷയങ്ങളിൽ ഒതുക്കി നിർത്താം (1) പ്രപഞ്ചവിജ്ഞാനപരമായ അന്വേഷണങ്ങൾ (2) സത്വശാസ്ത്രപരമായ അന്വേഷണങ്ങൾ (3) മനസ്സിന്റെ തത്വശാസ്ത്രം (4) ജ്ഞാനമീമാംസ (5) ഉൽകൃഷ്ടജീവിതമൂല്യങ്ങൾ, ഓരോന്നിന്റെയും ഉപവിഭാഗങ്ങൾ ഇപ്രകാരമാണ്.

1. പ്രപഞ്ചവിജ്ഞാനപരമായ അന്വേഷണങ്ങൾ പ്രപഞ്ചം, ദേശം, കാലം -ജീവന്റെ ഉല്പത്തിയും സ്വഭാവവും- പരിണാമത്തിന്റെ തത്വശാസ്ത്രം.
2. സ്വത്വശാസ്ത്രപരമായ അന്വേഷണങ്ങൾ - ഏകത്വവാദം- ദ്വൈതവാദം-ബഹുവാദം
3. മനസ്സിന്റെ തത്വശാസ്ത്രം - ആത്മാവിനെക്കുറിച്ചുള്ള അന്വേഷണം - മനസ്സും ശരീരവും തമ്മിലുള്ള ബന്ധം - ഇച്ഛാസ്വാതന്ത്ര്യം.
4. ജ്ഞാനമീമാംസ - അറിവിന്റെ ഉറവിടങ്ങൾ- ആനുഭവികവാദവും യുക്തിവാദവും - അറിവിന്റെ പ്രാമാണ്യം- യാഥാർത്ഥവാദവും ആദർശവാദവും- പ്രയോഗിതാവാദം





5. ഉൽകൃഷ്ടജീവിതമൂല്യങ്ങൾ - മതപരമായ മൂല്യങ്ങൾ - ധാർമ്മിക മൂല്യങ്ങൾ - കലാപരമായ മൂല്യങ്ങൾ.

## പ്രപഞ്ചവിജ്ഞാനപരമായ അന്വേഷണങ്ങൾ

പ്രപഞ്ചത്തെക്കുറിച്ചുള്ള താത്വികവിശകലനത്തിന് കോസ്മോളജി (Cosmology)എന്നാണ് പേര്.

'പ്രപഞ്ചം' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് ദിക്ക് മുഴുവനും, അതിൽ ഉൾപ്പെടുന്നതെല്ലാം എന്നാണ്. കുറെക്കൂടി വ്യക്തമായി പറഞ്ഞാൽ പ്രപഞ്ചത്തെ ദിക്, കാലം, പദാർത്ഥം എന്നിവയുടെ ആകെത്തുക എന്ന് നിർവചിക്കാം. അല്ലെങ്കിൽ ദിക്-കാലം എന്നു വിളിക്കാം. അടുത്ത കാലത്തായി സ്ഥൂല പ്രപഞ്ചത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് വളരെ വർദ്ധിച്ചിട്ടുണ്ട്. ഈ അറിവിന്റെ വികാസം പ്രപഞ്ചത്തെക്കുറിച്ച് വിസ്മയം കൊള്ളുന്ന തത്വശാസ്ത്രവിദ്യാർത്ഥിയുടെ ജിജ്ഞാസയെ കുറെയൊക്കെ ശമിപ്പിച്ചേയ്ക്കാം. എങ്കിലും പ്രശ്നങ്ങൾ പിന്നെയും അവശേഷിക്കുന്നു. പ്രപഞ്ചത്തിന്റെ അനന്തവിസ്തൃതി, അതിന്റെ ഭൂതവും ഭാവിയും, പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതാണോ - ആണെങ്കിൽ എപ്പോൾ എങ്ങനെ, പരിണാമപ്രക്രിയ എന്നും നിലനിൽക്കുമോ മുതലായ പ്രശ്നങ്ങൾക്ക് ശാസ്ത്രം ഇനിയും ഉത്തരം കണ്ടുപിടിക്കേണ്ടതായിട്ടാണിരിക്കുന്നത്.

എന്താണ് ദിക്ക്? എന്താണ് കാലം? ചിന്തിക്കുന്ന മനസ്സിന്നതീതമായി അവയ്ക്ക് വസ്തുനിഷ്ഠമായ അസ്ഥിത്വമുണ്ടോ? സാധാരണയായി നാം ദിക്കിനെ വസ്തുക്കൾ സ്ഥിതിചെയ്യുകയും ചലിക്കുകയും ചെയ്യുന്ന ഒരു വലിയ 'ശൂന്യമായിട്ടാണ്' കണക്കാക്കുന്നത്. എല്ലാ ദിശകളിലും വ്യാപിച്ചതും പരിമിതികളൊന്നുമില്ലാത്തതും അതുകൊണ്ടുതന്നെ അപരിമേയവും ആയിട്ടാണ് നാം അതിനെ സങ്കല്പിക്കുന്നത്. പക്ഷെ ദിക്ക് എന്ന സങ്കല്പത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ, മേൽ പറഞ്ഞവ അത്രതന്നെ സ്വീകാര്യമല്ല എന്ന തോന്നൽ ഉണ്ടായിത്തീരുന്നു. ആനുഭവികമായ ദിക്ക് ഇവയിൽ നിന്നെല്ലാം വ്യത്യസ്തമാണെന്ന് കാണാം. വിവിധ ഇന്ദ്രിയങ്ങൾ വഴി നമുക്ക് അനുഭവപ്പെടുന്നത് വസ്തുക്കൾ തമ്മിലുള്ള ചില ബന്ധനങ്ങളാണ്. ഈ ബന്ധങ്ങളെ സ്ഥാനികബന്ധങ്ങൾ എന്ന് നാം വിളിക്കുന്നു. അവ വലുത് - ഇടത്, മേൽ-കീഴ്, മുമ്പ്-പിമ്പ് എന്നു മൂന്നു തരമുണ്ട്. ഇങ്ങനെ ആനുഭവികദിക്കിന് ത്രിമാനങ്ങൾ ഉള്ളതായി കാണാം.

ദിക്കിന് തത്വശാസ്ത്രത്തിൽ അല്പം വ്യത്യാസമുള്ള മറ്റൊരു രൂപം ഉണ്ട്. ഇതിനെ സങ്കല്പിതദിക്ക് (Conceptual space) എന്നു വിളിക്കാം. നാം ജോലി ചെയ്യുന്ന മുറിയുടെ എട്ടു മൂലകളെയും അതേ സമയംതന്നെ ഈ എട്ടു മൂലകൾ തമ്മിലുള്ള ബന്ധങ്ങളെയും നാം കാണുന്നു. ഇതാണ് യഥാർത്ഥ ആനുഭവികദിക്ക്. പക്ഷേ, നമ്മുടെ ഭാവനയിൽ ഒന്നിനു മീതെ ഒന്നായി മറ്റു മുറികളെയും കൊണ്ടുവരാൻ സാധിക്കും. അപ്പോൾ നമുക്ക് ഓരോ ദിശയിലും അനിശ്ചിതമായി വ്യാപിച്ചു കിടക്കുന്ന ഒരു ദിക്ക് പ്രപഞ്ചത്തെ ചിത്രീകരിക്കുവാൻ സാധിക്കും. ഇതാണ് സങ്കല്പിതദിക്ക്. ഇത് മനസ്സിന്റെ ഒരു നിർമ്മിതി മാത്രമാണെന്നും, ഗോചരദിക്കിന്റെ വാസ്തുവികത ഇതിന്നില്ലെന്നും ഈ വിവരണത്തിൽ നിന്നും തെളിയുന്നുണ്ടല്ലോ. ഈ സങ്കൽപദിക്കാണ് ഗണിതത്തിലെ ദിക്ക്. പക്ഷേ, ഇതിൽ സാധാരണ മനുഷ്യന്റെ ഭാവനയിലുള്ള സങ്കല്പിതദിക്കിന് ഇല്ലാത്ത ചില സ്വഭാവവിശേഷങ്ങൾ ഗണിതശാസ്ത്രജ്ഞന്മാർ ആരോപിക്കുന്നു. ഉദാഹരണമായി യൂക്ലിഡിയൻദിക്ക് അനന്തവും സമഘാതവും അനുസ്യൂതവും സമദൈശികവും ത്രിമാനപരവുമാണ്. രേഖഗണിതതത്തിന്റെ അടിസ്ഥാനത്തിന്നാധാരമായ ബിന്ദുക്കൾ, രേഖകൾ, പ്രതലങ്ങൾ എന്നിവയെപ്പോലെതന്നെ ഗണിതപരമായ ദിക്കും ഒരു നിർമ്മിതിയാണ്. ഇതിനർത്ഥം ബിന്ദുക്കൾ, രേഖകൾ, പ്രതലങ്ങൾ എന്നിവ വെറും സങ്കല്പങ്ങളോ മാനസിക സൃഷ്ടികളോ ആണെന്നല്ല. അവ ഗോചരവസ്തുക്കൾ എന്ന നിലക്ക് യഥാർത്ഥങ്ങളല്ലെങ്കിലും അവയുടെതായ പ്രത്യേകരീതിയിൽ യാഥാർത്ഥ്യങ്ങൾ തന്നെയാണ്.

നമുക്ക് വലത്, ഇടത്, മേല്, കീഴ്, അകലെ, അരികെ എന്നിങ്ങനെയുള്ള അനുഭവങ്ങൾക്കു പുറമെ പൂർവ്വം ഉത്തരം അഥവാ അനുക്രമം എന്ന അനുഭവവുമുണ്ട്. ഇതിനെയാണ് കാലം എന്ന് വിളിക്കുന്നത്. ഇതിന് ദിക്കിനെപ്പോലെ ത്രിമാനം ഇല്ല, ഏകമാനം മാത്രമേയുള്ളൂ. ഒരരുവിപോലെ കാലം ഒഴുകുന്നു. ഈ അരുവിയെ നാം ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെ മൂന്നു ഘടകങ്ങളായി തിരിക്കുന്നു. അവയിൽ വർത്തമാനം അനുഭവവേദ്യവും ഭൂതം സ്മരണയിൽ കെട്ടിപ്പടുത്തതും ഭാവി ഭാവനയിൽ പ്രതീക്ഷിക്കപ്പെടുന്നതും ആകുന്നു. എന്നാൽ വർത്തമാനം വില്യം ജെയിംസ് ചൂണ്ടിക്കാണിച്ചതുപോലെ വെറുമൊരു വായ്ത്തലയോ നിമിഷമോ അല്ല; അതിന് യഥാർത്ഥത്തിൽ കാലദൈർഘ്യമുണ്ട്. ഈ കാലദൈർഘ്യത്തിനുള്ളിൽ അതിന്ന് ഒരു പൂർവ്വവും ഉത്തരവും ഉണ്ട്. പക്ഷേ അധികപക്ഷവും നമ്മുടെ പൂർവ്വവും ഉത്തരവും ഇന്നലെയും നാളെയും സങ്ക





ല്പിതദിക്കിനെ പോലെ വെറും കാൽപ്പനിക സൃഷ്ടികളാണ്. സങ്കൽപ്പിതകാലം ആനുഭവികകാലത്തിൽ നിന്നും അൽപ്പം വ്യത്യാസപ്പെട്ടതാണ്. അത് അമൂർത്തകാലമാണ്. ഈ കാൽപ്പനികകാലത്തിലെ വർത്തമാനം കാലദൈർഘ്യമില്ലാത്ത ഒരു വായ്ത്തലയാണ്. അതിലെ ഭൂതവും ഭാവിയും അനന്തതയിലേക്ക് നീണ്ടു കിടക്കുന്നു.

ദിക്ക്, കാലം എന്നിവയെക്കുറിച്ച് വെറുമൊരു ആനുഭവികവിവരണം കൊണ്ട് മാത്രം നാം തൃപ്തിപ്പെടുന്നില്ല, എല്ലാ ദിശകളിലും അനന്തമായി വ്യാപിച്ചു കിടക്കുന്നതും വസ്തുക്കൾ സ്ഥിതിചെയ്യുന്നതും ചലിക്കുന്നതുമായ ദിക് എന്ന ആശയവും എന്നും ഉള്ളതും ആരംഭമില്ലാത്തതും പരമവുമായകാലം എന്ന ആശയവും നമുക്ക് കൂടുതൽ സ്വീകാര്യമായി തോന്നുന്നു. ന്യൂട്ടൻ തന്നെ പ്രസ്തുത ആശയങ്ങളിൽ വിശ്വാസം പുലർത്തിയിരുന്നു. എന്നാൽ അടുത്ത കാലത്തായി ഐൻസ്റ്റൈൻ, എഡിങ്ങ്ടൺ മുതലായ ശാസ്ത്രജ്ഞന്മാരുടെ ഗവേഷണഫലമായി ദിക്, കാലം എന്നിവയെക്കുറിച്ച് ചില നൂതനസിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ദിക്കും കാലവും പരസ്പരം കൂടുതൽ ബന്ധപ്പെട്ടാണ് കിടക്കുന്നത് എന്ന് ഐൻസ്റ്റൈൻ തെളിയിച്ചു. അല്ലെങ്കിൽ ദിക്, കാലം, പദാർത്ഥം ഇവ മൂന്നിനും ഒരു പൊതുമാട്രിക്സ് ഉണ്ടാകാം. ദിക്, കാലം എന്നിവ നമുക്ക് അനുഭവപ്പെടുന്നത് വ്യത്യസ്തഘടകങ്ങൾ എന്ന നിലയ്ക്കല്ല നേരെ മറിച്ച് മേലെ, കീഴെ, വലത്, ഇടത്, മുമ്പ്, പിമ്പ്, പൂർവ്വം, ഉത്തരം എന്നിങ്ങനെ നാലു തരം ബന്ധങ്ങൾ എന്ന നിലക്കാണ്. എല്ലാ സംഭവങ്ങളും ദിക്- സംഭവങ്ങളാണ്. ദിക്കിലെ എല്ലാ ബിന്ദുക്കളും ബിന്ദു സംഭവങ്ങളാണ്. അതുകൊണ്ടു നാം ആരായുന്ന യാഥാർത്ഥ്യം വെറും ദിക്കോ കാലമോ അല്ല ദിക് - കാലമാണ്. യഥാർത്ഥത്തിൽ ഉള്ളത് ത്രിമാനത്തോടുകൂടിയ ദിക്കോ ഏകമാനത്തോടുകൂടിയ കാലമോ അല്ല, നേരെ മറിച്ച് ചതുർമാനത്തോടുകൂടിയ ദിക് -കാലമാണ്. കാലം ദിക്കിന്റെ നാലാമത്തെ മാനമാണെന്ന സിദ്ധാന്തം - കുറേക്കൂടി ക്ലിപ്തമായി പറഞ്ഞാൽ നാം ജീവിക്കുന്ന ഈ ലോകം ചതുർമാനദിക്കാലസാംതത്യകം (Four dimensional space time continuum) ആണ് എന്ന സിദ്ധാന്തം ആദ്യമായി ആവിഷ്ക്കരിച്ചത് മിൻകോവ്സ്കി ആണെങ്കിലും അതിനെ കൂടുതൽ പൂർണ്ണമായും വിശദമായും ചർച്ച ചെയ്തത് ഐൻസ്റ്റൈനാണ്. ഐൻസ്റ്റൈന്റെ പൊതുആപേക്ഷിക സിദ്ധാന്തം (General Theory of Relativity) ദിക്ക്, കാലം എന്നീ പ്രശ്നങ്ങളുടെ പരിഹാരം മാത്രമല്ലാതാവുകയും യാഥാർത്ഥ്യത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു സിദ്ധാന്തമായി പരിണമിക്കുകയും ചെയ്യുന്നു. എന്തു

കൊണ്ടെന്നാൽ ദിക്ക്-കാലസാംതത്യകമാണ്. പ്രപഞ്ചത്തിന്റെ പരമമായ യാഥാർത്ഥ്യം എന്ന് അത് കൽപ്പിക്കുന്നു.

## ജീവന്റെ ഉല്പത്തി തത്വചിന്താവീക്ഷണത്തിൽ

മനുഷ്യചിന്തയെ എന്നും മദിച്ചിരുന്ന സമസ്യയാണ് ജീവൻ എന്ന രഹസ്യം. ഈ ഭൂമുഖത്ത് ജീവനുള്ള വസ്തുക്കൾ ആദ്യമായി എങ്ങനെയുണ്ടായി എന്ന ചോദ്യത്തിന് സാധാരണയായി മൂന്ന് ഉത്തരങ്ങളാണ് കൊടുത്തു കാണുന്നത്. ഒന്ന്, ജീവന്റെ ആദ്യബീജങ്ങൾ മറ്റേതോ ഗ്രഹത്തിൽ നിന്ന് പുറപ്പെട്ട് ദിക്ക് മണ്ഡലത്തിൽ കൂടി യാത്ര ചെയ്ത് ഭൂമുഖത്ത് എത്തിച്ചേർന്നു. രണ്ട്, ദൈവേച്ഛയുടെ സൃഷ്ടിപരമായ പ്രവർത്തനം മൂലം ഭൂമിയിൽ ജീവനുണ്ടായി. ഈശ്വരനാണ് ഭൂമിയിൽ ജീവനെ സൃഷ്ടിച്ചത് എന്നർത്ഥം. മൂന്ന്, ജീവൻ ഭൂമിയിൽ ഉണ്ടായത് സ്വാഭാവികരീതിയിൽ ആണ്. അതായത് അജൈവപദാർത്ഥത്തിൽ നിന്ന് ക്രമേണ പരിണമിച്ചു.
ആദ്യത്തെ സിദ്ധാന്തം നമ്മുടെ പ്രശ്നത്തിന് ഒരു പരിഹാരമേ അല്ല. എന്തെന്നാൽ പ്രശ്നം ഈ ലോകത്തിൽനിന്ന് മറ്റൊരു ലോകത്തിലേയ്ക്കു മാറ്റി എന്നു മാത്രം. രണ്ടാമത്തെ നിർദ്ദേശം സ്വീകാര്യമാണോ അല്ലയോ എന്നത് ഈശ്വരനെ ഏതു രൂപത്തിലാണ് നാം സങ്കല്പിക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേകസ്ഥലത്ത് വെച്ച് ഈശ്വരൻ ജീവനെ സൃഷ്ടിച്ചുകൊണ്ടുള്ള കൽപ്പന പുറപ്പെടുവിച്ചു എന്നാണ് നാം കരുതുന്നതെങ്കിൽ ശാസ്ത്രബുദ്ധിക്ക് അത് സ്വീകാര്യമല്ല. നേരെ മറിച്ച്, ഈശ്വരനെ പ്രകൃതിയിലാകമാനം അവിച്ഛിന്നമായി പ്രവർത്തിക്കുന്ന സ്വർഗ്ഗശക്തിയോടു കൂടിയ ഒരു സത്യമോ ഇച്ഛയോ ആയി മാത്രം സങ്കൽപിക്കുവാൻ കഴിയുമെങ്കിൽ സിദ്ധാന്തം സ്വീകാര്യമാകും. മൂന്നാമത്തെ സിദ്ധാന്തം, അതായത് ജീവൻ അജൈവപദാർത്ഥത്തിൽ നിന്നുള്ള പരിണാമമാണെന്ന സിദ്ധാന്തം, ആധുനികജീവവിജ്ഞാനശാസ്ത്രജ്ഞന്മാർ പൊതുവെ സ്വീകരിച്ചു പോരുന്നു.

ജീവോൽപ്പത്തിയെക്കുറിച്ച് രണ്ടു തത്വശാസ്ത്രസിദ്ധാന്തങ്ങളുണ്ട്. ഒന്ന്, യാന്ത്രികവാദം. രണ്ട് ജൈവശക്തിവാദം. ആദ്യത്തെ സിദ്ധാന്തമനുസരിച്ച് ഭൗതികമായ ശക്തിയുടെ പ്രവർത്തനം മൂലമാണ് ജീവൻ ഉണ്ടായത്. രണ്ടാമത്തേതനുസരിച്ച് പദാർത്ഥത്തിന്റെ വിവിധരൂപങ്ങളിൽ നിന്നും യാന്ത്രികശക്തികളിൽ നിന്നും വ്യത്യസ്തമായ ഒരു ജൈവതത്വത്തിൽ നിന്നാണ് ജീവോൽപ്പത്തി. യാന്ത്രികവാദപ്രകാരം ജീവനും മനസ്സും പദാർത്ഥം, ചലനം എന്നിവ കൊണ്ട് വിവരിക്കാവുന്നതാണ്. അവ അവസാനവിശകലനത്തിൽ





ദിക്കിൽ വ്യാപിച്ചു കിടക്കുന്ന സ്ഥൂലകണങ്ങളിൽ നിന്ന് വേർതിരിക്കുന്നത് അവയുടെ ഘടനയിലുള്ള സങ്കീർണ്ണതയാണ്. അജൈവവസ്തുക്കളിലുള്ള ശക്തികളല്ലാതെ ഒന്നും തന്നെ ജൈവവസ്തുകകളിൽ പ്രവർത്തിക്കുന്നില്ല. പ്രകൃതിയുടെ ആരംഭദശയിലുള്ള ഏറ്റവും ലളിതമായ വസ്തുക്കൾ മുതൽ ഏറ്റവും സങ്കീർണ്ണങ്ങളായ വസ്തുക്കൾ വരെ ഒരവിച്ഛിന്നത നിലനിർത്തിപ്പോരുന്നുണ്ട്.

ജീവന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള യാന്ത്രികവാദം പുരാതനഗ്രീസിലെ പരമാണുവാദികളാണ് ആദ്യമായി അവതരിപ്പിച്ചത്. കോപ്പർനിക്കസ്, ഗലീലിയോ ഡെക്കാർട്ട്, ന്യൂട്ടൺ മുതലായവരുടെ കണ്ടുപിടിത്തങ്ങൾ അതിന് പിൽക്കാലത്ത് പ്രോത്സാഹനം നൽകി. ഹെബർട്ട് സ്പെൻസറുടെ പരിണാമനിയമം അതിനെ വികസിപ്പിച്ചു. ഡാർവിന്റെ സ്വാഭാവികനിർധാരണനിയമം അതിനെ വളരെയേറെ ശക്തിപ്പെടുത്തി. ഹക്സലി 'ജീവന്റെ ഭൗതിക അടിസ്ഥാനം' എന്ന തന്റെ ഗ്രന്ഥത്തിലൂടെ അതിന്റെ ഊർജ്ജസ്വലനായ പരിരക്ഷകനായിത്തീർന്നു. ഈ നൂറ്റാണ്ടിൽ പ്രൊഫസർ ലോ എബ് 'ജീവിതത്തെക്കുറിച്ചുള്ള യാന്ത്രിക സങ്കല്പനം' എന്ന ഗ്രന്ഥത്തിൽ അതിനെ വ്യാഖ്യാനിച്ചിട്ടുണ്ട്. ആധുനിക കാലത്തെ പല ജീവവിജ്ഞാനശാസ്ത്രജ്ഞന്മാരും യാന്ത്രികസിദ്ധാന്തത്തെ ഒരു പ്രാവർത്തികപരികല്പന എന്ന നിലയ്ക്കാണ് സ്വീകരിച്ചു പോരുന്നത്; അല്ലാതെ അന്തിമതത്വശാസ്ത്രം എന്ന നിലയ്ക്കല്ല. ഭൗതികമല്ലാത്ത ശക്തികളെ സങ്കല്പിക്കുവാൻ അവർ ഇഷ്ടപ്പെടുന്നില്ല. ജീവനെ വിശദീകരിക്കുന്നതിൽ ഒരു ജൈവശക്തിയെ ഇറക്കുമതി ചെയ്യുന്ന ജൈവശക്തിവാദികൾ ലാഘവ നിയമത്തെ (Law of Parismony) ലംഘിക്കുന്നുവെന്നാണ് അവരുടെ പക്ഷം.

യാന്ത്രികവാദം ജീവനെ മാത്രമല്ല, മനസ്സിനെയും വെറും യാന്ത്രികതത്വങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുവാൻ ശ്രമിക്കുന്നു. ശാസ്ത്രവും കലയും തത്വചിന്തയും മതവും എല്ലാ യാന്ത്രികശക്തികളുടെ സന്താനങ്ങളാണ്; ഇവയെല്ലാം യാന്ത്രിക നിയമങ്ങൾക്ക് വിധേയവുമാണ്.

ഈ യാന്ത്രികസിദ്ധാന്തത്തിന് ചില പരിമിതികൾ ഉണ്ട്. ഒന്നാമതായി ഭൗതികശാസ്ത്രങ്ങളിലെ സങ്കൽപങ്ങൾ വളരെ പരിമിതങ്ങളാണ്. രണ്ടാമത്തേത്, പരിണാമപ്രക്രിയയെ വിശദമാക്കുന്ന നിർദ്ദേശകർത്തൃത്വം അതിന്റെ പക്കലില്ല. ജീവൻ ബ്രഹ്മാണ്ഡപരിണാമത്തിൽ വെറുമൊരു ആകസ്മികസംഭവം മാത്രമാണെന്ന് അത് വിശ്വസിക്കുന്നത്. മൂന്നാമതായി ജൈവപ്രക്രിയകളെ പദാർത്ഥം, ചലനം എന്നിവകൊണ്ടു മാത്രം വിവരിക്കാൻ കഴിയാത്തവിധം

ജീവൻ അതിന്റേതായ നിയമങ്ങളോടുകൂടി പ്രവർത്തിക്കുന്നു.

യാന്ത്രികവാദത്തിന്റെ ഈ വക പരിമിതികൾ നമ്മെ ജൈവശക്തവാദത്തിലേയ്ക്കു നയിക്കുന്നു. ഈ വാദപ്രകാരം "ജൈവതത്വം" എന്നു വിളിക്കാവുന്ന ഒരു അഭൗതികശക്തിയിൽ നിന്നോ വസ്തുവിൽ നിന്നോ ആണ് ജീവൻ ഉണ്ടായിട്ടുള്ളത്. ഈ സിദ്ധാന്തം ആദ്യമായി ആവിഷ്ക്കരിച്ചത് അരിസ്റ്റോട്ടിലാണ്. സസ്യങ്ങൾക്ക് ഒരു കായികആത്മാവും ജന്തുക്കൾക്ക് കായികവും സംവേദനപരവുമായ ആത്മാവും മനുഷ്യന് കായികവും സംവേദനപരവും യുക്തിപരവുമായ ആത്മാവുമാണ് ഉള്ളതെന്ന് അദ്ദേഹം വിശ്വസിച്ചു. മധ്യയുഗങ്ങളിൽ, അരിസ്റ്റോട്ടിലിനെ പിന്തുടർന്നു വന്ന മതശാസ്ത്രജ്ഞന്മാർ പദാർത്ഥത്തിൽ നിന്ന് തീരെ ഭിന്നവും മാനസികമോ ആദ്ധ്യാത്മികമോ ആയതുമായ ഒരു തത്വമാണ് ജീവന്റെ ഉറവിടം എന്ന് പൊതുവെ വിശ്വസിച്ചുപോന്നു. അടുത്തകാലത്ത് ജൈവശക്തിവാദത്തിന് ശാസ്ത്രമണ്ഡലങ്ങളിലും അംഗീകാരം ലഭിച്ചിട്ടുള്ളതായി കാണുന്നു.

യാന്ത്രികവാദമോ ജൈവശക്തിവാദമോ അല്ല ഇന്നു പൊതുവെ സ്വീകരിക്കപ്പെട്ടിരിക്കുന്നത്; സർഗ്ഗാത്മക പരിണാമവാദമാണ്. ഈ വാദം അനുസരിച്ച് ജൈവപരിണാമം സർഗ്ഗാത്മകസംശ്ലേഷണം വഴിയാണ് നടക്കുന്നത്. പുതിയ പ്രക്രിയകൾ, ശക്തികൾ, പ്രവർത്തനങ്ങൾ എന്നിവയെ സൃഷ്ടിക്കുന്നതാണ് സർഗ്ഗാത്മകസംശ്ലേഷണം. സ്തരസിദ്ധാന്തം ജീവനെയും മനസ്സിനെയും സൃഷ്ടിക്കുന്നതാണ് സർഗ്ഗാത്മകസംശ്ലേഷണം. സ്തരസിദ്ധാന്തം ജീവനെയും മനസ്സിനെയും സംബന്ധിക്കുന്ന പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശുന്നു. ഇലക്ട്രോണുകളും പ്രോട്ടോണുകളും പരമാണുക്കളായി സംഘടിക്കുന്നു; പരമാണുക്കൾ തന്മാത്രകളായും തന്മാത്രകൾ കോശങ്ങളായും കോശങ്ങൾ ജൈവവസ്തുക്കളായും രൂപം പ്രാപിക്കുന്നു. അപ്രകാരം സംഭവിക്കുന്ന പരിണാമ പ്രക്രിയയിൽ വ്യവസ്ഥപ്പെടുത്തൽ ഓരോ പുതിയ തലത്തിലും പുതിയ ഗുണങ്ങളെ ഉണ്ടാക്കി വെക്കുന്നു. ഈ ഗുണങ്ങൾ എന്തുകൊണ്ടും പുതിയ സൃഷ്ടികളാണ്. എന്തുകൊണ്ടെന്നാൽ സംഘടിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ ഗുണങ്ങൾ എല്ലാം കൂട്ടി ചേർത്താലും പുതുതായി രൂപം കൊള്ളുന്ന ഗുണങ്ങളെ അനുമാനിക്കുക സാദ്ധ്യമല്ല. ഓക്സിജനും ഹൈഡ്രജനും ജലത്തിന്റെ ഒരു തന്മാത്രയായി സംഘടിക്കുന്നു. എന്നാൽ ഓക്സിജനോ ഹൈഡ്രജനോ ഇല്ലാത്തതും അവയുടെ പരിപൂർണ്ണജ്ഞാനം ഉണ്ടായാൽ കൂടി പ്രവചിക്കാൻ വയ്യാത്തതുമായ ചില ഗുണങ്ങൾ ജലത്തിനുണ്ട്. രണ്ടും രണ്ടും കൂടിയാൽ ഇക്കാര്യത്തിൽ നാലാകുന്നില്ല. പുതുതായി സൃഷ്ടിക്കപ്പെട്ട ഗുണങ്ങൾ സംഘടനയിൽ നിന്നാണ് ആവിർഭവിക്കുന്നത്. പരിണാമസോപാനപഥത്തിൽ ഉടനീളം കണ്ടുവരുന്നത് പദാർത്ഥം പുതിയ പുതിയ രൂപങ്ങളെ സ്വീകരിക്കുന്നതായിട്ടാണ്. ഈ പുതിയരൂപങ്ങളിൽ നിന്ന് പുതിയതും അപൂർവ്വവുമായ ചില ശക്തികൾ സൃഷ്ടിക്കപ്പെടുന്നതും നാം കാണുന്നു. യാഥാർത്ഥ്യത്തിന്റെ ഓരോ പുതിയ തലത്തിലും പുതിയ ശക്തികളും പുതിയ കഴിവുകളും പുതിയ ഗുണങ്ങളും ഉണ്ടായി തീരുന്നു. ഊർജ്ജതന്ത്രലോകത്തിൽ നാം സാധാരണയായി കണ്ടുവരുന്ന യാന്ത്രികാനുക്രമങ്ങളിൽ നിന്നും തീരെ വ്യത്യസ്തമായ ഒരു വികാസപ്രക്രിയയാണ് ഇത്. ഓരോ പുതിയ തലത്തിലും പുതിയ യാഥാർത്ഥ്യങ്ങൾ ജനിക്കുന്നു. അപ്രകാരമുള്ള യാഥാർത്ഥ്യങ്ങളിൽ ഒന്നാണ് ജീവൻ.

## പരിണാമത്തിന്റെ തത്വശാസ്ത്രം

എന്താണ് പരിണാമം? ഗ്രീക്ക് തത്വചിന്തകനായ ഹെറാക്ലിറ്റസ് പ്രസ്താവിച്ചമാതിരി എല്ലാം ചലിക്കുകയും പരിവർത്തനത്തിന് വിധേയമാകുകയും ചെയ്യുന്നു. ഈ പരിവർത്തനം സാവധാനത്തിലും ക്രമാനുഗതമായും സംഭവിക്കുന്നതാണ് പരിണാമസിദ്ധാന്തം. പരിണാമത്തെ ബ്രഹ്മാണ്ഡപരിണാമം അഥവാ സാമാന്യപരിണാമം (Cosmic or general evolution) എന്നും ജൈവപരിണാമം (Organic evolution) എന്നും പൊതുവെ രണ്ടായി തിരിക്കാം. ഡാർവിന്റെ പരിണാമസിദ്ധാന്തം രണ്ടാമത്തേതിൽ പെടുന്നു.

പരിണാമത്തെക്കുറിച്ച് കൂടുതൽ പ്രതിപാദിക്കുന്നതിനു മുമ്പ് അതിന് മതവുമായി എത്രത്തോളം പൊരുത്തപ്പെട്ടു പോകാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ് ഡാർവിൻ തന്റെ പരിണാമസിദ്ധാന്തം ലോകസമക്ഷം അവതരിപ്പിച്ചത്. അക്കാലത്ത് ആ സിദ്ധാന്തത്തെ സംബന്ധിച്ച് ചില തെറ്റിദ്ധാരണകൾ ഉണ്ടായി. ഒന്ന്, പരിണാമസിദ്ധാന്തവും മതവും തമ്മിൽ സംഘട്ടനം ഉണ്ട് എന്നത്. രണ്ട്, പരിണാമസിദ്ധാന്തം ലോകത്തെ വിശദീകരിക്കുവാൻ തികച്ചും പര്യാപ്തമാണ് എന്നത്. ഡാർവിൻ മനുഷ്യന്റെ 'അവരോഹണം' എന്ന പദത്തിന് പകരം 'ആരോഹണം' എന്ന പദം പരിണാമസിദ്ധാന്തത്തിൽ ഉപയോഗിച്ചിരുന്നുവെങ്കിൽ ആ സിദ്ധാന്തത്തോടു പത്തൊൻപതാം നൂറ്റാണ്ടിലുണ്ടായിരുന്ന തീവ്രമായ എതിർപ്പിന്റെ ശക്തി ഒരു പക്ഷെ ഗണ്യമായി കുറയുമായിരുന്നു. ഉയർന്ന മൂല്യങ്ങളെ അനുക്രമമായി സൃഷ്ടിക്കുന്ന പ്രക്രിയയായി പരിണാമസിദ്ധാന്തത്തെ സങ്കല്പിക്കാമെങ്കിൽ അതിനെ മതവുമായി പൊരുത്തപ്പെടുത്തിക്കൊണ്ടു

പോകാൻ കഴിയും. പരിണാമവാദം ലോകത്തിന് വിലയേറിയ ഒരു പഠനരീതി സംഭാവന ചെയ്തിട്ടുണ്ട്. ഈ രീതിയെ പരിണാമരീതിയെന്നോ ജനിതകരീതിയെന്നോ വിളിക്കാം. ഈ രീതി അനുസരിച്ച് നാം വസ്തുക്കളെ അവയുടെ വളർച്ചയിലൂടെയും വികസനത്തിലൂടെയും ആണ് മനസ്സിലാക്കാൻ ശ്രമിക്കുന്നത്. എല്ലാ ശാസ്ത്രങ്ങളും ഈ രീതിയെയാണ് ഇന്ന് അവലംബിക്കുന്നത്. സദാചാര ശാസ്ത്രവും മതവും ഈ രീതിയുടെ പ്രയോഗം മൂലം വളരെയേറെ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

പരിണാമസിദ്ധാന്തത്തെക്കുറിച്ചുള്ള രണ്ടാമത്തെ തെറ്റിദ്ധാരണ അതൊരു സമ്പൂർണ്ണ സിദ്ധാന്തമാണെന്നും അതുകൊണ്ട് ലോകത്തെയും മനുഷ്യനെയും വ്യാഖ്യാനിക്കുവാൻ മറ്റൊരു തത്വശാസ്ത്രവും വേണ്ടെന്നും ഉള്ളതാണ്. പരിണാമം പ്രകൃതി പിന്തുടർന്നു പോരുന്ന രീതിയുടെ വെറും ഒരു വിവരണം മാത്രമാണ്. ജീവൻ എന്താണ്, അതെങ്ങനെ ഉണ്ടായി, അത് എങ്ങനെയാണ് പ്രത്യുല്പാദനകർമ്മം നിർവ്വഹിക്കുന്നത്, എങ്ങനെയാണ് വളർച്ചയും സ്വാംശീകരണവും ഉണ്ടാകുന്നത് എന്തിനാണ് നിലനില്പിനുവേണ്ടിയുള്ള പോരാട്ടം, എങ്ങനെയാണ് വിഭിന്നതകൾ വന്നുകൂടുന്നത്, ചേതനയുടെ ഉല്പത്തിയും സ്വഭാവവും എങ്ങനെ എന്നും മറ്റുള്ള ചോദ്യങ്ങൾക്ക് പരിണാമത്തിന് ഇനിയും വിശദീകരണം നൽകുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അത് ഒരു സമ്പൂർണ്ണശാസ്ത്രമാണെന്ന വാദം സ്വീകരിക്കുവാൻ നിർവാഹമില്ല.

ഹെർബട്ട് സ്പെൻസറുടെ ബ്രഹ്മാണ്ഡപരിണാമവാദം എന്താണെന്ന് ഇനി പരിശോധിക്കാം. സ്പെൻസറുടെ അഭിപ്രായത്തിൽ വിശ്വമാകെ ഒരു വലിയ പരിണാമപ്രക്രിയയാണ്. ഈ പ്രക്രിയയുടെ സാമഗ്രികൾ പദാർത്ഥവും ചലനവും ശക്തിയുമാണ്. ഇവ മൗലികവസ്തുക്കളല്ല. ഇവയെ അദ്ദേഹം അജ്ഞാതത്തിന്റെ പ്രകാരങ്ങൾ (modes of the unknown) എന്ന് വിളിക്കുന്നു. നമ്മുടെ അറിവിൽപ്പെടുന്ന ലോകം പദാർത്ഥം,ചലനം, ശക്തി എന്നിവയുടെ പുനർവിതരണം മൂലമാണ് ഉണ്ടായിത്തീർന്നത്. തത്വശാസ്ത്രത്തിന്റെ ചുമതല എങ്ങനെയാണ് ഈ പുനർവിതരണം നടക്കുന്നത് എന്നു കണ്ടുപിടിക്കലാണ്.

ഡാർവിന്റെ ജൈവപരിണാമവാദം പത്തൊൻപതാം നൂറ്റാണ്ടിൽ ആവിഷ്ക്കരിക്കപ്പെട്ട സിദ്ധാന്തങ്ങളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ഡാർവിനു മുൻപ് ലാമാർക്ക് എന്ന ഫ്രഞ്ച് പ്രകൃതിശാസ്ത്രജ്ഞൻ ജാതിരൂപാന്തരണത്തെക്കുറിച്ച് ഒരു സിദ്ധാന്തം ആവിഷ്ക്കരിച്ചിരുന്നു. പുതിയ ജാതിയുടെ ഉല്പത്തിയെക്കുറിച്ച് ലാമാർക്ക്





നൽകിയ വിവരണം ഡാർവിന്റെതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. പരിതസ്ഥിതി ഓരോ ജീവിയെയും പരിവർത്തനം ചെയ്യുന്നുണ്ടെന്നും ഇങ്ങനെയുണ്ടാകുന്ന പരിവർത്തനഫലങ്ങൾ എല്ലാ ജീവികളും തങ്ങളുടെ സന്തതികൾക്കു പകർന്നു കൊടുക്കുന്നുണ്ടെന്നും അദ്ദേഹം വിശ്വസിച്ചു. ഈ സങ്കൽപം വളരെക്കാലത്ത് ഒരു വിവാദവിഷയമായിരുന്നു.

ഡാർവിന്റെ പരിണാമവാദം പരിണാമത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ നാഴികക്കല്ലായിരുന്നു. അതിനെ ഇങ്ങനെ സംഗ്രഹിക്കാം: ജന്തുക്കളിൽ ഓരോ ജാതിയും അത്യധികം സന്താനോൽപാദനശേഷിയോടു കൂടിയതാണ്. അവ ജ്യാമിതീയനുപാതത്തിൽ വർദ്ധിക്കുന്നു. അതു ഹേതുവായി അവയ്ക്ക് പാർപ്പിടമോ വേണ്ടുവോളം ഭക്ഷണമോ ലഭിക്കാൻ കഴിയാതെ വരുന്നു. ഈ അവസ്ഥാവിശേഷം നിലനില്പിനു വേണ്ടിയുള്ള പോരാട്ടത്തിന് വഴിതെളിക്കുകയും ആ പോരാട്ടത്തിൽ ഉത്തമമായത് അവശേഷിക്കുകയും ചെയ്യുന്നു. ചുറ്റുപാടിനോട് ഏറ്റവും അധികം അനുകൂലനം സാധിക്കുന്നവയാണ് അവശേഷിക്കുന്നത്. ഇക്കാര്യത്തിൽ വ്യക്തികളായാലും ഒരേ മാതാപിതാക്കളോടു കൂടിയവരായാലും ഘടന, വ്യാപാരം എന്നിവയിൽ ഏതെങ്കിലുമൊന്നിലുള്ള ലഘുഭിന്നതകളാണ് വ്യത്യാസത്തിന്നാസ്പദം. അനുകൂലവിഭിന്നതകൾ ഉള്ളവർ തിരഞ്ഞെടുക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യും. ഇതിനെയാണ് പ്രാകൃതികപ്രവരണം എന്നു വിളിക്കുന്നത്. അവർ ജീവിക്കുകയും പെറ്റുപെരുകുകയും അവരുടെ അനുകൂലവിഭിന്നതകളെ ഒരു പക്ഷേ അവരുടെ സന്തതികൾക്കു കൈമാറുകയും ചെയ്യും. അനുകൂലവിഭിന്നതകൾ ഇല്ലാത്തവ നശിക്കുന്നു. സാവധാനത്തിൽ ഘടനയിൽ ഇപ്രകാരം ഒരു രൂപാന്തരണം സംഭവിക്കുകയും കാലക്രമത്തിൽ പുതിയ ജാതിയുടെ ഉൽഭവത്തിന് അതു വഴിതെളിക്കുകയും ചെയ്യും.

ഡാർവിനുശേഷം പരിണാമശാസ്ത്രത്തെ വീസ്മാനും ഡ്രെവ്രിസും കൂടുതൽ സമ്പന്നമാക്കി. വീസ്മാന്റെ പ്രധാന കണ്ടുപിടുത്തങ്ങളായ ജനനദ്രവ്യത്തിന്റെ അനുസ്യൂതതയും ജനനകോശങ്ങളുടെ അനശ്വരതയും ഡാർവിന്റെ വംശപാരമ്പര്യ സിദ്ധാന്തത്തെ ഒട്ടാകെ രൂപാന്തരപ്പെടുത്തി. വംശപാരമ്പര്യം ജനനകോശങ്ങളെ മാത്രമാണ് ആശ്രയിച്ചിരിക്കുന്നതെന്നും ശരീരകോശങ്ങളുടെ മാറ്റം ഹേതുവായി ജനനകോശങ്ങൾക്ക് യാതൊന്നും സംഭവിക്കുന്നില്ലെന്നും അവ (ജനനകോശങ്ങൾ) തലമുറ തോറും വിഭിന്നതകൾക്കും ഉൽപരിവർത്തനങ്ങൾക്കും വിധേയമായി കൈമാറ്റപ്പെടു

ന്നുണ്ടെന്നും വീസ്മാൻ കണ്ടുപിടിച്ചു. ഈ കണ്ടുപിടുത്തം ഡാർവിന്റെ സിദ്ധാന്തത്തിൽ രൂപാന്തരം വരുത്തി. ഡാർവിന്റെ പക്ഷത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നത് ശരീരകോശങ്ങളുടെ പരിവർത്തനം ഹേതുവായിട്ടാണ്. എന്നാൽ വീസ്മാന്റെ അഭിപ്രായത്തിൽ ശരീരകോശങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ജനനകോശങ്ങളെ ഒരു വിധത്തിലും ബാധിക്കുന്നില്ല. വീസ്മാന്റെ ഈ വംശപാരമ്പര്യസിദ്ധാന്തമനുസരിച്ച് ഒരു വ്യക്തി ഉൽഭവിക്കുന്നത് പിതാവിൽ നിന്നോ മാതാവിൽ നിന്നോ അല്ല. നേരെ മറിച്ച് അവർ സംഭരിച്ചു വച്ചിട്ടുള്ള "അനശ്വര" ജനനകോശങ്ങളിൽ നിന്നാണ്. ഈ സിദ്ധാന്തം ഡാർവിന്റെ വംശോല്പത്തിസിദ്ധാന്തത്തെ ദുർബലപ്പെടുത്തുകയല്ല ചെയ്യുന്നത്, പരിപുഷ്ടിപ്പെടുത്തുകയാണ്. എന്തെന്നാൽ പരിണാമം എന്നത്തേക്കാളും കൂടുതലായി പ്രാകൃതികപ്രവരണതത്വത്തെ ആശ്രയിക്കുന്നുവെന്ന് ഇത് തെളിയിക്കുന്നു.

ഡെവ്രിസിന്റെ മ്യൂട്ടേഷൻസിദ്ധാന്തം പ്രചാരത്തിൽ വന്നതിനു ശേഷം പരിണാമത്തെക്കുറിച്ചുള്ള പഠനത്തിൽ ഉൽപരിവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം സിദ്ധിക്കുകയും വിഭിന്നതകളുടെ പ്രാധാന്യം കുറയുകയും ചെയ്തു. ഡാർവിന്റെ പരിണാമസിദ്ധന്തമനുസരിച്ച് ഒരേ ഒരു ജാതിയിൽപെട്ട വ്യക്തികൾ തമ്മിൽ ഘടനയിലും വ്യാപാരത്തിലും ലഘുഭിന്നതകളാണ് ഉണ്ടാകുന്നത്. ഡെവ്രിസ്സിന്റെ സിദ്ധാന്തപ്രകാരം ലഘുഭിന്നതയല്ല ഒരുപുതിയതരം വ്യക്തിയോ അഥവാ ഒരു പുതിയ ജാതിയോ ആണ് പെട്ടെന്ന് ഉണ്ടായിത്തീരുന്നത്. ഇങ്ങനെ ഉണ്ടാകുന്ന അവിചാരിതവും നിർണ്ണായകവുമായ മാറ്റങ്ങൾക്കാണ് ഉൽപരിവർത്തനങ്ങൾ എന്ന പേര് ഡെവ്രിസ് നൽകിയത്.

പരിണാമത്തെ ആസ്പദമാക്കി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള ആധുനിക തത്വശാസ്ത്രസിദ്ധാന്തങ്ങൾ പരിശോധിക്കാം. ബർഗ്സന്റെ സർഗ്ഗാത്മക പരിണാമ (Creative Evolution) സിദ്ധാന്തമനുസരിച്ച് മൂലപ്രപഞ്ചതത്വവും എല്ലാ സത്തയുടെയും അടിസ്ഥാന യാഥാർത്ഥ്യം പരിണാമത്തിന്റെ ഉറവിടവും അടിസ്ഥാനവും എലാൻ വൈറ്റൽ എന്ന ഒരു പ്രചോദനമോ തള്ളലോ ആണ്. അത് പദാർത്ഥത്തിലാസകലം വ്യാപിച്ച് അതിന്റെ ജാഡ്യത്തെയും പ്രതിരോധത്തെയും നീക്കം ചെയ്യുകയും പരിണാമത്തിന്റെ ഗതിയെയും പരിണാമത്തെ തന്നെയും നിർണ്ണയിക്കുകയും ചെയ്യുന്നു. എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതും വികാസം പ്രാപിക്കുന്നതും സ്വച്ഛന്ദമായതുമായ ഈ പ്രവർത്തനം ജീവിതമല്ലാതെ മറ്റൊന്നുമല്ല. ആദ്യത്തെ ജീവിതരൂപങ്ങൾ ജീവദ്രവ്യത്തിന്റെ ഏറ്റവും ചെറിയ സംഘങ്ങൾ





ആയിരുന്നു. അവയിൽ നിലനിന്നിരുന്ന ഊക്കേറിയ തള്ളൽ ജീവന്റെ ഏറ്റവും വികസിച്ച രൂപങ്ങളിലേക്ക് അവയെ ഉയർത്തുവാൻ പര്യാപ്തമായിരുന്നു. ജീവപരിണാമം ഒരു സർഗ്ഗസൃഷ്ടിയാണ്. അത് അനുസ്യൂതം നടന്നുകൊണ്ടിരിക്കുകയാണ്.

ജനറൽ സ്യൂട്ട്സ് ആവിഷ്ക്കരിച്ച സിദ്ധാന്തമാണ് സാകല്യപരിണാമവാദം (Holistic evolution) ഈ സിദ്ധാന്തം അനുസരിച്ച് സംഘടിക്കുകയും സമഗ്രീകരിക്കുകയും സംശ്ലേഷണം ചെയ്യുകയും ചെയ്യുന്ന ഒരു പ്രവർത്തനഘടകം ലോകത്തിലുണ്ട്. ലോകം പുഞ്ജങ്ങളുടെ ഒരു ശേഖരമല്ല. അത് ഏകകങ്ങളുടെയും മൊത്തങ്ങളുടെയും - അതായത് പരമാണു, തന്മാത്ര, കോശം, സസ്യം, ജന്തു, മനുഷ്യൻ തുടങ്ങിയവയുടെ - ഒരു വ്യവസ്ഥയാണ്.

ബൂഡിൻ 'ബ്രഹ്മാണ്ഡപരിണാമം' എന്ന തന്റെ ഗ്രന്ഥത്തിൽ ഒരു പ്രത്യേകതരം പരിണാമവാദം ആവിഷ്ക്കരിക്കുന്നു. കാരണം കൂടാതെ യാതൊന്നും സംഭവിക്കുന്നില്ല എന്ന തത്വത്തെ ആസ്പദമാക്കിയാണ് ബൂഡിന്റെ സിദ്ധാന്തം നിലകൊള്ളുന്നത്. ഡാർവിന്റെ സിദ്ധാന്തവും അതുപോലെയുള്ള മറ്റു സിദ്ധാന്തങ്ങളും ജൈവപരിണാമത്തിന്റെ കാരണങ്ങളെപ്പോലും വെളിപ്പെടുത്തുന്നില്ല. എന്ന് ബൂഡിന് ആക്ഷേപമുണ്ട്. 'പ്രാപഞ്ചികപരിസരത്തിലെ ഊർജ്ജമാതൃകകളുമായി ജീവന്റെ സർഗ്ഗാത്മകമായ അനുകൂലനം' ആണ് പരിണാമത്തിന് കാരണം എന്ന് അദ്ദേഹം വിശ്വസിക്കുന്നു. പരിണാമം സർഗ്ഗാത്മകമായ സംശ്ലേഷണമാണ്. ഈ സംശ്ലേഷണത്തിനു വേണ്ട എല്ലാ വ്യവസ്ഥകളും പ്രപഞ്ചത്തിന്റെ ഊർജ്ജഘടന നിർണ്ണയിക്കുന്നു. ബുദ്ധി, സർഗ്ഗാത്മകഭാവന, സൗന്ദര്യബോധം എന്നിവയെല്ലാം വികാസം പ്രാപിച്ചിട്ടുള്ളത് ഊർജ്ജഘടനയോടുള്ള സർഗ്ഗാത്മക പ്രതികരണങ്ങൾ എന്ന നിലയ്ക്കാണ്.

ലോയ്ഡ് മോർഗന്റെ നിർഗ്ഗതപരിണാമം (Emergent evolution) സർഗ്ഗാത്മകപരിണാമത്തിന്റെ ഒരു പര്യായം മാത്രമാണ്. ഈ സിദ്ധാന്തമനുസരിച്ച് പരിണാമത്തിന് പല ഘട്ടങ്ങളുണ്ട്. ഓരോ തലത്തിലും ബന്ധത്തിന്റെ ഓരോ പുതിയ രൂപം ഉണ്ടായിത്തീരുകയും ആ രൂപത്തിൽനിന്ന് പുതുതായ എന്തെങ്കിലും നിർഗ്ഗമിക്കുകയും ചെയ്യുന്നു. ഇങ്ങനെ നിർഗ്ഗമിക്കുന്ന വസ്തുവാണ് ആ ഘട്ടം തൊട്ടുള്ള സംഭവങ്ങളുടെ ഗതിയെ നിർണ്ണയിക്കുന്നത്. പദാർത്ഥത്തിൽനിന്ന് ജീവനും ജീവനിൽനിന്ന് മനസ്സും നിർഗ്ഗമിക്കുന്നു. ലോകം ആരോഹിതതലങ്ങളോടു കൂടിയ ഒരു പിരമിഡ് ആണ്. ഈ ഘട്ടത്തിൽ ന്യായമായും ഒരു ചോദ്യത്തിന് അവകാശമുണ്ട്. എന്താണ് ഈ നിർഗതവസ്തുക്കളുടെ നിർഗമനത്തിന് കാരണം?

ഇതിന്നുത്തരമായി ലോയ്ഡ്മോർഗൻ പറയുന്നത്, പ്രവൃത്തിയെന്നോ മനസ്സെന്നോ ദൈവമെന്നോ വിളിക്കാവുന്ന ഒരു ശക്തിയാണ് ഇതിന് കാരണം എന്നാണ്.

പ്രകൃതിക്ക് എന്തെങ്കിലും ലക്ഷ്യമോ അഭികല്പനയോ ഉണ്ടോ? ലോകത്തിന് പ്രാപ്യസ്ഥാനമോ ലക്ഷ്യമോ ഉണ്ടോ? ഈ വക ചോദ്യങ്ങൾ നമ്മെ ഉദ്ദേശ്യവാദത്തിലേക്ക് (ടെലിയോളജി) നയിക്കുന്നു. ടെലിയോളജി എന്ന പദത്തിന്റെ അർത്ഥം ലക്ഷ്യങ്ങളെക്കുറിച്ചുള്ള ശാസ്ത്രം അഥവാ പഠനം എന്നാണ്. ടെലിയോളജി തത്വശാസ്ത്രത്തിലെ ഒരു പഴക്കം ചെന്ന പ്രശ്നമാകുന്നു.

ജൈവവസ്തുക്കൾക്ക് വല്ല ഉദ്ദേശ്യമോ ലക്ഷ്യമോ ഉണ്ടോ എന്നത് ഒരു പ്രശ്നമേ അല്ല; അവിതർക്കിതമായ ഒരു വസ്തുതയാണത്. അജൈവപ്രകൃതിയെ സംബന്ധിച്ചാണ് പ്രശ്നം. ഈ പ്രശ്നത്തിന്റെ പരിഹാരത്തെ സംബന്ധിച്ചിടത്തോളം തത്വചിന്തകർ രണ്ടു വ്യത്യസ്തക്യാമ്പുകളിലായി നിലയുറപ്പിച്ചിരിക്കയാണ്. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ബ്രൂണോ, ലൈബ്നിസ്, മിൽ എന്നിവർ പൊതുവെ പ്രകൃതിക്ക് ലക്ഷ്യമുണ്ടെന്ന് വാദിക്കുന്നവരാണ്. എന്നാൽ ഡെമോക്രിറ്റസ്, എപ്പിക്കൂറസ്, ലൂക്രേഷിയസ് ബേക്കൺ, ഡെക്കാർട്ട് ഹോബ്സ്, സ്പിനോസ മുതലായവർ പ്രകൃതിക്ക് എന്തെങ്കിലും ലക്ഷ്യമുണ്ടെന്ന വാദത്തെ നിഷേധിക്കുന്നു. സോക്രട്ടീസ് പ്രകൃതിയുടെ എല്ലാ വ്യാപാരങ്ങളിലും ഉദാരപരമായ ബുദ്ധിയെയും അഭികല്പനയെയും കണ്ടെത്തി അദ്ദേഹം ലോകത്തെ പുറമേയുള്ള ഏതോ ഒരു ബുദ്ധിയാൽ അഭികല്പിക്കപ്പെടുകയും പ്ലാൻ ചെയ്യപ്പെടുകയും ചെയ്ത ഒരു യന്ത്രത്തോട് സാദൃശ്യമുള്ളതായി കരുതി. ഇത് ചലനാത്മകമല്ലാത്ത ഉദ്ദേശ്യത്തെയാണ് വിഭാവനം ചെയ്യുന്നത്. പ്ലേറ്റോയും പ്രപഞ്ചം ഉദ്ദേശ്യപരമാണെന്ന് സങ്കല്പിച്ചു. പ്ലാറ്റോയുടെ പക്ഷത്തിൽ പ്രപഞ്ചം ന്യായയുക്തവും വ്യവസ്ഥയോടു കൂടിയതുമാണ്. പ്രപഞ്ചത്തിലെ പരമ യാഥാർത്ഥ്യങ്ങൾ രൂപങ്ങളാണ്. ഈ ശാശ്വതരൂപങ്ങൾ മാതൃകകളാണ്. വസ്തുക്കൾ അവയുടെ വെറും അപൂർണ്ണപകർപ്പുകൾ മാത്രം. നന്മയും സൗന്ദര്യവും അനുകരണീയങ്ങളായ ശാശ്വതമൂല്യങ്ങളാണ്. പ്രപഞ്ചത്തിന് ഒരു ഉദ്ദേശ്യമുണ്ടെന്നും ആ ഉദ്ദേശ്യം ശാശ്വതരൂപങ്ങളുടെ സമ്പൂർണ്ണതയെ സാക്ഷാത്കരിക്കലാണെന്നും പ്ലേറ്റോ ദൃഢമായി വിശ്വസിച്ചു. അരിസ്റ്റോട്ടിലിന്റെ ലോകവീക്ഷണവും ഉദ്ദേശ്യവാദം തന്നെയാണ്. പ്രപഞ്ചത്തെ അഭികല്പിച്ചതും സൃഷ്ടിച്ചതും ദൈവമാണെന്നും ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്നും അതു മനുഷ്യനുവേണ്ടി പ്രത്യേകം നിർമ്മിച്ചതാണെന്നും മറ്റുമുള്ള





മദ്ധ്യകാലശതകങ്ങളിലെ മതശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായവും ഉദ്ദേശ്യവാദത്തിന് അനുകൂലമാണ്.

ഉദ്ദേശ്യവാദത്തെ നിഷേധിക്കുന്ന തത്വചിന്തകനാണ് ഗ്രീക്ക് ദാർശനികനായ ഡൊമോക്രിറ്റസ്. പ്രപഞ്ചത്തിന് പ്ലാനോ ഉദ്ദേശ്യമോ ഉള്ളതായി അദ്ദേഹം അംഗീകരിക്കുന്നില്ല. പ്രപഞ്ചം എല്ലായ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന ഭൗതികപരമാണുക്കളുടെ ഒരു സമൂഹം മാത്രമാണ്. നമ്മുടെ അനുഭവപരിധിയിൽപെടുന്ന എല്ലാ വസ്തുക്കളും പ്രസ്തുതപരമാണുക്കളുടെ യാന്ത്രിക സംരൂപണങ്ങളാണ്. എപ്പിക്യൂറസും ലുക്രേഷിയസ്സും ഡൊമോക്രിറ്റസിനെപ്പോലെ തന്നെ പ്രകൃതിക്ക് എന്തെങ്കിലും ലക്ഷ്യമോ പ്രാപ്യസ്ഥാനമോ ഉണ്ടെന്നുള്ള വാദത്തെയും അന്തിമകാരണത്തെയും നിഷേധിച്ചു. ലോകം സംഭവങ്ങളുടെ ഒരു യാന്ത്രികപരമ്പരയാണെന്നും ആ പരമ്പരയിൽ ഓരോ പതനവും അതിനു മുമ്പുള്ളവയാൽ നിർണ്ണയിക്കപ്പെടുന്നുവെന്നുള്ള ബേക്കന്റെ സിദ്ധാന്തം ഉദ്ദേശ്യവാദത്തിന് കടകവിരുദ്ധമാണ്. ഡാർവിന്റെ പരിണാമവാദം പ്രത്യേകിച്ച് അദ്ദേഹത്തിന്റെ പ്രാകൃതിക പ്രചരണവാദം (Theory of Natural Selection) ഉദ്ദേശ്യവാദത്തെ ദുർബലമാക്കുകയും യാന്ത്രികവാദത്തെ ശക്തിപ്പെടുത്തുകയും ചെയ്തു.

പ്രകൃതിയിൽ ലക്ഷ്യങ്ങളും മൂല്യങ്ങളും എത്രത്തോളം പ്രകാശിതമാണ്? ലോയ്ഡ് മോർഗൻ, സർ ലിവർ ലോഡ്ജ്, ഹാൻസ്ഡ്രീഷ്ക്, എഡിങ്ടൺ, ഐൻസ്റ്റൈൻ, ജൂലിയൻ ഹക്സ്ലി, സർ ജെയിംസ് ജീൻസ് മുതലായ പ്രമുഖശാസ്ത്രജ്ഞന്മാർ പ്രകൃതിയിൽ വ്യവസ്ഥയും അഭികല്പനയും ദർശിക്കുന്നവരാണ്. പ്രപഞ്ചത്തിന് ഒരടുക്കും ചിട്ടയും ഉള്ളതു തന്നെ അപാരമായ ബുദ്ധി അതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ടെതിന് വ്യക്തമായ തെളിവാണ് എന്നാണ് അവരുടെ പക്ഷം. സാധാരണയായി നാം 'ഉദ്ദേശ്യം' എന്ന പദത്തിനു കൊടുക്കാറുള്ള അർത്ഥത്തിൽ പ്രപഞ്ചത്തിന് എന്തെങ്കിലും ഉദ്ദേശ്യമോ ലക്ഷ്യമോ ഇല്ലായിരിക്കാം. പക്ഷെ അതിനു തീർച്ചയായും ഒരു പ്ലാൻ അഥവാ നിശ്ചിതവ്യവസ്ഥയുണ്ട്. പ്രൊഫസർ ഹെൻഡർസൺ അജൈവപ്രകൃതിയിലെ ഉദ്ദേശ്യതയെക്കുറിച്ച് ഒരു പഠനം നടത്തിയതിന്റെ ഫലമായി താഴെ പറയുന്ന നിഗമനത്തിൽ എത്തിച്ചേർന്നു. നമ്മുടെ ഭൂമിയിൽ ജീവൻ പ്രത്യക്ഷപ്പെടുന്നതിന് മുൻപ് ചുറ്റുപാട് അതിന് ഒരു പ്രത്യേകരീതിയിൽ തയ്യാറായി നിന്നിരുന്നു. ഭൂമിയുടെ തണുത്ത ഉപരിതലത്തിൽ കാർബൺ, ഓക്സിജൻ, ഹൈഡ്രജൻ എന്നിവയുടെ ആവിർഭാവം, അവയുടെ യൗഗികങ്ങളുടെ പ്രത്യേകസ്വഭാവം, വെള്ള

ത്തിന്റെയും കാർബോണിക് അമ്ലത്തിന്റെയും വലിയതോതിലുള്ള സാന്നിദ്ധ്യം, സമുദ്രത്തിലെ ഏതാണ്ടു സ്ഥിരമായ താപം, ധാരാളം മഴ മുതലായ പലതും മേൽപറഞ്ഞ തയ്യാറെടുപ്പിനു ദൃഷ്ടാന്തങ്ങളായി ഹെൻഡർസൺ ചൂണ്ടിക്കാണിക്കുന്നു. ഇവയെല്ലാം പ്രകൃതിയിൽ ഇതുവരെ മനസ്സിലാകാത്ത ഒരു വ്യവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ള അനുമാനത്തെ ശക്തിപ്പെടുത്തുന്നുവെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. യാന്ത്രികനിയമങ്ങളാലാണ് ലോകം ഭരിക്കപ്പെടുന്നതെങ്കിലും അവയിൽ നിന്നും സ്വതന്ത്ര്യമായ ഒരു സംഘടനയും ക്രമവും ലോകത്തിൽ നിലനിൽക്കുന്നുണ്ട്. ജീവൻ മാത്രമല്ല ജീവോൽപത്തിക്കുള്ള പ്രവണത കൂടി യാന്ത്രികനിയമങ്ങൾക്കതീതമാണ്. യാന്ത്രികശാസ്ത്രങ്ങളെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ ഒരു ബന്ധമാണ് കാര്യകാരണബന്ധം. എന്നാൽ അതിന്ന് ജൈവവസ്തുക്കളെ സംബന്ധിച്ചിടത്തോളം വലിയ പ്രസക്തിയൊന്നുമില്ല. ജൈവവസ്തുക്കളെ സംബന്ധിച്ചിടത്തോളം മാർഗ്ഗവും ലക്ഷ്യവും തമ്മിലുള്ള ബന്ധമാണ് മൗലികം. ഉദ്ദേശ്യത എന്ന പദം ജീവലോകത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ്.

## സ്വത്വശാസ്ത്രപരമായ അന്വേഷണങ്ങൾ

### യാഥാർത്ഥ്യത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ

പ്രപഞ്ചത്തിന്റെ മൂലതത്വം എന്താണ്? യാഥാർത്ഥ്യം എന്താണ്? അത് ഏകമോ അനേകമോ? ഈ വക ചോദ്യങ്ങൾ സ്വത്വശാസ്ത്രപരങ്ങളാണ്. യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ചിന്ത പുരാതനഗ്രീക്കു തത്വചിന്തകരെ വളരെയേറെ അലട്ടിയിരുന്നു. തത്വശാസ്ത്രത്തിന്റെ പിതാവായ തേലിസ് എല്ലാ വസ്തുക്കളുടെയും പ്രഭവസ്ഥാനം വെള്ളമാണെന്ന് അഭിപ്രായപ്പെട്ടു. അയോണിയൻ സ്കൂളിൽപെട്ട അദ്ദേഹത്തിന്റെ അനന്തരഗാമികൾ വസ്തുക്കൾ ഉണ്ടാകുന്നത് വായുവിൽ നിന്നോ അഗ്നിയിൽനിന്നോ ആണെന്ന് വിചാരിച്ചു. പിന്നീട് വന്ന ഗ്രീക്ക് ദാർശനികർ ഈ വക പ്രാകൃതസങ്കല്പങ്ങളെയെല്ലാം ഉപേക്ഷിച്ച് കുറെക്കൂടി ശാസ്ത്രീയമായ രീതിയിൽ സിദ്ധാന്തങ്ങൾ ആവിഷ്ക്കരിച്ചു. അങ്ങനെ ഉണ്ടായ ഒരു സിദ്ധാന്തമാണ് ലോകം പരമാണുക്കളാൽ നിർമ്മിക്കപ്പെട്ടതാണെന്നുള്ളത്. അതിനുശേഷം യാഥാർത്ഥ്യത്തിന്റെ മൗലികവസ്തു ഒന്നാണെന്ന വാദത്തിന് ഏകത്വവാദം (Monism) എന്നും രണ്ടാണെന്ന വാദത്തിന് ദ്വൈതവാദം (Dualism) എന്നും രണ്ടിൽ കൂടുതൽ ആണെന്ന വാദത്തിന് ബഹുവാദം (Pluralism) എന്നുമാണ് പേർ.





ഈ മൂന്നു വാദങ്ങളിൽ നമുക്ക് ആദ്യമായി ദ്വൈതവാദത്തെ പരിശോധിക്കാം. മനസ്സും പദാർത്ഥവും ലോകത്തിലെ രണ്ടു മൗലിക യാഥാർത്ഥ്യങ്ങളാണെന്നും അവയിൽ ഒന്നിനെ മറ്റൊന്നിൽ ലയിപ്പിക്കുക സാദ്ധ്യമല്ലെന്നും ദ്വൈതവാദം സിദ്ധാന്തിക്കുന്നു. അതിഭൗതികദ്വൈതവാദ (Metaphysical pularlism)ത്തിന്റെ പ്രാണേതാക്കളിൽ അഗ്രഗണ്യൻ സുപ്രസിദ്ധ തത്വചിന്തകനായ ഡെക്കാർട്ടാണ്. ലോകത്തിൽ തീരെ വിഭിന്നങ്ങളായ രണ്ടുതരം യാഥാർത്ഥ്യങ്ങൾ അഥവാ "ദ്രവ്യങ്ങൾ" ഉണ്ടെന്നും അവ "വിചാരവും" "വിസ്താരവും" (സാമാന്യ ഭാഷയിൽ പറഞ്ഞാൽ "മനസ്സും" "പദാർത്ഥവും") ആണെന്നും ഡെക്കാർട്ട് പ്രസ്താവിച്ചു. ജന്തുക്കളുടെയും മനുഷ്യരുടെയും ശരീരങ്ങൾ ഉൾപ്പെടെയുള്ള ഭൗതികപ്രപഞ്ചം മുഴുവൻ വിസ്തൃതദ്രവ്യമാണ്. അത് നിയന്ത്രിക്കപ്പെടുന്നത് യാന്ത്രികനിയമങ്ങളാലാണ്. താണ ജന്തുക്കൾ വെറും യന്ത്രങ്ങളാണ്. അവയ്ക്ക് ആത്മാവില്ല എന്നാൽ മനുഷ്യനിൽ വിചാരശക്തിയുള്ള ഒരു വസ്തുവുമുണ്ട്. അതാണ് അവന്റെ അനശ്വരമായ ആത്മാവ്. ഇത്തരത്തിലുള്ള അതിഭൗതികദ്വൈതവാദത്തിന് പിന്തുണ നൽകുന്ന തത്വചിന്തകർ ഇന്ന് വിരളമാണ്. കൂടാതെ മനസ്സിനെയും പദാർത്ഥത്തെയും ഇങ്ങനെ തീരെ വിഭിന്നമായി കണക്കാക്കിയതുകൊണ്ടാണ് മനശ്ശാസ്ത്രത്തിലും ജ്ഞാനമീമാംസയിലും ഇന്നുള്ള പല പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുള്ളത്.

ഏകത്വവാദം തത്വചിന്തയുടെ ചരിത്രത്തിൽ ഭൗതികവാദം, ആശയവാദം, തളസ്ഥവാദം സിദ്ധാന്തിക്കുന്നത് ലോകത്തിൽ മൗലികമായി ഒരേയൊരു യാഥാർത്ഥ്യമേയുള്ളുവെന്നും അത് പദാർത്ഥമാണ്. മനസ്സ് എന്നൊന്ന് ഉണ്ടെങ്കിൽ അത് പദാർത്ഥത്തിന്റെ വെറും ചേഷ്ടമാത്രമാണ്. ആശയവാദവും യാഥാർത്ഥ്യം ഒന്നാണെന്നും അത് മനസ്സോ ആത്മാവോ ആണെന്നും പറയുന്നു. പദാർത്ഥം മനസ്സിന്റെ വെറും പ്രതിരൂപമോ നിർമ്മിതിയോ മാത്രമാണെന്നും അത് ശഠിക്കുന്നു. തളസ്ഥവാദമാകട്ടെ യാഥാർത്ഥ്യത്തെ മനസ്സിന്റെയും പദാർത്ഥത്തിന്റെയും പിന്നിലുള്ള തത്വമായി സങ്കൽപിക്കുന്നു. മനസ്സും പദാർത്ഥവും ഈ മൂലതത്വത്തിന്റെ വെറും പ്രതിഭാസങ്ങളോ അവസ്ഥകളോ മാത്രമാണ്. സ്പിനോസയാണ് ഇത്തരത്തിലുള്ള സിദ്ധാന്തത്തിന്റെ യഥാർത്ഥ പ്രതിനിധി. യാഥാർത്ഥ്യം ഒന്നുമാത്രമാണെന്നും അതിനെ "ദ്രവ്യ"മെന്നു വിളിക്കാമെന്നും ലോകം അതിന്റെ വിവിധ നിലകളിൽ പ്രസ്തുത യാഥാർത്ഥ്യത്തിന്റെ വെറും വിശേഷണങ്ങളോ പ്രകാരങ്ങളോ (Modes) മാത്രമാണെന്നും അദ്ദേഹത്തിനും അഭിപ്രായമുണ്ട്. ഡെക്കാർട്ട് മനസ്സെന്നും പദാർത്ഥ

മെന്നും വിളിച്ചുപോന്നവയെ സ്പിനോസ ഒരേ ദ്രവ്യത്തിന്റെ രണ്ട് വിശേഷണങ്ങൾ മാത്രമായി കരുതി. ഒരേ ദ്രവ്യം തന്നെ രണ്ടു തരത്തിൽ പ്രത്യക്ഷപ്പെടുന്നു. ഒരു വീക്ഷണകോണിൽ കൂടി നോക്കിയാൽ മനസ്സെന്നു വിളിക്കപ്പെടുന്ന വസ്തു മറ്റൊരു വീക്ഷണകോണിൽ കൂടി നോക്കുമ്പോൾ പദാർത്ഥമായി പരിണമിക്കുന്നു. അവ തമ്മിൽ യഥാർത്ഥത്തിൽ ഒരു വ്യത്യാസവുമില്ല, ഉണ്ടെന്നുള്ള പ്രതീതി ഉളവാക്കുന്നുവെങ്കിലും.

ബഹുവാദമാണ് മൂന്നാമത്തെ സിദ്ധാന്തം. ഈ സിദ്ധാന്തപ്രകാരം യഥാർത്ഥ്യം "അനേക"മാണ്. പുരാതന ഗ്രീക്ക് തത്വചിന്തകനായ എംപെഡോക്ലിസ് അനേകവാദിയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യാഥാർത്ഥ്യത്തിന് അഗ്നി, ജലം, ഭൂമി, വായു എന്നിങ്ങനെ നാലു മൗലികഘടകങ്ങളുണ്ട്. യാഥാർത്ഥ്യത്തെ നന്മ, സൗന്ദര്യം മുതലായ ശാശ്വതരൂപങ്ങളായി സങ്കൽപിച്ച പ്ലേറ്റോയും അനേകവാദിയാണ്. ഭൗതികപരമായ ഏകത്വവാദം എന്നു വിളിച്ചുപോന്നിരുന്ന ഗ്രീക്ക് പരമാണുവാദം പോലും ഒരുതരം അനേകവാദമാണ്. എന്തെന്നാൽ പരമാണുക്കൾക്ക് അവയുടെ പരിമാണം, ആകൃതി എന്നിവയ്ക്കനുസരണമായി വ്യക്തിത്വം ഉണ്ടെന്നും അത് വിശ്വസിച്ചു. ഇലക്ട്രോൺ സിദ്ധാന്തത്തിന്റെ ആവിർഭാവത്തിന് മുമ്പുള്ള ഭൗതികവാദത്തെയും ഒരുതരം ബഹുവാദമായി കണക്കാക്കുന്നതിൽ തെറ്റില്ല. എന്തെന്നാൽ എൺപതിൽ കൂടുതൽ വ്യത്യസ്ത മൂലഘടകങ്ങളെ അത് അംഗീകരിക്കുന്നു. അതുപോലെ തന്നെ ആദ്ധ്യാത്മിക ഏകത്വവാദവും പലപ്പോഴും ബഹുവാദമായി പരിണമിക്കാറുണ്ട്. ലൈബ്നിസ്സിന്റെ മോണാഡോളജിയും മറ്റും അക്കൂട്ടത്തിൽപ്പെടുന്നു. മോണാഡുകളുടെ മൂലപ്രകൃതി മാനസികമാണ്. ആ നിലയ്ക്ക് നോക്കിയാൽ അതിനെ ആദ്ധ്യാത്മിക ഏകത്വവാദമായി സങ്കൽപിക്കാം. പക്ഷെ, മോണാഡുകൾ പരസ്പരം വ്യത്യസ്തങ്ങളായതുകൊണ്ടും അവയ്ക്ക് ഓരോന്നിനും പ്രത്യേകം വ്യക്തിത്വം ഉള്ളതുകൊണ്ടും അതിനെ ബഹുവാദമെന്നും കണക്കാക്കണം.

വില്യം ജെയിംസ് തുടങ്ങിയ തത്വചിന്തകരുടെ അന്വേഷണത്തിന്റെ ഫലമായി ഇന്നു പുതിയ ഒരുതരം ബഹുവാദം രൂപം കൊണ്ടിട്ടുണ്ട്. അത് പഴയ ബഹുവാദത്തെപ്പോലെ പ്രപഞ്ചത്തിന്റെ അടിസ്ഥാനതത്വത്തെക്കുറിച്ചുള്ള വിചിന്തനത്തിൽനിന്ന് ഉണ്ടായതല്ല. നേരെ മറിച്ച് അത് ലോകത്തിലെ അനുഭവ വസ്തുക്കളുടെ ബഹുമുഖതയിൽ നിന്നും വൈവിദ്ധ്യത്തിൽനിന്നും ഉടലെടുത്തതാണ്. താറുമാറായി കിടക്കുന്ന വിവിധ വസ്തുക്കൾക്ക് ഒരേകത്വം





കണ്ടുപിടിക്കുവാനുള്ള ശ്രമത്തിൽ നിന്നാണ് ഏകത്വവാദം ഉദയം ചെയ്തത്. ബഹുവാദം ലോകത്തിൽ ഒരുതരം ഏകത ഉണ്ട് എന്നതിനെ നിഷേധിക്കുന്നില്ല. പക്ഷേ, വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും പൊരുത്തക്കേടുകളും ഇത്രയേറെ കണ്ടുവരുന്ന ഈ ലോകത്തിൽ ഏകത്വമാണ് ഒരേയൊരു യാഥാർത്ഥ്യം എന്ന സിദ്ധാന്തം സ്വീകരിക്കുവാൻ ബഹുവാദത്തിന് സാദ്ധ്യമല്ല. വില്യംജെയിംസ് "ബഹുത്വപരമായ പ്രപഞ്ചം" എന്ന തന്റെ ഗ്രന്ഥത്തിൽ തന്റെ നൂതന ബഹുവാദത്തെ വളരെ വിദഗ്ധമായ രീതിയിൽ പ്രതിപാദിക്കുകയും സമർത്ഥിക്കുയും ചെയ്യുന്നുണ്ട്. ഏത് നിലയ്ക്ക് നോക്കിയാലും ലോകം നിശ്ശേഷം ഒന്നായി അനുഭവപ്പെടുന്നില്ല. യാഥാർത്ഥ്യങ്ങളായ സാധ്യതകൾ, അസ്ഥിരതകൾ, ആരംഭങ്ങൾ, അവസാനങ്ങൾ, യാഥാർത്ഥമായ തിന്മ, ദൈവം, സദാചാരജീവിതം എന്നിവ ജെയിംസിന്റെ ആത്യന്തിക അനുഭവികാവാദത്തിൽ നിന്ന് നിർഗ്ഗമിക്കുന്നവയാണ്. എന്നാൽ നവീന യാഥാർത്ഥവാദികൾ അവതരിപ്പിക്കുന്ന ബഹുവാദം ജെയിംസിന്റേതിൽ നിന്നും വ്യത്യസ്തമാണ്. ജെയിംസിന്റെ ബഹുവാദപ്രകാരം ഇന്ദ്രിയഗോചരങ്ങളായ പരിവർത്തനങ്ങളുടെ വൈപുല്യവും വൈവിധ്യവുമാണ് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതെങ്കിൽ നവീന യാഥാർത്ഥവാദികളുടെ ബഹുവാദമനുസരിച്ച് യുക്തിയുടെയും ചിന്തയുടെയും മൂല്യങ്ങളുടെയും ലോകത്തിൽ കണ്ടുവരുന്ന വൈപുല്യവും വൈവിധ്യവുമാണ് നമ്മുടെ ശ്രദ്ധയ്ക്ക് വിഷയമാകുന്നത്. ഭൗതികവും മാനസികവുമായ വസ്തുക്കൾക്കു പുറമെ യുക്തിപരമായ തത്വങ്ങൾ, ആന്തരികവും ബാഹ്യവുമായ ബന്ധങ്ങൾ, സംഖ്യകൾ, ദിക്, കാലം, ശ്രേണി, നീതി, സൗന്ദര്യം എന്നിവയും യാഥാർത്ഥ്യങ്ങളാണ്.

## മനസ്സിന്റെ തത്വശാസ്ത്രം

പ്രാകൃതമനുഷ്യൻ മനസ്സിനെ അഥവാ ആത്മാവിനെ (മനസ്സും ആത്മാവും ഒന്നായിട്ടാണ് സങ്കൽപിച്ചിരുന്നത്.) ശരീരത്തിന്റെ ഒരു മങ്ങിയ പ്രതിബിംബമോ ശരിപ്പകർപ്പോ ആയി സങ്കൽപ്പിച്ചു. അതിന്ന് ഉറക്കസമയത്ത് ശരീരത്തിൽ നിന്ന് വേർപെട്ടു നിൽക്കുവാനും മരണത്തെ അതിജീവിക്കുവാനും കഴിയുമെന്നും അവൻ വിശ്വസിച്ചു. എന്നാൽ ആത്മാവിനെക്കുറിച്ചുള്ള ഇന്നത്തെ സാമാന്യസങ്കൽപങ്ങൾക്ക് അടിത്തറ പാകിയത് പ്ലേറ്റോ ആണ്. അദ്ദേഹം ആത്മാവിനെ ശരീരത്തിൽ ബന്ധനസ്ഥനാക്കപ്പെട്ട ഒരു പ്രത്യേക അഭൗതികസത്തായി കണക്കാക്കി. ശാശ്വതരൂപങ്ങളുടെ ലോകമാണ് അതിന്റെ ആവാസകേന്ദ്രം. ആത്മാവിന്റെ വ്യക്തിത്വവും അനശ്വരതയുമെല്ലാം പ്ലേറ്റോയുടെ സിദ്ധാന്തത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മനുഷ്യൻ ജനിക്കുന്നതിന് മുമ്പു തന്നെ ആത്മാവിന് അസ്ഥിത്വം ഉണ്ടായിരുന്നു എന്നും മനുഷ്യന്റെ ആത്മാവിന് പഴയഅധിവാസ കേന്ദ്രത്തെക്കുറിച്ച് ഓർമ്മയുണ്ടായിരിക്കുമെന്നും പ്ലേറ്റോ പറയുന്നു. ശരീരത്തിന്റെ ചലനത്തിന് ഹേതുവും ആത്മാവ് തന്നെയാണ്. അതിന്റെ ആന്തരമായ ദൈവികസ്വഭാവം മൂലമാണ് അതിന് രൂപങ്ങളെയും ഉന്നതമൂല്യങ്ങളെയും കുറിച്ച് ആന്തരവബോധം ഉണ്ടാകുന്നത്.

പ്ലേറ്റോയെപ്പോലെ തന്നെ അരിസ്റ്റോട്ടിലും ആത്മാവിന്റെ അസ്ഥിത്വത്തെ ഊന്നി പറഞ്ഞു. പക്ഷെ, അദ്ദേഹം ആത്മാവിനെ ശരീരമായി കൂടുതൽ അടുപ്പിച്ചു. ശരീരത്തിന്റെ രൂപവും യാഥാർത്ഥ്യവും സമ്പൂർണ്ണതയുമാണ് ആത്മാവ് എന്ന് അദ്ദേഹം കരുതി. കാഴ്ച കണ്ണുമായും മെഴുകിലെ മുദ്ര മെഴുകുമായും എപ്രകാരമാണോ ബന്ധപ്പെട്ടിരിക്കുന്നത് അപ്രകാരം തന്നെയാണ് ആത്മാവ് ശരീരവുമായി ബന്ധപ്പെട്ടു കിടക്കുന്നത്. ആത്മാവാണ് ചലനത്തിന്റെയും വികാസത്തിന്റെയും ചിന്തയുടെയും യുക്തിയുടെയും മൂലം.

ആത്മാവ് അലൗകികമാണെന്നും ആത്മാവും ശരീരവും തമ്മിൽ വിട്ടുവീഴ്ചയില്ലാത്ത ദ്വന്ദ്വഭാവങ്ങൾ ഉണ്ടെന്നുള്ള പ്ലേറ്റോയുടെ സങ്കല്പം സെന്റ് അഗസ്റ്റിന്റെ തത്വശാസ്ത്രത്തിൽ ദൃഢമായി കാണാം. മദ്ധ്യകാലങ്ങളിലെ ക്രിസ്തീയസഭയും അതിനെ ഒരു വിശ്വാസപ്രമാണമായി അംഗീകരിച്ചു. ആത്മാവ് ഒരനശ്വരവസ്തുവാണെന്നും അത് ശരീരത്തിൽനിന്നും തീരെ വ്യത്യസ്തമാണെന്നും പ്ലേറ്റോയെ പിന്തുടർന്നു പോന്ന പ്ലോട്ടിനസ്സും വിശ്വസിച്ചു. ആത്മാവിനെക്കുറിച്ചുള്ള പ്ലോട്ടിനസ്സിന്റെ സങ്കൽപ്പം രണ്ടു വ്യത്യസ്തലോകങ്ങൾ ഉണ്ട് എന്ന വിശ്വാസത്തിന് വഴി തെളിയിച്ചു. പ്രസ്തുത ലോകങ്ങളിൽ ഒന്ന് ഐഹികലോകവും മറ്റേത് ആദ്ധ്യാത്മികലോകവുമാണ്. ഇവയിൽ ശരീരം ആദ്യത്തേതിലും ആത്മാവ് രണ്ടാമത്തേതിലും സ്ഥിതി ചെയ്യുന്നു.

ഡെക്കാർട്ടിന്റെ തത്വശാസ്ത്രത്തിൽ ദ്വൈതസങ്കൽപ്പം ഒരു സുപ്രധാനഘട്ടമാണ്. മനസ്സും പദാർത്ഥവും വ്യത്യസ്തങ്ങളും സ്വതന്ത്ര്യങ്ങളുമായ ദ്രവ്യങ്ങളാണെന്ന് സ്ഥാപിക്കുവാൻ ഡെക്കാർട്ട് ശ്രമിക്കുന്നു. പദാർത്ഥം, വിസ്തീർണ്ണമുള്ളതും ജഡവും യാന്ത്രികനിയമങ്ങൾക്ക് വിധേയമായതും ഇച്ഛ, ഉദ്ദേശ്യം, സ്വത:ചലനശക്തി മുതലായവ ഇല്ലാത്തതും ആയ ഒന്നാണ്. നേരെ മറിച്ച് മനസ്സ് വിസ്തീർണ്ണമില്ലാത്തതും ചിന്താശക്തിയോടു കൂടിയതുമായ ഒരു ദ്രവ്യമാണ്. ഇവിടെ 'ചിന്ത' എന്ന പദം ഉപയോഗിച്ചിട്ടുള്ളത് കൂടുതൽ വ്യാപകമായ അർത്ഥത്തിലാണ്. വെറും ചിന്തയെ മാത്രമല്ല, വികാരത്തെയും ഇച്ഛയെയും നിർണ്ണയത്തെയും അത് ഉൾക്കൊള്ളുന്നു.





ആത്മാവ് സ്വതന്ത്ര്യവും അഭൗതികവുമായ ഒരു വസ്തുവാണെന്ന സങ്കൽപ്പത്തിന് ഡേവിഡ് ഹ്യും വലിയ ആഘാതമേൽപ്പിച്ചു. ആത്മാവ് എന്ന ഒന്നിനെക്കുറിച്ച് നമുക്ക് യാതൊരു അനുഭവവും ഇല്ലെന്നും അതിന്റെ അസ്ഥിത്വത്തെക്കുറിച്ച് യാതൊരു തെളിവുമില്ലെന്നും അദ്ദേഹം വാദിച്ചു. നമ്മുടെ അനുഭവം നമുക്ക് കാട്ടിത്തരുന്നത് കുറെയേറെ സംസ്ക്കാരങ്ങളെയും പ്രേഷണങ്ങളെയും ആശയങ്ങളെയും സ്മൃതിഭാവനകളെയും മാത്രമാണ്. അവയുടെ സമാഹാരത്തിൽ കവിഞ്ഞ ആത്മാവെന്ന ഒന്ന് ഇല്ല തന്നെ.

ആത്മാവ് ഒരിക്കലും ഒരു അനുഭവവിഷയമല്ലെന്നും അനുഭവവിഷയി മാത്രമാണെന്നും അതുകൊണ്ട് അത് ഒരിക്കലും അനുഭവവേദ്യമല്ലെന്നുമാണ് കാന്റിന്റെ പക്ഷം. കാന്റ് ആത്മാവിനെ നിഷേധിക്കുന്നില്ല. അത് അനുഭവഗോചരമല്ലെന്നു മാത്രമേ അദ്ദേഹം പറയുന്നുള്ളു. ഭൗതിക വാദികൾ ആത്മാവിനെ പദാർത്ഥത്തിന്റെ വെറുമൊരു രൂപമോ വ്യാപാരമോ മാത്രമായി കണക്കാക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിലെ ചില ജർമ്മൻ ഭൗതികവാദികൾ മനസ്സിനെ മസ്തിഷ്ക്കത്തിന്റെ ഒരു വ്യാപാരമായി കണക്കാക്കി. ഉപോൽപാദവാദം എന്നറിയപ്പെടുന്ന ഭൗതികവാദപ്രകാരം നാഡീവ്യൂഹത്തിൽ ഉണ്ടാകുന്ന ചില പ്രത്യേകതരം പ്രക്രിയകളെയും മാറ്റങ്ങളെയും പിന്തുടരുന്ന ചില പ്രതിഭാസങ്ങൾ മാത്രമാണ് മനസ്സ്.

ആധുനിക മനശ്ശാസ്ത്രം വസ്തുനിഷ്ഠമായ രീതിയെ അവലംബിച്ച് മനസ്സിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. അത് മനസ്സ്, ആത്മാവ്, ബോധം, ആശയം മുതലായവയെക്കുറിച്ച് ഒന്നും പറയുന്നില്ല. മാനസികപ്രക്രിയകളിൽ മാത്രമേ അത് അതിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളൂ. വാട്ട്സന്റെ വ്യവഹാരവാദം എന്ന മനഃശ്ശാസ്ത്രവിചാരപദ്ധതിയിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും ചേഷ്ഠകളെക്കുറിച്ചുള്ള പഠനങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. ബോധം എന്ന അവസ്ഥയെക്കുറിച്ച് യാതൊന്നും പ്രതിപാദിച്ചു കാണുന്നില്ല. നവീനയഥാർത്ഥവാദം എന്ന പ്രസ്ഥാനത്തിന്റെ മനശ്ശാസ്ത്രപരമായ വീക്ഷണം വ്യവഹാരവാദത്തിന്റേതിൽനിന്നും വ്യത്യസ്തമല്ല. പ്രതിവർത്തനങ്ങൾ കൂടുതൽ സങ്കീർണ്ണങ്ങളായ പ്രക്രിയകളായി അനുക്രമം സംഘടിപ്പിക്കപ്പെടുകയും ഈ പ്രക്രിയകൾ സംശ്ലേഷണപരങ്ങളായ അപൂർവ്വവസ്തുക്കളെ സൃഷ്ടിക്കുകയും ചെയ്യുന്നു. അവസാനം ബോധത്തോടുകൂടിയ അനുകൂല പ്രവർത്തനം അഥവാ വിശേഷപ്രതികരണം മനസ്സിന്റെ ജനനത്തെ കുറിക്കുന്നു.

## മനസ്സും ശരീരവും തമ്മിലുള്ള ബന്ധം

മനസ്സും ശരീരവും തമ്മിലുള്ള ബന്ധം തത്വശാസ്ത്രചരിത്രത്തിന്റെ ആരംഭം മുതൽ ഒരു പ്രശ്നമായിരുന്നു. ഡെക്കാർട്ടിന്റെ കാലം മുതലാണ് ഈ പ്രശ്നം സജീവമായിത്തീർന്നത്. ഡെക്കാർട്ട് മനസ്സിനെയും ശരീരത്തെയും തീരെ വ്യത്യസ്തങ്ങളായി കണക്കാക്കിയിരുന്നുവെന്നും നാം കണ്ടുവല്ലോ. എന്നാൽ മനസ്സും ശരീരവും തമ്മിൽ പ്രവർത്തനമുണ്ടെന്നും അദ്ദേഹം സമർത്ഥിച്ചു. ഈ സിദ്ധാന്തത്തിന് അന്യോന്യപ്രവർത്തന സിദ്ധാന്തം (Interactionism) എന്നാണ് പേര്. ഈ സിദ്ധാന്തത്തിലെ ന്യൂനതകൾ പരിഷ്ക്കരിക്കുവാൻവേണ്ടിയാണ് മെയിൽ ബ്രാൻക്കെ മറ്റൊരു സിദ്ധാന്തം ആവിഷ്ക്കരിച്ചത്. ഈ സിദ്ധാന്തത്തിനു സന്ദർഭവാദം (Occasionalism) എന്നു പേർ പറയുന്നു. ഇതനുസരിച്ച് മനസ്സിനും ശരീരത്തിനും പരസ്പരക്രിയയില്ല. ഏതെങ്കിലും ഒന്നിന്റെ പ്രവർത്തനം മറ്റേതിൽ അനുരൂപമായ മാറ്റം ഉണ്ടാക്കുവാനായി ദൈവത്തിന്റെ ഇടപെടലിനു അവസരം നൽകുന്നുവെന്നാണ് വാദം.

പ്രശ്നപരിഹാരത്തിന് ലൈബ്നിസ്സ് ആവിഷ്ക്കരിച്ച സിദ്ധാന്തം മേൽ പറഞ്ഞ സിദ്ധാന്തത്തിനോട് വളരെ അടുപ്പമുള്ളതാണ്. ലൈബ്നിസ്സിന്റെ സിദ്ധാന്തത്തിന് പൂർവ്വസ്ഥാപിതസാമഞ്ജസ്യം (Pre- established harmony) എന്നാണ് പേര്. മനസ്സാകുന്ന മൊണാഡും ശരീരഘടകങ്ങളായ മൊണാഡുകളും തമ്മിൽ പരസ്പരപ്രവർത്തനം ഇല്ല. എന്നാൽ അവ തമ്മിൽ പ്രത്യക്ഷത്തിൽ കണ്ടു വരുന്ന ചേർച്ച ഈശ്വരസൃഷ്ടിയുടെ പരിപൂർണ്ണത ഹേതുവായി മുൻകൂട്ടി നിർണ്ണയിക്കപ്പെട്ടതാണ്.

മേൽപ്പറഞ്ഞ സിദ്ധാന്തങ്ങളിൽ നിന്ന് വ്യത്യസ്തമായ മറ്റൊരു കൂട്ടം സിദ്ധാന്തങ്ങളാണ് ദ്വിവശസിദ്ധാന്തങ്ങൾ. പല മനഃശാസ്ത്രജ്ഞന്മാരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇവയെ അനുകൂലിക്കുന്നവരാണ്. മനസ്സെന്നും ശരീരമെന്നും രണ്ടു വ്യത്യസ്ത വസ്തുതകൾ ഇല്ലെന്നും അവ ഒരേ യാഥാർത്ഥ്യത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണെന്നും ഇവ സമർത്ഥിക്കുന്നു. ഈ സിദ്ധാന്തത്തെ ചിലപ്പോൾ താദ്ദാത്മ്യപരികല്പന (Identity hypothesis) എന്നു വിളിക്കാറുണ്ട്. ഇതിനോടു വളരെ സാമ്യമുള്ള മറ്റൊരു സിദ്ധാന്തമാണ് മനോദൈഹികസമാന്തരവാദം (Psycho-Physical Parallelism). ഇത് വാസ്തവത്തിൽ മനസ്സും ശരീരവും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്ന ഒരു സിദ്ധാന്തമേയല്ല. മനസ്സും ശരീരവും തമ്മിൽ സ്ഥിരമായ സംസർഗ്ഗമുണ്ടെന്നത് പ്രത്യക്ഷത്തിൽ ഒരു വസ്തുതയാണെന്ന ഒരു പ്രസ്താവം മാത്രമാണ് ഇത്. അവ തമ്മിൽ





കാര്യകാരണബന്ധമില്ല; കാലത്തിനുള്ളിൽ അവ ഒന്നോടൊന്ന് കൂടിയിരിക്കുന്നുവെന്നു മാത്രം.

മനസ്സും ശരീരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മറ്റൊരു സിദ്ധാന്തമാണ് ഉപോൽപാദവാദം (Epiphenomenalism). ഇത് ശരീരം മാത്രമാണ് യാഥാർത്ഥ്യം എന്നു സങ്കൽപിച്ച് മനസ്സ്, ശരീരം എന്നിവ തമ്മിലുള്ള ദ്വൈതത്തെ നിഷേധിച്ച് ഏകത്വത്തെ അവലംബിക്കുന്നു. മനസ്സ് ശരീരത്തിന്റെ വെറുമൊരു ഉപോൽപന്നം മാത്രമാണ്.

ഈ സിദ്ധാന്തത്തിനു കടകവിരുദ്ധമാണ് മാനസിക ഏകതത്വവാദം (Psychical monism). ഇതും ഉപോൽപാദവാദത്തെപ്പോലെ ദ്വൈതത്തെ നിരാകരിച്ച് അദ്വൈതത്തെ സ്വീകരിക്കുന്നു. പക്ഷേ, ഇത് നിരാകരിക്കുന്നത് മനസ്സിനെയല്ല, ശരീരത്തിനെയാണെന്നു മാത്രം. മനസ്സ് അഥവാ ബോധം ഒന്നു മാത്രമാണ് ലോകത്തിലെ യഥാർത്ഥവസ്തു. ശരീരം മനസ്സിന്റെ വെറുമൊരു പ്രതിഭാസം മാത്രമാണ്.

അവസാനമായി, മേൽ പ്രസ്താവിച്ച സിദ്ധാന്തങ്ങളിൽ നിന്നെല്ലാം തീരെ വിഭിന്നമായ മറ്റൊരു സിദ്ധാന്തമാണ് നിർഗ്ഗത സിദ്ധാന്തം (Emergent theory). ഈ സിദ്ധാന്തപ്രകാരം മനസ്സ് ശരീരത്തിൽ നിന്ന് നിർഗ്ഗമിക്കുന്ന ഒന്നാണ്. അരിസ്റ്റോട്ടിലിൽ പ്രസ്താവിച്ചതുപോലെ മനസ്സ് ശരീരത്തിന്റെ സാക്ഷാത്ക്കാരമോ സഫലീകരണമോ ആണ്.

## സ്വാതന്ത്ര്യം

സ്വാതന്ത്ര്യം എന്ന പദം സാധാരണ ഉപയോഗിക്കാറുള്ളത് ഒരു ബാഹ്യശക്തിയുടെ നിർബന്ധമോ നിരോധമോ ഇല്ലാതിരിക്കുക എന്ന അർത്ഥത്തിലാണ്. എന്നാൽ സ്വതന്ത്ര്യ ഇച്ഛ എന്ന പ്രശ്നത്തെക്കുറിച്ച് നാം പരിചിന്തിക്കുമ്പോൾ സ്വാതന്ത്ര്യം എന്ന പദത്തിന്റെ അർത്ഥം മേൽ പറഞ്ഞതല്ല. ഒരു മനുഷ്യന്റെ പ്രവൃത്തികൾ സ്വതന്ത്ര്യങ്ങളാണോ എന്ന ചോദ്യത്തിന്റെ അർത്ഥം അവ ആകപ്പാടെയുള്ള സ്ഥിതിഗതികളിലെ പൂർവ്വഗതഘടകങ്ങളാൽ തീരുമാനിക്കപ്പെടുന്നുണ്ടോ, അതോ പ്രകൃതിയിലെ മറ്റെല്ലാ വസ്തുക്കളെയും പോലെ തന്നെ മനുഷ്യപ്രവൃത്തികളും പ്രകൃതിനിയമത്തിന്റെ കീഴിലാണോ വർത്തിക്കുന്നത് എന്നാണ്. കാര്യകാരണ നിയമത്തിന്റെ പരിധിയിൽ നമ്മുടെ ക്രിയകളും പെടുന്നുണ്ടോ?

ഈ വക ചോദ്യങ്ങൾക്ക് നിയതത്വവാദി (Determinist) പറയുന്ന മറുപടി ഇതാണ്. പ്രകൃതിയിലെ മറ്റെല്ലാ സംഭവങ്ങളെയുംപോലെ തന്നെ മനുഷ്യന്റെ പ്രവൃത്തികളും പ്രകൃതിനിയമങ്ങളെ അനുസരിക്കുന്നു. അവ പൂർവ്വഗതസംഭവങ്ങളിൽനിന്നും കണിശമായി അനു

മാനിച്ചെടുക്കാവുന്നതാണ്. കാരണം കൂടാതെ യാതൊന്നും സംഭവിക്കുന്നില്ല. മനുഷ്യന്റെ ഇച്ഛകളെ നിർണ്ണയിക്കുന്നത് പൂർവ്വഗതേച്ഛകളും പൂർവ്വാർജ്ജിതശീലങ്ങളും പാരമ്പര്യങ്ങളും സമ്പ്രദായങ്ങളും വിദ്യാഭ്യാസവുമാണ്. ഡാർവിന്റെ പരിണാമവാദം നിയതത്വവാദത്തിന് സഹായമായിരുന്നു. മനുഷ്യൻ പ്രകൃതിക്കതീതനല്ലെന്നും പ്രകൃതിയുടെ ഒരു സൃഷ്ടി മാത്രമാണെന്നും അത് പറഞ്ഞു. നിയതത്വവാദം ചിത്തസ്വാതന്ത്ര്യനിഷേധവാദമാണ്. അതിന് ശാസ്ത്രജ്ഞന്മാർ മാത്രമല്ല അംഗീകാരം നൽകിയത്. സദാചാരശാസ്ത്രജ്ഞന്മാർ, സാമൂഹ്യശാസ്ത്രജ്ഞന്മാർ, മതപണ്ഡിതന്മാർ മുതലായവർപോലും അതിനെ അംഗീകരിച്ചു. സദാചാരതത്വങ്ങൾക്കോ മതത്തിനോ എതിരായി പ്രസ്തുത വാദത്തിൽ ഒന്നും തന്നെയില്ലെന്ന് അവർക്ക് ബോധ്യം വന്നു.

പക്ഷേ ഡാർവിന്റെ പരിണാമവാദത്തെ മറ്റൊരു തരത്തിൽ വ്യാഖ്യാനിച്ചാൽ അത് ഇച്ഛാസ്വാതന്ത്ര്യത്തെ പാടെ നിഷേധിക്കുന്നില്ലെന്നു കാണാം. പരിണാമം അതിന്റെ ജൈവതലത്തിൽ എത്തുമ്പോൾ ചില പ്രത്യേകതകൾ കാണിക്കാറുണ്ട്. അതിലൊന്നാണ് സ്വാതന്ത്ര്യേച്ഛ എന്നത്. നിയതത്വവാദത്തെ ശക്തിയുക്തം എതിർത്ത ആധുനികചിന്തകരിൽ പ്രമുഖരാണ് വില്യം ജെയിംസും ഹെൻറി ബർഗ്സനും. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ബോധവും തെറ്റു ചെയ്യുമ്പോഴുണ്ടാകുന്ന പശ്ചാത്താപവും നമ്മുടെ അനുഭവത്തിലെ പ്രത്യക്ഷവസ്തുതകളാണ്. കാരണതാനിയമം ഈ അനുഭവങ്ങൾക്ക് നിരക്കാത്ത ഒന്നാണെന്ന് വില്യം ജെയിംസ് പറയുന്നു. ലോകത്തിൽ പുതുമ, സംഭവ്യത, പ്രവൃത്തി, യഥാർത്ഥസ്വാതന്ത്ര്യം എന്നിവ നിലനില്ക്കുന്നുണ്ട്. യാഥാർത്ഥ്യത്തിന്റെ ഘടനയിൽ തന്നെ സ്വാതന്ത്ര്യം ഉൾക്കൊള്ളുന്നുണ്ടെന്നാണ് ബർഗ്സന്റെ അഭിപ്രായം. സ്വാതന്ത്ര്യമാണ് മാനസിക ജീവിതത്തിന്റെ സാരാംശം എന്നും.

## ജ്ഞാനമീമാംസ (epistemology)

അറിവിന്റെ സ്വഭാവവും ലക്ഷ്യവും അന്വേഷിക്കുകയും സത്യം, വിശ്വാസം, അനുഭവം എന്നിവയുടെ പാരസ്പര്യം അന്വേഷിക്കുകയും ചെയ്യുന്ന താത്വികസരണിയാണിത്. അറിവും സംശയാസ്പദമാണെന്ന സംശയവാദവും (skepticism) താൻ അറിഞ്ഞതു മാത്രമാണ് ശരിയായ അറിവെന്ന മൗലികവാദവും (foundationalism) എല്ലാ അറിവും തെളിയിക്കപ്പെടാത്ത മറ്റൊരറിവിനെ ആധാരമാക്കിയാണെന്നവാദവും (coherentism) ഇതിന്റെ വകഭേദങ്ങളാണ്. അറിവിന്റെ ആധാരമായി യുക്തിയെ കരുതുന്ന യുക്തിവാദവും ഈ ചിന്താധാരയിൽപെടുന്നതാണ്.





അറിവിന്റെ ഉല്പത്തി, സ്വഭാവം, യാഥാർത്ഥ്യം, പരിമിതികൾ, നിബന്ധനകൾ എന്നീ വക പ്രശ്നങ്ങളെ ജ്ഞാനമീമാംസ കൈകാര്യം ചെയ്യുന്നു. ഈ പ്രശ്നങ്ങളെ രണ്ടായി തിരിക്കാം. ഒന്ന് അറിവിന്റെ മൂലം, രണ്ട് അറിവിന്റെ യാഥാർത്ഥ്യം.

ജ്ഞാനമീംമാസാ സിദ്ധാന്തങ്ങളിൽ ഒന്നാണ് പ്രാമാണികത്വസിദ്ധാന്തം (Authoritarianism). ഈ സിദ്ധാന്തം അനുസരിച്ച് പ്രമാണമാണ് അറിവിന് ഉറപ്പു നൽകുന്നതും അതിനെ സാധൂകരിക്കുന്നതും. മറ്റൊരു സിദ്ധാന്തം സന്ദേഹവാദമാണ്. സന്ദേഹവാദം ജ്ഞാനമീമാംസപരങ്ങളായ പ്രശ്നങ്ങളെ പരിഹരിക്കുന്നത് ആ പ്രശ്നങ്ങളെത്തന്നെ നിഷേധിക്കുന്നതിൽ കൂടിയാണ്. മിസ്റ്റിസിസം അഥവാ രഹസ്യവാദം മൂന്നാമതൊരു സിദ്ധാന്തമാണ്. ജ്ഞാനമീംമാസയിലെ മറ്റൊരു സുപ്രസിദ്ധ സിദ്ധാന്തമാണ് യുക്തിവാദത്തിന്റെ പ്രമുഖ വക്താക്കൾ. ഇന്ദ്രിയനുഭവവാദവും പ്രസിദ്ധമാണ്. ലോക്ക്, ബാർക്കലി, ഹ്യൂം എന്നീ തത്വചിന്തകരാണ് ഈ സിദ്ധാന്തത്തിന്റെ വക്താക്കൾ. പൊതുവെ പറഞ്ഞാൽ അറിവിന്റെ ഉറവിടവും സത്യാവസ്ഥയും സ്ഥിതി ചെയ്യുന്നത് നമ്മുടെ ഇന്ദ്രിയപരമായ അനുഭവത്തിലാണ് എന്ന് ഇന്ദ്രിയാനുഭവവാദം സമർത്ഥിക്കുന്നു.

നമുക്ക് ലഭിക്കുന്ന അറിവ് യഥാർത്ഥമാണോ അല്ലയോ എന്നതാണ് ജ്ഞാനമീമാംസയിലെ രണ്ടാമത്തെ പ്രശ്നം. ഈ പ്രശ്നം യഥാർത്ഥവാദവും ആശയവാദവും തമ്മിലുള്ള തർക്കത്തിലേക്ക് നയിക്കുന്നു. ആത്മനിഷ്ഠആശയവാദം (Subjective idealism) ജ്ഞാനമീമാംസാപരമായ ഒരു സിദ്ധാന്തമാണ്. ഈ സിദ്ധാന്തത്തെ അതിന്റെ ഇന്നത്തെ രൂപത്തിൽ ആവിഷ്ക്കരിച്ചതു ബാർക്കലിയാണ്. നമ്മുടെ പ്രത്യക്ഷാനുഭവത്തിൽനിന്നും ഭിന്നമായി ജഡപദാർത്ഥം എന്ന ഒരു യാഥാർത്ഥ്യം ഇല്ല എന്നാണ് ബാർക്കലിയുടെ അഭിപ്രായം.

അടുത്ത കാലത്ത് പലതരം യഥാർത്ഥവാദങ്ങളും ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ലോക്കിന്റെ പ്രാതിനിധ്യാത്മകയഥാർത്ഥവാദ (Representative realism) മാണ് ഒന്ന്. ബാഹ്യലോകം ചലിച്ചുകൊണ്ടിരിക്കുന്ന വെറും ഭൗതികകണങ്ങളാണെന്നും പദാർത്ഥത്തിന്റെ ഗുണങ്ങളെക്കുറിച്ചുള്ള നമ്മുടെ ആശയങ്ങൾ പ്രസ്തുത ഗുണങ്ങളെ പ്രതിനിധീകരിക്കുക മാത്രമേ ചെയ്യുന്നുള്ളുവെന്നും ഈ പ്രതിനിധീകരണം തന്നെ പ്രധാനഗുണങ്ങളായ ചലനം, ആകൃതി എന്നിവയ്ക്കു മാത്രമേ ഉള്ളുവെന്നും നിറം, ശബ്ദം മുതലായ മൗലികമല്ലാത്ത ഗുണങ്ങൾ മനസ്സിൽ മാത്രമേ സ്ഥിതിചെയ്യുള്ളുവെന്നും അവയുടെ വസ്തുനിഷ്ഠമായ മൂലം ചലനവ്യവസ്ഥയിലുള്ള ഏതെ

ങ്കിലും തരത്തിലുള്ള പദാർത്ഥമാണെന്നും ഈ സിദ്ധാന്തം പറയുന്നു. ഹെർബർട്ട് സ്പെൻസർ രൂപാന്തരീകൃത യഥാർത്ഥവാദം (Transfigured realism) എന്ന ഒരുതരം യഥാർത്ഥവാദത്തെ ആവിഷ്ക്കരിക്കുന്നു. ഈ വാദപ്രകാരം ബാഹ്യലോകം പദാർത്ഥം, ചലനം, ശക്തി എന്നിവയുടെ ലോകമാണ്. പക്ഷേ ഈ ലോകം പ്രത്യക്ഷമായി നമുക്ക് വെളിവാകുമ്പോൾ രൂപാന്തരപ്പെടുന്നു.

യഥാർത്ഥവാദത്തിന്റെ മറ്റൊരു രൂപമാണ് നവീനയഥാർത്ഥവാദം (Neo -realism). വസ്തുനിഷ്ഠമായ ലോകത്തെയാണ് നാം നമ്മുടെ പ്രത്യക്ഷാനുഭവത്തിൽ അറിയുന്നത്. അറിവിന്ന് മാദ്ധ്യമമായി എന്തെങ്കിലും മാനസികാവസ്ഥയോ ആശയ സംവേദനമോ ഉണ്ടെന്നുള്ള സിദ്ധാന്തത്തെ അത് നിഷേധിക്കുന്നു. അത് എല്ലാവിധ ആത്മനിഷ്ഠവാദങ്ങളെയും നിരാകരിക്കുന്നു. എല്ലാ ബന്ധങ്ങളും ആന്തരമാണ് എന്ന സിദ്ധാന്തത്തെയും അത് നിഷേധിക്കുകയാണ്. ബന്ധങ്ങൾ ബാഹ്യമാണെന്നു മാത്രമല്ല അവ വസ്തുനിഷ്ഠമാണെന്നും അത് സമർത്ഥിക്കുന്നു.

യഥാർത്ഥവാദത്തിന് വേറൊരു രൂപം കൂടിയുണ്ട്. അതാണ് വിമർശനാത്മകയഥാർത്ഥവാദം (Critical realism). വസ്തുഗ്രഹണം പ്രത്യക്ഷപരമല്ല അനുമാനം വഴിക്കല്ലാതെ നമുക്ക് ഇന്ദ്രിയദത്തത്തിനപ്പുറം പോകുക സാദ്ധ്യമല്ല. പദാർത്ഥങ്ങളുടെ വസ്തുനിഷ്ഠമായ അസ്തിത്വത്തെ അത് വക വെച്ചു കൊടുക്കുന്നു. എങ്കിലും ബാഹ്യവസ്തു അതിന്റെ തനിരൂപത്തിൽ നമ്മുടെ അനുഭവത്തിൽ വന്നു ചേരുന്നില്ല. ഇന്ദ്രിയദത്തം മാത്രമേ അനുഭവത്തിൽ സന്നിഹിതമാവുന്നുള്ളൂ. അവ സങ്കീർണ്ണങ്ങളാണു താനും. അവ വസ്തുവിന്റെ സ്വഭാവത്തെ നമുക്ക് കാട്ടി തരുന്നുണ്ടെങ്കിലും അവയിൽ മറ്റു പലതും അടങ്ങിയിട്ടുണ്ട്. അവ ഗ്രഹണശക്തിയുള്ള മനസ്സിനെയും ഗ്രഹിക്കപ്പെടുന്ന വസ്തുവിനെയും പ്രതിബിംബിപ്പിക്കുന്നു.തർക്കശാസ്ത്രം (logic)

തത്വങ്ങളുടെയും വാദഗതികളുടെയും ശരിയായപഠനമാണ് തർക്കശാസ്ത്രത്തിന്റെ ലക്ഷ്യം. തർക്കശാസ്ത്രം രണ്ടുവിധത്തിലുണ്ട് അനുമാനപ്രകാരവും (inductive) പ്രമാണപ്രകാരവും (deductive). അനുമാനങ്ങളെ (premises) ആധാരമാക്കിയുള്ള നിഗമനങ്ങളാണ് ആദ്യത്തെചിന്താസരണിയിൽ അനുവർത്തിക്കുന്നത്. ഉദാഹരണമായി

തോമസ് മർത്യനാണ്
പത്രോസ് മർത്യനാണ്
തോമസും പത്രോസും മനുഷ്യരാണ്





അതിനാൽ, എല്ലാമനുഷ്യരും മർത്യരാണ്. എന്നാൽ പ്രമാണപ്രകാരമുള്ള തർക്കശാസ്ത്രത്തിന്റെ വിശകലനരീതി വ്യത്യസ്തമാണ്. ഉദാഹരണമായി,

ഭൂരിപക്ഷം മനുഷ്യരും വലംകയ്യൻമാരാണ്

തോമസ് ഒരു മനുഷ്യനാണ്

അതിനാൽ, തോമസ് ഒരുവലം കയ്യനാകും.

### ജീവിതത്തിന്റെ ഉൽകൃഷ്ടമൂല്യങ്ങൾ

മനുഷ്യൻ ഈശ്വരന്റെ അസ്ഥിത്വത്തിൽ അനാദികാലം മുതൽ വിശ്വസിച്ചു പോന്നിരുന്നുവെന്നതിന് പല തെളിവുകളും ഉണ്ട്. ഈശ്വരസ്വരൂപത്തെക്കുറിച്ച് മനുഷ്യരുടെ ഇടയിലുള്ള സങ്കല്പങ്ങൾ നിരവധിയാണ്. ഈശ്വരനെക്കുറിച്ചുള്ള സങ്കല്പങ്ങൾക്ക് അനുക്രമമായ ഒരു വളർച്ച തന്നെ ഉണ്ടായിരുന്നു. ഈ വളർച്ച വ്യക്തിയുടെ അന്തരംഗത്തിൽ മാത്രമല്ല ഉണ്ടായിട്ടുള്ളത്; മാനവചരിത്രത്തിലും അത് തെളിഞ്ഞു കാണാം.

പ്രകൃത്യാതീതനും നീതിമാനും പരമശക്തനും നിയതിയുടെമേൽ നിയന്ത്രണമുള്ളവനുമാണ് ഈശ്വരൻ. പരമപുരുഷനും ജഗത്തിന്റെ ആദിമൂലവും സ്വയംഭൂവും അനാദിയായവനും നിരുപാധികനും അപരിമേയനും ശാശ്വതനും സമ്പൂർണ്ണനും സർവ്വശക്തനും സർവ്വജ്ഞനും സർവ്വവ്യാപിയുമായ പരമകാരുണികനും സകലഗുണസമ്പന്നനും കൂടിയാണ്.

ഈശ്വരന്റെ അസ്തിത്വത്തെ സ്ഥാപിക്കുവാൻ ദൈവശാസ്ത്രജ്ഞരും തത്വചിന്തകരും ചില യുക്തികൾ കൊണ്ടു വരാറുണ്ട്. സത്വമീമാംസപരമായിട്ടുള്ളതാണ് ഒന്ന്. നമുക്ക് പരിപൂർണ്ണമായ ഒരു സത്തയെ സങ്കല്പിക്കുവാൻ കഴിയും, ആ സത്തയ്ക്ക് അസ്തിത്വമില്ലെങ്കിൽ അത് പരിപൂർണ്ണത പ്രാപിച്ചതായി കണക്കാക്കാൻ വയ്യ. പരിപൂർണ്ണതയ്ക്ക് അസ്തിത്വം കൂടിയേ കഴിയുവെന്നു സാരം. തന്മൂലം പരിപൂർണ്ണത എന്ന ആശയം പരിപൂർണ്ണത കല്പിക്കപ്പെടുന്ന വസ്തുവിന്റെ അസ്തിത്വത്തിലുള്ള വിശ്വാസത്തിലേക്ക് സ്വാഭാവികമായും നമ്മെ നയിക്കുന്നു. സുപ്രസിദ്ധ ഫ്രഞ്ച് തത്വചിന്തകനായ ഡെക്കാർട്ട് ഈ വാദത്തെ സ്വീകരിക്കുക മാത്രമല്ല ഉപയോഗപ്പെടുത്തുക കൂടി ചെയ്തു.

ഈശ്വരന്റെ അസ്തിത്വത്തെ സ്ഥാപിക്കുവാൻ ഉന്നയിക്കാറുള്ള രണ്ടാമത്തെ ന്യായം വിശ്വോത്ഭവശാസ്ത്രപരമാണ് (Cosmological).

അക്വിനാസ്സും മദ്ധ്യകാലതത്വചിന്തകരും പിൽക്കാലങ്ങളിലെ ദൈവ ശാസ്ത്രജ്ഞരും ഈ വാദം അംഗീകരിച്ചവരായിരുന്നു. നമുക്ക് അനുഭവമുള്ള എല്ലാറ്റിനും കാരണം ഉണ്ട്, കാരണങ്ങളുടെ ഒരു പരമ്പര യുണ്ട്. ഈ കാരണങ്ങളിൽ 'ആദ്യ'ത്തേത് 'അനാദി'യാണ്. അതിനെ പ്രഥമകാരണമെന്നോ സ്വയംഭൂവെന്നോ സ്വയം ഇളക പ്പെടാത്തതെങ്കിലും മറ്റു വസ്തുക്കളുടെ ചലനത്തിനു കാരണമാ യതെന്നോ ഒക്കെ പറയാം.

മൂന്നാമത്തെ ന്യായം ഫലസാപേക്ഷികമാണ് (Teleological). ഒരു വാച്ചിന് ഒരു നിർമ്മാതാവ് ഉണ്ടായിരിക്കണമെന്നതുപോലെ തന്നെ പ്രപഞ്ചത്തിനും കർത്താവു വേണം. നാലാമത്തെ വാദം സദാചാ രപരമാണ്. ഈ വാദം മറ്റു വാദങ്ങളെക്കാളെല്ലാം മെച്ചപ്പെട്ടതായി ട്ടാണ് കാന്റ് കരുതിയത്. ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് തിരിച്ചറിയുവാനുള്ള ഒരു ശക്തി നമ്മിൽ എല്ലാം ഉണ്ട്. ഈ ധാർമ്മി കബോധവും അതിന്റെ ഫലമായി ധാർമ്മികനിയമത്തോടുണ്ടാകുന്ന കൂറും ധാർമ്മികനീതിയുടെ ദാതാവായ ഒരു ഈശ്വരൻ ഉണ്ട് എന്നു സൂചിപ്പിക്കുന്നു.

## നന്മയും തിന്മയും

ലോകത്തിലെ തിന്മകളെ സാധാരണയായി മൂന്നായി തരം തിരി ക്കാറുണ്ട്. ഒന്നാമതായി പ്രകൃതിയിൽ കണ്ടു വരുന്ന ന്യൂനതകൾ; ഉദാഹരണം ഭൂകമ്പം, കൊടുങ്കാറ്റ് , വരൾച്ച, വെള്ളപ്പൊക്കം, രണ്ടാ മതായി ശാരീരികവും, മാനസികവുമായ തിന്മകൾ; ഉദാഹരണം - വേദന, ദുഃഖം, മരണം. മൂന്നാമതായി ധാർമ്മികതിന്മകൾ; ഉദാഹ രണം - പാപം, ക്രൂരത.

ജീവിതം മുഖ്യമായും തിന്മയാണെന്നും ലോകത്തിൽ സുഖത്തേ ക്കാൾ ഏറെ ദുഃഖമാണുള്ളതെന്നും വിഷാദാത്മകസിദ്ധാന്തം (Pessimism) പറയുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ ഷോപ്പനോറാണ് ഈ സിദ്ധാന്തത്തിന്റെ പ്രമുഖവക്താവ്. ഈ ലോകം തിന്മ നിറഞ്ഞ താണ് എന്ന സിദ്ധാന്തത്തിന് അദ്ദേഹം തെളിവു നൽകാൻ ശ്രമിച്ചു. ഇച്ഛയാണ് മൗലികയാഥാർത്ഥ്യം. "ജീവിതേച്ഛ" നമ്മെ പുതിയ ആഗ്ര ഹങ്ങളിലേയ്ക്ക് നയിക്കുന്നു. ജീവിതം സഫലീകരിക്കപ്പെടാത്ത ആഗ്രഹങ്ങളെ സഫലീകരിക്കുവാൻ വേണ്ടിയുള്ള സ്ഥിരമായ പോരാട്ടമാണ്. അതുകൊണ്ടു തന്നെ അത് ദുഃഖമയവുമാണ്. ശുഭാ പ്തിദർശന (Optimism) അതിന്റെ പ്രതിനിധികളിൽ അഗ്രഗണ്യൻ ലൈബ്നിസ്സ് ആണ്. 'ഈ ലോകമാണ് ലോകങ്ങളിൽ വച്ച് ഏറ്റവും ശ്രേഷ്ഠം' എന്ന അദ്ദേഹത്തിന്റെ ചൊല്ല് പ്രസിദ്ധമാണ്.





ജീവിതമാണ് ഏറ്റവും വലിയ നന്മ. അതുകൊണ്ട് സദാചാരശാ സ്ത്രത്തെ വിജയകരമായി ജീവിക്കുവാൻ വേണ്ടിയുള്ള ഒരു പ്രായോ ഗികശാസ്ത്രമായി കണക്കാക്കാം. നമ്മുടെ ധാർമ്മികലക്ഷ്യം അഥവാ ഏറ്റവും വലിയ നന്മ എന്താണ് എന്നതിനെക്കുറിച്ച് ചില സിദ്ധാന്തങ്ങൾ ഉണ്ട്. അവയിൽ ഒന്നാണ് സുഖവാദം (Hedonism). ഈ വാദപ്രകാരം സുഖമാണ് ഏറ്റവും വലിയ നന്മ. ഇതിന്റെ തന്നെ കൂടുതൽ വികസിച്ച ഒരു രൂപമാണ് ഉപയോഗിതാവാദം (Utilitarianism). ബന്താം, മിൽ തുടങ്ങിയ ബ്രിട്ടീഷ് ചിന്തകരാണ് ഈ സിദ്ധാന്തത്തിന്റെ പ്രാണേതാക്കൾ. സുഖമാണ് ഏറ്റവും വലിയ നന്മ എന്ന സിദ്ധാന്തം ആദ്യമായി അവതരിപ്പിച്ചത് സോക്രട്ടീസിന്റെ ശിഷ്യനായ അരിസ്റ്റിപ്പസ്സാണ്. പക്ഷേ അദ്ദേഹം വ്യക്തിയുടെ സുഖ ത്തെക്കുറിച്ചു മാത്രമേ ചിന്തിച്ചുള്ളു; സമുദായത്തിന്റെ നന്മയെക്കു റിച്ച് ചിന്തിച്ചില്ല. കൂടാതെ അദ്ദേഹം ശാരീരികസുഖങ്ങൾക്കാണു കൂടുതൽ പ്രാധാന്യം നൽകിയത്. അരിസ്റ്റിപ്പസിന്റെ സിദ്ധാന്തത്തെ എപ്പിക്യൂറസ് എന്ന മറ്റൊരു ഗ്രീക്കു തത്വചിന്തകൻ പുഷ്ടിപ്പെടു ത്തി. എപ്പിക്യൂറസ് ശാരീരിക സുഖങ്ങൾക്കല്ല മാനസികസുഖ ങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയത്. ഏറ്റവും വലിയ സുഖം ഭയത്തിൽ നിന്നും ഉത്കണ്ഠയിൽ നിന്നുമുള്ള മുക്തിയാ ണെന്ന് അദ്ദേഹം വിശ്വസിച്ചു. ആധുനിക ഉപയോഗിതാവാദത്തിനു രൂപം നൽകിയത് ബന്താമാണ്. അദ്ദേഹത്തിന്റെയും അഭിപ്രായത്തിൽ സുഖമാണ് ഏറ്റവും വലിയ നന്മ. പക്ഷേ, സുഖം എന്നത് വെറും താല്ക്കാലികം സുഖമല്ല, ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന സുഖമാണ്. അതുപോലെ തന്നെ സുഖം പ്രത്യേകവ്യക്തികളുടെ മാത്രമല്ല ഏറ്റവും അധികം ആളുകളുടെ സുഖമാണ്. അദ്ദേഹം ആവി ഷ്കരിച്ച തത്വം തന്നെ "ഏറ്റവും കൂടുതൽ സുഖം ഏറ്റവും അധികം ആളുകൾക്ക്" എന്നാണ്. മില്ലും ബന്താമിന്റെ തത്വത്തെ അംഗീക രിച്ചു പക്ഷേ, എല്ലാ സുഖങ്ങളും ഒരേ തരത്തിലുള്ളവയല്ല എന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്.

നല്ല ജീവിതത്തെക്കുറിച്ചുള്ള മറ്റൊരു സിദ്ധാന്തമാണ് പ്രവൃത്തി പരമായ വീക്ഷണം. ഈ സിദ്ധാന്തപ്രകാരം നമ്മുടെ ലക്ഷ്യം ഒരു വ്യക്തിയാകുക എന്നതാണ്. അതായത് ഒരു വ്യക്തിക്കുള്ള എല്ലാ അധികാരങ്ങളെയും വിനിയോഗിക്കുകയും അവകാശങ്ങളെ ആസ്വ ദിക്കുകയും ചെയ്യുക എന്നതാണ്.

മൂന്നാമതൊരു സിദ്ധാന്തം സഹജാവബോധവാദം (Intuitionism) ആണ്. എന്താണ് ശരി എന്താണ് തെറ്റ് എന്നിവയെക്കുറിച്ച് മനു ഷ്യമനസ്സിന് ഒരു അന്തർജ്ഞാനമുണ്ടെന്നും നാം നമ്മുടെ

കർത്തവ്യം കർത്തവ്യത്തിന് വേണ്ടി നിർവ്വഹിക്കണമെന്നും ഈ സിദ്ധാന്തം പറയുന്നു. കാന്റാണ് ഈ സിദ്ധാന്തത്തിന്റെ പ്രമുഖവക്താവ്. കാന്റിന്റെ സദാചാരപദ്ധതിയിൽ കർത്തവ്യത്തിനാണ് പ്രാധാന്യം. പ്രായോഗികയുക്തി നിരുപാധികമായ ആദേശരൂപത്തിൽ തന്നത്താൻ വെളിപ്പെടുത്തിത്തരുന്നു. ഇച്ഛ നിയമങ്ങളെ സ്വയം നിർമ്മിച്ച് അവയെ നിരുപാധികമയി പിന്തുടരുവാൻ ആജ്ഞാപിക്കുന്നു. ഇതിനെതന്നെയാണ് 'കർത്തവ്യത്തിന്റെ ശബ്ദം' എന്നു വിളിക്കുന്നത്.

### കലയുടെ തത്വശാസ്ത്രം

കലയുടെ ആനന്ദം എന്താണ്? സൗന്ദര്യം വസ്തുനിഷ്ഠമോ, ആത്മനിഷ്ഠമോ? സൗന്ദര്യത്തിന്റെ സ്വഭാവം എന്ത്? കലാപ്രചോദനത്തിന്റെ ഉറവിടം എവിടെ, സ്വഭാവം എന്ത്? തുടങ്ങിയ കാര്യങ്ങളെപ്പറ്റി സൗന്ദര്യമീമാംസ അന്വേഷിക്കുന്നു. ഒരു കവിയുടെയോ സംഗീതരചയിതാവിന്റെയോ പ്രവർത്തനം സ്വാതന്ത്ര്യവും സ്വതഃപ്രവർത്തിതവുമാണ്; സർഗ്ഗാത്മകപ്രേരണയുടെ ബഹിർസ്ഫുരണമാണ്. അത് ആത്മപ്രകാശനമാണ്. കലതീവ്രമായ വികാരത്തിന്റെ പ്രകടനം മാത്രമല്ല. അതിന് സാമൂഹ്യമായ ഒരു വശം കൂടി ഉണ്ട്. കലാകാരൻ തന്റെ വികാരങ്ങളിലും മനോവൃത്തികളിലും പങ്കുചേരുവാൻ കലാസ്വാദകനോട് ആവശ്യപ്പെടുന്നു.

യഥാർത്ഥകലയ്ക്ക് സദാചാരപരമായ ഒരു ഉദ്ദേശ്യമുണ്ടെന്ന് പറയുക വയ്യ. ധാർമ്മികമായ ലക്ഷ്യം കലയ്ക്കുണ്ടായാൽ കലയുടെ നാശമായിരിക്കും ഫലം എന്ന് ഗെയ്ഥെ പ്രസ്താവിച്ചു. കലാകാരൻ ഒരു ധർമ്മോപദേശകനോ ആചാര്യനോ അല്ല. അയാൾ വെറും ഒരു പങ്കാളി മാത്രമാണ്. ഷില്ലർ, സ്പെൻസർ എന്നിവർ കലാകാരന്റെ സർഗ്ഗാത്മകപ്രേരണയെ കുട്ടികളുടെ കളിക്കാനുള്ള വാസനയോട് ഉപമിച്ചിട്ടുണ്ട്. രണ്ടും സ്വതന്ത്ര്യങ്ങളാണ്; സ്വതഃപ്രവൃത്തിതവുമാണ്. രണ്ടിനും പ്രയോജനപരമായ യാതൊരു ലക്ഷ്യവും ഇല്ല.

സൗന്ദര്യം വസ്തുനിഷ്ഠമാണോ, ആത്മനിഷ്ഠമാണോ? സൗന്ദര്യത്തെക്കുറിച്ചുള്ള പഴയ സിദ്ധാന്തങ്ങൾ അതിഭൗതികപരവും പുതിയവ മനഃശ്ശാസ്ത്രപരവുമാണെന്നു പൊതുവെ പറയാം. പ്ലേറ്റോ സൗന്ദര്യത്തെ ഒരു ശാശ്വതരൂപമായി സങ്കൽപിച്ച് അതിനെ സ്വതന്ത്ര്യവസ്തുവായി കണക്കാക്കി. പ്ലോട്ടിനസും സൗന്ദര്യത്തെക്കുറിച്ച് ഒരദ്ധ്യാത്മികസിദ്ധാന്തം ആവിഷ്ക്കരിച്ചു. അദ്ദേഹത്തിന്റെ പക്ഷത്തിൽ ദൈവികയുക്തിയുടെ നിർമ്മലദീപ്തിയാണ്. ഏതെങ്കിലും ഐന്ദ്രിയമാദ്ധ്യമത്തിൽ കൂടി പ്രകാശിക്കുന്ന കേവലാശയമാണ്





സൗന്ദര്യം എന്നത്രേ ഹെഗലിന്റെ അഭിപ്രായം. കേവലേച്ഛ രൂപമാതൃകയിൽ നേരിട്ടും വിവിധ വസ്തുക്കളിൽ പരോക്ഷമായും വിഷയീകരിക്കപ്പെടുന്നു. ഒരു വസ്തു എത്രത്തോളം രൂപമാതൃകയെ സാക്ഷാത്ക്കരിക്കുന്നുവോ അത്രത്തോളം അതു സുന്ദരമാണ് എന്നാണ് ഷോപ്പനോറുടെ അഭിപ്രായം. ബെനഡിറ്റോ ക്രോച്ചെ എന്ന ആധുനിക ഇറ്റാലിയൻ തത്വചിന്തകൻ കലാശാസ്ത്രത്തിനു മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം സൗന്ദര്യം തികച്ചും ആത്മനിഷ്ഠമാണെന്നാണ്. അതായത് അതു വസ്തുവിലല്ല നില കൊള്ളുന്നത്, മനസ്സിലാണ്. കാന്റാണ് കലാശാസ്ത്രതത്വത്തെ മനഃശ്ശാസ്ത്രപരമായ വീക്ഷണകോണിൽ കൂടി പഠനം നടത്തിയ ആദ്യത്തെ തത്വചിന്തകൻ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സൗന്ദര്യാനുഭൂതിയുടെ പ്രത്യേകത അത് നിരഭിലാഷമാണെന്നുള്ളതാണ്. സൗന്ദര്യം മാനസികമാണെങ്കിലും അത് വസ്തുനിഷ്ഠമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു.

(കടപ്പാട് : ഈ പാഠത്തിലെയും ഒൻപതാം പാഠത്തിലെയും ആശയങ്ങൾക്ക് പ്രമുഖ തത്വചിന്തകനായ ഇ. ഐ വാരിയർ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രന്ഥാവലിയിൽ എഴുതിയ ലേഖനത്തോട് കടപ്പെട്ടിരിക്കുന്നു.)

# 02

## ചിന്തയുടെ ചരിത്രം

മനുഷ്യൻ ചിന്തിക്കുന്ന മൃഗമായതിനാൽ ചിന്തയുടെ ചരിത്രത്തിന് മനുഷ്യചരിത്രത്തോളം പഴമയുണ്ട്. ഭാരതീയരും ചൈനക്കാരുമായിരുന്നു താത്വികരിൽ ഏറ്റവും പൗരാണികത്വമുള്ളവർ. ബി.സി. 12-ാം നൂറ്റാണ്ടിൽ വിരചിതമായ വേദങ്ങളും തുടർന്നു രചിക്കപ്പെട്ട വേദാന്തങ്ങളും മനുഷ്യചിന്തയുടെ ഔന്നത്യ സാധ്യതകൾ വെളിപ്പെടുത്തുന്നവയായിരുന്നു.

### പൗരാണികഗ്രീക്കു ചിന്തകർ

തത്വചിന്തയെ നിയതമായ ഒരു ശാസ്ത്രമായി വളർത്തുന്നതിൽ ശ്രദ്ധേയമായ സംഭവന നൽകിയത് ഗ്രീക്കു ചിന്തകരാണ്. ബി.സി. 600 മുതൽ സോക്രട്ടീസിന്റെ കാലംവരെയുള്ള (ബി.സി. 400) ചിന്തകൾ ഗ്രീക്കു തത്വചിന്താസരണിക്കു ചാലുകീറിയവയാണ്.

### അയോണിയൻ ചിന്തകർ

ബി.സി. 6,5 നൂറ്റാണ്ടുകളിൽ അയോണിയ കേന്ദ്രമായി പ്രവർത്തിച്ച ഗ്രീക്കു തത്വചിന്തകന്മാരെ പൊതുവിൽ വിളിക്കുന്നത് അയോണിയൻ ചിന്തകർ (Ionian School) എന്നാണ്. താലെസ്, അനക്സിമാണ്ടർ, അനക്സിമെനസ്, ഹെരാക്ലിറ്റസ്, അനക്സഗോറസ്, എംപദോക്ലസ് എന്നിവരാണ് ഈ ചിന്താസരണിയിലെ പ്രമുഖർ.





1. മിലേത്തൂസിലെ താലസ് (ബി.സി. 620-546) എന്ന ചിന്തകനാണ് പ്രപഞ്ചത്തിന്റെ ആദിതത്വങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിച്ച ആദ്യ താത്വികൻ. വിജ്ഞാനത്തിന്റെ സകല മേഖലകളിലും വിചിന്തനം നടത്തിയ താലെസ് രണ്ടു കൃതികൾ രചിച്ചതായി (On Solstice, On the Equinox) പ്ലൂട്ടാർക്ക് രേഖപ്പെടുത്തുന്നുണ്ട് (De.Pyth.Or.18.402). സ്വാഭാവിക തത്വചിന്തയുടെ പിതാവായി അരിസ്റ്റോട്ടിൽ വിശേഷിപ്പിക്കുന്ന താലെസിന്റെ (Meta. 983. b 21-22) അഭിപ്രായത്തിൽ എല്ലാ സത്തയുടെയും ഉറവിടമായ തത്വം ജലമാണ്. പ്രപഞ്ചത്തിന്റെ ആദ്യതത്വം (first principle) ജലമാണ്. ഉപരിസത്യവും ചിന്തയുമായ ദൈവവും ജലവും ചേർന്നതാണ് പ്രപഞ്ചമെന്ന് താലെസ് കണ്ടെത്തി. ആത്മാവിന്റെ അമർത്യതയിലും താലെസ് വിശ്വസിച്ചിരുന്നു.

2. അനക്സിമാണ്ടർ (ബി.സി. 610-546) എന്ന ചിന്തകന്റേതാണ് പാശ്ചാത്യതത്വചിന്തയിലെ ഇന്നു ലഭ്യമായ ആദ്യലിഖിതരൂപം. പ്രപഞ്ചത്തിന്റെ ആദ്യതത്വം (arche) തേടിയ അനക്സിമാണ്ടർ ചെന്നെത്തുന്നത് "അതിരില്ലായ്മ" (aperion) എന്ന തത്വത്തിലാണ്. സ്ഥലകാലങ്ങൾക്കതീതമായ സത്യം, വിശേഷണങ്ങൾക്കതീതവും, അഗ്രാഹ്യവുമായസത്യം, അനുഭവാതീതമായ സത്യം തുടങ്ങിയ വ്യാഖ്യാനങ്ങളാണ് പിൽക്കാല ചിന്തകർ അനക്സിമാണ്ടറുടെ ആദ്യതത്വത്തിനു നൽകിയത്. തത്വചിന്തയെ അമൂർത്തതലങ്ങളിലേക്കു നയിക്കുന്നവരുടെ മുൻഗാമിയായി അനക്സിമാണ്ടർ കരുതപ്പെടുന്നു.

3. അക്സിമാനെസ് (ബി.സി. 592-528) എന്ന ചിന്തകന്റെ വീക്ഷണത്തിൽ പ്രപഞ്ചത്തിന്റെ ആദികാരണം (arche) വായു ആണ്. വായുവിൽനിന്ന് ഭൂമി ഉണ്ടാവുകയും ഭൂമിയുടെ ബാഷ്പീകരണത്തിലൂടെ ആകാശഗോളങ്ങൾ രൂപം കൊള്ളുകയും ചെയ്തു എന്നാണ് അനക്സിമാനെസ് വാദിച്ചത്. വായുവിന്റെ സാന്ദ്രതക്കുറവും (rarefaction) സാന്ദ്രീകരണവും (Condensation) വഴി പദാർത്ഥങ്ങൾ നിരന്തരമായ പരിണാമത്തിനു വിധേയമാണ് എന്നും ഇദ്ദേഹം നിരൂപിച്ചു. അനക്സിമാനെസിന്റെ ഈ പരിണാമസിദ്ധാന്തത്തെ പ്ലേറ്റോയും (Timaeus 496-c) ഇതര ഗ്രീക്കു ചിന്തകരും അംഗീകരിച്ചിരുന്നു.

4. ഹെരാക്ലിറ്റസ് (ബി.സി. 564-500) എന്ന ചിന്തകനാണ് പ്രപഞ്ചത്തിന്റെ ഐക്യത്തെയും അനസ്യൂതമായ മാറ്റത്തെയുംകുറിച്ച് ഏറ്റവും ഗഹനമായ പഠനം നടത്തിയത്. പ്രപഞ്ചത്തിന്റെ ആദിതത്വമായി വർത്തിക്കുന്നത് അഗ്നിയാണ് എന്ന് അദ്ദേഹം കരുതുന്നു.

എല്ലാം നിരന്തരമായി മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് ഹെരാക്ലിറ്റസിന്റെ പ്രഥമവാദം. "ആർക്കും ഒരേ നദിയിൽ രണ്ടുതവണ കുളിക്കാനാവില്ല" എന്നത് ഹെരാക്ലിറ്റസിന്റെ പ്രസിദ്ധമായ പ്രസ്താവനയാണ്. പുഴയിലെ വെള്ളം നിരന്തരമായി ഒഴുകി മാറുന്നതിനാൽ അത് ഒരേ പുഴയല്ല എന്നതാണ് അദ്ദേഹത്തിന്റെ നിഗമനം. എത്ര വെള്ളം ഒഴുകിപ്പോയാലും പുഴ എന്നും പുഴയായിത്തന്നെ നിലകൊള്ളുന്നു എന്നതാണ് ഐക്യമെന്ന രണ്ടാമത്തെ തത്ത്വം. ഈ ഐക്യതത്വത്തെ ലോഗോസ് എന്ന് അദ്ദേഹം വിളിക്കുന്നു. തന്റെ മുൻഗാമികളിൽ നിന്നും വ്യത്യസ്തമായി പ്രപഞ്ചത്തിന്റെ ആദ്യതത്വത്തെ ഒരു പ്രതീകമായി മാത്രമേ ഹെരാക്ലിറ്റസ് കരുതുന്നുള്ളൂ. പ്രപഞ്ചത്തിൽ സംഭവിക്കുന്ന നിരന്തരമായ കൈമാറ്റ പ്രക്രിയയുടെ പ്രതീകമായാണ് അദ്ദേഹം അഗ്നിയെ അവതരിപ്പിക്കുന്നത്. പ്രപഞ്ചത്തിലെ നിരന്തരമായ മാറ്റത്തെയും ഐക്യത്തെയും പ്രതിനിധാനം ചെയ്യുന്ന പ്രതീകമാണ് അഗ്നി. അഗ്നി ഓരോ നിമിഷവും മാറ്റത്തിനു വിധേയമാണെങ്കിലും മാറാതെ കത്തിനിൽക്കുകയാണെന്ന പ്രതീതി ജനിപ്പിക്കുന്നു. മാറ്റത്തിനും ഐക്യത്തിനും നിദാനമായി പ്രപഞ്ചത്തിൽ ഉൾച്ചേർന്നിരിക്കുന്ന തത്വം തന്നെയാണ് ധാർമ്മിക തത്വമായി രൂപപ്പെടുത്തുന്നത്. ഗ്രീക്കു തത്വചിന്തയിൽ അതിഭൗതികതയുടെ (metaphysics) ആശയങ്ങൾ ആദ്യമായി അവതരിപ്പിച്ചത് ഹെരാക്ലിറ്റസ് ആണ്.

### ഹെരാക്ലിറ്റസും ക്രിസ്തീയദൈവശാസ്ത്രവും

ആദിതത്വമായ ലോഗോസിനെ മനസ്സിലാക്കാനുള്ള മനുഷ്യന്റെ അപര്യാപ്തതയെക്കുറിച്ച് ഹെരാക്ലിറ്റസ് ഏറെ വാചാലനാകുന്നുണ്ട് (frag.1). "മനുഷ്യമനസ്സിന് ശരിയായ നിഗമനങ്ങളിൽ എത്തിച്ചേരാനാവില്ല. എന്നാൽ, ദൈവമനസ്സിന് അത് കഴിയും" (frag-78) അവതരിച്ച വചനമായ "ലോഗോസിനെ" മനസ്സിലാക്കാനുള്ള മനുഷ്യബുദ്ധിയുടെ അപര്യാപ്തത പുതിയ നിയമത്തിലെ പ്രധാന പ്രമേയങ്ങളിലൊന്നാണ്. ഈശോയുടെ ശിഷ്യന്മാർ പോലും അവിടുത്തെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നുണ്ട് (മത്താ 16:21-24).

ലോഗോസ് എന്ന ആദിതത്വത്തെ പ്രപഞ്ചത്തിലെ മുഴുവൻ ക്രമത്തിന്റെയും (order) ആധാരമായാണ് ഹെരാക്ലിറ്റസ് കരുതുന്നത് (frag. 78). യോഹന്നാന്റെ സുവിശേഷത്തിലെ ആമുഖഗീതത്തിൽ പ്രപഞ്ചസൃഷ്ടിയിൽ സകലതിനെയും ക്രമീകരിച്ച് അസ്ഥിത്വം നൽകുന്ന സത്യമായി ലോഗോസിനെ അവതരിപ്പിക്കുന്നുണ്ട് (യോഹ 1:3-5). സഭാപിതാക്കന്മാരായ അലക്സാണ്ട്രിയായിലെ വി.





ക്ലെമന്റ് (എ.ഡി. 150-215) രക്തസാക്ഷിയായ വി. ജസ്റ്റിൻ (എ.ഡി 100-165) തുടങ്ങിയവർ നാലാം സുവിശേഷകന്റെ ലോഗോസ് ക്രിസ്തുവിജ്ഞാനീയവും ഹെരാക്ലിറ്റസിന്റെ ലോഗോസ് തത്വവുമായുള്ള ബന്ധം അനാവരണം ചെയ്യുന്നുണ്ട്. ലോഗോസ് എന്ന ആദിതത്വത്തെ സകലതിലും അന്തർലീനമായ അഗ്നിയായും (frag.30), പ്രപഞ്ചത്തിലെ ദൈവികനിയമമായും (frag.114) ദൈവമായും (frag.67) ഹെരാക്ലിറ്റസ് കരുതുന്നുണ്ട്. അവതാരം ചെയ്ത ലോഗോസിനെ ലോകത്തിന്റെ പ്രകാശമായും ദൈവമായും കരുതുന്ന യോഹന്നാൻ സുവിശേഷകന്റെ ചിന്താശൈലിയോടുള്ള സാമ്യം ഇവിടെ വ്യക്തമാണ് (കൂടുതൽ വിശദാംശങ്ങൾക്ക്: Miller L., "The Logos of Heraclitus: updating the report", *HTR* 74:2, p.170-75).

ഹെരാക്ലിറ്റസിന്റെ ലോഗോസ് സങ്കല്പവും യോഹന്നാന്റെ ലോഗോസ് ദർശനവും തമ്മിലുള്ള താരതമ്യം താഴെപ്പറയുന്ന പട്ടികയിൽ നിന്നും വ്യക്തമാണ്.

| **ഹെരാക്ലിറ്റസിന്റെ ലോഗോസ് വീക്ഷണം** | **വി. യോഹന്നാന്റെ ലോഗോസ് വീക്ഷണം** |
|---|---|
| എല്ലാം ലോഗോസിലൂടെ ഉണ്ടായി (frag 1) | എല്ലാം ലോഗോസിലൂടെ ഉണ്ടായി (1:3) |
| ലോഗോസിനെ അനുസരിക്കുകയും അനുഗമിക്കുകയും വേണം (frag 2) | ലോഗോസിനെ സ്വീകരിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുന്നു (1:12) |
| ലോഗോസ് അസ്തമിക്കാത്ത സൂര്യനാണ് (frag 16) | ലോഗോസ് സകലമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായിരുന്നു (1:9) |
| തിന്മയിലിരിക്കുന്നവർക്ക് ലോഗോസ് അഗ്രാഹ്യമാകുന്നു. (frag 1) | ലോകം ലോഗോസിനെ അറിയുന്നില്ല. |

മേൽപറഞ്ഞ വസ്തുതകളിൽ നിന്ന് ഗ്രീക്കുതത്വചിന്തമാത്രമാണ് വി.യോഹന്നാന്റെ ആമുഖഗീതത്തിന്റെ ഉറവിടം എന്ന നിഗമനത്തിലെത്തുന്നത് ശരിയായിരിക്കണമെന്നില്ല. കാരണം യവനചിന്താഗതികളുടെയും യഹൂദചിന്താഗതികളുടെയും പശ്ചാത്തലത്തിൽ ആമുഖഗീതത്തിന്റെ വ്യാഖ്യാനം സുസാധ്യമാണുതാനും.

5. അനക്സഗോറസ് (ബി.സി. 500-428) തുർക്കിയിലെ അനാത്തോലിയായിൽ ജനിച്ചു. ബി.സി. 480 ൽ ഏഥൻസിലെത്തിയ അനക്സഗോറസ് പ്രപഞ്ച നിരീക്ഷണത്തിലൂടെയുള്ള താത്വികവിചിന്തനരീതിയാണ് അവലംബമാക്കിയത്. പ്രപഞ്ചത്തിന്റെ ആദികാരണമായ അനവധി കണികകൾ വേർതിരിക്കാനാവാത്ത വിധം കൂട്ടിയോജിപ്പിക്കപ്പെട്ടിരിക്കുകയാണ്. അതിനാൽ "എല്ലാം എല്ലാറ്റിലുമുണ്ട്" എന്ന് അനക്സഗോറസ് വാദിച്ചു. ആദികണികകളുടെ മിശ്രിതത്തെ ചലിപ്പിക്കുന്ന ശക്തി മനസ് അഥവാ ബുദ്ധി (nous) ആണ്. ഈ ചലനത്തിൽനിന്നാണ് പദാർത്ഥങ്ങൾ രൂപം കൊള്ളുന്നത്. സൂര്യചന്ദ്രഗ്രഹണങ്ങളുടെ കാരണം ആദ്യമായി നിർവ്വചിച്ചു എന്നതും അനക്സിഗോറസിന്റെ മഹത്വമായിരുന്നു. ഗ്രഹങ്ങളുടെ ആകർഷണ വികർഷണങ്ങൾ പ്രപഞ്ചവ്യതിയാനത്തിക്കു കാരണമാകുന്നതുപോലെ ആദ്യകണികകളുടെ ആകർഷണ വികർഷണങ്ങൾ പ്രപഞ്ചോല്പത്തിക്കു കാരണമാകുന്നു. താലെസിനെപ്പോലെ ദൈവം എന്ന ആശയത്തെ തത്വചിന്തയിൽ പുനരവതരിപ്പിച്ചു എന്നതും അനക്സഗോറസിന്റെ പ്രത്യേകതയായിരുന്നു.

6. എംപദോക്ലെസ് (ബി.സി. 492-432) എന്ന ഗ്രീക്കു ചിന്തകൻ തന്റെ മുൻഗാമികളുടെ ചിന്തകളെ ക്രോഡീകരിച്ചുകൊണ്ട് പ്രപഞ്ച പദാർത്ഥങ്ങളുടെ ആദിതത്വങ്ങൾ ഭൂമി, വായു, അഗ്നി, ജലം എന്നീ നാലു സത്യങ്ങളാണെന്നു വാദിച്ചു. പ്രപഞ്ച വസ്തുക്കൾ രൂപം കൊള്ളുകയും വളരുകയും നശിക്കുകയും ചെയ്യുന്നു. പ്രപഞ്ചശക്തികളായ സ്നേഹം (love) ഭിന്നത (strife) എന്നിവ മേൽക്കോയ്മയ്ക്കായി നിരന്തര സമരത്തിലാണെന്നും ഇദ്ദേഹം കണ്ടെത്തി. പൈതഗോറസിനെപ്പോലെ ആത്മാക്കളുടെ പരകായ പ്രവേശനത്തിൽ (transmigration) വിശ്വസിക്കുന്നതിനാൽ എംപദോക്ലസ് സസ്യഭുക്കായാണ് ജീവിച്ചിരുന്നത്. മാംസഭോജനത്തിനു ശിക്ഷയായി മനുഷ്യനായി പിറക്കേണ്ടിവന്ന ദൈവശക്തിയാണ് (daimon) താൻ എന്നും ഇദ്ദേഹം അവകാശപ്പെട്ടിരുന്നു.

## ഇറ്റാലിക് ചിന്തകർ

മഹത്തായ ഗ്രീക്കു സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നതും ഇന്നത്തെ ഇറ്റലിയിൽ ഉൾപ്പെട്ടതുമായ പ്രദേശത്തു രൂപംകൊണ്ട ചിന്താസരണിയാണ് ഇറ്റാലിക് സ്കൂൾ എന്ന പേരിൽ പ്രസിദ്ധമായത്. ഗണിത ചിന്തകനായ സാമോസിലെ പൈതഗോറസ് ആണ് ഈ ചിന്താധാരയുടെ പിതാവ്. പൈതഗോറസിന്റെ ശിഷ്യരായ ലോക്രിസിലെ തിമേവൂസ്, ലുക്കാനിയായിലെ ഒസേലൂസ്, തരേന്തുമിലെ ആർക്കിത്താസ് എന്നിവരാണ് ഈ ചിന്താധാരയുടെ മുഖ്യവക്താക്കൾ.





പൈതഗോറസിന്റെ (ബി.സി. 570-490) ചിന്താസരണി ഭൗതിക ലോകത്തെക്കുറിച്ചു പ്രതിപാദിക്കുന്ന അയോണിയൻ ചിന്താസരണിയിൽനിന്നു ഭിന്നമായിരുന്നു. പൈതഗോറസിന്റെ ഇഷ്ടമേഖല അതിഭൗതീകത (metaphysics) ആയിരുന്നു. പൈതഗോറസിന്റെ പ്രധാനചിന്തകൾ ചുവടെച്ചേർക്കുന്നു.

1) ആത്മാവ് അമർത്യമാകയാൽ ഒരു ശരീരത്തിന്റെ മരണത്തിനുശേഷം ആത്മാവ് മറ്റൊരു ശരീരത്തിൽ പ്രവേശിക്കുന്നു (metempsychosis).

2) പ്രപഞ്ചം ധാർമ്മികതത്വങ്ങളാൽ ബന്ധിതവും നിയതമായ ഗണിതശാസ്ത്രതത്വങ്ങളാൽ നയിക്കപ്പെടുന്നതുമാണ്. പ്രപഞ്ചത്തിലെ അചരങ്ങളായ വൃക്ഷങ്ങൾ ദുഷ്ടരായ ആത്മാക്കൾക്കുള്ള ദൈവശിക്ഷയുടെ ഫലമാണ്. സൂര്യചന്ദ്രന്മാർ നീതിമാന്മാരുടെ നിത്യവസതികളാണ്.

3) ആത്മാക്കളുടെ കുടിയേറ്റം (metempsychosis) ഒരു യാഥാർത്ഥ്യമാകയാൽ ഭക്ഷണകാര്യങ്ങളിൽ കണിശമായ ശ്രദ്ധ ആവശ്യമാണ്. ആത്മാക്കളുള്ള ശരീരികളായ മൃഗങ്ങളെ ഭക്ഷിക്കുന്നതു പാപമാകയാൽ മനുഷ്യർ സസ്യഭുക്കുകളായി ജീവിക്കേണ്ടത് അനിവാര്യമാണെന്ന് പൈതഗോറസ് വാദിച്ചു.

4) അമർത്യമായ ആത്മാവ് വിവിധ ശരീരങ്ങളിൽ മാറിമാറി വസിക്കുന്നതിനാൽ മനുഷ്യരും മൃഗങ്ങളും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങളില്ല. പദാർത്ഥത്തിനുമേൽ ആത്മാവിനുള്ള മേൽക്കൈ പൈതഗോറസ് പ്രത്യേകം നിഷ്കർഷിച്ചിരുന്നു.

5) ക്ഷേത്രഗണിതശാസ്ത്രത്തിലെ പ്രസിദ്ധമായ പൈതഗോറസ് സിദ്ധാന്തം ഇദ്ദേഹത്തിന്റെ പേരിലാണ് അറിയപ്പെടുന്നതെങ്കിലും അതിന്റെ യഥാർത്ഥ ഉപജ്ഞാതാവ് ആരാണ് എന്നതിനെക്കുറിച്ച് അഭിപ്രായാന്തരങ്ങളുണ്ട്.

## എലെയാറ്റിക് ചിന്തകർ

ബി.സി. 5-ാം നൂറ്റാണ്ടിൽ പാർമനിഡെസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഗ്രീക്കു ചിന്താസരണിയാണ് എലെയാറ്റിക് സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നത്. അക്കാലത്ത് ഗ്രീസിന്റെ ഭാഗമായിരുന്ന എലെയാ നഗരമായിരുന്നു ഇതിന്റെ ആസ്ഥാനം. പാർമനിഡെസ്,

ഡെനോ, സെനോഫാനെസ് എന്നിവരാണ് ഈ ചിന്താധാരയിലെ പ്രമുഖർ.

ഇന്ദ്രിയാനുഭവത്തെ സാധുവായ ജ്ഞാനമാർഗ്ഗമായി സ്വീകരിക്കാനാവില്ല എന്നതായിരുന്നു ഇവരുടെ കർക്കശ നിലപാട്. കൃത്യതയും അനിവാര്യതയുമാണ് സത്യത്തിന്റെ മാനദണ്ഡങ്ങൾ. പ്രപഞ്ചത്തിന്റെ ആദ്യതത്വം തേടിയ അയോണിക് ചിന്തകരുടേത് പാഴ്‌വേലയായിരുന്നു എന്ന് ഇവർ കരുതുന്നു. ആദിതത്വമായി കണ്ടെത്തിയ പദാർത്ഥങ്ങളെല്ലാം നശ്വരങ്ങളായ പദാർത്ഥങ്ങൾ മാത്രമായിരുന്നു. അസ്ഥിത്വത്തെ അനസ്യൂതമായ മാറ്റമായി മാത്രം മനസ്സിലാക്കിയ ഹെരാക്ലിറ്റസിനെയും ഇവർ എതിർത്തു. പകരം അസ്ഥിത്വത്തെ ഐക്യമെന്ന് നിർവ്വചിച്ച ഇവർ യുക്തിചിന്തയെ മാത്രമാണ് ഐക്യത്തിനാധാരമായ ജ്ഞാനമാർഗ്ഗമായി മനസ്സിലാക്കിയിരുന്നത്.

പാർമനിഡെസിന്റെ തത്വചിന്തയെ ചുവടെ ചേർക്കുംവിധം സംഗ്രഹിക്കാം:

1) പ്രപഞ്ചം മാറ്റമില്ലായ്മയുടെ ഏകതത്വത്തിൽ അധിഷ്ഠിതമാണ്. ഈ പ്രപഞ്ചത്തിൽ ഇന്ദ്രിയപരമായി അനുഭവപ്പെടുന്ന മാറ്റങ്ങളും ബഹുത്വങ്ങളും നമ്മുടെതന്നെ അസ്ഥിത്വങ്ങളും കേവലം പ്രഹേളികയാണ്. യഥാർത്ഥത്തിൽ ഏതൊന്നിനെക്കുറിച്ച് "ഇത് ...... ആകുന്നു" എന്നു പറയുന്ന നിമിഷം മുതൽ "ഇത്.... ആയിരുന്നു" "ഇത്... ആയിത്തീരും" എന്നീ പ്രസ്താവനകൾ അസ്ഥാനത്താണ്. നിത്യ നിശ്ചലതയുടെ (Static cosmos) പ്രപഞ്ച വീക്ഷണമാണ് പാർമനിഡസ് പുലർത്തുന്നത്.

2) മാറ്റമില്ലായ്മയെ ചിന്തയും ഭാഷയും ന്യായീകരിക്കുന്നുണ്ട്. ചിന്തിക്കുന്നതും പറയുന്നതും വ്യക്തികൾ തങ്ങൾക്കു വെളിയിലുള്ള വസ്തുക്കളെയും വസ്തുതകളെയും കുറിച്ചാണ്. ഇവയ്ക്ക് അസ്ഥിത്വമുള്ളതുകൊണ്ടാണ് ഇവയെക്കുറിച്ചു ചിന്തിക്കാനും പറയാനും കഴിയുന്നത്. ഒരേവസ്തുവിനെക്കുറിച്ചും വസ്തുതയെക്കുറിച്ചും കാലദേശാതീതമായി മനുഷ്യനു ചിന്തിക്കാനും പറയാനും കഴിയുന്നതിനാൽ യഥാർത്ഥത്തിൽ അവയ്ക്കു മാറ്റമില്ല.

3) സൃഷ്ടി-അന്ത്യം എന്നിവ അയഥാർത്ഥങ്ങളാണ്. അസ്ഥിത്വം എന്നത് സമ്പൂർണ്ണമായ സത്യമാണ്. നിലനില്ക്കുന്നവയെല്ലാം നിത്യമായി നിലനിൽക്കുന്നു. അവസാനിച്ചു.. ആരംഭിച്ചു തുടങ്ങിയവയെല്ലാം ഇന്ദ്രിയങ്ങൾ ഉണർത്തുന്ന തോന്നലുകൾ മാത്രമാണ്.





4) പ്രപഞ്ചം പ്രകാശ-അന്ധകാര ശക്തികളുടെ പിടിയിലാകയാൽ പ്രകാശത്തിലായിരിക്കുന്ന പദാർത്ഥങ്ങൾക്കു മാത്രമേ ഏകത്വം ദൃശ്യമാകൂ. അന്ധകാരത്തിലായിരിക്കുന്നവ എല്ലാറ്റിലും ഭിന്നതയും വൈരുദ്ധ്യവും ദർശിക്കുന്നു.

## ജ്ഞാനവാദികൾ (Sophist School)

ഗ്രീക്കു ഭാഷയിലെ സോഫിയ (= വിജ്ഞാനം), സോഫോസ് (=ജ്ഞാനി) എന്നീ പദങ്ങളിൽ നിന്നാണ് സോഫിസം എന്ന തത്വചിന്താസരണിയുടെ നാമം രൂപംകൊള്ളുന്നത്. പേരു സൂചിപ്പിക്കുന്നതുപോലെ ജ്ഞാനകേന്ദ്രീകൃതമായ തത്വചിന്താശൈലിയാണ് അവർ അവലംബിച്ചത്. ഏഥൻസിലെ വരേണ്യകുലജാതരും അധികാരവർഗ്ഗവും സോഫിസത്തെ സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും ഇതിന്റെ വക്താക്കളെ വധിക്കുകയും ചെയ്തിരുന്നു. യുവജനങ്ങളെ യുക്തിപരമായി വാദിക്കാൻ പഠിപ്പിക്കുന്നു, വ്യവസ്ഥാപിത വിദ്യാഭ്യാസ സമ്പ്രദായത്തിനു (Paideia) വെളിയിൽ വിദ്യ അഭ്യസിപ്പിക്കുന്നു. തുടങ്ങിയ ആരോപണങ്ങളാണ് ഇവർക്കെതിരേ ഉന്നയിക്കപ്പെട്ടിരുന്നത്. പ്രോട്ടഗോറസ്, ഗോർജിയാസ്, അബ്ദേര, ആന്റിഫോൺ, ഹിപ്പിയാസ്, പ്രോദിക്കൂസ്, തരാസ്സിമാക്കൂസ് എന്നിവരാണ് സോഫിസത്തിന്റെ പ്രമുഖ വക്താക്കൾ.

സോഫിസത്തിന്റെ പ്രധാന പ്രബോധനങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1) പ്രപഞ്ചത്തിലെ പദാർത്ഥങ്ങളുടെ പ്രകൃതി അഥവാ സ്വഭാവവും (Physics) നിയമവും (nomos) പരസ്പരസംഘർഷത്തിലാണ്. നിയമം എന്നതിലൂടെ പ്രപഞ്ചത്തിൽ സാർവ്വത്രികമായി നിലകൊള്ളുന്ന മൂല്യബോധം (സ്നേഹം, നീതി...) എന്നാണ് സോഫിസ്റ്റുകൾ വിവക്ഷിച്ചിരുന്നത്. ഈ സംഘർഷത്തിലൂടെ മാറ്റപ്പെടാത്തതും മാറ്റപ്പെടുന്നതുമായ സത്യങ്ങളുണ്ട് എന്ന് സോഫിസ്റ്റുകൾ കണ്ടെത്തി. തന്മൂലം ഹെരാക്ലിറ്റസിന്റെ സർവ്വപരിണാമവാദവും പാർമനിഡെസിന്റെ സ്ഥിരവാദവും ഒരുപോലെ അബദ്ധമാണെന്ന് ഇവർ വാദിച്ചു.

2) പ്രപഞ്ചത്തിലെ സകലതും ആപേക്ഷികമാകയാൽ (relative) മനുഷ്യനാണ് സകലതിന്റെയും മാനദണ്ഡമായി വർത്തിക്കേണ്ടത് എന്ന പ്രോട്ടഗോറസിന്റെ വാദം ഏറെ പ്രസിദ്ധമാണ്. മനുഷ്യൻ എന്നതിലൂടെ മനുഷ്യകുലം എന്ന വിശാലമായ അർത്ഥമല്ല മനുഷ്യവ്യക്തി എന്ന ഏകവചനാർത്ഥമാണ് പ്രോട്ടഗോറസ് വിവക്ഷി

ക്കുന്നത്. ഉദാഹരണമായി ''തണുത്തകാറ്റ്'' എന്ന പ്രസ്താവന അത് അനുഭവിച്ച വ്യക്തിയുടെ വിലയിരുത്തലാണ്. മറ്റൊരു വ്യക്തിക്ക് അത് തണുത്തകാറ്റ് ആയിരിക്കണമെന്നില്ല. വ്യക്തിയെ ആശ്രയി ച്ചാണ് പ്രസ്താവനകൾ നിലകൊള്ളുന്നത്. ''തണുത്ത കാറ്റാണ്'' എന്ന പ്രസ്താവനയെ മൂന്നു തരത്തിൽ വ്യാഖ്യാനിക്കാൻ കഴിയും (i) വ്യക്ത്യനുഭവത്തിനു വെളിയിൽ കാറ്റ് എന്നൊരു യാഥാർത്ഥ്യം ഇല്ല, കാറ്റ് എന്നത് കേവലമായൊരു വ്യക്ത്യനുഭവമാണ്. (ii) വ്യക്ത്യ നുഭവത്തിനു വെളിയിൽ കാറ്റ് എന്നൊരു സത്യമുണ്ട് എന്നാൽ അതിന് ചൂടോ തണുപ്പോ ഇല്ല; അവകേവലം വ്യക്ത്യനുഭവമാണ്. (iii) വ്യക്ത്യനുഭവത്തിനു വെളിയിൽ നിലവിലുള്ള കാറ്റ് ചൂടും തണു പ്പുമുള്ളതാണ്. എല്ലാവർക്കും എപ്പോഴും ബാധകമായ സാർവ്വത്രിക നിയമങ്ങൾ അസാധ്യമാണ് എന്നതാണ് സോഫിസത്തിന്റെ വാദ ത്തിന്റെ അകക്കാമ്പ്.

3) ജ്ഞാനം വാക്കിന്റെ ശക്തിയിലൂടെയാണ് (logos) കൈമാറ്റം ചെയ്യപ്പെടുന്നത്. സത്തയിൽനിന്നും (essence) വ്യത്യസ്തമായ സത്യമായാണ് ലോഗോസ് വ്യാഖ്യാനിക്കപ്പെടുന്നത്. ശരിയായ ലോഗോസും തെറ്റായ ലോഗോസുമുണ്ട്. വ്യക്തികളുടെ ശരീരത്തിൽ ഔഷധം പ്രവർത്തിക്കുന്നതുപോലെ ശരിയായ ലോഗോസ് മനു ഷ്യനെ നന്മയിലേക്കു നയിക്കുന്നു. എന്നാൽ തെറ്റായ ലോഗോസ് ശരീരത്തിൽ പ്രവർത്തിക്കുന്ന മയക്കുമരുന്നുപോലെയാണ്. അത് യാഥാർത്ഥ്യത്തിൽനിന്നും മനുഷ്യനെ അകറ്റി അധമലോകത്തേക്കു നയിക്കുന്നു.



03

# സോക്രട്ടീസ്: തത്വചിന്തയുടെ പിതാവ്

പാശ്ചാത്യതത്വചിന്തയുടെ പിതാവായി വാഴ്ത്ത പ്പെടുന്ന സോക്രട്ടീസിനെ (ബി.സി 470–399) ക്കുറിച്ചോ അദ്ദേഹത്തിന്റെ തത്വചിന്തയെക്കുറിച്ചോ വളരെക്കു റച്ചേ നമുക്ക് അറിവുള്ളൂ. സോക്രട്ടീസിനെ ശിഷ്യരായ പ്ലേറ്റോ, ക്സെനെഫോൺ, അരിസ്റ്റോഫാനസ് എന്നി വരുടെ രചനകളിൽനിന്നാണ് സോക്രട്ടീസിന്റെ ചിന്താ ശൈലിയുടെ ഏകദേശചിത്രം ലഭിക്കുന്നത്. എന്നാൽ ഇവരുടെ വിവരണങ്ങൾ തമ്മിൽ പല അടിസ്ഥാന വ്യത്യാസമുള്ളതിനാൽ സോക്രട്ടീസിന്റെ തത്വചിന്ത യുടെ യഥാർത്ഥരൂപം നിഗൂഢമായിത്തന്നെ നിലകൊള്ളുകയാണ്.

ഏഥൻസിലെ ശില്പിയായിരുന്ന സോഫ്രോണി സ്കൂസിന്റെയും ഭാര്യ ഫെനേറേത്തേയുടെയും പുത്ര നായി ജനിച്ച സോക്രട്ടീസ് തന്റെ യൗവനത്തിൽ ശില്പകലയിൽ പ്രാവീണ്യം നേടിയിരുന്നു. ശില്പി യായും ഗ്രീസിനുവേണ്ടി പോരാടിയ സൈനികനായും സോക്രട്ടീസ് ഖ്യാതിനേടിയെങ്കിലും സാവകാശം അദ്ദേഹം തത്വചിന്തയിലേക്കു പൂർണ്ണമായും തിരി ഞ്ഞു. യഥാർത്ഥജ്ഞാനം തേടിയിരുന്ന സോക്രട്ടീസ് സോഫിസ്റ്റ് ചിന്താഗതിയോടാണ് കൂടുതൽ അടുപ്പം

പുലർത്തിയിരുന്നത്. സോക്രട്ടീസിന്റെ ചിന്തകളെ ചുവടെ ചേർക്കും വിധം സംഗ്രഹിക്കാം.

1. ധാർമ്മിക ഉത്തരവാദിത്വത്തെക്കുറിച്ചുള്ള സംവാദ കൃതിയിൽ (Euthyphro) സോക്രട്ടീസ് തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ശരിയും തെറ്റും തിരിച്ചറിയാനുള്ള വഴി സമൂഹം അടിച്ചേൽപിക്കുന്ന നിയമ വ്യവസ്ഥിതിയല്ല. ധാർമ്മികതയുടെ അടിസ്ഥാനം ദൈവഹിതമാണെന്ന വാദത്തെയും സോക്രട്ടീസ് തള്ളിക്കളയുന്നുണ്ട്. ദൈവത്തിന് അപ്രകാരമൊരുഹിതമുണ്ടോ? ഉണ്ടെങ്കിൽ അത് എങ്ങിനെ അറിയാനാകും? സോക്രട്ടീസിന്റെ ലളിതമായ ഒരു ചോദ്യം ഈ പ്രശ്നത്തെ അനാവരണം ചെയ്യുന്നുണ്ട്. "ഒരുവൻ ധാർമ്മികനായതുകൊണ്ട് അവനെ ദൈവം സ്നേഹിക്കുകയാണോ, അഥവാ ദൈവം സ്നേഹിക്കുന്നതുകൊണ്ട് അവൻ ധാർമ്മികനയതാണോ" (Euthy 10.a). രണ്ടു ചോദ്യങ്ങളും ഒരുപോലെ ധാർമ്മിക അനിശ്ചിതത്വത്തിലേക്കാണ് നയിക്കുന്നതെന്ന് സോക്രട്ടീസ് കണ്ടെത്തി. ധാർമ്മികതയ്ക്കു ബാഹ്യമായ ഒരു അധികാരിയുടെ അംഗീകാരം തേടുന്നതിലെ അബദ്ധമാണ് സോക്രട്ടീസ് ചൂണ്ടിക്കാട്ടുന്നത്. കുട്ടി ചെയ്യുന്ന ഒരു കാര്യം മാതാപിതാക്കൾ അംഗീകരിച്ചതുകൊണ്ട് അത് നന്മയാവുകയാണോ അഥവാ മാതാപിതാക്കൾ അംഗീകരിച്ച കാര്യം കുട്ടി ചെയ്യുന്നതുകൊണ്ട് നന്മയാവുകയാണോ? എന്ന ചോദ്യം വീണ്ടും ഈ സത്യം വെളിപ്പെടുത്തുന്നുണ്ട്. ധാർമ്മികതയെ വൈയക്തിക സ്വാതന്ത്ര്യത്തിന്റെ ഉയർന്ന തലത്തിൽ പ്രതിഷ്ഠിക്കാനാണ് സോക്രട്ടീസിന്റെ ശ്രമം.

2. അറിവിനെക്കുറിച്ചുള്ള സോക്രട്ടീസിന്റെ നിരീക്ഷണങ്ങൾ പ്ലേറ്റോയുടെ രചനയിൽ (Apologema) വ്യക്തമാക്കുന്നുണ്ട്. "നിന്നെക്കാളും ജ്ഞാനിയായി മറ്റാരുമില്ല" (Apol.21a) എന്ന പ്രസ്താവനയോടെയാണ് സോക്രട്ടീസ് ആരംഭിക്കുന്നത്. ഈ ജ്ഞാനത്തിന്റെ അടിസ്ഥാനമാകട്ടെ സ്വന്തം അജ്ഞതയെക്കുറിച്ചുള്ള തിരിച്ചറിവാണുതാനും. തന്നെത്തന്നെ അറിയുക തന്റെ പരിമിതികൾ അറിയുക എന്നതിലാണ് സോക്രട്ടീസിന്റെ വിജ്ഞാനശാസ്ത്രം ചുവടുറപ്പിക്കുന്നത്. നിരന്തരവും ആത്മവിമർശനപരവുമായ ചോദ്യങ്ങൾ ചോദിക്കാൻ ഒരുവനെ പ്രാപ്തനാക്കുന്നതാണ് ജ്ഞാനമാർഗ്ഗമെന്ന് സോക്രട്ടീസ് കരുതുന്നു. സ്വയം പരിശോധിക്കാത്ത ജീവിതം ജീവിതയോഗ്യമല്ല (Apol.38a) എന്നു വിശ്വസിച്ച സോക്രട്ടീസ് അറിഞ്ഞ സത്യത്തിൽനിന്നു പിന്തിരിയാതിരിക്കാനുള്ള ആത്മാർത്ഥതയാണ് ജ്ഞാനത്തിന്റെ പൂർണ്ണതയായി വിലയിരുത്തുന്നത്. സ്വന്തം ജീവിതം വിലയായി നൽകിക്കൊണ്ട് ഈ ജ്ഞാനപൂർണ്ണതയ്ക്ക് സോക്രട്ടീസ് സാക്ഷ്യം വഹിച്ചു.





3. അറിവും ധാർമ്മികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള സോക്രട്ടീസിന്റെ വാദമുഖങ്ങൾ പ്ലേറ്റോയുടെ ക്രിത്തോൻ (Kriton) എന്ന കൃതിയിൽ വിവരിക്കുന്നുണ്ട്. മരണത്തിന്റെ തലേരാത്രിയിൽ തടവിൽനിന്നും വധശിക്ഷയിൽനിന്നും രക്ഷപ്പെടാനുള്ള പദ്ധതിയുമായി വന്ന ശിഷ്യരോടാണ് സോക്രട്ടീസ് ഈ വാദമുഖങ്ങൾ ഉന്നയിക്കുന്നത്. ഭൂരിപക്ഷത്തിന്റെ അഭിപ്രായമോ അധികാരിയുടെ അഭിപ്രായമോ അല്ല ശരിയായ ജ്ഞാനിയുടെ അഭിപ്രായമാണ് ധാർമ്മികമായി വിലയുള്ളത്. സത്യം മാത്രമാണ് മനുഷ്യപ്രവർത്തികളുടെ ധാർമ്മികത അളക്കാനുള്ള വഴി. രക്ഷപ്പെടാനുള്ള ഉപദേശത്തെ സോക്രട്ടീസ് ഖണ്ഡിക്കുന്നത് ഇപ്രകാരമാണ്.

ഒന്നാമതായി, മനുഷ്യൻ ഏതു സാഹചര്യത്തിലും ശരിയുടെ പക്ഷത്ത് നിലയുറപ്പിക്കണം.
രണ്ടാമതായി, രാജ്യത്തെ ധിക്കരിക്കുന്നത് തിന്മയാണ്.
മൂന്നാമതായി, രാജ്യത്തെ ധിക്കരിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നത് തിന്മയാണ്.

രാജ്യവും പ്രജകളും തമ്മിലുള്ള ബന്ധം മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം പോലെയാണ്. മനുഷ്യസ്വാതന്ത്ര്യവും നന്മയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വാചാലമാകുമ്പോഴും സോക്രട്ടീസിന്റെ ധാർമ്മികവീക്ഷണം കേവലം ആപേക്ഷികമായിരുന്നില്ലെന്ന് ഈ വാദം തെളിയിക്കുന്നു. രാജ്യം എന്ന പൊതുതത്വത്തിന് വ്യക്തിതാല്പര്യങ്ങളെക്കാൾ പ്രാധാന്യമുണ്ടെന്ന സോക്രട്ടീസിന്റെ ചിന്ത ഏറെ ദൂരവ്യാപകമായ സ്വാധീനമുള്ളതാണ്.

4. തത്വചിന്തയെ അമൂർത്തതയിൽനിന്ന് പ്രായോഗികതയിലേക്കു നയിക്കാനാണ് സോക്രട്ടീസ് ശ്രമിക്കുന്നത്. ആത്മാവിൽ സത്യത്തിന്റെ കിരണങ്ങളുണ്ടെങ്കിലും വൈകാരികത ജന്മം കൊടുക്കുന്ന വ്യത്യസ്താഭിപ്രായങ്ങളിൽ ആത്മാവു കുടുങ്ങിക്കിടക്കുകയാണ്. തെറ്റായധാരണകളിൽനിന്ന് ആത്മാവിനെ മോചിപ്പിക്കുക എന്നതു മാത്രമാണ് ഇതിനുള്ള പരിഹാരം.

സോക്രട്ടീസിനുശേഷം നിലവിൽവന്നത് താരതമ്യേന അപ്രസക്തമായ രണ്ട് സ്കൂളുകളാണ്. ഒന്നാമതായി ആന്റിസ്തേനസ് (+380) രൂപംകൊടുത്ത സിനിക്കൽ സ്കൂളാണ് പ്രസക്തമായിട്ടുള്ളത്. ഈ ചിന്താസരണിയിലെ ഏറ്റവും പ്രഗത്ഭരായ ചിന്തകൻ ഡയോജനസ് (+324) ആണ്. നന്മ എന്നത് സമ്പൂർണ്ണമായും ആന്തരികമാണെന്നും

ബാഹ്യവസ്തുക്കളുമായോ വസ്തുതകളുമായോ അതിനു ബന്ധമില്ലെന്നും ഇവർ വാദിച്ചു. അരിസ്റ്റിപ്പൂസ് (+380) സ്ഥാപിച്ച സിറേനായി സ്കൂളാണ് രണ്ടാമത്തെ പ്രസക്തചിന്താസരണി. ജീവിതത്തിന്റെ പരമലക്ഷ്യമായി ഇന്ദ്രിയാനുഭൂതികളെ അവതരിപ്പിക്കുന്നു എന്നതാണ് ഈ ചിന്തകരുടെ പ്രത്യേകത . മൂന്നാമത്തെ വിഭാഗമാകട്ടെ സന്ദിഗ്ധതാവാദികൾ (Sceptical School) ആയിരുന്നു പ്യൂറോ (+288) സ്ഥാപിച്ച ഈ താത്വികസരണയിൽ സകല തത്വചിന്തയും നന്മ അഥവാ പുണ്യം എന്ന ഏകലക്ഷ്യത്തിൽ കേന്ദ്രീകരിക്കപ്പെട്ടു. നന്മ ഉളവാക്കാത്ത ചിന്തകളുടെ ആധികാരികത സംശയാസ്പദമാണെന്നും ഈക്കൂട്ടർ വാദിച്ചു.

തുടർന്നുള്ള കാലഘട്ടം നാലു വിഖ്യാത താത്വികസരണികളുടെ സ്വഛന്ദപ്രവാഹങ്ങളുടെ കാലമായിരുന്നു. പ്ലേറ്റോ, അരിസ്റ്റോട്ടിൽ, എപികൃൂറെസ്, സേനോ എന്നിവരായിരുന്നു ഈ ചിന്താസരണിയുടെ ഉപജ്ഞാതാക്കൾ.

## എപ്പിക്യൂറെസ് (ബി.സി 341 –270)

പാശ്ചാത്യചിന്തയിലെ ആനന്ദവാദത്തിന്റെ (Hedonism) അടിത്തറ എപ്പിക്യൂറിയൻ ചിന്താസരണിയിലാണ്. ഇദ്ദേഹത്തിന്റെ പ്രധാന വാദഗതികൾ താഴെപ്പറയുന്നവയാണ്.

1. മനുഷ്യജീവിതത്തിന്റെ ആത്യന്തികലക്ഷ്യം ശാരീരികവും മാനസികവുമായ വേദനകളിൽനിന്നുള്ള പൂർണ്ണമുക്തിയും സന്തോഷവുമാണ്.

2. അറിവിന്റെ ആത്യന്തികവാതായനം ഇന്ദ്രിയാനുഭവങ്ങളാണ് .

3. പ്രപഞ്ചം എന്നത് സൂക്ഷമകണികാപദാർത്ഥങ്ങളാൽ നിർമ്മിതമാണ് (atomistic materialism). പദാർത്ഥബദ്ധമല്ലാത്തതൊന്നും നിലനിൽക്കുന്നില്ല.

4. അതിഭൗതിക യഥാർത്ഥ്യങ്ങളായ ദൈവം, ആത്മാവ്, ആത്മാവിന്റെ നിത്യത തുടങ്ങിയവയൊക്കെ അവിവേകങ്ങളാണ്.

5. മനുഷ്യമനസ്സിൽ യുക്തിരഹിതമായ ഭയങ്ങൾ ജനിപ്പിക്കാൻ മാത്രമേ അതിഭൗതികതയ്ക്കു കഴിയുകയുള്ളൂ. ഈ ഭയത്തിൽ നിന്നു വിടുതൽ നൽകി മനുഷ്യൻ സുഖസന്തോഷങ്ങൾക്കു പിന്നാലെ ആശങ്ക കൂടാതെ മുന്നേറുകയും ലക്ഷ്യത്തിലെത്തുകയും ചെയ്യുന്നു.





6. എന്നാൽ തിന്മപ്രവർത്തിച്ച് സന്തോഷം തേടുന്നതിനെ എപ്പിക്യൂറെസ് അനുകൂലിക്കുന്നില്ല. കാരണം തിന്മ ഏതു സമയവും പിടിക്കപ്പെടാം എന്നതിനാൽ തിന്മ പ്രവർത്തിക്കുന്നവന്റെ മനസ്സ് ശങ്കാകുലമാണ്. ഈ ശങ്കയാകട്ടെ അത്യന്തികമായ സന്തോഷലക്ഷ്യത്തിനു വിരുദ്ധവുമാണ്.

7. എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനം വിവേകമാകയാൽ (Phronesis) വിവേകമുള്ളവർക്കു മാത്രമേ സന്തോഷമുള്ളവരാകാൻ കഴിയൂ.

8. ദൈവം എന്നത് നിത്യമെങ്കിലും പദാർത്ഥപരമായ സത്തയായിട്ടാണ് എപ്പിക്യൂറസ് മനസ്സിലാക്കുന്നത്. ദൈവം പ്രപഞ്ചത്തിന്റെ സൃഷ്ടാവോ പരിപാലകനോ അല്ല, പ്രപഞ്ചത്തിന്റെ ഭാഗം മാത്രമാണ്. ദൈവം എന്നതിലൂടെ സമുന്നത ചിന്താഗതി പുലർത്തുന്ന താത്വികൻ എന്നതിനപ്പുറം എപ്പിക്യൂറസ് ഏറെയൊന്നും അർത്ഥമാക്കുന്നില്ല.

എപ്പിക്യൂറസിന്റെ ആശയങ്ങളെ അനശ്വരമാക്കിയത് വിഖ്യാത റോമൻ കവിയായ ലുക്രേത്തിയൂസ് (ബി.സി 90–51) ആണ്. നവോത്ഥാന കാലഘട്ടത്തിൽ തോമിസ്റ്റിക്, അരിസ്റ്റോട്ടേലിയൻ ദൈവശാസ്ത്രത്തോടുള്ള പ്രതിഷേധമെന്ന നിലയിൽ എപ്പിക്യൂറസിന്റെ കാഴ്ചപ്പാടുകളെ ആധാരമാക്കി ക്രൈസ്തവ ദൈവശാസ്ത്രവിചിന്തനം നടത്തിയ ചിന്തകരുണ്ട്. ഇവരിൽ പ്രമുഖൻ പിയർ ഗസ്സേൻതി (Pierre Gassendi) ആയിരുന്നു.

# 04

## പ്ലേറ്റോയും ക്രിസ്തീയദൈവശാസ്ത്രവും

പ്ലേറ്റോ (ബി.സി 427 –347) എന്ന ഗ്രീക്കു ചിന്തകൻ ക്രൈസ്തവ ദൈവശാസ്ത്രത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. ആഥൻസിലെ വരേണ്യ കുടുംബത്തിൽ ജനിച്ച പ്ലേറ്റോ സോക്രട്ടീസിന്റെ ദർശനങ്ങളിൽ ആകൃഷ്ടനായിരുന്നു. സോക്രട്ടീസിന്റെ ദാരുണമായ അന്ത്യം പ്ലേറ്റോയെ ഏറെ സ്വാധീനിച്ചു. ആഥൻസുവിട്ട് സിസിലിയിലേക്കു യാത്ര തിരിച്ച അദ്ദേഹം പൈതഗോറസിന്റെ ഗണിതചിന്തകളിലും ഹെരാക്ലിറ്റസിന്റെ നിരന്തര പരിണാമവാദത്തിലും ആകൃഷ്ടനായി. 387–ൽ ആഥൻസിൽ തിരിച്ചെത്തിയ പ്ലേറ്റോ തത്വചിന്താ പഠനത്തിനും പരിചിന്തനത്തിനുമായി ഒരു കൂട്ടായ്മ ആരംഭിച്ചു. ഈ കൂട്ടായ്മയിൽ ചേർന്നു പഠനം നടത്തിയവരിൽ ഏറ്റവും പ്രമുഖൻ വിഖ്യാതചിന്തകനായ അരിസ്റ്റോട്ടിൽ ആയിരുന്നു.

### പ്ലേറ്റോയുടെ ചിന്താലോകം

പ്ലേറ്റോയുടെ ആദ്യകാലരചനകളിൽ പലതും സോക്രട്ടീസ് മുതലായ ചിന്തകരുമായുള്ള സാങ്കല്പിക സംവാദത്തിന്റെ രൂപത്തിലുള്ളതായിരുന്നു. സാമാന്യജ്ഞാനമുള്ള ഒരു വ്യക്തി സോക്രട്ടീസ് എന്ന പണ്ഡിതനുമായി സംവാദത്തിലേർപ്പെടുന്നതും പ്രസ്തുത വ്യക്തിയുടെ ചിന്താധാരകളിലെ വൈകല്യങ്ങളെ സോക്രട്ടീസ് തിരുത്തുന്നതുമായ ശൈലിയാണ് പ്ലേറ്റോ ഈ ഗ്രന്ഥങ്ങളിൽ (ഉദാ: Euthyphro, Apology, Meno) അവലംബിക്കുന്നത്. മനുഷ്യജ്ഞാനത്തെക്കുറിച്ചാണ് പ്രധാനമായും ഈ ഗ്രന്ഥങ്ങൾ പ്രതിപാദിച്ചിരുന്നത്. മനുഷ്യജ്ഞാനത്തിന്റെ പരിമിതിയെക്കുറിച്ചു പ്ലേറ്റോ പരാമർശിക്കുന്നുണ്ടെങ്കിലും അതിന്റെ ഉറവിടത്തെക്കുറിച്ചുള്ള ചിന്തയിലാണ് പ്ലേറ്റോയുടെ തനിമ പ്രകടമായിരുന്നത്. മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നതിനു മുൻപേ ആത്മാവിന് ജ്ഞാനമുണ്ടായിരുന്നു. എന്നാൽ ശരീരവുമായുള്ള സമ്പർക്കം മൂലം ആത്മാവിന് ജ്ഞാനത്തിൽ മറവി സംഭവിച്ചു. മനുഷ്യൻ സ്വപ്രയത്നത്താൽ  അറിവു സമ്പാദിക്കുമ്പോൾ മറന്നുപോയ ജ്ഞാനസത്യങ്ങളെ ആത്മാവ് ഓർമ്മിച്ചെടുക്കുകയാണെന്ന് പ്ലേറ്റോ കണ്ടെത്തി. ആത്മാവിന്റെ അമർത്യതയെക്കുറിച്ചും പ്ലേറ്റോയ്ക്ക് അർത്ഥശങ്കയില്ലായിരുന്നു.

പ്ലേറ്റോയുടെ ചിന്തകളിൽ ഏറ്റവും സവിശേഷമായത് ആശയങ്ങളുടെ ലോകത്തെക്കുറിച്ചുള്ള ചിന്തയാണ്. "ഫേദോ"(Phaedo) എന്ന ഗ്രന്ഥത്തിലാണ് പ്ലേറ്റോ തന്റെ വാദമുഖങ്ങൾ നിരത്തുന്നത്. അമൂർത്തമായ രൂപങ്ങളോ (Forms) ആശയങ്ങളോ (ideas) ആയി വസ്തുക്കൾ നിലകൊള്ളുന്ന ഒരു ലോകം ദൃശ്യലോകത്തിനു വെളിയിലുണ്ടെന്ന് പ്ലേറ്റോ വാദിച്ചു. "ആശയങ്ങൾ"(eidos) എന്നതിലൂടെ മനസ്സിന്റെയോ ചിന്തയുടെയോ സൃഷ്ടിയായ അമൂർത്തത എന്നല്ല പ്ലേറ്റോ വിവക്ഷിക്കുന്നത്. അദൃശ്യലോകത്തിലെ "ആശയങ്ങൾ" ചിന്തയുമായി ബന്ധമില്ലാതെ നിലകൊള്ളുന്നതാണെന്ന് പ്ലേറ്റോ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. ഈ രൂപങ്ങൾ (ആശയങ്ങൾ) നിത്യമായവയും മാറ്റമില്ലാത്തവയും പദാർത്ഥരഹിതവുമാണ്. ഇവ അദൃശ്യമായതിനാൽ അവയെ ചിന്തയിലൂടെ മാത്രമേ ഗ്രഹിക്കാനാകൂ. ചിന്തയിലൂടെ അറിഞ്ഞ അമൂർത്ത ലോകത്തിലെ ആശയങ്ങളുമായി ബന്ധപ്പെടുത്തിയാണ് ദൃശ്യലോകത്തിലെ വസ്തുതകളെ മനുഷ്യൻ ഗ്രഹിക്കുന്നത്. ഉദാഹരണമായി, ഒരു പെയിന്റിംഗ് കണ്ടിട്ട് അത് ഒരു മനുഷ്യനാണെന്ന് (മനുഷ്യന്റെ പടമാണെന്ന്) നാം പറയുന്നു. എന്നാൽ പ്രസ്തുത രൂപത്തിന് മനുഷ്യന്റെ വലിപ്പമോ ശരീരമോ കഴിവുകളോ ഒന്നുമില്ല. എങ്കിലും മനുഷ്യൻ എന്ന രൂപത്തെക്കുറിച്ചുള്ള ആശയം നമ്മുടെ മനസ്സിൽ ഉള്ളതുകൊണ്ട് പടത്തിൽ മനുഷ്യനെ തിരിച്ചറിയാൻ പ്രയാസമില്ല. സമാനമായി, അമൂർത്തമായ ആശയലോകത്തിലെ അറിവുകൾ ചിന്തയിലൂടെ

നമ്മുടെ ഉള്ളിൽ ഉള്ളതിനാലാണ് ദൃശ്യലോകത്തെ നമുക്ക് അറിയാൻ കഴിയുന്നത്. നമ്മുടെ ഓരോ പ്രസ്താവനയും ഇപ്രകാരമുള്ള അമൂർത്തലോകത്തിലെ അറിവുകളെ ആധാരമാക്കിയുള്ളതാണ് എന്ന് പ്ലേറ്റോ വാദിക്കുന്നു. ഉദാഹരണമായി, ഒരു വ്യക്തി സുന്ദരനോ സുന്ദരിയോ ആണ് എന്ന് നാം പറയുന്നത് യഥാർത്ഥ സൗന്ദര്യത്തെക്കുറിച്ച് അമൂർത്തമായ ആശയലോകത്തുനിന്ന് നമുക്ക് അറിവു ലഭിച്ചതുകൊണ്ടാണ്. ഭൗതികമായ എല്ലാ അറിവിന്റെയും മാനദണ്ഡമായി വർത്തിക്കുന്നത് അതിഭൗതികമായ അറിവാണെന്ന് പ്ലേറ്റോ സമർത്ഥിക്കുന്നു.

അമൂർത്തമായ ആശയലോകത്തിലെ ആശയങ്ങൾ അസ്ഥിത്വങ്ങളുടെ പട്ടികയിലെ കേവലമായ എണ്ണം മാത്രമല്ല, മറിച്ച് മനുഷ്യന്റെ ധാർമ്മികവും മതാത്മകവുമായ പ്രചോദനങ്ങളുടെ മുഴുവൻ ഉറവിടമായി വർത്തിക്കുന്നത് ഇവയാണ്. പ്ലേറ്റോയുടെ വിഖ്യാതമായ "സിംപോസിയം" എന്ന കൃതിയിലെ ദിയോത്തിമ എന്ന പുരോഹിതയുടെ വാക്കുകളിലൂടെയാണ് ഈ ആശയം അവതരിപ്പിക്കപ്പെടുന്നത്. സ്നേഹബന്ധത്തിലായിരിക്കുന്നവർ (പ്രണയികൾ) തങ്ങൾക്ക് അജ്ഞാതമായ ഏതോ ഒരു രഹസ്യത്തെ അന്വേഷിക്കുന്നവരാണ് . അത് നേടിയാലും ഇല്ലെങ്കിലും അവർ നിത്യതയുടെ പാതയിലാണ്. ശാരീരികബന്ധത്തിലേക്കു നയിക്കുന്ന ഭൗതികസ്നേഹവും പരോക്ഷമായി നിത്യതയുടെ പാതയിലാണ്. കാരണം, പ്രസ്തുത ബന്ധത്തിലൂടെ ജനിക്കുന്ന മനുഷ്യശിശു ഭാവിയുടെ ചിന്തയെയും ധാർമ്മികതയെയും നിയന്ത്രിക്കുന്ന കണ്ണിയായി മാറുന്നു.

സൗന്ദര്യവുമായി ഒന്നു ചേരുന്ന സ്നേഹമാണ് ഏറ്റവും സമ്പൂർണ്ണമായ സന്തോഷം പ്രദാനം ചെയ്യുന്നത്. വൈകാരിക ബന്ധങ്ങളുടെ നിരവധിതലങ്ങൾ പിന്നിട്ടു മാത്രമേ സൗന്ദര്യവും സ്നേഹവും തമ്മിലുള്ള സമ്മേളനം സാദ്ധ്യമാകു. ഉദാഹരണമായി സുന്ദരമായ ഒരു ശരീരത്തെ സ്നേഹിച്ചു തുടങ്ങുന്ന വ്യക്തി സാവകാശത്തിൽ എല്ലാ ശരീരങ്ങളിലും സന്നിഹിതമാകുന്ന സൗന്ദര്യത്തെ മനസ്സിലാക്കിത്തുടങ്ങുന്നു. അടുത്ത പടിയായി പ്രസ്തുത ശരീരങ്ങളിലെ ആത്മാവിന്റെ സൗന്ദര്യത്തെക്കുറിച്ച് ചിന്തിച്ചു തുടങ്ങുന്നു. വീണ്ടും അടുത്ത പടിയിൽ പ്രപഞ്ചത്തിലെ നിയമങ്ങളിലും ചിട്ടകളിലും അറിവുകളിലും അന്തർലീനമായ സൗന്ദര്യത്തെ സ്നേഹിച്ചു തുടങ്ങുന്നു. ഒടുവിൽ ഒരിക്കലും മായാത്തതും മാറ്റമില്ലാത്തതുമായ യഥാർത്ഥസൗന്ദര്യത്തെക്കുറിച്ചുള്ള ചിന്തയിൽ പ്രസ്തുത വ്യക്തി എത്തിച്ചേരുന്നു.





സ്നേഹത്തെക്കുറിച്ചുള്ള പ്ലേറ്റോയുടെ കാല്പനികവീക്ഷണത്തിൽ നിന്നാണ് "പ്ലേറ്റോണിക് സ്നേഹം" എന്ന ശൈലി രൂപം കൊണ്ടത്. കാമപരവും ശാരീരികവുമായ സ്നേഹമെന്ന വിവക്ഷ ഈ ശൈലിക്കു പിന്നിലല്ല എന്നു കരുതുന്നവരുണ്ട്. എന്നാൽ, ശാരീരിക സ്നേഹത്തെയും ലൈംഗികബന്ധത്തെയും തമസ്ക്കരിക്കുകയല്ല, അവയെ സ്നേഹത്തിന്റെ ഉപരിതലങ്ങളിലേക്കുള്ള പ്രയാണത്തിനു പടികളായി കരുതാനാണ് പ്ലേറ്റോ മുതിരുന്നത്.

ആശയലോകത്തെക്കുറിച്ചുള്ള ചിന്തകൾ കേവലം വൈയക്തികമായി മാത്രം അനുഭവിക്കേണ്ടതല്ല അവയെ സമൂഹമെന്ന നിലയിലും അനുഭവിക്കേണ്ടതുണ്ട് എന്നു പ്ലേറ്റോ കരുതുന്നു. തന്റെ "റിപ്പബ്ലിക്"എന്ന വിഖ്യാതഗ്രന്ഥത്തിൽ നീതിയിലധിഷ്ഠിതമായ ഒരു സാമൂഹികവ്യവസ്ഥിതി എപ്രകാരം രൂപപ്പെടുത്താമെന്ന് പ്ലേറ്റോ വിഭാവനം ചെയ്യുന്നുണ്ട്. പ്രത്യേകപരിശീലനം സിദ്ധിച്ച തത്വചിന്തകരാണ് ഈ സാമൂഹ്യവ്യവസ്ഥിതിയുടെ നഗരത്തെ ഭരിക്കേണ്ടത്. ഇവർ നൽകുന്ന ബോധത്തിലൂടെ നഗരവാസികൾ ആശയലോകത്തെക്കുറിച്ചുള്ള ശരിയായ പ്രകാശമുള്ളവരായി മാറുന്നു. കേവലം നിഴലുകൾ മാത്രം കണ്ടുകൊണ്ട് തടവറയാകുന്ന ഗുഹയിൽ കഴിഞ്ഞിരുന്ന തടവുകാരൻ സ്വതന്ത്ര്യനായി പുറത്തുവന്നു കഴിയുമ്പോഴാണ് താൻ കണ്ടിരുന്ന നിഴലുകളുടെ യഥാർത്ഥരൂപം തിരിച്ചറിയുന്നത്. സമാനമായ ഒരു തിരിച്ചറിവാണ് വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്നതെന്ന് പ്ലേറ്റോ സമർത്ഥിക്കുന്നു. പ്ലേറ്റോയുടെ ഈ ആശയത്തിന് ഭാരതീയചിന്തയിലെ ശങ്കരാചാര്യന്റെ അദ്വൈത വേദാന്തവുമായുള്ള സാമ്യം സുവിദിതമാണ്. അജ്ഞാനമാകുന്ന അവിദ്യ ജനിപ്പിക്കുന്ന മായകളിൽനിന്ന് ജ്ഞാനത്തിലൂടെ മോചനം നേടുന്നതിനെക്കുറിച്ചാണ് ശങ്കരാചാര്യർ പറഞ്ഞിരുന്നത്.

ഇപ്രകാരം രൂപീകരിക്കപ്പെടുന്ന പുതിയ സാമൂഹിക ക്രമത്തിന്റെ വ്യവസ്ഥിതിയിൽ സ്വകാര്യസ്വത്തോ സ്വന്തമായ കുടുംബമോ ആവശ്യമില്ല എന്നും പ്ലേറ്റോ വാദിച്ചു. വ്യക്തിയെക്കാൾ സമൂഹത്തിന്റെ നന്മയ്ക്കായി സകലരും യത്നിക്കുന്ന വ്യവസ്ഥിതിയിൽ സ്വകാര്യസ്വത്തും സ്വന്തമായ കുടുംബവും പ്രതിബന്ധമാകുന്നു. ഏതൊക്കെ കുട്ടികളാണ് തന്റേത് എന്ന ചിന്ത വെടിഞ്ഞ് ഓരോ കുട്ടിയും സമൂഹത്തിന്റെ പൊതുവായ സ്വത്താണെന്നു കരുതി സംരക്ഷിക്കപ്പെടണം. പ്ലേറ്റോയുടെ ഈ ചിന്താഗതിയെയാണ് പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് ദാർശനികരായ കാൾമാർക്സും എംഗൽസും ചേർന്ന് "വർഗ്ഗരഹിതസമൂഹക്രമ"മായി അവതരിപ്പിച്ചത്. പ്ലേറ്റോണിക് ചിന്തയിലെ നവീന സാമൂഹിക ക്രമത്തിൽ പുരുഷനോടൊപ്പം സ്ത്രീക്കും അധി

കാരത്തിൽ പങ്കാളിയാകാൻ അവകാശമുണ്ട്. എന്നാൽ, നവീന സാമൂഹികക്രമത്തിൽ കവികളുടെ സ്വാതന്ത്ര്യത്തിനു നിയന്ത്രണം വേണമെന്ന് പ്ലേറ്റോ കരുതുന്നുണ്ട്. കാരണം, തങ്ങളുടെ കടിഞ്ഞാണില്ലാത്ത ഭാവനകളിലൂടെ തലമുറകളെ വഴിതെറ്റിക്കുന്നതിൽ കവികൾക്കുള്ള പങ്ക് വളരെ വലുതാണെന്ന് പ്ലേറ്റോ ചൂണ്ടിക്കാട്ടുന്നു.

മനുഷ്യബുദ്ധിയെ മാത്രം വിദ്യാഭ്യാസത്തിലൂടെ നിയന്ത്രിച്ചതുകൊണ്ട് പ്രയോജനമില്ല. വികാരങ്ങളും അഭിനിവേശങ്ങളും അനിയന്ത്രിതമായി ശക്തിപ്രാപിച്ച് ബുദ്ധിയെ കീഴടക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് അവയെയും പരിശീലിപ്പിക്കേണ്ടതുണ്ട്. ഇവയെ പരിശീലിപ്പിക്കുന്നതിലൂടെ ബുദ്ധി അംഗീകരിക്കുന്നവയെ മാത്രം അന്വേഷിക്കാൻ വികാരത്തിനും അഭിനിവേശത്തിനും കഴിയുന്നു. ഭക്ഷണം, ലൈംഗികത തുടങ്ങിയ വൈകാരിക അഭിനിവേശങ്ങൾ യുക്ത്യാധിഷ്ഠിതമാകുമ്പോൾ സമൂഹത്തിലെ താളഭംഗങ്ങൾക്കു പരിഹാരമാകുമെന്ന് പ്ലേറ്റോ കരുതുന്നുണ്ട്.

## നെയോ പ്ലാറ്റോണിസം

പ്ലേറ്റോയുടെ ചിന്തകളെ കാലാനുസൃതം പുതുക്കി അവതരിപ്പിക്കുന്ന ചിന്താസരണികളെ പൊതുവിൽ വിശേഷിപ്പിക്കുന്ന പദമാണ് നെയോപ്ലേറ്റോണിസം എന്നത്. പ്ലൊട്ടീനസിന്റെ (എ.ഡി. 204-269) കാലം മുതലുള്ള ഈ ചിന്തസരണിയെ മൂന്നായി തരംതിരിക്കാറുണ്ട്. പ്ലൊട്ടീനസിന്റെ കാലം മുതൽ മൂന്നാം നൂറ്റാണ്ടുവരെയുള്ളതാണ് ആദ്യഘട്ടം. ഇയാസിക്കൂസിന്റെ നേതൃത്വത്തിൽ നാലാം നൂറ്റാണ്ടിൽ ആരംഭിച്ച സിറിയൻ പാഠശാലയുടെ കാലഘട്ടത്തെയാണ് രണ്ടാം ഘട്ടമായി വിശേഷിപ്പിക്കുന്നത്. പ്ലൂട്ടാർക്കിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആഥൻസിലെ പാഠശാലയുടെ കാലമാണ് മൂന്നാം ഘട്ടം (അഞ്ച്, ആറ് നൂറ്റാണ്ടുകൾ).

1. പ്ലൊട്ടീനസിന്റെ എനെയാഡ്സ് എന്ന ഗ്രന്ഥത്തിലെ വീക്ഷണമനുസരിച്ച് ഉൺമക്കും ചിന്തക്കും അതീതമായതും സ്വയാവബോധമുള്ളതുമായ ഒരു ബൗദ്ധിക സത്യമുണ്ട്. ഇതിനെ ഏകത്വം (the one) എന്ന് വിശേഷിപ്പിക്കുന്നു. അസ്ഥിത്വത്തിന്റെ മൂന്നു തലങ്ങളിൽ ഏറ്റവും ഉപരിയായ തലമാണിത്. മറ്റുരണ്ടു തലങ്ങൾ ബുദ്ധിയും ആത്മാവുമാണ്. സകല അസ്ഥിത്വങ്ങൾക്കും ആധാരമായി വർത്തിക്കുന്നത് ഏകത്വമാണ്. ആശയലോകത്തുനിന്നുള്ള രൂപങ്ങളെക്കുറിച്ചുള്ള അറിവു പ്രദാനം ചെയ്യുന്നത് സമയാതീതമായി പ്രവർത്തിക്കുന്ന ബുദ്ധിയാണ്. സമയത്തെ ജനിപ്പിക്കുന്നത് ആത്മാവാണ്. ആശയലോകത്തിലെ രൂപങ്ങളെ ബൗദ്ധികതത്വങ്ങളായി (logoi) സ്വീകരിക്കുന്നതും ആത്മാവാണ്. പദാർത്ഥപരമായ ഭൗതികലോകം ആത്മാവിന്റെ അധമതലത്തിന്റെ പ്രകൃതി (Nature) മാത്രമാണ്. പദാർത്ഥം അയഥാർത്ഥവും തിന്മനിറഞ്ഞതുമാണ്. ആത്മാവിനെ ഉൾക്കൊള്ളാനുള്ള പാത്രമായി മാത്രമേ പദാർത്ഥബദ്ധമായ ശരീരത്തിനു പ്രസക്തിയുള്ളൂ. ശരീരത്തിലുള്ള ആത്മാവിന്റെ ബന്ധനാത്മക വാസത്തെ ഒരു "വീഴ്ച" (fall) ആയിട്ടാണ് പ്ലൊട്ടീനസ് കരുതുന്നത് (Enneads 5.1.1) വി. ആഗസ്തീനോസ്, ബൊയേത്തിയൂസ്, മധ്യകാല ഇസ്ലാമികചിന്തകർ തുടങ്ങിയവരെ സാരമായി സ്വാധീനിക്കാൻ പ്ലൊട്ടീനസിന്റെ ചിന്താധാരയ്ക്കു കഴിഞ്ഞിരുന്നു.

2. സിറിയൻ പഠനകേന്ദ്രത്തിന്റെ ഉപജ്ഞാതാവ് ഇയാബ്ലിക്കൂസ് (245-325) ആയിരുന്നു. പ്ലൊട്ടീനസിന്റെ ശിഷ്യനായ പോർഫിറിയുടെ പിൻഗാമിയായാണ് ഇദ്ദേഹം അറിയപ്പെട്ടുതുടങ്ങിയതെങ്കിലും സിറിയായിലെ അപാമേയായിൽ ആരംഭിച്ച പഠനകേന്ദ്രത്തിലൂടെ സ്വന്തമായ ചിന്താസരണിക്കു തുടക്കം കുറിച്ചു. കേവലം താത്വിക ചിന്തയിലൂടെ പൂർണ്ണമായ അവബോധം ആർജ്ജിക്കാനാവില്ലെന്നും അതിനായി ദൈവിക കർമ്മവിധികൾ അനുഷ്ഠിക്കണമെന്നും ഇയാംബ്ലിക്കൂസ് വാദിച്ചു. പ്ലൊട്ടീനസിന്റെ "ഏകത്വം"എന്ന വാദത്തെ ഖണ്ഡിച്ചുകൊണ്ട് രണ്ടുതരം ഏകത്വങ്ങളെ ഇയാംബ്ലിക്കൂസ് അവതരിപ്പിച്ചു. പൂർണ്ണമായും അതീന്ദ്രിയമായ ഏകത്വവും സൃഷ്ടി നടത്തുന്ന അന്തർയാമിയായ ഏകത്വവും. എന്നാൽ ദൈവത്തിന്റെ ഏകത്വം എന്ന ആശയം ഇയാബ്ലിക്കൂസ് അംഗീകരിക്കുന്നില്ല. പരമ്പരാഗത ദൈവങ്ങൾക്കെല്ലാം സ്ഥാനമുള്ള ഒരു അതിഭൗതിക ഘടനയാണ് ഇദ്ദേഹം അവതരിപ്പിച്ചത്.

3. ഏഥൻസിലെ പഠനകേന്ദ്രത്തിന്റെ ഉപജ്ഞാതാവ് പ്ലൂട്ടാർക്ക് ആയിരുന്നു. എ.ഡി 432ൽ മരിച്ച പ്ലൂട്ടാർക്കും സിറിയാന്തസും (370-437) പ്രൊക്ലിയൂസും (412-485) ചേർന്നതാണ് ഈ പഠനകേന്ദ്രം. ദൈവികതയുടെ വിവിധ പരിണാമതലങ്ങളെ നിർണ്ണയിച്ച ഇവരുടെ ചിന്താധാരകളുടെ സമാഹാരം പ്രൊക്ലിയൂസിന്റെ "ദൈവശാസ്ത്ര പ്രവേശികയിൽ"(Elements of Theology) അവതരിപ്പിക്കുന്നുണ്ട്. പിൽക്കാലത്ത് ഹേഗലിന്റെ ചിന്തകൾക്ക് ആധാരമായത് ഈ ഗ്രന്ഥമാണ്.

ക്രിസ്ത്യൻ ദൈവശാസ്ത്രത്തെ സാരമായി സ്വാധീനിച്ച ചിന്തകനാണ് പ്ലേറ്റോ. ഈശോയുടെ അധരങ്ങളിൽ നിന്നു പുറപ്പെട്ട തിരുവചനങ്ങൾക്ക് ഗ്രീക്കുതത്വചിന്തയുടെ സ്വാധീനമില്ലായിരുന്നു എന്നത് അസന്ദിഗ്ധമാണ്. എന്നാൽ ക്രിസ്തീയ ദൈവശാസ്ത്രം

അതിന്റെ പ്രാരംഭദശമുതൽ ഗ്രീക്ക് തത്വചിന്തയുടെ സ്വാധീനവല യത്തിലായിരുന്നു. പ്ലേറ്റോണിക് ചിന്ത ക്രിസ്തീയതയെ സ്വാധീ നിച്ച മേഖലകളെക്കുറിച്ചുള്ള വിചിന്തനം പ്രസക്തമാണ്.

1. ആത്മാവും ശരീരവും തമ്മിൽ പ്ലേറ്റോ നടത്തുന്ന വിഭജനം ക്രിസ്ത്യൻ ആത്മീയവീക്ഷണത്തെ സ്വാധീനിച്ചിട്ടുണ്ട്. ആത്മാവ് കൂടുതലായും നന്മയുടെ പക്ഷത്തും ശരീരം തിന്മയുടെ പക്ഷത്തു മാണെന്ന ചിന്താഗതി ക്രിസ്തീയചിന്തകൾക്ക് ഏറെ പ്രിയതരമാ യിരുന്നു. തന്മൂലം രക്തസാക്ഷിയായ വി. ജസ്റ്റിനെപ്പോലുള്ളവർ പ്ലേറ്റോണിക് ചിന്തകരെ ക്രിസ്തീയതയുടെ പ്രാക് രൂപങ്ങളായാണ് മനസ്സിലാക്കിയിരുന്നത്.

2. ആശയരൂപങ്ങളുടെ ലോകത്തെക്കുറിച്ച് പ്ലേറ്റോ കണ്ട സ്വപ്ന ങ്ങളും അവയെക്കുറിച്ചുള്ള വിചിന്തനങ്ങളും ക്രൈസ്തവകാഴ്ച പ്പാടിലെ "സ്വർഗ്ഗം" എന്ന വിശ്വാസത്തെ വിശദീകരിക്കാൻ ഏറെ സഹായകമായിരുന്നു. ഈ ഭൂമിയിലുള്ളവയുടെ ക്ഷണിക സ്വഭാവം സ്വർഗ്ഗത്തിൽ ഇല്ലാതാവുന്നു. സർവ്വപൂർണ്ണതയുടെയും ആവാസ മായ ആശയലോകവും ക്രൈസ്തവ കാഴ്ചപ്പാടിലെ സ്വർഗ്ഗവും ആഖ്യാനപരമായി ഏറെ സാമ്യമുള്ളവയാണ്.

3. ലോകത്തിന്റെ ക്ഷണികതയും മായികസ്വഭാവവും പ്രലോഭന ശൈലിയും അവതരിപ്പിക്കുന്ന പ്ലേറ്റോ നന്മ തിന്മയുടെ വേർതിരി വിന്റെ മാനദണ്ഡമായി കരുതുന്നത് ദൈവികജ്ഞാനത്തെയാണ്. സകല നന്മയുടെയും അടിസ്ഥാനം ദൈവമാണ് എന്ന ചിന്തയിൽ പ്ലേറ്റോയും ക്രിസ്തീയചിന്തയും ഒരുമിക്കുന്നുണ്ട്.

4. മനുഷ്യന്റെ നന്മകൾ എത്രമേൽ ഉദാത്തമാണെങ്കിലും അവ സമ്പൂർണ്ണ നന്മയല്ല; ദൈവികനന്മയുടെ പ്രതിഫലനം മാത്രമാണ് എന്ന കാഴ്ചപ്പാടിലും പ്ലേറ്റോയ്ക്കും ക്രിസ്തീയ ചിന്തയ്ക്കും സമാ നതകളുണ്ട്.

എന്നാൽ പ്ലേറ്റോണിക് ചിന്താഗതിയും ക്രൈസ്തവചിന്തയും തമ്മിൽ ചില അടിസ്ഥാനവ്യത്യാസങ്ങളുണ്ട്. നന്മയുടെ രൂപം/ ദൈവം പൂർണ്ണമായും പ്രകൃത്യാതീതനാണ് (transcendental) എന്ന് പ്ലേറ്റോ വാദിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പ്രപഞ്ചത്തിലെ യാതൊന്നിനോടും യാതൊരുവിധത്തിലുള്ള ബന്ധവും അതിനു സാധ്യമല്ല. എന്നാൽ ക്രിസ്തീയ കാഴ്ചപ്പാടിലെ ദൈവം പ്രപഞ്ചാ തീതനാണെങ്കിലും അവിടുന്ന് പ്രപഞ്ചത്തിലെ നിറസാന്നിധ്യമാണ് (immanence) പ്രപഞ്ചത്തിലെ ഓരോ അസ്ഥിത്വങ്ങളെയും പരിപാ ലിക്കുന്ന (Providence) ക്രിസ്തീയ ദൈവസങ്കല്പം പ്ലേറ്റോയ്ക്ക്





അന്യമാണ്. അതിനാൽ തന്നെ ദൈവത്തെ തികച്ചും വ്യക്തിയായി കരുതുന്ന (Personal God) ക്രിസ്തീയ ചിന്ത പ്ലേറ്റോയുടെ ആശയ പരമായ ദൈവത്തിൽ നിന്ന് (impersonal) ഏറെ വ്യത്യസ്തമാണ്.

## അഗസ്തീനോസിന്റെ താത്വിക ദൈവചിന്തകൾ

ഹിപ്പോയിലെ വി. അഗസ്റ്റിൻ (354–430) തന്റെ താത്വിക ദൈവ ചിന്തകൾക്ക് ആധാരമാക്കുന്നത് നെയോപ്ലേറ്റോണിസത്തിന്റെ ചിന്താധാരകളെയാണ്. നെയോപ്ലാറ്റോണിസത്തിന്റെ പ്രണേതാക്ക ളായ പ്ലൊട്ടീനസത്തിന്റെയും പോർഫെറിയുടെയും രചനകൾ (Enneads) അഗസ്റ്റിനെ സാരമായി സ്വാധീനിച്ചിട്ടുണ്ട് (Conf. 1.18.28).

പ്ലേറ്റോണിക് ചിന്തയിൽ, അനശ്ചിതവും അനുസ്യൂതവുമായ മാറ്റ ത്തിനു വിധേയവുമായ ഇന്ദ്രിയലോകം മാറ്റമില്ലാത്തതും സുനശ്ചി തവുമായ ബൗദ്ധികലോകത്തിന്റെ വൈരുദ്ധ്യമാണ്. എല്ലാറ്റിനും ഉപരിയായസത്തയെ പ്ലേറ്റോ ഏകം (one) എന്നുവിളിച്ചു. മറ്റെല്ലാ സത്തകളും ഉത്ഭവിക്കുന്നത് ഈ പരമസത്തയിൽ നിന്നാണ്. ഏക ത്തോടടുത്ത വലയത്തിലെ സത്തകൾ കൂടുതൽ ഐക്യത്തിൽ നില കൊള്ളുമ്പോൾ വലയങ്ങൾ അകലുംതോറും ഭിന്നതകളും വൈരു ധ്യങ്ങളും വർദ്ധമാനമാകുന്നു. സത്തയുടെ ഏറ്റവും ബാഹ്യവലയ മാണ് ഭൗതികലോകം. അതുകൊണ്ടുതന്നെ അവയിൽ ഭിന്നതയും വൈരുധ്യവും ഏറെയുണ്ട്. ഭിന്നിക്കാനും അകലാനുമുള്ള പ്രവണത ഈ തലത്തിൽ അധികമായുണ്ടുതാനും. ഈ പ്രവണതയുടെ അന്ത്യം ശൂന്യതയിലാണ്. എന്നാൽ ഭൗതികലോകത്തെ മനുഷ്യമനസ്സ് ഏക വുമായുള്ള ബന്ധം നഷ്ടപ്പെടുത്താതെ സൂക്ഷിക്കാൻ കഴിവുള്ള താകയാൽ മനുഷ്യമനസ്സിന് കൂട്ടായ്മയിലേക്കും ഐക്യത്തിലേക്കും പ്രപഞ്ചത്തെ വീണ്ടും നയിക്കാൻ കഴിയും.

മേൽപറഞ്ഞ പ്ലേറ്റോണിക് പ്രപഞ്ചവീക്ഷണത്തിൽ മനിക്കേയി സത്തെ പ്രതിരോധിക്കാനുള്ള താത്വികപ്രതലം അഗസ്റ്റിൻ കണ്ടെ ത്തി. തിന്മ പദാർത്ഥപരമാണെന്ന മാനിക്കേയൻ ചിന്തയെ ഖണ്ഡി ച്ചുകൊണ്ട് തിന്മ എന്നത് പരമസത്തയിൽ നിന്നുള്ള അകൽച്ചമാ ത്രമാണ് എന്ന് അഗസ്റ്റിൻ വാദിച്ചു. പരമസത്തയിൽ നിന്നുള്ള പരി പൂർണ്ണ അകലം ശൂന്യതയ്ക്കു തുല്യമാണ്. ദൈവത്തെ പദാർത്ഥ പരമായി വ്യാഖ്യാനിക്കുന്ന മനിക്കേയൻ ചിന്തയുടെ അപകടം മന സ്സിലാക്കി ദൈവം അരൂപിയാണെന്നു ബോധ്യപ്പെടാനും പ്ലേറ്റോ ണിക് ചിന്ത സഹായകമായി. ദൃശ്യലോകം പൂർണ്ണമായും സത്താ പരമായും പാപമയമല്ലെന്നും ഗ്രഹിക്കാനും ദൃശ്യലോകത്തിന് ആദി മഐക്യത്തിലേക്കു തിരിച്ചുപോകാൻ കഴിയുമെന്നുമുള്ള

പ്ലേറ്റോയുടെ ചിന്തകൾ അഗസ്റ്റീനിയൻ ദൈവശാസ്ത്രചിന്തകൾക്ക് അടിത്തറപാകി.

അഗസ്റ്റീനിയൻ മനുഷ്യദർശനവും പ്ലേറ്റോണിക് ചിന്തയിൽ അധിഷ്ഠിതമായിരുന്നു. മനുഷ്യൻ ശരീരവും മനസ്സും ചേർന്ന ദ്വന്ദ്വസത്തയാണ്. ആത്മാവ് ഉപരിസത്തയാകയാൽ ആത്മാവിന്റെ നിയന്ത്രണത്തിലാണ് ശരീരം കഴിയേണ്ടത് (Contra. Mani 2.11). ആത്മാവ് ശരീരത്തിന്റെ തടവറയിലാണെന്ന പ്ലേറ്റോണിക് ചിന്തയെ തിരുത്തി ആത്മശരീരങ്ങളുടെ ഐക്യത്തെയും സമഗ്രതയെയും അഗസ്റ്റിൻ ഊന്നിപ്പറയുന്നു എന്നത് ശ്രദ്ധേയമാണ്. ആത്മാവിനെ ദൈവവുമായോ പദാർത്ഥവുമായോ താരതമ്യപ്പെടുത്താനാവില്ല എന്നു വാദിക്കുന്ന അഗസ്റ്റിൻ ആത്മാവിന്റെ ഉത്ഭവം വിവരിക്കുന്നതിൽ സന്ദിഗ്ധനായിരുന്നു. നാലു നിർദ്ദേശങ്ങൾ അദ്ദേഹം മുന്നോട്ടു വയ്ക്കുന്നുണ്ട് (De Libro Arbi : 3).

1. ശരീരത്തെ നിയന്ത്രിക്കാൻ ദൈവം ശരീരത്തിനു മുൻപേ നിലനിന്നിരുന്ന ആത്മാവിനെ നിയോഗിക്കുന്നു.

2. ആത്മാവ് അതിനു ചേർന്ന ശരീരം സ്വയമേ തിരഞ്ഞെടുക്കുന്നു. എന്നാൽ ആത്മാവിന്റെ ഇത്തരം താൻപോരിമ പാപമാണെന്ന് പിൽക്കാലരചനകളിൽ (Letter 166.27) അദ്ദേഹം സമർത്ഥിക്കുന്നുണ്ട്.

3. എല്ലാ ആത്മാക്കളും ആദാമിന്റെ ആത്മാവിൽ നിന്ന് തനിക്കുയോജിച്ച ശരീരത്തോടെ പിറക്കുന്നു (traducianism) അതിനാൽ എല്ലാ ആത്മാക്കൾക്കും മുൻതലമുറകളോടും പിൻതലമുറകളോടും ബന്ധമുണ്ട്.

4. ഓരോ ശരീരത്തിനും ചേർന്ന ആത്മാവിനെ ദൈവം നേരിട്ട് സൃഷ്ടിച്ച് മനുഷ്യനിൽ നിക്ഷേപിക്കുന്നു. ഈ വീക്ഷണമനുസരിച്ച് ദൈവവും മനുഷ്യാത്മാവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്.

ഇവയിൽ നാലാമത്തെ നിലപാടാണ് പിന്നീട് കത്തോലിക്ക സഭയുടെ ഔദ്യോഗിക നിലപാടായി മാറിയത്.



# 05

## അരിസ്റ്റോട്ടിലിന്റെ കാര്യകാരണ സിദ്ധാന്തവും കാറ്റഗറികളും

മാസിഡോണിയൻ നഗരമായ സ്താഗിരൂസിൽ ബി.സി.384ൽ ജനിച്ച അരിസ്റ്റോട്ടിൽ പതിനെട്ടാമത്തെ വയസ്സുമുതൽ ആഥൻസിൽ പ്ലേറ്റോയുടെ ശിഷ്യനായിരുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ ഗുരുവായിരുന്ന തിനാൽ അരിസ്റ്റോട്ടിലിന്റെ പഠനങ്ങളും പ്രബോധന ങ്ങളും ഏറെ പ്രചാരം നേടി. യൂറോപ്യൻ താത്വിക ചിന്താസരണിയുടെ പിതാവായി കരുതപ്പെടുന്ന അരിസ്റ്റോട്ടിൽ തന്റെ ഗുരുവായ പ്ലേറ്റോയുടെ ചിന്തയിൽനിന്ന് വേറിട്ടു സഞ്ചരിച്ചിരുന്നവനാണ്. ഇവരുടെ ചിന്താസരണിയിലെ പ്രധാന വ്യത്യാസ ങ്ങൾ താഴെപ്പറയുന്നവയാണ്.

**(1)** പ്രപഞ്ചവും ഒറ്റപ്പെട്ട അസ്തിത്വങ്ങളും തമ്മിലുള്ള വ്യത്യാസത്തെ മനസ്സിലാക്കുന്നതിൽ ഇവർ തമ്മിൽ വ്യത്യാസമുണ്ടായിരുന്നു. പ്ലേറ്റോയ്ക്ക് പ്രപഞ്ചമെന്നത് ഒറ്റപ്പെട്ട അസ്തിത്വങ്ങളുമായി ബന്ധമില്ലാത്തതികച്ചും സർവ്വാതിശായിയായ (transcendental) ആശയങ്ങളുടെ ലോകമായിരുന്നു. എന്നാൽ അരിസ്റ്റോട്ടിലി

ന്റെ പ്രപഞ്ചവീക്ഷണം ഒറ്റപ്പെട്ട അസ്തിത്വങ്ങളുടെ സമാഹാരം എന്ന നിലയിലായിരുന്നു.

**(2)** അറിവും നന്മയും (aretes) തമ്മിലുളള വ്യത്യാസത്തെ വിശദീകരിക്കുന്നതിലും ഈ രണ്ടു ചിന്തകർ തമ്മിൽ വ്യത്യാസമുണ്ട്. പ്ലേറ്റോയുടെ വീക്ഷണമനുസരിച്ച് നന്മ അറിയുന്നതും നന്മ പ്രവർത്തിക്കുന്നതും ഒന്നുതന്നെയാണ്. എല്ലാ നന്മയെയും അറിവ് എന്ന യാഥാർത്ഥ്യത്തിൽ പ്ലേറ്റോ കേന്ദ്രീകരിച്ചു. അറിവുള്ളവൻ സകലനന്മയുടെയും ഉടമയാണെന്ന് പ്ലേറ്റോ വാദിച്ചു. ഈ അറിവുമാത്രമാണ് സന്തോഷത്തിനാവശ്യമായിട്ടുള്ളതെന്നും പ്ലേറ്റോ കരുതുന്നു. എന്നാൽ അരിസ്റ്റോട്ടിലിന്റെ വീക്ഷണത്തിൽ നന്മ അറിയുന്നവനല്ല നന്മ പ്രവർത്തിക്കുന്നവനാണ് (habituate) നല്ലവൻ. വിജ്ഞാനം നന്മയാണെങ്കിലും വിജ്ഞാനത്തിൽ മറ്റെല്ലാനന്മകളുമുണ്ടെന്ന പ്ലേറ്റോണിക് ചിന്തയെ അരിസ്റ്റോട്ടിൽ അംഗീകരിക്കുന്നില്ല. നന്മയുള്ളവരെല്ലാം സന്തുഷ്ടരാണ് എന്ന വാദത്തെയും അരിസ്റ്റോട്ടിൽ സ്വീകരിക്കുന്നില്ല.

**(3)** മനുഷ്യാത്മാവിനെക്കുറിച്ചുള്ള വീക്ഷണത്തിലും ഇവർ തമ്മിൽ വ്യത്യസ്തചിന്താഗതിക്കാരായിരുന്നു. ശരീരത്തിന്റെ തടവറയിൽ പ്പെട്ടുപോയ ആത്മാവ് അതിന്റെ മോചനം തേടി ശരീരങ്ങളിൽനിന്ന് ശരീരങ്ങളിലേക്കു പാലായനം (transmigration) ചെയ്യുന്നതായി പ്ലേറ്റോ കരുതുന്നു. അറിവിന്റെയും ബുദ്ധിയുടെയും ഉറവിടമായി പ്ലേറ്റോ ആത്മാവിനെയാണു കരുതിയത്. എന്നാൽ അരിസ്റ്റോട്ടിലിന്റെ വീക്ഷണത്തിൽ, മനുഷ്യാത്മാവ് മോചനം തേടുന്ന തടവറവാസിയല്ല. ആത്മാവിന്റെ ബുദ്ധിയെ സർഗ്ഗാത്മകമെന്നും (creative) അസർഗ്ഗാത്മകമെന്നും (passive) അരിസ്റ്റോട്ടിൽ വേർതിരിച്ചു. അസർഗ്ഗാത്മക ബുദ്ധി ശരീരത്തിന്റെ മരണത്തോടെ അവസാനിക്കുമ്പോൾ സർഗ്ഗാത്മകബുദ്ധി മരണശേഷം ആത്മാവോടൊത്ത് "ദൈവത്തിൽ" (സർവ്വനിയന്താവിൽ, ആദികാരണത്തിൽ) എത്തിച്ചേരുന്നു.

അരിസ്റ്റോട്ടിലിന്റെ ചിന്തകളിൽ ക്രിസ്തീയ ദൈവശാസ്ത്ര പഠനത്തെ സ്വാധീനിച്ചിട്ടുള്ള രണ്ടു പ്രധാനചിന്തകൾ അദ്ദേഹത്തിന്റെ കാര്യകാരണ സിദ്ധാന്തവും ഉൺമയുടെ വർഗ്ഗീകരണവും (categories) ആണ്. ഇവയെക്കുറിച്ചാണ് തുടർന്നു പ്രതിപാദിക്കുന്നത്.





## കാര്യകാരണ സിദ്ധാന്തം

കാര്യകാരണ സിദ്ധാന്തത്തിന്റെ പ്രാഗ്‌രൂപങ്ങൾ നിലവിലുണ്ടായിരുന്നെങ്കിലും ഇതിനെ നിയതമായി ഒരു സിദ്ധാന്തമായി അവതരിപ്പിച്ചത് അരിസ്റ്റോട്ടിലാണ്. അദ്ദേഹത്തിന്റെ ഭൗതികശാസ്ത്രം (Physics 2.3) അതിഭൗതികശാസ്ത്രം (Metaphysics 5.2) എന്നീ ഗ്രന്ഥങ്ങളിലാണ് ഈ സിദ്ധാന്തം അവതരിപ്പിക്കുന്നത്.

### നാലു കാരണങ്ങൾ

വസ്തുക്കളുടെയും വസ്തുതകളുടെയും കാരണം ഗ്രഹിക്കുമ്പോഴാണ് അറിവ് പൂർണ്ണമാകുന്നത്. കാരണം അറിയുംവരെ അറിവ് അപൂർണ്ണമാണ്. കാരണത്തെക്കുറിച്ചുള്ള അന്വേഷണം മനുഷ്യനെ നാല് ഉത്തരങ്ങളിലെത്തിക്കുന്നതായി അരിസ്റ്റോട്ടിൽ കണ്ടെത്തി.

1. പദാർത്ഥകാരണം (Material Cause) - ഒരു വസ്തു നിർമ്മിക്കാനുപയോഗിച്ച പദാർത്ഥത്തെയാണ് കാരണം എന്നു വിളിക്കുന്നത്. ഉദാഹരണമായി പിത്തളകൊണ്ടുള്ള ഒരു പ്രതിമയുടെ പദാർത്ഥ കാരണം പിത്തളയാണ്. മരം കൊണ്ടുള്ള മേശയുടെ പദാർത്ഥകാരണം മരവുമാണ്.

2. രൂപകാരണം (Formal Cause) ഏതൊരുവസ്തുവും പ്രസ്തുത അവസ്ഥയിൽ ആയിരിക്കുന്നതിന് കാരണമായിരിക്കുന്ന അതിന്റെ രൂപത്തെയാണ് രൂപകാരണം എന്നു പറയുന്നത്. ഉദാഹരണമായി പ്രതിമയുടെ രൂപം, മേശയുടെ രൂപം.

3. പ്രവർത്തക കാരണം (Efficent Cause) - ഏതൊരു വസ്തുവും ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ എത്തിച്ചേരാനായി പ്രവർത്തിച്ച കാരണത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത്.

ഉദാഹരണമായി പ്രതിമയുടെ പ്രവർത്തക കാരണം ശില്പിയും മേശയുടേത് ആശാരിയുമാണ്. ഏതെങ്കിലും വ്യക്തിയെ എന്നതിനേക്കാൾ പ്രസ്തുത പ്രവൃത്തിക്ക് വ്യക്തിയെ പര്യാപ്തനാക്കുന്ന കഴിവിനെയാണ് ഇവിടെ വിവക്ഷിക്കുന്നത്. ഈ കഴിവ് ആർജ്ജിക്കുന്നതിലും പ്രയോഗിക്കുന്നതിലും വ്യക്തികൾക്കുള്ള തനിമയും സ്വാതന്ത്ര്യവും അരിസ്റ്റോട്ടിൽ അംഗീകരിക്കുന്നുണ്ട്.

4. ലക്ഷ്യകാരണം (Final Cause) - ഏതൊരു ലക്ഷ്യത്തിനുവേണ്ടി ഒരു വസ്തുവിനെ നിർമ്മിക്കുന്നുവോ അതാണ് ലക്ഷ്യകാരണം . ഉദാഹരണമായി പ്രതിമയെ നാൽക്കവലയിൽ പ്രതിഷ്ഠിക്കുക എന്ന

ലക്ഷ്യത്തോടെയും മേശയെ ഭക്ഷണശാലയിലെ ഉപയോഗത്തിനു മായി നിർമ്മിച്ചിരിക്കുന്നതിനാൽ അവയുടെ ലക്ഷ്യകാരണങ്ങളും മറ്റൊന്നല്ല.

മേൽപറഞ്ഞ കാര്യകാരണസിദ്ധാന്തം ലക്ഷ്യകേന്ദ്രീകൃതമാ ണെന്ന് (Teleogical) അരിസ്റ്റോട്ടിൽ കരുതുന്നു. ലക്ഷ്യമാണ് മറ്റു കാരണങ്ങളുടെ ഗതിവിഗതികളെ നിർണ്ണയിക്കുന്നത്.

ഭൗതികവും അതിഭൗതികവുമായ യാഥാർത്ഥ്യങ്ങളെ വിശദീക രിക്കുവാൻ സഹായകമെന്ന നിലയിൽ അരിസ്റ്റോട്ടിൽ അവതരി പ്പിച്ച ഈ സിദ്ധാന്തം ക്രൈസ്തവ ദൈവശാസ്ത്രത്തിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അടിസ്ഥാനപരമായ ചോദ്യങ്ങളുടെ ഉത്തരമെന്ന നിലയിലാണ് അരിസ്റ്റോട്ടിൽ തന്റെ സിദ്ധാന്തം അവ തരിപ്പിക്കുന്നത്.

| | | |
|---|---|---|
| എന്തുകൊണ്ട്? | = | പദാർത്ഥകാരണം |
| എന്താണ് | = | രൂപകാരണം |
| ആര്/എന്ത് മൂലം | = | പ്രവർത്തക കാരണം |
| എന്തിനുവേണ്ടി | = | ലക്ഷ്യകാരണം. |

## അരിസ്റ്റോട്ടിലിന്റെ വിഭാഗീകരണങ്ങൾ അഥവാ കാറ്റഗറികൾ

പദങ്ങൾ പര്യായപദങ്ങളായും (synonyms) സമാനർത്ഥങ്ങളായും (homonyms) അനുബന്ധാർത്ഥങ്ങളായും (paronyms) മനസ്സിലാ ക്കാനാകുമെന്ന് അരിസ്റ്റോട്ടിൽ നിരീക്ഷിക്കുന്നു. പദങ്ങൾ ഒറ്റപ്പെട്ടു നിൽക്കുന്നവയും (ഉദാ -മനുഷ്യൻ, പശു....) സംയുക്തപ്രസ്താവ നകളായി (മനുഷ്യൻ അമർത്യനാണ്, പശു പാലുതരുന്നു) നില കൊള്ളുന്നവയുണ്ട്. സംയുക്ത പ്രസ്താവനകൾ മാത്രമേ ശരി - തെറ്റുകളുടെ വിവേചനത്തിനു വിധേയമാകുന്നുള്ളൂ. സംയുക്ത പ്രസ്താവനകൾ രണ്ടു വിധത്തിലുണ്ട്. പരാമർശിക്കപ്പെടുന്ന വസ്തുവിനെക്കുറിച്ചുള്ളതും പരാമർശിക്കപ്പെടുന്ന വസ്തുവിലു ള്ളതും.

ഉദാഹരണമായി - തോമസ് ഒരു മനുഷ്യനാണ്
- തോമസ് ഒരു ഡോക്ടറാണ്.

ഈ രണ്ടു വാക്യങ്ങളിൽ ഒന്നാമത്തേത് തോമസിലുള്ള തോമ സിന്റെ സത്തയെ വെളിപ്പെടുത്തുന്ന പ്രസ്താവനയാണെങ്കിൽ രണ്ടാമത്തേത് തോമസിന്റെ കേവലമായൊരു വിശേഷണമാണ്. അന്തസത്തയും വിശേഷണവും തമ്മിലുള്ള പാരസ്പര്യത്തെ അരി സ്റ്റോട്ടിൽ നാലു തരത്തിൽ വിശദീകരിക്കുന്നുണ്ട്.





1. പദാർത്ഥങ്ങളെക്കുറിച്ചു പറയാവുന്നതും എന്നാൽ പദാർത്ഥ ത്തിൽ ഇല്ലാത്തതുമായ വസ്തുതകളുണ്ട് (Said of and not present in).

ഉദാഹരണമായി - ജോൺ മനുഷ്യനാണ്
രാമൻ മനുഷ്യനാണ്

ഈ പ്രസ്താവനകളിൽ മനുഷ്യൻ എന്നതു പൊതുവാണ് എന്നാൽ "മനുഷ്യൻ ജോൺ ആണ്" എന്നോ "ജോൺ രാമനാണ്" എന്നോ ഈ പ്രസ്താവനകളിൽനിന്ന് നിരൂപിക്കാനാവില്ല. കാരണം മനുഷ്യൻ എന്ന സത്ത ജോൺ, രാമൻ എന്നീ കർത്താക്കളിൽ (Subjects) ഒതുങ്ങാവുന്നതല്ല.

2. ഒരു പദാർത്ഥത്തെക്കുറിച്ചു പറയാവുന്നവ എല്ലാ പദാർത്ഥ ങ്ങൾക്കും ബാധകമല്ല (Said of not present in)

ഉദാഹരണമായി - തോമസ് ഒരു മനുഷ്യനാണ്
തോമസ് ഒരു ഡോക്ടറാണ്
രാമൻ ഒരു മനുഷ്യനാണ്

മേൽ പറഞ്ഞ വാക്യങ്ങളിൽ തോമസും രാമനും മനുഷ്യരാ ണെന്നതിൽ സത്താപരമായ സാമ്യമുണ്ട്. എന്നാൽ, മനുഷ്യനായ തോമസ് ഡോക്ടറായതിനാൽ മനുഷ്യനായ രാമനും ഡോക്ടറാ ണ് എന്ന നിഗമനത്തിൽ എത്തിച്ചേരാനാവില്ല. കാരണം സത്ത യുടെ ഗുണങ്ങളും വിശേഷങ്ങളും വൈയക്തികമായിത്തന്നെ വേർതിരിക്കപ്പെടണം.

3. ചില വസ്തുക്കളെക്കുറിച്ചു പറയപ്പെടുന്ന പ്രസ്താവനകൾ മറ്റു ചില വസ്തുക്കൾക്കും ബാധകമാകാം ( Said of present in).

ഉദാഹരണമായി - ശാസ്ത്രം സത്യമാണ്
ഗണിതം ശാസ്ത്രമാണ്
ഗണിതം സത്യമാണ്.

4. സത്തയെക്കുറിച്ച് അത് വസ്തുവിൽ ഉണ്ട് എന്നോ വസ്തു വിന്റെ വിശേഷണമാണ് എന്നോ പറയാനാവാത്ത സാഹചര്യമു ണ്ട്. (not said of not present in) ഇപ്രകാരമുള്ള സത്തയാണ്. സത്തയെ വിശേഷിപ്പിക്കാനോ സത്ത എന്തെന്ന് വിശദീകരിക്കു വാനോ ആവാത്ത അവസ്ഥയാണ് അരിസ്റ്റോട്ടിൽ ഇവിടെ വിശേ ഷിപ്പിക്കുന്നത്.

ഒരു സത്തയും ഒൻപതുവിശേഷണങ്ങളും ഉൾപ്പെടുന്ന 10 വിഭാഗങ്ങളാണ് (Categories) അരിസ്റ്റോട്ടിൽ വിഭാവനം ചെയ്യുന്നത്.

1. സത്ത (Ous - essence) - ഏറ്റവും അടിസ്ഥാനപരമായ വിഭാഗം സത്തയാണ്. അരിസ്റ്റോട്ടിലിന്റെ കാഴ്ചപ്പാടിൽ പ്രാഥമികസത്തയും ദ്വിതീയസത്തയുമുണ്ട്. പ്രാഥമികസത്ത എന്നതിലൂടെ പ്രത്യേകമായ അസ്ഥിത്വങ്ങളെയാണ് വിവക്ഷിക്കുന്നത്. (ഉദാ- ഈ മരം, ആ മനുഷ്യൻ.....) എന്നാൽ ദ്വിതീയ സത്ത എന്നതിലൂടെ സാർവ്വത്രികമായ അസ്ഥിത്വങ്ങളെയാണ് വിശേഷിപ്പിക്കുന്നത്.

ഉദാഹരണമായി - തോമസ് ഒരു മനുഷ്യനാണ്

ഈ പ്രസ്താവനയിൽ തോമസ് എന്നത് പ്രാഥമികസത്തയും മനുഷ്യൻ എന്നത് ദ്വിതീയസത്തയുമാണ്. ദ്വിതീയ സത്തകളെ പല തായി അരിസ്റ്റോട്ടിൽ വർഗ്ഗീകരിച്ചിട്ടുണ്ട്.

1. അചഞ്ചലമായ സത്തകൾ - അചഞ്ചലമായ നിയന്താവ് (Unmoved move)
2. ചലിക്കുന്ന സത്തകൾ - ശരീരം
   നിത്യമായി ചലിക്കുന്ന സത്തകൾ - ആകാശഗോളങ്ങൾ
   അനിത്യമായി ചലിക്കുന്നവ - നശിച്ചു പോകുന്ന വസ്തുക്കൾ
3. ആത്മാവുള്ളതും ചലിക്കുന്നതും നശിക്കുന്നതുമായവ - ജീവജാലങ്ങൾ
   ആത്മാവില്ലാത്തതും ചലിക്കുന്നതും നശിക്കുന്നതുമായവ - മൂലകങ്ങൾ
4. ആത്മാവുള്ളതും തിരിച്ചറിവില്ലാത്ത സത്തകൾ - സസ്യങ്ങൾ
   ആത്മാവുള്ളതും തിരിച്ചറിവുള്ളതുമായ സത്തകൾ - ജന്തുജാലങ്ങൾ
5. ബുദ്ധിയുള്ള സത്തകൾ - മനുഷ്യൻ
   ബുദ്ധിയില്ലാത്ത സത്തകൾ - മനുഷ്യരല്ലാത്ത ജീവജാലങ്ങൾ
   മേൽ പറഞ്ഞവയെല്ലാം സാർവ്വത്രിക വിഭാഗത്തിൽപെടുന്ന സത്തകളാണ്.

2. അളവ് (Poson - quantity) - സത്തയെക്കുറിച്ചുള്ള സകല പ്രസ്താവനകളിലും അളവ് പ്രാധാന്യമർഹിക്കുന്നതാണ്. പൊക്കം, തൂക്കം, വണ്ണം, നീളം, വീതി, ആഴം തുടങ്ങിയവയെല്ലാം അളവിന്റെ പരിധിയിൽപ്പെടുന്നു. വരകൾ, പ്രതലം, സമയം, സംഖ്യകൾ തുടങ്ങിയവയെല്ലാം അളവിന്റെ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. ഗണിതശാസ്ത്രത്തിന്റെ ഊടും പാവുമായി വർത്തിക്കുന്നത് ഈ കാറ്റഗറിയാണ്. ഭൗതികമായ അസ്ഥിത്വമുള്ളവയെല്ലാം അളവിലും തൂക്കത്തിലുമുള്ളവയാകയാൽ ഈ വിഭാഗീകരണം ഏറെ പ്രാധാന്യമുള്ളതാണ്.





3. ബന്ധം (Pros - relation) - പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്ന സത്താപരമായ അവസ്ഥയാണ് ബന്ധം എന്നതിലൂടെ വിവക്ഷിക്കുന്നത്. ഉദാഹരണമായി ഇരട്ടകൾ, പകുതി, വലുത്, യജമാനൻ, അറിവ് ......

4. ഗുണം ( Poion - quality)-സത്തയുടെ സ്വഭാവത്തെയും പ്രകൃതിയെയും വിശദീകരിക്കുന്നവയെയാണ് ഗുണം എന്നതിലൂടെ വിശേഷിപ്പിക്കുന്നത്. ഉദാഹരണമായി വെളുത്തത്, കറുത്തത്, ചൂടുള്ളത്, തണുത്തത്, പണ്ഡിതം, പാമരം, മധുരമുള്ളത്, കയ്പുള്ളത്, വളഞ്ഞ്, ഋജുവായത്... മേൽപറഞ്ഞ ഗുണങ്ങൾ കൂടാതെ സത്തയുടെ ശീലങ്ങൾ, മനോഭാവങ്ങൾ, സ്വാഭാവിക കഴിവുകൾ, കഴിവുകേടുകൾ, സ്നേഹിക്കാനുള്ള താൽപര്യങ്ങൾ, ആകൃതി, തുടങ്ങിയവയൊക്കെയും ഗുണത്തിന്റെ പരിധിയിൽപ്പെടുന്നതാണ്.

5. സ്ഥലം (Pou = Place) - ഒരു സത്തയുടെ സ്ഥാനം, പശ്ചാത്തലം എന്നിവയൊക്കെയാണ് ഈ കാറ്റഗറിയിൽ വിശേഷിപ്പിക്കുന്നത്. ഉദാഹരണമായി, വനത്തിൽ, ഭവനത്തിൽ, ചന്തയിൽ .....etc.

6. സമയം (Pote = When) -സത്തയെ സമയവുമായി ബന്ധിപ്പിക്കുന്നതിന് ഈ കാറ്റഗറിയുടെ ആവശ്യമുണ്ട്. (ഉദാഹരണമായി - ഇന്നലെ, നാളെ, കഴിഞ്ഞവർഷം).

ഭൗതികമായ അസ്ഥിത്വങ്ങൾ സമയത്തിലാണ് നിലകൊള്ളുന്നത് എന്നതിനാൽ സമയത്തെ കൂടാതെ പ്രസ്തുത സത്തകളെ മനസ്സിലാക്കാനാകില്ല.

7. സ്ഥിതി (Keisthai - Being in a Position)- ഓരോ സത്തയും നിശ്ചിതമായ അവസ്ഥയിലാണ് സത്ത സ്ഥിതി ചെയ്യുന്നത്. ഒരു പ്രവർത്തിയുടെ പൂർത്തീകരണാവസ്ഥയായും ഇതിനെ മനസ്സിലാക്കാം. ഉദാഹരണമായി ഇരിക്കുന്നു, കിടക്കുന്നു, നിൽക്കുന്നു തുടങ്ങിയവയാണ് സാധാരണ സ്ഥിതികൾ.

8. ഉണ്ടായിരിക്കുക (echein - having) - ഒരു സത്തയോടൊത്തുണ്ടായിരിക്കുന്നവയെ സൂചിപ്പിക്കാനാണ് ഈ കാറ്റഗറിയെ പൊതുവിൽ ഉപയോഗിക്കുന്നത്. (ഉദാ- ഒരു വ്യക്തിയുടെ കൈകൾ, ഒരു വ്യക്തിയുടെ ചെരുപ്പുകൾ-തുടങ്ങിയവ). പ്രസ്തുത കാര്യങ്ങളുടെ അഭാവം സത്തയുടെ ഭാവത്തെ ബാധിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്.

9. പ്രവർത്തിക്കുക (Poiein-Doing) - അധ്വാനത്തിലൂടെ മറ്റൊരു വസ്തുവിലോ പ്രവർത്തകനിൽത്തന്നെയോ മാറ്റം വരുത്തുന്നവയെ സൂചിപ്പിക്കുന്നതാണ് ഈ വിഭാഗീകരണം.

10. സഹിക്കുക (Paschein- to suffer) മറ്റൊരു വസ്തുവിന്റെയോ യാഥാർത്ഥ്യത്തിന്റെ ഫലമായുണ്ടാകുന്ന മാറ്റത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത്. കേവലമായ വൈകാരികസഹനം മാത്രമല്ല എല്ലാ വിധത്തിലുള്ള സഹനങ്ങളും ഇതിന്റെ പരിധിയിൽപ്പെടും.

ഇപ്രകാരമുള്ള വിഭാഗീകരണത്തിലേക്ക് (Categorization) എത്തിച്ചേരാനുള്ള കാരണങ്ങളോ മാർഗ്ഗങ്ങളോ അരിസ്റ്റോട്ടിൽ നിർവചിക്കുന്നില്ല. എന്നാൽ മനുഷ്യ.മനസ്സിലുയരുന്ന അടിസ്ഥാന ചോദ്യങ്ങളുടെ ഉത്തരങ്ങളായി കാറ്റഗറികളെ മനസ്സിലാക്കാവുന്നതാണ്. ചുവടെ ചേർക്കുന്ന പട്ടിക ഇതു വ്യക്തമാക്കുന്നു.

| കാറ്റഗറി | ചോദ്യം | ഗ്രീക്കു പദം | ഉദാഹരണം |
|---|---|---|---|
| സത്ത | എന്താണിത്? (ti esti) | ഊസിയ (Ousia) | മനുഷ്യൻ കുതിര |
| അളവ് | എന്തുമാത്രം | പോസോൻ (Poson) | നാലുമീറ്റർ അഞ്ചുകിലോ.... |
| ഗുണം | എന്തു തരം | പോയിയോൻ (Poion) | വെളുത്തത് പാണ്ഡിത്യമുള്ളത് കറുത്തത് |
| ബന്ധം | എന്തിനോടു ബന്ധപ്പെട്ടിരിക്കുന്നു (Pros ti) | പ്രോസ്തി | പകുതി, ഇരട്ടി, കൂടുതൽ വലുത്... |
| സ്ഥലം | എവിടെ | പൂ (Pou) | വനത്തിൽ, മൈതാനത്തിൽ |
| സമയം | എപ്പോൾ | പോത്തേ (Pote) | ഇന്നലെ കഴിഞ്ഞവർഷം |
| സ്ഥിതി | എപ്രകാരം, സ്ഥിതി ചെയ്യുന്നു | കയ്സ്തായി (Keisthai) | ഇരിക്കുന്നു കിടക്കുന്നു. |
| ഉണ്ടായിരിക്കുക | എന്തുണ്ട്? | എക്കെയ്ൻ (echein) | കൈകാലുകൾ ആയുധം...) |
| പ്രവർത്തിക്കുക | എന്തുചെയ്യുന്നു | പൊയ്യേയ്ൻ (Poiein) | മുറിക്കുന്നു പൊള്ളിക്കുന്നു. |
| സഹനം | എന്ത് അനുഭവിക്കുന്നു | പാസ്കെയ്ൻ (Paschein) | മുറിയുന്നു പൊള്ളുന്നു |





## സ്റ്റോയിസിസം

സിത്തിയുമിലെ സ്സേനോ (366-280) ആണ് സ്റ്റോയിസിസത്തിന്റെ പിതാവായി കരുതപ്പെടുന്നതക്. സ്റ്റോയിക് ചിന്തകളെ സംക്ഷിപ്തമായി ഗ്രഹിക്കാം. "സ്റ്റേവാ പോയ് കിലേ" (Stova poikile) എന്ന പദത്തിൽ നിന്നാണ് സ്റ്റോയിസിസം എന്ന പദം ഉത്ഭവിച്ചത്.

1. പ്രപഞ്ചം എന്ന യാഥാർത്ഥ്യത്തെ ക്രമാനുഗതമായും തെറ്റില്ലാതെയും നയിക്കുന്ന ഒരു തത്വമുണ്ട്. ഇതിനെ ലോഗോസ് എന്ന് വിശേഷിപ്പിക്കാം.

2. അഗ്നിയിൽ നിന്നു രൂപം കൊണ്ട ഈ പ്രപഞ്ചത്തിന്റെ നിയമങ്ങൾ സമൂഹത്തിനും വ്യക്തികൾക്കും ദൈവത്തിനും ഒരുപോലെ ബാധകമാണ്. ആദ്യം രൂപം കൊണ്ട നാലു മൂല പദാർത്ഥങ്ങൾ അഗ്നി, വായു, വെള്ളം മണ്ണ് എന്നിവയായിരുന്നു. അഗ്നിയും വായുവും ചേർന്ന ആത്മാവും, മണ്ണും വെള്ളവും ചേർന്ന് പദാർത്ഥവും രൂപം കൊണ്ടു.

3. പ്രപഞ്ചോല്പത്തിക്കു കാരണമായ അഗ്നിയുടെ ജനകീയ നാമങ്ങളാണ് വിവിധ ദൈവങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്.

4. പ്രപഞ്ചത്തിന്റെ ഭാവിയെക്കുറിച്ച് തികച്ചും ഭാവാത്മകമായി ചിന്തിച്ച സ്റ്റോയിക് ചിന്തകൻ പ്രപഞ്ച നന്മയ്ക്കു വിരുദ്ധമായ പ്രശ്നങ്ങൾക്ക് (തിന്മയുടെ ഉത്ഭവം, മനുഷ്യന്റെ വികാരങ്ങളും തിന്മകളും, മനുഷ്യ സ്വാതന്ത്ര്യവും മുൻവിധിയും തമ്മിലുള്ള വൈരുദ്ധ്യം തുടങ്ങിയവ.) ഉത്തരം കണ്ടെത്താൻ കഠിനമായ താത്വിക വിശകലനം നടത്തുന്നുണ്ട്.

5. തത്വചിന്തയെ കേവലം ബൗദ്ധികവ്യാപാരമായി മാത്രം കരുതാതെ ജീവിതശൈലി (askesis) യായിട്ടാണ് സ്റ്റോയിസിസം കരുതുന്നത്.

# 06

## പാഠശാലാ (സ്കൊളാസ്റ്റിക്) തത്വചിന്ത

ആദിമസഭയിൽ, വിശിഷ്യാ സഭാപിതാക്കന്മാരുടെ കാലത്ത് വ്യത്യസ്തചിന്താസരണികളെയും ബോധനരീതികളെയും "പാഠശാലകൾ" അഥവാ "സ്കൂളുകൾ" എന്നാണ് വിശേഷിപ്പിച്ചിരുന്നത്. അലസാണ്ട്രിയൻ സ്കൂൾ, അന്ത്യോക്യൻ സ്കൂൾ ഏദേസ്സായിലെ സ്കൂൾ.... തുടങ്ങിയ സംജ്ഞകൾ ഈ കാലഘട്ടത്തിൽ ശ്രദ്ധേയങ്ങളായിരുന്നു. ഈ സ്കൂളുകളിലെ പഠനവിഷയങ്ങളിൽ പ്രഥമഗണനീയമായിരുന്നത് തത്വചിന്തയായിരുന്നു. കാലാന്തരത്തിൽ ക്രമീകൃതമായ തത്വചിന്താപഠനത്തിന് സ്കൊളാസ്റ്റിക് (പാഠശാലപരമായ) തത്വചിന്ത എന്ന പേര് ലഭിച്ചു. ഗ്രീക്കുഭാഷയിൽ യഥാർത്ഥ തത്വജ്ഞാനിയെ വിശേഷിപ്പിക്കുവാൻ "സ്കൊളാസ്റ്റിക്കോസ്" എന്ന പദം ഉപയോഗിച്ചിരുന്നതും ഈ പദോല്പത്തിക്കു നിമിത്തമായിട്ടുണ്ടാകാം.

### കാലഘട്ടം

സഭാപിതാക്കന്മാരുടെ കാലഘട്ടത്തിനുശേഷമാണ് സ്കൊളാസ്റ്റിക് തത്വചിന്തയുടെ കാലഘട്ടം ആരംഭി





ക്കുന്നത്. സഭാപിതാവായ വി. ആഗസ്തീനോസിന്റെ ചിന്താസരണിയുൾപ്പെടെയുള്ള സഭാപിതാക്കന്മാരുടെ തത്വചിന്താലോകം പൊതുവെ പ്ലേറ്റോണിക് ചിന്താധാരയോടു വിധേയത്വം പുലർത്തുന്നതായിരുന്നു. എന്നാൽ അരിസ്റ്റോട്ടിലിന്റെ ചിന്താധാരയ്ക്കാണ് സ്കൊളാസ്റ്റിക് കാലഘട്ടത്തിൽ പ്രാമാണ്യം ലഭിച്ചത്.

ദൈവികവെളിപാടിനെ അറിവിന്റെ മാർഗ്ഗമായി അവലംബിച്ച സ്കൊളാസ്റ്റിക് ചിന്തകർ യുക്തിയും വെളിപാടും തമ്മിലുള്ള പാരസ്പര്യത്തെയും വ്യത്യാസങ്ങളെയും വിശദീകരിക്കാൻ ഏറെ പരിശ്രമിച്ചിരുന്നു. സഭാപിതാക്കന്മാരുടെ കാലഘട്ടത്തിൽ, വിശിഷ്യാ വിശ്വാസസംരക്ഷകരായ പിതാക്കന്മാരുടെ കാലഘട്ടത്തിൽതന്നെ യുക്തിയെ വെളിപാടിന്റെ ദാസിയാക്കാനുള്ള ശ്രമം നടന്നിരുന്നു. ഉദാഹരണമായി, പ്ലേറ്റോ ഉൾപ്പെടെയുള്ള സകലജ്ഞാനികളുടെയും താത്വികരുടെയും അറിവ് പ്രപഞ്ചത്തിന്റെ കാരണമായ ലോഗോസിൽ നിന്നുളവായതാണെന്ന് സഭാപിതാക്കന്മാർ വാദിച്ചു. തന്മൂലം താത്വികജ്ഞാനം വെളിപാടിനു വിരുദ്ധമല്ല എന്നു വാദിക്കാൻ ഈ വിശ്വാസസംരക്ഷകർക്കു കഴിഞ്ഞിരുന്നു. കൂടാതെ ഭൗതികവും അതിഭൗതികവുമായ സത്യങ്ങളെ സമന്വയിപ്പിക്കുന്നതിൽ മനുഷ്യബുദ്ധിയുടെ പങ്കിനെക്കുറിച്ചും സഭാപിതാക്കന്മാർ (ഉദാ: ബേസിൽ, ഒരിജൻ, ആഗസ്തീനോസ്....) സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഭൗതികവും അതിഭൗതികതയും തമ്മിലുള്ള അതിർത്തികളെ നിയതമായി നിർണ്ണയിക്കാൻ ഇവർ ശ്രമിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. വിശ്വാസം ബുദ്ധിയെ സഹായിക്കുന്നതായും (Credo ut intelligam) ബുദ്ധി വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതായും (Intelligo ut credam) വി.ആഗസ്തീനോസ് വാദിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

യുക്തിയും വെളിപാടും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ചുള്ള ചിന്ത സാവകാശം തത്വചിന്തയും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വിചിന്തനത്തിന് വഴിമാറി. ഒൻപതാം നൂറ്റാണ്ടിൽ ജോൺ സ്കോട്ടസിന്റെ വീക്ഷണത്തിൽ എല്ലാ സത്യങ്ങളും ദൈവത്തിന്റെ വെളിപാടുകളാണ് (theophanies). തന്മൂലം തത്വചിന്തയെയും ദൈവശാസ്ത്രത്തെയും സംയോജിപ്പിച്ച് ദൈവികചിന്ത (theolosophy) എന്ന ചിന്താസരണിക്ക് ഇദ്ദേഹം രൂപം നൽകി. എന്നാൽ, പന്ത്രണ്ടാം നൂറ്റാണ്ടിൽ പീറ്റർ അബലാർഡാകട്ടെ ദൈവശാസ്ത്രത്തെ യുക്തികൊണ്ടു വിശദീകരിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയത് (rationalist theology) സ്കൊളാസ്റ്റിക് ചിന്താധാരയുടെ മുഖ്യവക്താവായിരുന്ന വി. തോമസ് അകിനാസിന്റെ അഭിപ്രായ

ത്തിൽ തത്വചിന്തയും ദൈവശാസ്ത്രവും പരസ്പരബന്ധമുള്ളതും എന്നാൽ വ്യത്യസ്തങ്ങളുമായ ശാസ്ത്രശാഖകളുമാണ്. യുക്തിയെ അവലംബമാക്കുന്ന തത്വചിന്തയ്ക്ക് ചില സത്യങ്ങളെങ്കിലും (ഉദാ: ദൈവം) അപ്രാപ്യമാണെന്ന് അക്വിനാസ് വാദിച്ചു.

## സ്കൊളാസ്റ്റിക് യുക്തിവാദം

### സ്കൊളാസ്റ്റിക് ചിന്താസരണിയുടെ ഉള്ളടക്കം

ബൊയേത്തിയൂസിന്റെ രചനകളിലൂടെ റോമൻലോകത്ത് പരിചിതമായിരുന്ന അരിസ്റ്റോട്ടിലിന്റെ ചിന്താസമ്പ്രദായത്തെ ക്രിസ്തീയസത്യങ്ങളുടെ വിശകലനത്തിന് ഫലപ്രദമായി ഉപയോഗിച്ചു എന്നതാണ് സ്കൊളാസ്റ്റിക് ചിന്താശൈലിയുടെ പ്രത്യേകത. സ്കൊളാസ്റ്റിക് ചിന്തയുടെ ജ്ഞാനശാസ്ത്രവും താത്വികവലയവും (epistemology and logic) അരിസ്റ്റോട്ടിലിനെ അവലംബമാക്കിയുള്ളതാണ്. സ്കൊളാസ്റ്റിക് ചിന്താശൈലിയിൽ യാഥാർത്ഥ്യവാദത്തിന്റെയും (realism) യുക്തിവാദത്തിന്റെയും (intellectualism) അനുരണനങ്ങളുണ്ട്. മനുഷ്യമനസ്സിനു വെളിയിൽ സാർവ്വത്രികമായ തത്വങ്ങളും (Ideas) വസ്തുതകളുമുണ്ട് എന്ന് അംഗീകരിക്കുന്നതാണ് സ്കൊളാസ്റ്റിക് യാഥാർത്ഥ്യവാദം. സ്കൊളാസ്റ്റിക് യുക്തിവാദമാകട്ടെ അറിവിന്റെ വാതായനമായി ഇന്ദ്രിയജ്ഞാനത്തെ അംഗീകരിക്കുമ്പോഴും ബൗദ്ധികജ്ഞാനം ഇന്ദ്രിയജ്ഞാനത്തിൽ നിന്ന് തലത്തിലും തരത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വാദിക്കുന്നു.

സ്കൊളാസ്റ്റിക് ചിന്തയിൽ പ്ലേറ്റോയുടെ ആന്തരികവാദം (Innatism)പുറംതള്ളപ്പെട്ടു എന്നത് ശ്രദ്ധേയമാണ്. ചില ആശയങ്ങൾ (Ideas) മനുഷ്യമനസ്സിനു വെളിയിൽ അസ്ഥിത്വമില്ലാത്തതാണ് എന്ന പ്ലേറ്റോണിക് ആന്തരികവാദം സ്കൊളാസ്റ്റിക് ചിന്തയിൽ അപ്രസ്ക്തമായി. കൂടാതെ ബൗദ്ധികജ്ഞാനത്തെ ഇന്ദ്രിയജ്ഞാനത്തിന്റെ കേവലം ഉയർന്ന വകഭേദമായി കരുതുന്ന ഇന്ദ്രിയവാദവും (Sensism) സ്കൊളാസ്റ്റിക് ചിന്ത പുറംതള്ളി. സ്കൊളാസ്റ്റിക് പ്രപഞ്ചവീക്ഷണവും അരിസ്റ്റോട്ടിലിന്റെ ചിന്തയെ ആധാരമാക്കിയുള്ളതായിരുന്നു. എല്ലാ വസ്തുക്കൾക്കും പദാർത്ഥവും രൂപവും (Matter and form) ഉണ്ട് എന്ന അരിസ്റ്റോട്ടിലിന്റെ ചിന്തയെയാണ് ഇവർ അവലംബമാക്കിയത്. രൂപം അതിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി നിരന്തരം ശ്രമിക്കുന്നതിനാൽ പ്രപഞ്ചം ലക്ഷ്യോന്മുഖമാണ് (teleological) എന്ന അരിസ്റ്റോട്ടിലിന്റെ കാഴ്ചപ്പാടും ഇവരെ സ്വാധീനിച്ചിരുന്നു. എന്നാൽ പദാർത്ഥങ്ങളല്ലാത്ത അസ്ഥിത്വങ്ങളുണ്ട് (ഉദാ: മാലാഖമാർ) എന്ന വാദത്തിലൂടെ അരിസ്റ്റോട്ടിലിന്റെ ചിന്തയുടെ തനിയാവർത്തകരല്ല എന്ന തനിമ തെളിയിക്കാനും ഇവർക്കു കഴിഞ്ഞിരുന്നു.





മനുഷ്യ സമസ്യയെ വിശദീകരിക്കാൻ സ്കൊളാസ്റ്റിക് ചിന്തകർ ഏറെ പരിശ്രമിച്ചിരുന്നു. മനുഷ്യന്റെ ശാരീരികതലത്തിനപ്പുറം അവനിൽ ആത്മാവുണ്ട് എന്ന് ഇവർ വാദിച്ചു. അഗസ്റ്റീനിയൻ ചിന്താഗതി പുലർത്തിയ സ്കൊളാസ്റ്റിക് ചിന്തകരുടെ വീക്ഷണത്തിൽ മനുഷ്യന്റെ അറിവിന്റെ തത്വവും ഇന്ദ്രിയപരതയുടെ അടിസ്ഥാനവും ആത്മാവുതന്നെയാണ്. ആത്മാവ് ശരീരത്തിലൂടെ അറിവുതേടുന്നതാണ് ഇന്ദ്രിയപരത. എന്നാൽ ജീവനും ആത്മാവും തമ്മിലുള്ള പാരസ്പര്യത്തെ ഇക്കൂട്ടർ കാര്യമായി പരിഗണിച്ചില്ല. 13-ാം നൂറ്റാണ്ടിലെ സ്കൊളാസ്റ്റിക് ചിന്തകർ അരിസ്റ്റോട്ടിലിന്റെ വാദമുഖങ്ങൾ ഉദ്ധരിച്ചുകൊണ്ട് ആത്മാവിനെ ജീവന്റെ തത്വമായി അവതരിപ്പിച്ചു. ആത്മാവും ശരീരവും പരസ്പരപൂരകമായ സത്യങ്ങളും അവയിൽതന്നെ അപൂർണ്ണങ്ങളുമാണെന്ന ചിന്താഗതിയാണ് ഇവർ അനുവർത്തിച്ചത്. ബൗദ്ധികമേഖലയുടെ നിയന്താവായും ഇവർ ആത്മാവിനെ പ്രതിഷ്ഠിച്ചു. ആത്മാവ് പദാർത്ഥരഹിതമാകയാൽ അത് അമർത്യമാണെന്ന് വി. അക്വിനാസ് വാദിച്ചു. ആത്മാവിന്റെ അമർത്യതയെക്കുറിച്ച് അരിസ്റ്റോട്ടിലിന്റെ വാദഗതികൾ ദുർബലമായിരുന്നു. അരിസ്റ്റോട്ടിൽ ആത്മാവിന്റെ അമർത്യതയ്ക്കെതിരായിരുന്നു എന്ന ഇസ്ലാമിക സ്കൊളാസ്റ്റിക് ചിന്തകരുടെ വാദമുഖങ്ങളും പ്രബലമായിരുന്നു. ഈ വാദമുഖങ്ങളെ അവലംബമാക്കി ആത്മാവിന്റെ അമർത്യതയെ ഡൺസ്കോട്ടസിനെപ്പോലുള്ള സ്കൊളാസ്റ്റിക് ചിന്തകർ സംശയിച്ചപ്പോൾ വി.അക്വിനാസിന്റെ നിലപാട് സന്ദേഹരഹിതമായി ആത്മാവിന്റെ അമർത്യതയെ ഊന്നിപ്പറഞ്ഞു. മനുഷ്യബുദ്ധി ആത്മാവിന്റെ ഭാഗമാണെന്നു വാദിച്ചുകൊണ്ട് ആത്മാവിന്റെ പദാർത്ഥരഹിതസ്വഭാവത്തെ വി. തോമസ് അക്വിനാസ് അസന്ദിഗ്ധമായി സമർത്ഥിച്ചു. പദാർത്ഥമായ ശരീരവും പദാർത്ഥരഹിതമായ ആത്മാവും ഒന്നു ചേരുന്നത് സൃഷ്ടിയുടെ നിമിഷത്തിലാണ് (creando infunditur et infundendo creatur).

സ്കൊളാസ്റ്റിക് അതിഭൗതികശാസ്ത്രം (metaphysics) ഏറെ വികാസം പ്രാപിച്ച തത്വചിന്താസരണിയാണ്. ദൈവാസ്ഥിത്വം, ദൈവപരിപാലന തുടങ്ങിയ സങ്കീർണ്ണപ്രമേയങ്ങൾക്ക് താത്വിക അടിത്തറ നൽകിയത് സ്കൊളാസ്റ്റിക് ചിന്തകരാണ്. അരിസ്റ്റോട്ടിലിന്റെ സത്ത (Substance), ഗുണ (accidents) സിദ്ധാന്തത്തെ ആധാ

രമാക്കി വി. കുർബ്ബാനയുടെ രഹസ്യം വിശദീകരിച്ചതും സ്കൊളാസ്റ്റിക് ചിന്തകരാണ്. വൈരുധ്യാത്മക (dialectic) രീതിയിൽ താത്വികവിശകലനം നടത്താനും പ്രസ്തുത വിശകലനങ്ങളെ വിശ്വാസ സത്യങ്ങളുടെ വിശദീകരണത്തിന് സമർത്ഥമായി ഉപയോഗിക്കാനും കഴിഞ്ഞു എന്നതാണ് സ്കൊളാസ്റ്റിക് ചിന്തയുടെ സവിശേഷത. സ്കൊളാസ്റ്റിക് ചിന്ത ഉപയോഗിക്കുന്ന വൈരുധ്യ ദ്വന്ദ്വങ്ങൾ താഴെപ്പറയുന്നവയാണ്.

| | |
|---|---|
| പദാർത്ഥം (matter) | - രൂപം (form) |
| സാധ്യത (Potency) | - യാഥാർത്ഥ്യം (actuality) |
| സത്ത (Substance) | - ഗുണം (accident) |

ഈ വൈരുധ്യാത്മകതയുടെ പാരസ്പര്യത്തിലൂന്നിയ താത്ത്വിക വിശകലനം എന്നതാണ് സ്കൊളാസ്റ്റിക് ചിന്തയുടെ സവിശേഷത.

സ്കൊളാസ്റ്റിക് ധാർമ്മികവീക്ഷണവും (ethics) അരിസ്റ്റോട്ടിലിന്റെ ചിന്തയെ ആധാരമാക്കിയുള്ളതാണ്. ദൈവ നിയമങ്ങളെയും സ്വാഭാവികനിയമങ്ങളെയും അംഗീകരിക്കുമ്പോൾ തന്നെ "പുണ്യം മധ്യസ്ഥായിയാണ്" എന്ന അരിസ്റ്റോട്ടിലിന്റെ തത്വനന്മാവാദത്തിന് (eudomonism) നിയതരൂപം നൽകാൻ സ്കൊളാസ്റ്റിക് ചിന്തകർക്ക് കഴിഞ്ഞു. സൃഷ്ടിയെക്കുറിച്ചുള്ള സൃഷ്ടാവാന്റെ പദ്ധതിയുടെ സാക്ഷാത്കാരമാണു നന്മ എന്ന് അവർ കണ്ടെത്തി. മനുഷ്യമഹത്വത്തിന്റെ പരമമമായ സാക്ഷാത്ക്കാരം മനുഷ്യനു ലഭിക്കുന്ന "ദൈവമക്കളുടെ പദവി" ആണെന്നും ഇവർ വിലയിരുത്തുന്നു.

അരിസ്റ്റോട്ടിലിന്റെ രാഷ്ട്രീയ -സാമൂഹ്യദർശനം തന്നെയാണ് സ്കൊളാസ്റ്റിക് ചിന്തകരും അനുവർത്തിച്ചത്. മനുഷ്യനെ ഒരു സാമൂഹിക - രാഷ്ട്രീയ ജീവിയായാണ് വി. അക്വിനാസ് വിലയിരുത്തുന്നത്. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് സമൂഹജീവിയായിട്ടാകയാൽ അപരനോടു ചേർന്ന് സാമൂഹിക പുരോഗതിക്കുവേണ്ടി അധ്വാനിക്കുമ്പോഴാണ് മനുഷ്യന്റെ അസ്ഥിത്വം അർത്ഥപൂർണ്ണമാകുന്നത്. രാഷ്ട്രത്തിന്റെ ലക്ഷ്യം പൊതുനന്മ ഉളവാക്കുക (bene vivere) എന്നതാണ്. രാഷ്ട്രനേതാക്കളുടെയും രാജാക്കന്മാരുടെയും അധികാരം ദൈവാധികാരത്തിൽനിന്നും ഉത്ഭവിച്ചതാണ്. അരിസ്റ്റോട്ടിലിന്റെ വിഖ്യാതമായ രാഷ്ട്രീയഗ്രന്ഥത്തെ (Politics) ആധാരമാക്കി രൂപം കൊണ്ട സ്കൊളാസ്റ്റിക് രാഷ്ട്രമീമാംസ അക്കാലഘട്ടത്തിലെ ക്രിസ്ത്യൻ സാമ്രാജ്യഭരണത്തെ പിന്തുണക്കുന്നതായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്.





**സ്കൊളാസ്റ്റിക് ചിന്തയുടെ സവിശേഷതകൾ**

സ്കൊളാസ്റ്റിക് തത്വചിന്തയുടെ സവിശേഷതകൾ പൊതുവേ നാലെണ്ണമാണെന്ന് കരുതപ്പെടുന്നു. യാഥാസ്ഥിതികത്വം, ദ്വന്ദ്വവാദം, ശുഭകരവും ഭാവാത്മകവുമായ ലോകവീക്ഷണം, സ്ഥായീഭാവം എന്നിവയാണ് ഈ പൊതുസവിശേഷതകൾ.

**യാഥാസ്ഥിതികത്വം**

സ്കൊളാസ്റ്റിക് ചിന്തകർ സ്വതന്ത്ര താത്വികസരണിയിൽ മുന്നേറിയവരാണെങ്കിലും അവർ സഭയുടെ പ്രബോധനങ്ങളിൽനിന്ന് അണുവിട വ്യതിചലിക്കാൻ വൈമുഖ്യമുള്ളവരായിരുന്നു. അവരിലാരും പാഷണ്ഡത പഠിപ്പിച്ചിട്ടില്ല. ചില ഒറ്റപ്പെട്ട പ്രസ്താവനകൾ വിശ്വാസസത്യങ്ങൾക്കു വിരുദ്ധമായി തോന്നാമെങ്കിലും അവയൊന്നും ബോധപൂർവ്വമായ പാഷണ്ഡതകളായിരുന്നില്ല. സഭാപ്രബോധനങ്ങളോടുള്ള വിശ്വസ്തതമൂലം അവർ താത്വികരായിരുന്നില്ല കേവലം മതാധ്യാപകർ മാത്രമായിരുന്നു എന്നു കരുതുന്നവർക്കും കാര്യമായി തെറ്റുപറ്റും. കാരണം അവർ നലംതികഞ്ഞ തത്വജ്ഞാനികളായിരുന്നു. അവർ ഓരോരുത്തരുടെയും താത്വിക വിശകലനങ്ങൾ വ്യത്യസ്തദിശയിലായിരുന്നു. ഒരേ സത്യത്തെ ഭിന്നദിശകളിലൂടെ അവർ വിശദീകരിക്കാൻ ശ്രമിച്ചു. ഇവയിൽ ഏതെങ്കിലും തെറ്റാണെന്നോ കൂടുതൽ ശരിയാണെന്നോ വിധിക്കാൻ സഭ മുതിർന്നില്ല എന്നതും ഈ താത്വികശൈലിയുടെ സ്വാഭാവിക വളർച്ചയ്ക്ക് സഹായകമായി.

സ്കൊളാസ്റ്റിക് ചിന്താസരണി വെളിപാടിനെയും വിശ്വാസസത്യങ്ങളെയും മാത്രം അവലംബമാക്കിയിരുന്നെങ്കിൽ തത്വചിന്ത എന്ന വിശേഷണത്തിന് അത് ഒരിക്കലും അർഹമാകുമായിരുന്നില്ല. ദൈവശാസ്ത്രത്തിൽ തത്വചിന്തയുണ്ടെങ്കിലും തത്വചിന്ത ദൈവശാസ്ത്രത്തെക്കാൾ വിശാലമായ ഒരു ലോകത്തെ വിഭാവനം ചെയ്യുന്നുണ്ട്. കേരളം ഇന്ത്യയിലാണെങ്കിലും ഇന്ത്യ കേരളമല്ല എന്നു പറയുന്നതുപോലെ ദൈവശാസ്ത്രത്തിൽ തത്വചിന്തയുണ്ടെങ്കിലും ദൈവശാസ്ത്രവും തത്വചിന്തയും ഒന്നല്ല. മതവും വിശ്വാസവും വെളിപാടുമായി യാതൊരു ബന്ധവുമില്ലാത്ത സത്യങ്ങളും വസ്തുതകളും തത്വചിന്തയുടെ പരിധിയിൽ വരാം. സ്കൊളാസ്റ്റിക് ചിന്തകർ വിശ്വാസത്തിനും വെളിപാടിനും വെളിയിൽ യുക്തിവിചാരത്തിനു മുതിർന്നു എന്നതിനാലാണ് അവരെ തത്വചിന്തകരായി പരിഗണിക്കുന്നത്. ഉദാഹരണമായി, അരിസ്റ്റോട്ടിലിന്റെ പദാർത്ഥരൂപ

സിദ്ധാന്തം (Matter and Form theory) വിശ്വാസവുമായും മതവുമായും ബന്ധമില്ലാത്ത വസ്തുതയാണ്. ചുരുക്കത്തിൽ വിശ്വാസത്തിന്റെയും വെളിപാടിന്റെയും വെളിച്ചത്തിൽ താത്വികവിശകലനം നടത്തുമ്പോഴും വെളിപാടിനു വെളിയിലും സ്കൊളാസ്റ്റിക് ചിന്തകർ സത്യാന്വേഷണം നടത്തിയിരുന്നു.

### ദ്വന്ദ്വവാദം

മനുഷ്യമനസ്സും മനസ്സിന്റെ അറിവിനുവിഷയമായ പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുന്നതിൽ ദാർശനികർക്ക് ഭിന്നാഭിപ്രായങ്ങളാണുള്ളത്. ആസ്തികരായ താത്വികർ ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുമ്പോൾ നാസ്തികതാത്വികർ വ്യക്തിപരമായ (Subject) അറിവിനു വിഷയമാകുന്ന വസ്തുത (Object) ആയി ഈ ബന്ധത്തെ വിശകലനം ചെയ്യുന്നു. ആധുനിക തത്വചിന്ത പൊതുവേ ആശയവാദപരവും (Idealistic) ഏകത്വവാദത്തിലധിഷ്ഠിതവും (monistic) സർവ്വദൈവവാദപരവുമാണ് (Panthestic). ഈ മൂന്നുനിലപാടുകളെയും സ്കൊളാസ്റ്റിക് ചിന്താഗതി ശക്തിയുക്തം എതിർക്കുന്നുണ്ട്.

ദൈവവും പ്രപഞ്ചവും തമ്മിൽ താരതമ്യാതീതമായ അന്തരമുണ്ട് എന്നതാണ് സ്കൊളാസ്റ്റിക് ചിന്താധാര. ദൈവാസ്ഥിത്വത്തോട് താരതമ്യപ്പെടുത്തി (analogous) മാത്രമേ ലോകത്തെ മനസ്സിലാക്കാനാകൂ. പ്രപഞ്ചം ദൈവത്തിന്റെ ഭാഗമോ (emanation) ദൈവത്തിന്റെ നിഴലോ അല്ല. മറിച്ച് സമയത്തിന്റെ ആരംഭത്തിൽ ശൂന്യതയിൽ നിന്ന് ദൈവം സൃഷ്ടിച്ചതാണ് പ്രപഞ്ചത്തെ. സൃഷ്ടപ്രപഞ്ചത്തിന് മനുഷ്യമനസ്സിനും ചിന്തയ്ക്കും അതീതമായ അസ്തിത്വമുണ്ട്. തന്മൂലം ശങ്കരാചാര്യർ പറയുന്ന മായാസിദ്ധാന്തം സ്കൊളാസ്റ്റിക് ചിന്തകർക്കു സ്വീകാര്യമല്ല. താൻ കാണുന്ന ലോകം തന്റെ ചിന്തയുടെ സൃഷ്ടിയോ തന്റെ ഭാഗമോ അല്ലാത്ത തികച്ചും വ്യത്യസ്തമായ ഒരു അസ്തിത്വമാണ്. ഈ വ്യത്യസ്തതയുടെ അവബോധം മനുഷ്യബുദ്ധിയുടെ ആദ്യജ്ഞാനമാണ്. ഈ ജ്ഞാനത്തെ വിശദീകരിക്കാനാണ് കലയും ശാസ്ത്രവും ഉപയോഗിക്കുന്നത്. ഈ അറിവിന്റെ ഉറവിടം എവിടെനിന്ന് (quo) എന്നതും ഏത് (quod) എന്നതും തെളിയിക്കാനാവാത്തതാണ്. തന്മൂലം സ്കൊളാസ്റ്റിക് ചിന്ത ആശയവാദത്തെ (Idealism) ഖണ്ഡിച്ചുകൊണ്ട്, അറിവിന്റെ ലക്ഷ്യമായല്ല ഉപകരണമായാണ് അവബോധത്തെ മനസ്സിലാക്കുന്നത്.





### ശുഭാപ്തിവിശ്വാസം

മറ്റൊരു താത്വികരെയുംകാൾ ശുഭാപ്തിവിശ്വാസികളായിരുന്നു സ്കൊളസ്റ്റിക് ചിന്തകർ. ഈ ശുഭാപ്തിവിശ്വാസത്തിന് രണ്ട് അടിസ്ഥാനങ്ങളുണ്ടായിരുന്നു. (1) മനുഷ്യമനസ്സിന് സത്യത്തെ തെറ്റുകൂടാതെ അറിയാനുള്ള കഴിവുണ്ട്. (2) പരമസത്തയുടെ നന്മയെയും വസ്തുക്കളുടെ സ്വഭാവത്തെയും ഗ്രഹിക്കാൻ മനുഷ്യമനസ്സിന് കഴിവുണ്ട്. അസ്ഥിത്വത്തെ നന്മയായി കരുതുന്ന സ്കൊളാസ്റ്റിക് ചിന്തകർ അസ്തിത്വത്തെ തിന്മയോ പാപത്തിന്റെ ശിക്ഷയായ പുനർജന്മമോ ആയി കരുതുന്ന പൗരസ്ത്യചിന്തകളെ ഖണ്ഡിക്കുന്നതായിരുന്നു. മനുഷ്യബുദ്ധിയുടെ അപര്യാപ്തതയെ ഊന്നിപ്പറഞ്ഞ സംശയവാദത്തെയും (Scepticism) പാരമ്പര്യവാദത്തെയും (traditionalism) സ്കൊളാസ്റ്റിക് ചിന്തകർ ഒരുപോലെ എതിർത്തു. വിശ്വാസത്തെ വിലമതിക്കുമ്പോൾതന്നെ യുക്തിയുടെ പ്രാധാന്യത്തെ അവർ ഊന്നിപ്പറഞ്ഞു. ബുദ്ധികൊണ്ട് അറിയുന്നവയും വിശ്വാസംകൊണ്ട് അറിയുന്നവയും തമ്മിൽ വൈരുധ്യമില്ല എന്ന പ്രഖ്യാപനത്തിലൂടെ വിശ്വാസവും യുക്തിയും തമ്മിലുള്ള പാരസ്പര്യത്തെ ഊന്നിപ്പറയാനാണ് ഈ ചിന്തകർ മുതിർന്നത്.

### സ്ഥായീവാദം

ആരംഭം മുതലേ തത്വചിന്ത മാറ്റത്തിന്റെ വക്താക്കളും പ്രാണേതാക്കളുമായിരുന്നു. നിരന്തരമായ മാറ്റത്തെക്കുറിച്ചു വാതോരാതെ സംസാരിച്ച താത്വികരിൽനിന്നു ഭിന്നമായി മാറ്റമില്ലാത്ത സത്തയെക്കുറിച്ചു പ്രതിപാദിക്കുന്നതിലാണ് സ്കൊളാസ്റ്റിക് ചിന്തകർ താല്പര്യം കാട്ടിയത്. മാറ്റത്തെ അവഗണിക്കാതെതന്നെ സമ്പൂർണ്ണതയിലെത്തിയ ഒരു സമൂഹത്തെയും ധാർമ്മികവ്യവസ്ഥിതിയെയും മുന്നിൽ കണ്ടാണ് അവർ താത്വിക വിശകലനം നടത്തിയത്. സ്കൊളാസ്റ്റിക് ചിന്തയുടെ മർമ്മമായ "സത്ത" (Substance) മാറ്റങ്ങൾക്കതീതമായ സത്യമായിരുന്നു. എന്നാൽ പദാർത്ഥത്തിന്റെ പരിണാമത്തെക്കുറിച്ച് (abiogensis) സ്കൊളാസ്റ്റിക് ചിന്തകർ അരിസ്റ്റോട്ടിലിനെ അനുകരിച്ച് പഠിപ്പിച്ചിരുന്നു. ചെളിയിൽനിന്ന് ഉരഗങ്ങൾ ഉരുവാകുന്നതിനെയും കേവലമായ ജൈവകോശത്തിൽനിന്ന് മനുഷ്യവ്യക്തിയിലേക്കുള്ള ഭ്രൂണപരിണാമത്തെയും (Ontogenesis) കുറിച്ച് അവർക്ക് അറിവുണ്ടായിരുന്നു. അസ്തിത്വത്തിന്റെ പൂർണ്ണതയിലെത്തുംമുൻപ് ഏറെ താഴ്ന്ന തലങ്ങൾ പിന്നിടേണ്ടതുണ്ട് എന്ന വി. അക്വിനാസിന്റെ വാക്കുകൾ (Contra gent. 2.89) ഏറെ പ്രസക്തമാണ്. എന്നാൽ ആദിപദാർത്ഥ

ത്തിൽ (Primordial matter) യാതൊരു മാറ്റവും സംഭവിക്കാത്തതിനാൽ ഇവയൊന്നും യഥാർത്ഥമാറ്റമായി പരിഗണിക്കാനാവില്ല എന്ന നിലപാടാണ് സ്കൊളാസ്റ്റിക് താത്വികർക്കുള്ളത്.

## സ്കൊളാസ്റ്റിക് ചിന്തകർ

സ്കൊളാസ്റ്റിക് ചിന്തകരിൽ അഗ്രഗണ്യരായ ചിലരെയും അവരുടെ ചിന്താലോകത്തെയും പരിചയപ്പെടുത്തുക എന്നതാണ് ഈ പഠനത്തിന്റെ പരിമിതമായ ലക്ഷ്യം

### വി. ആൻസെലം (1033 –1109)

ദൈവശാസ്ത്രത്തിന്റെ പരമ്പരാഗത മാർഗ്ഗങ്ങളായ വി. ഗ്രന്ഥം, സഭാപിതാക്കന്മാരുടെ പഠനങ്ങൾ എന്നിവയെക്കാൾ മനുഷ്യബുദ്ധിക്കു പ്രാധാന്യം നൽകുന്ന ചിന്താസരണി തുറന്നത് കാന്റർബറിയിലെ ആർച്ചുബിഷപ്പായിരുന്ന വി. ആൻസെലം ആയിരുന്നു. "വിശ്വാസം അറിവിനെ തേടുന്നു" (Fides quaerens intellectum) എന്ന പ്രസിദ്ധമായ ചൊല്ലിലൂടെ ശരിയായ വിശ്വാസം ശരിയായ അറിവിനെ സ്നേഹിക്കുന്നു എന്നാണ് ആൻസെലം വിവക്ഷിച്ചത്. വിശ്വാസിക്കാൻവേണ്ടി അറിയുകയല്ല മറിച്ച് അറിയാനായി വിശ്വസിക്കുകയാണ് (Credo ut intelligam) എന്നതായിരുന്നു ആൻസെലമിന്റെ നിലപാട്. ഈ വാദഗതി വി. ആഗസ്തീനോസിന്റെ ചിന്താസരണിയിൽനിന്നാണ് (Tractate John 29.7: 14-18) ആൻസെലം സ്വീകരിച്ചത് എന്ന് കരുതപ്പെടുന്നു. ആൻസെലിമന്റെ ചിന്താശൈലി അവതരിപ്പിക്കപ്പെടുന്നത് "സത്യത്തെക്കുറിച്ച്" (De veritate) എന്ന ഗ്രന്ഥത്തിലാണ്. നാം അറിയുന്ന സകല സത്യങ്ങളും പങ്കുചേരുന്ന ഒരു അടിസ്ഥാന സത്യമുണ്ടെന്നും ഈ സത്യം ദൈവമാണെന്നുമാണ് ഈ ഗ്രന്ഥത്തിൽ ആൻസെലം വാദിക്കുന്നത്. വി. ആഗസ്തീനോസിന്റെയും പ്സ്യൂഡോ ഡനീഷ്യസിന്റെയും പ്ലേറ്റോണിക് ചിന്തകളും ബൊയേത്തിയൂസിന്റെ രചനകളിലൂടെ റോമൻലോകത്തു സുപരിചിതമായിരുന്ന അരിസ്റ്റോട്ടലിന്റെ ചിന്തകളും ആൻസെമിന്റെ രചനകളെ സ്വാധീനിച്ചിരുന്നു.

ആൻസെലമിന്റെ സംഭാവനകളിൽ ഏറ്റവും വലുത് ദൈവാസ്ഥിത്വത്തെക്കുറിച്ച് അദ്ദേഹം അവതരിപ്പിക്കുന്ന ചിന്തകളാണ്. അദ്ദേഹത്തിന്റെ വിഖ്യാതമായ മോണോലോഗിയോൻ (Monologion) എന്ന ഗ്രന്ഥത്തിലാണ് ദൈവാസ്തിത്വത്തിന്റെ തെളിവുകൾ നിരത്തുന്നത്.





1) പ്രപഞ്ചത്തിൽ ദൃശ്യമായ നിരവധിയായ നന്മകൾ ഉണ്ട്. നന്മയുടെ ഉറവിടമായ സത്യത്തെക്കുറിച്ചുള്ള ചിന്ത ഉണർത്തുന്ന പ്രസ്തുത നന്മയാണ് ദൈവം.

2) അവയുടെ അസ്തിത്വത്തിനു കാരണമായ അടിസ്ഥാനസത്യത്തെക്കൂടാതെ വസ്തുക്കൾക്ക് അസ്തിത്വമുണ്ടാകില്ല. ഈ അടിസ്ഥാന അസ്തിത്വമാണ് ദൈവം.

3) ആൻസെലമിന്റെ ഏറ്റവും പ്രസിദ്ധമായ ആസ്തികവാദം അവതരിപ്പിക്കുന്നത് പ്രോസ്ലോഗിയോൺ (Proslogion) എന്ന ഗ്രന്ഥത്തിലാണ്. സത്താപരമായവാദം (Ontological argument)എന്ന് പിൽക്കാലത്ത് കാന്റ് ഉൾപ്പെടെയുള്ള ചിന്തകർ വിശേഷിപ്പിച്ച ഈ വാദത്തിന്റെ സംഗ്രഹം ഇപ്രകാരമാണ്. "ഏതൊന്നിനെക്കാളും വലുതായതൊന്നും ചിന്തിക്കാനാവാത്തതുണ്ടോ അത്" (than that which nothing greater is concieved) ദൈവമാണ്.

4) പ്രപഞ്ചത്തിലെ ക്രമം (Order) അവയെ ക്രമീകരിച്ച ശക്തിയുടെ അസ്തിത്വത്തിനു തെളിവാകയാൽ പ്രസ്തുത ശക്തിയെ ദൈവമെന്നു വിളിക്കാം.

5) പ്രപഞ്ചം ഒരു ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നതിനാൽ പ്രപഞ്ചപ്രയാണത്തിന് പരമമായ ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യമാണ് ദൈവം.

ആൻസെലമിന്റെ ചിന്താസരണി കൈകാര്യം ചെയ്ത മറ്റൊരു വിഷയം എന്തുകൊണ്ട് മനുഷ്യരക്ഷക്ക് പാപപരിഹാരം ആവശ്യമായി വന്നു എന്ന പ്രശ്നമായിരുന്നു. തന്റെ രക്ഷാശാസ്ത്രഗ്രന്ഥത്തിൽ (Cur Deus Homo) ഈ പ്രശ്നത്തിന് ആൻസെലം ഉത്തരം തരുന്നുണ്ട്. മനുഷ്യന്റെ പാപമാകയാൽ മനുഷ്യൻ തന്നെ പരിഹാരം ചെയ്യേണ്ടതുണ്ട്. എന്നാൽ ദൈവത്തോടു പരിഹാരം ചെയ്യാൻ മനുഷ്യൻ അശക്തനാകയാൽ അതു ദൈവത്തിനുമാത്രം സാധ്യമായ കാര്യമാണ്. ഒരേസമയം മനുഷ്യനും ദൈവവുമായ ക്രിസ്തുവിനു മാത്രമേ പാപപരിഹാരം ചെയ്യാനാകുക്കയുള്ളൂ എന്നതായിരുന്നു ആൻസെലമിന്റെ കണ്ടെത്തൽ. എല്ലാ പാപവും പരിഹാരം ആവശ്യപ്പെടുന്നുണ്ട്. പരിഹാരമില്ലാതെ പാപമോചനമില്ല. ഈ പരിഹാരം യേശുവിലൂടെ ലഭ്യമായതാണ് മനുഷ്യകുലത്തിന്റെ രക്ഷക്കു നിമിത്തമായത്. പിൽക്കാല സ്കൊളാസ്റ്റിക് ചിന്തകരായ ബൊനവഞ്ചർ, ഡൺ സ്കോട്ടസ്, വില്യംഓക്കാം എന്നിവരെ ആൻസലെം നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്.

## പീറ്റർ അബലാർഡ് (1079 -1142)

സഭാ പ്രബോധനങ്ങൾക്ക് ബൗദ്ധിക അടിത്തറ ഒരുക്കുന്നതിൽ ഏറ്റവും വിജയിച്ച സ്കൊളാസ്റ്റിക് ചിന്തകൻ പീറ്റർ അബലാർഡ് ആണ്. പ്ലേറ്റോയുടെ ആശയവാദത്തിന്റെ (Idealism) പിടിയിലമർന്ന റോമൻ താത്വികലോകത്തെ അരിസ്റ്റോട്ടിലിന്റെ ചിന്താലോക ത്തേക്കു പറിച്ചുനടുന്നതിലും പീറ്റർ അബലാർഡിന്റെ സംഭാവന വലുതായിരുന്നു.

വൈരുദ്ധ്യാത്മക തത്വചിന്താശൈലിയിലൂടെ ധാർമ്മികശാസ്ത്ര ത്തിൽ ശ്രദ്ധേയമായ സംഭാവന നൽകാൻ അബലാർഡിനു കഴി ഞ്ഞു. മനുഷ്യ പ്രവൃത്തിയുടെ ധാർമ്മികമൂല്യം വിലയിരുത്തുമ്പോൾ വ്യക്തിപരമായ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് (Subjective Intention) പ്രാധാന്യം കൊടുക്കണമെന്ന് അബലാർഡ് വാദിച്ചു. പിന്നീട് ധാർമ്മിക ദൈവശാസ്ത്രത്തിൽ പ്രബലമായ പലചിന്താസരണി കൾക്കും (Personalism, Consequentialism) വഴിതുറന്നത് അബ ലാർഡിന്റെ ചിന്തകളായിരുന്നു. സ്കൊളാസ്റ്റിക് തത്വചിന്തകർ പൊതുവെ ധാർമ്മിക ശാസ്ത്രത്തെ അവഗണിക്കുകയായിരുന്നു. അരിസ്റ്റോട്ടിലിന്റെ ധാർമ്മികവീക്ഷണത്തെ പുനരവതരിപ്പിക്കു ന്നതിനപ്പുറത്ത് യാതൊന്നും ഇക്കൂട്ടർ ചെയ്തിരുന്നില്ല. ഈ പശ്ചാ ത്തലത്തിലാണ് പീറ്റർ അബലാർഡ് ഏറെ ശ്രദ്ധേയനാകുന്നത്.

പീറ്റർ അബലാർഡിന്റെ "ലിംബോ" എന്ന ആശയം യുഗാന്ത്യ ദൈവശാസ്ത്രത്തിൽ ഏറെ സ്വാധീനം ചെലുത്തിയിരുന്നു. ഇന്ന സന്റ് മൂന്നാമൻ പാപ്പ ഈ ആശയം അംഗീകരിച്ചതോടെ ഇത് ലോക വ്യാപകമായ അംഗീകാരം നേടി. മാമ്മോദീസാ സ്വീകരിക്കാതെ മരിക്കുന്ന കുഞ്ഞുങ്ങൾ നരകത്തിൽ പോകും എന്ന പരമ്പരാഗത വിശ്വാസം തിരുത്തിക്കൊണ്ട് അവർക്കായി പ്രത്യേകമായൊരു അവസ്ഥ "ലിംബോ" എന്ന പേരിൽ (limbus infantium)ദൈവം ഒരുക്കിയിട്ടുണ്ട് എന്നതായിരുന്നു പീറ്റർ അബലാർഡിന്റെ കണ്ടെ ത്തൽ. ലിംബോയിൽ എല്ലാവിധ സ്വാഭാവിക ആനന്ദങ്ങളും അനു ഭവിച്ച് ഈ കുഞ്ഞുങ്ങൾ കഴിയുമെന്നും എന്നാൽ അതിസ്വാഭാ വിക ആനന്ദങ്ങളോ ദൈവികദർശനങ്ങളോ ഈ കുഞ്ഞുങ്ങൾക്ക് ലഭിക്കില്ല എന്നും അബലാർഡ് വാദിച്ചു.

പിൽക്കാല തത്വചിന്തകരിൽ ഏറെ സ്വാധീനം ചെലുത്തിയ പീറ്റർ അബലാർഡിന്റെ പ്രധാനകൃതികൾ.





1. "അതെ, അല്ല" ( Sic et non) - സഭാപിതാക്കന്മാരുടെ കാലം മുതൽ വിശ്വാസ സത്യങ്ങളെ സംബന്ധിച്ചുള്ള വ്യത്യസ്ത അഭി പ്രായങ്ങളുടെ സമാഹാരമാണ് ഈ കൃതി.

2. ഷിത്തോ തെ ഇപ്സും (Scito te ipsum) - പീറ്റർ അബ ലർഡിന്റെ ധാർമ്മിക ദൈവശാസ്ത്രവീക്ഷണം അവതരിപ്പിക്കുന്ന കൃതിയാണിത്.

3. അബലാർഡും ഹെലോസും തമ്മിലുള്ള കത്തിടപാടുകൾ:

പീറ്റർ അബലാർഡ് ഹെലോസ് എന്ന ബഹുഭാഷാ പണ്ഡിത യുമായി പ്രണയത്തിലായി. ഈ ബന്ധത്തിൽ അവർക്ക് ഒരു കുഞ്ഞും ജനിച്ചു (അസ്ട്രോലാബ്). ഹെലോസിന്റെ അമ്മാവൻ ഈ ബന്ധത്തെ നിശിതമായി എതിർത്തു. തന്മൂലം അബലാർഡ് അവളെ സന്യാസമഠത്തിന്റെ സംരക്ഷണയ്ക്ക് ഏല്പിച്ചു. കുപിത നായ അമ്മാവൻ അബലാർഡിനെ ബലം പ്രയോഗിച്ച് ഷണ്ഡനാ ക്കാൻ തീരുമാനിച്ചു. എന്നാൽ അബലാർഡ് സെന്റ് ഡെനീസ് സന്യാശ്രമത്തിൽ ചേർന്ന് സന്യാസം വരിക്കാൻ തീരുമാനിച്ചു. ഇതി നൊരുക്കമായി ഹെലോസിനോട് അവൾ വസിക്കുന്ന സന്യാസ ഭവനത്തിൽ വ്രതവാഗ്ദാനം നടത്തി അംഗമാകാൻ അബലാർഡ് ആവശ്യപ്പെട്ടു. ദൈവവിളിയില്ലാത്ത താൻ എങ്ങനെ സന്യാസം വരിക്കും എന്ന് ചോദിച്ച് അവൾ എഴുതിയ എഴുത്തുകളും അതിന് അബലാർഡ് നൽകുന്ന മറുപടികളുമാണ് ഈ കത്തുകളുടെ ഉള്ളടക്കം. പീറ്റർ അബലാർഡിന്റെ താത്വിക ഗ്രന്ഥങ്ങളേക്കാൾ പ്രചാരം സിദ്ധിച്ചത് ഈ എഴുത്തുകൾക്കായിരുന്നു എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

# 07

## വി. തോമസ് അക്വിനാസും സുമ്മാ തിയോളജിക്കായും

"മാലാഖയെപ്പോലുള്ള വേദപാരംഗതൻ"

എന്ന അപരാഭിധാനത്തിൽ പ്രസിദ്ധനായ വി. തോമസ് അക്വിനാസാണ് സ്കൊളാസ്റ്റിക് ചിന്തകരിലെ അഗ്രഗണ്യൻ. ഇറ്റലിയിലെ അക്വിനോയ്ക്കടുത്ത റോക്കാസേക്കായിൽ 1225 –ലാണ് തോമസിന്റെ ജനനം. വംശപരമ്പരയിൽ രാജകുലജാതരായിരുന്നെങ്കിലും എട്ടു സഹോദരങ്ങളുള്ള തോമസിന്റെ കുടുംബം നിർദ്ധനരായിരുന്നു. മൊന്തെകസ്സിനോ ആബിയിൽ പഠനമാരംഭിച്ച തോമസ് നേപ്പിൾസിലെ ബെനഡിക്ടയിൻ ആശ്രമത്തിൽ പഠനം തുടർന്നു. നേപ്പിൾസ് യൂണിവേഴ്സിറ്റിയിലെ പഠനത്തിനിടയിൽ 1243 ൽ ഡൊമിനിക്കൻ സന്യാസസഭയിൽ ചേർന്ന് 1244 ൽ മാതാപിതാക്കളുടെ അറിവു കൂടാതെ സന്യാസ വസ്ത്രം സ്വീകരിച്ചു. കുപിതരായ മാതാപിതാക്കൾ തോമസിനെ ബലമായി പിടിച്ചുകൊണ്ടുപോയി വീട്ടുതടങ്കലിലാക്കി. ഉപ





വാസംവഴി തോമസ് മാതാപിതാക്കളുടെ മനസ്സുമാറ്റി സന്യാസസഭയിൽ തിരിച്ചെത്തി. നേപ്പിൾസിലും പാരീസിലും കൊളോണിലുമായി തുടർന്ന പഠനത്തിന്റെ പൂർത്തീകരത്തിൽ കൊളോണിൽ വച്ച് 1250 ൽ വൈദികനായി അഭിഷിക്തനായി. പാരീസിൽ അധ്യാപനത്തിനയക്കപ്പെട്ട തോമസ് മഹാനായ വി. ആൽബെർട്ടിന്റെ കീഴിൽ പഠനം തുടർന്ന് ഡോക്ടർ ബിരുദം നേടി.

### താത്വിക ലോകം

തോമസിന്റെ താത്വികലോകം വിശ്വാസവും (ദൈവശാസ്ത്രം) യുക്തിയും (തത്വശാസ്ത്രം) ഇഴപിരിഞ്ഞ് സങ്കീർണ്ണമായിരുന്നു. യുക്തിയും വിശ്വാസവും കണ്ടെത്തുന്ന ഉത്തരങ്ങൾ പരസ്പരവിരുദ്ധങ്ങളായ സത്യങ്ങളാണെന്നു വാദിച്ച ഇരട്ട സത്യസിദ്ധാന്തം (Theory of double truth) ഇക്കാലത്തെ പ്രബല ചിന്താഗതിയായിരുന്നു. ചിന്തകനായ ആവറോസിന്റെ ഇരട്ടസിദ്ധാന്തത്തെ ഖണ്ഡിച്ചുകൊണ്ട് യുക്തിയും വിശ്വാസവും ദൈവദാനങ്ങളാകയാൽ അവയുടെ ഉത്തരങ്ങൾ പരസ്പരവിരുദ്ധമാകില്ല എന്ന് തോമസ് വാദിച്ചു. വെളിപാടും വിശ്വാസവും യുക്തിയെ വഴിതെറ്റാതെ നയിക്കുന്ന വഴികാട്ടികളാണ്. യുക്തിയാകട്ടെ വിശ്വാസത്തെ അന്ധവിശ്വാസങ്ങളിൽനിന്നും പരിരക്ഷിക്കാൻ സഹായിക്കുന്നു.

**1. ദൈവാസ്തിത്വം**

ദൈവാസ്തിത്വത്തിന് അഞ്ചു തെളിവുകളാണ് വി. തോമസ് അക്വിനാസ് നിരത്തുന്നത്. വിശദാംശങ്ങൾക്ക് ദൈവാസ്തിത്വം എന്ന അധ്യായം കാണുക.

**2. നിയമങ്ങൾ**

അക്വിനാസിന്റെ ചിന്താലോകം മനസ്സിലാക്കുന്നതിന് വിവിധ നിയമങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിലപാട് ഗ്രഹിക്കേണ്ടതുണ്ട്. മൂന്ന് തരത്തിലുള്ള നിയമങ്ങളെക്കുറിച്ച് അക്വിനാസ് വിവരിക്കുന്നുണ്ട്. സ്വാഭാവിക നിയമങ്ങൾ (Natural Laws), രാഷ്ട്ര നിയമങ്ങൾ (Positive Laws), ദൈവിക നിയമങ്ങൾ (Divine Laws). ഈ നിയമങ്ങളെല്ലാം ദൈവത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ് എന്ന് അക്വിനാസ് കരുതി.

ദൈവത്തിന്റെ വിശേഷണങ്ങളായി വി. അക്വിനാസ് അവതരിപ്പിക്കുന്നത് അഞ്ച് കാര്യങ്ങളാണ്.

1. ദൈവം ഏകനാണ് (Simple). ദൈവത്തിന് ഭാഗങ്ങളോ

ആത്മാവോ ശരീരമോ പദാർത്ഥമോ രൂപമോ ഇല്ല.

2. ദൈവം പൂർണ്ണനാണ് (Perfect). ദൈവം സമ്പൂർണ്ണമായ അസ്ഥിത്വമാകയാൽ (Pure Act ) മറ്റെല്ലാം ദൈവത്തോടു ബന്ധപ്പെട്ടാണ് സ്ഥിതിചെയ്യുന്നത് (Ipse actus essendi subsistence)

3. ദൈവം അപരിമേയനാണ്. സൃഷ്ടവസ്തുക്കൾ ശാരീരികവും മാനസികവും ബൗദ്ധികവുമായി സ്ഥലകാലങ്ങളിൽ പരിമിതങ്ങളാണെങ്കിൽ ദൈവത്തിന് ഈ പരിമിതികളൊന്നുമില്ല.

4. ദൈവം മാറ്റമില്ലാത്തവനാണ്. ദൈവത്തിന്റെ സത്തയും സ്വഭാവവും മാറ്റമില്ലാത്തതാണ്.

5. ദൈവത്തിൽ സത്തയും അസ്ഥിത്വവും ഒന്നാണ്. ദൈവം ഉണ്ട് എന്നു പറയുമ്പോൾ ദൈവവും ഉണ്മയും ഒന്നാണ് എന്നാണർത്ഥം.

### 3. വി. തോമസ് അക്വിനാസിന്റെ രചനകൾ

അരനൂറ്റാണ്ടുപോലും ദൈർഘ്യമില്ലാത്ത തന്റെ ജീവിതകാലയളവിനുള്ളിൽ അറുപതു ഗ്രന്ഥങ്ങളാണ് വി. തോമസ് അക്വിനാസ് രചിച്ചത്. ഇവയിൽ അതിപ്രധാനങ്ങളായ ചില ഗ്രന്ഥങ്ങൾ ചുവടെ ചേർക്കുന്നു.

1. വിവാദ ചോദ്യങ്ങൾ (Questionis disputatae)-തന്റെ ശിഷ്യർ ഉന്നയിച്ച ചോദ്യങ്ങൾക്കു മറുപടിയെന്നവണ്ണം വിശദമായും ശാസ്ത്രീയമായും വിവാദവിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഗ്രന്ഥമാണിത്. തിന്മ (De malo), ആത്മാവ് (de anima), മൗലിക പുണ്യങ്ങൾ (De Cardinal Virtus), സത്യം (De veritate) തുടങ്ങിയ വിവിധ വിഷയങ്ങൾ ഇതിൽ പ്രതിപാദിക്കുന്നുണ്ട്.

2. സ്വതന്ത്ര സംവാദങ്ങൾ (Quodlibeta) - വർഷത്തിൽ രണ്ടു തവണ സർവ്വകലാശാലയിൽ നടത്തുന്ന സംവാദങ്ങളുടെ സമാഹാരമാണ് ഇവ എന്നു കരുതപ്പെടുന്നു. സ്കൊളാസ്റ്റിക് സംവാദ ശൈലിയുടെ ശാസ്ത്രീയ രൂപം അതിന്റെ പൂർണ്ണതയിൽ പ്രതിഫലിക്കുന്നതാണ് ഈ ഗ്രന്ഥം.

3. അവറോയിസിനെതിരേയുള്ള പ്രബന്ധം (Contra Averroistas) - മനുഷ്യന്റെ വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന ഒരുപാഷണ്ഡതാ പ്രബോധനമായിരുന്നു അവറോയിസിന്റേത്. ഇതിനെതിരേയാണ് ഈ ഗ്രന്ഥത്തിൽ അക്വിനാസ് വാദിക്കുന്നത്.

4. അവിശ്വാസികൾക്കെതിരായ കത്തോലിക്കാ സത്യവിശ്വാസ





സംഗ്രഹം (Summa de veritate catholic fidei contra gentiles) : 1261 –1264 ൽ റോമിൽ വെച്ചാണ് തോമസ് ഈ ഗ്രന്ഥം രചിക്കുന്നത്. പെന്നാഫോർട്ടിലെ വി. റെയ്മുണ്ടിന്റെ അഭ്യർത്ഥനപ്രകാരം രചിക്കപ്പെട്ട ഈ ഗ്രന്ഥം കത്തോലിക്കാവിശ്വാസത്തെ വിജാതീയർക്കു മുന്നിൽ താത്വികമായി അവതരിപ്പിക്കുന്നതാണ്. ദൈവം, സൃഷ്ടി, യുഗാന്ത്യം, വെളിപാട് തുടങ്ങിയ പ്രമേയങ്ങളാണ് ഈ ഗ്രന്ഥത്തിലുൾപ്പെടുത്തിയിരിക്കുന്നത്.

ഉർബൻ മാർപാപ്പയുടെ ആവശ്യപ്രകാരം രചിച്ച മൂന്ന് ഗ്രന്ഥങ്ങൾ.

5. ഗ്രീക്കുകാരുടെ അബദ്ധപ്രബോധനങ്ങൾക്കെതിരേ (Contra errores Graecorum). 1054 ലെ പിളർപ്പിനുശേഷം കത്തോലിക്കാസഭയും ഗ്രീക്കുസഭയും തമ്മിൽ നടന്ന സംവാദങ്ങളുടെ പാശ്ചാത്തലത്തിൽ കത്തോലിക്കാ നിലപാടിനെ വിശദീകരിക്കുന്ന ഗ്രന്ഥമാണിത്. റോമൻസഭ, പരി. ആത്മാവ്, പുത്രൻ തമ്പുരാൻ, റോമാ മാർപാപ്പയുടെ പ്രാഥമികത, വി. കുർബാന, ശുദ്ധീകരണ സ്ഥലം എന്നിവയെക്കുറിച്ചുള്ള വിശദമായ പഠനങ്ങൾ അടങ്ങിയ ഈ ഗ്രന്ഥം 1274 ലെ ലിയോൺസ് സൂനഹേദോസിന്റെ ഉപയോഗത്തിനായി തയ്യാറാക്കിയതാണ്.

ക്രിസ്തുവിന്റെ തിരുശരീരത്തിന്റെ തിരുനാളിലെ പ്രാർത്ഥന (Officium de festo corporis christi).

വി. തോമസ് അക്വിനാസിന്റെ നാമം അനശ്വരമാക്കിയ ഗ്രന്ഥം "സുമ്മ തിയോളജിക്ക" ആണ്. ക്രിസ്തീയ വിശ്വാസസത്യങ്ങളെയും ക്രിസ്തീയതത്വ ചിന്തയെയും സമഗ്രമായും സംഗ്രഹമായും (summal) അവതരിപ്പിക്കുന്ന ഗ്രന്ഥമാണിത്. മൂന്നു ഭാഗങ്ങളായി തരംതിരിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം ക്രൈസ്തവ ദർശനങ്ങളെ സമകാലിക തത്വചിന്തയുടെ വെളിച്ചത്തിൽ വിശദീകരിക്കുന്ന താത്വികസംവാദ ശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

### സുമ്മാ തിയോളജിക്കയുടെ ഉള്ളടക്കം

സുമ്മാ തിയോളജിക്ക എന്ന സമാനതകളില്ലാത്ത ദൈവശാസ്ത്ര ഗ്രന്ഥത്തിൽ 38 സംവാദങ്ങളാണ് (treatise) ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സംവാദങ്ങളിൽ 612 ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. ഈ ചോദ്യങ്ങളെ 3120 ഉപ ശീർഷകങ്ങളിലാണ് (articles) അവതരിപ്പിക്കുന്നത്. ചോദ്യവിശകലനത്തിൽ ഏകദേശം 10000

ഉപക്ഷേപങ്ങൾ (objections) ഉന്നയിക്കപ്പെടുകയും അവയ്ക്ക് ഉത്തരം നൽകപ്പെടുകയും ചെയ്യുന്നുണ്ട്. എല്ലാ വിഷയങ്ങളും ചോദ്യരൂപത്തിലാണ് അവതരിപ്പിക്കപ്പെടുന്നത്. ചോദ്യങ്ങളെല്ലാം വിവിധ ഉപശീർഷകങ്ങളിൽ സമാനമായി വിഭജിച്ചിട്ടുണ്ട്. സുമ്മാ തിയോളജിക്കായുടെ ഉള്ളടക്കം സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

**ചോദ്യം 1. ദൈവിക സത്യങ്ങൾ ഗ്രഹിക്കാൻ വിശ്വാസത്തോടൊപ്പം വെളിപാടും ആവശ്യമാണ്. കാരണം?**

(1) വെളിപാടുകൂടാതെ തന്റേയും തന്റെ പ്രവൃത്തികളുടേയും അതിസ്വാഭാവിക ലക്ഷ്യങ്ങളെ മനുഷ്യന് അറിയാനാവില്ല.

(2) വെളിപാടുകൂടാതെ യുക്തികൊണ്ട് നിത്യസത്യങ്ങൾ അറിയാൻ പറ്റുന്നത് അപൂർവ്വം പേർക്കു മാത്രമാണ്. അതും സുദീർഘമായ അത്യധ്വാനംകൊണ്ടുമാത്രവും.

(3) ദൈവശാസ്ത്രത്തിൽ യുക്തി ഉപയോഗിക്കുന്നത് ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ സത്യമാണെന്നു തെളിയിക്കാനല്ല, മറിച്ച്, വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ വിശദീകരിക്കാനും അവയെ മറ്റുള്ളവർക്കു ബോധ്യമാകത്തക്കവിധം വ്യാഖ്യാനിക്കാനുമാണ്.

**ചോദ്യം 2. സുമ്മാ തിയോളജിക്കായുടെ ലക്ഷ്യങ്ങൾ ഏവ?**

(1) ദൈവത്തെ അവിടുന്ന് ആയിരിക്കുന്നതുപോലെ മനസ്സിലാക്കാനും സകല അസ്ഥിത്വങ്ങളുടേയും ആരംഭവും അവസാനവുമായി അവിടുത്തെ മനസ്സിലാക്കാനും.

(2) എല്ലാ ബൗദ്ധിക അസ്ഥിത്വങ്ങളും ദൈവത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ് (de motu creatores rationalis, te down).

(3) മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലാണ് മനുഷ്യൻ ദൈവത്തിലേക്കു തിരിയുന്നത്.

(4) മനുഷ്യന്റെ അന്ത്യം ദൈവത്തിലാണ്.

**ഒന്നാം ഭാഗം**

ഒന്നാം ഭാഗത്തെ പ്രധാനമായും മൂന്നു ഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത്.

1. ദൈവത്തിന്റെ സത്തയെക്കുറിച്ചുള്ള (essence) പഠനങ്ങൾ.





2. പരി. ത്രത്വം എന്ന രഹസ്യവും പരി. ത്രത്വത്തിലെ മൂന്ന് വ്യക്തികൾ തമ്മിലുള്ള ഐക്യവും വ്യത്യാസവും.

3. സൃഷ്ടികർമ്മം, സൃഷ്ടികർമ്മത്തിൽ എപ്രകാരമാണ് സ്രഷ്ടാവും സൃഷ്ടവസ്തുക്കളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നത്.

1265 മുതലുള്ള ഏതാനും വർഷങ്ങൾകൊണ്ട് റോമിൽ വെച്ചാണ് വി.തോമസ് അക്വിനാസ് ഒന്നാം ഭാഗം പൂർത്തിയാക്കിയത്.

**രണ്ടാം ഭാഗം**

രണ്ടാം ഭാഗം മനുഷ്യപ്രവർത്തികൾ (human acts) എപ്രകാരം ദൈവോന്മുഖമാകുന്നു എന്നു വിശദീകരിക്കുന്ന ധാർമ്മിക ദൈവശാസ്ത്ര പ്രതിപാദനമാണ്. ഈ രണ്ടാം ഭാഗത്തെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. രണ്ടാം ഭാഗത്തിന്റെ ഒന്നാം ഭാഗം (prima secundae-1.2 or la 2ae), രണ്ടാം ഭാഗത്തിന്റെ രണ്ടാം ഭാഗം (secunda secundae-2.2 or 2a 2ae).

**രണ്ടാം ഭാഗത്തിന്റെ ഒന്നാം ഭാഗം**

1. മനുഷ്യന്റെ അന്ത്യവും നിത്യഭാഗ്യവും ദൈവത്തെ സ്വന്തമാക്കുന്നതിന് അനുസ്യൂതമാണ് എന്ന ആശയമാണ് ആദ്യത്തെ അഞ്ച് ചോദ്യങ്ങളിൽ പ്രതിപാദിക്കുന്നത്.

2. മനുഷ്യൻ ഈ ലക്ഷ്യം നേടുന്നതും നഷ്ടമാക്കുന്നതും അവന്റെ സ്വതന്ത്രവും ബോധപൂർവ്വകവുമായ പ്രവർത്തികൾ മൂലമാണ്.

3. മനുഷ്യപ്രവർത്തികളെ നിയന്ത്രിക്കുന്ന ആന്തരികവും ബാഹ്യവുമായ കാരണങ്ങൾ ഏവയെന്നും ഈ ഭാഗത്ത് വിശകലനം ചെയ്യുന്നുണ്ട്.

**രണ്ടാം ഭാഗത്തിന്റെ രണ്ടാം ഭാഗം**

സുമ്മാ തിയോളജിക്കായുടെ രണ്ടാം ഭാഗത്തിന്റെ രണ്ടാം ഭാഗം പ്രധാനമായും നന്മ തിന്മകളെക്കുറിച്ചുള്ള പഠനമാണ്.

(1) എല്ലാ മനുഷ്യർക്കും ബാധകമായ അടിസ്ഥാന നന്മകൾ ഏവ? ഇവയെ ഏഴു ശീർഷകങ്ങളിലായാണ് വിന്യസിച്ചിരിക്കുന്നത്. വിശ്വാസം, പ്രത്യാശ, സ്നേഹം, വിവേകം, നീതി, സ്ഥൈര്യം, ക്ഷമ. ഓരോ ശീർഷകത്തിനും കീഴിൽ അവയ്ക്കു വിരുദ്ധമായ തിന്മകളേയും അവതരിപ്പിക്കുന്നുണ്ട്.

(2) ചില മനുഷ്യർക്കുമാത്രം ബാധകമായ നന്മകളുണ്ട്. സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി, ചിലർക്കുമാത്രം ദൈവം

നൽകുന്ന നന്മകളുണ്ട്. ഉദാഹരണമായി ഭാഷാവരം, പ്രവചനവരം, അത്ഭുതപ്രവർത്തനവരം, സന്യാസജീവിതം, വിവിധ ജീവിതാവസ്ഥയിലുള്ളവരുടെ ദൗത്യങ്ങൾ നിറവേറ്റാനുള്ള വരം മുതലായവ.

**മൂന്നാം ഭാഗം**

സുമ്മാ തിയോളജിക്കയുടെ മൂന്നാം ഭാഗം ക്രിസ്തു സംഭവമാണ് അനാവരണം ചെയ്യുന്നത്. ഇതിൽ പ്രധാനമായും മൂന്ന് പ്രമേയങ്ങളാണ് ചർച്ച ചെയ്യുന്നത്.

(1) നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, പീഡാനുഭവം, മരണം എന്നിവയുടെ വിവരണവും അവയുടെ രക്ഷാകരഫലങ്ങളും.

(2) നമ്മുടെ കർത്താവു സ്ഥാപിച്ച ഏഴു കൂദാശകളും അവിടുത്തെ പീഡാനുഭവങ്ങളിലൂടെ കൈവന്ന രക്ഷാകരഫലങ്ങൾ എപ്രകാരമാണ് കൂദാശകളിലൂടെ സംലഭ്യമാകുന്നത് എന്ന സത്യവും.

(3) നിത്യജീവിതം - ലോകാവസാനം, ശരീരങ്ങളുടെ ഉയിർപ്പ്, വിധി, ദുഷ്ടർക്കുള്ള ശിക്ഷാവിധി (നരകം) നീതിമാന്മാരുടെ നിത്യസന്തോഷം (സ്വർഗ്ഗം) എന്നിവയാണ് ഇവിടെ വിശദീകരിക്കുന്നത്.

മൂന്നാം ഭാഗത്തിലെ കുമ്പസാരത്തെക്കുറിച്ചുള്ള പ്രമേയത്തിലെ 19-ാം ചോദ്യംവരെ തോമസ് അക്വിനാസ് 1271 ൽ എഴുതി പൂർത്തിയാക്കിയതാണ്. തുടർന്നുള്ള ഭാഗങ്ങൾ അക്വിനാസിന്റെ ഇതര രചനകളുടെ വെളിച്ചത്തിൽ ശിഷ്യനും സന്തത സഹചാരിയുമായിരുന്ന റെജിനാൾഡ് ദെ പിപെർണോ പൂർത്തിയാക്കിയതാണ് എന്നു കരുതപ്പെടുന്നു.

ക്രിസ്തീയ തത്വചിന്തയിലും ദൈവശാസ്ത്രത്തിലും വി. തോമസ് അക്വിനാസിനൊപ്പം സ്വാധീനം ചെലുത്തിയ ഏതെങ്കിലും ചിന്തകരോ സഭാപിതാക്കന്മാരോ ഇല്ല. അതുകൊണ്ടാണ് ത്രെന്തോസ് സൂനഹദോസ് എല്ലാ കത്തോലിക്കാ ദേവാലയങ്ങളിലും സൂക്ഷിക്കപ്പെടേണ്ട അവശ്യഗ്രന്ഥമായി ബൈബിളിനും, സഭയുടെ സൂനഹദോസ് പ്രബോധനങ്ങൾക്കുമൊപ്പം സുമ്മാ തിയോളജിക്കയെ നിർദേശിച്ചത്. വി. അക്വിനാസിന്റെ മരണശേഷം നടന്ന സൂനഹദോസുകളുടെ ഡിക്രികളിൽ നല്ലൊരു പങ്കും സുമ്മാതിയോളജിക്കായുടെയും അദ്ദേഹത്തിന്റെ ഇതര രചനകളുടെയും അക്ഷരാർത്ഥത്തിലുള്ള പകർപ്പായിരുന്നു. ലിയോൺസ്, ഫോറൻസ്, വിയന്ന, ഒന്നാം വത്തിക്കാൻ കൗൺസിലുകളുടെ പ്രമാണരേഖകളിൽനിന്നും ഈ സത്യം വ്യക്തമാണ്. 13-ാം ലെയോമാർപ്പാപ്പയുടെ





"എതേർണി പാത്രിസ്"എന്ന ചാക്രികലേഖനത്തിൽ അഭിപ്രായപ്പെടുന്നതുപോലെ "മരണശേഷവും സഭയിലെ തർക്കങ്ങൾ പരിഹരിക്കാനും സൂനഹദോസുകളിലെ ചർച്ചകളെ നേർവഴിക്കു നയിക്കാനും വി. അക്വിനാസ് സന്നിഹിതനായിരുന്നു". വി. അക്വിനാസിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചില വസ്തുതകൾ ചുവടെ ചേർക്കുന്നു.

(1) വി. അക്വിനാസിന്റെ സ്കൊളാസ്റ്റിക് തത്വചിന്തയും ദൈവശാസ്ത്രവും പ്രയോജനരഹിതമാണ് എന്നു പഠിപ്പിക്കുന്നവരെ 1864 ൽ ഒൻപതാം പീയൂസ് പാപ്പാ തന്റെ "സിലബസ്" എന്ന പ്രബോധനരേഖയിൽ ശപിച്ചുതള്ളി (Denzinger Bannwartn 1713).

(2) വി. അക്വിനാസിന്റെ ദൈവശാസ്ത്രം ആധികാരികമാകയാൽ ലോകമാസകലമുള്ള സെമിനാരികളിൽ ഇതു പഠിപ്പിക്കണമെന്ന് ലെയോ പതിമൂന്നാമൻ മാർപ്പാപ്പാ "എത്തേർണി പാത്രിസ" എന്ന ചാക്രികലേഖനത്തിലൂടെ ആവശ്യപ്പെട്ടു.

(3) 1878 ൽ സോഷ്യലിസം, കമ്മ്യൂണിസം, നിഹിലിസം തുടങ്ങിയ സാമൂഹികപ്രശ്നങ്ങൾക്കെതിരേ എഴുതിയ ചാക്രികലേഖനത്തിൽ (inscrutabili) ലെയോ പതിമൂന്നാമൻ മാർപാപ്പാ വി. തോമസ് അക്വിനാസിന്റെ സാമൂഹികദർശനങ്ങളാണ് പരിഹാരമായി അവതരിപ്പിക്കുന്നത്.

(4) വി. തോമസ് അക്വിനാസിനെ കൂടാതെ കത്തോലിക്കാ ദൈവശാസ്ത്രമില്ല എന്നതാണു സത്യം. ആദ്യകാലത്തെ എതിർപ്പിന്റെ തീക്ഷ്ണതക്കുശേഷം പ്രൊട്ടസ്റ്റന്റുസഭകളും ഇപ്പോൾ വി. തോമസ് അക്വിനാസിന്റെ ദൈവശാസ്ത്രശൈലിയെ അനുകരിക്കുകയും അതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്.

08

# ഫ്രാൻസിസ്കൻ തത്വചിന്തകർ

സ്കൊളാസ്റ്റിക് തത്വചിന്താസരണിയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ഫ്രാൻസിസ്കൻ ചിന്തകരെ പരിചയപ്പെടുത്താനുള്ള പരിമിതമായ ശ്രമമാണ് ഈ പാഠം.

## ഓക്കാമിലെ വില്യം (1280-1349)

പതിനാലാം നൂറ്റാണ്ടിലെ ഏറ്റവും പ്രബലനായ സ്കൊളാസ്റ്റിക്ക് ചിന്തകൻ ഓക്കാമിലെ വില്യം ആയിരുന്നു. ഇംഗ്ലണ്ടിലെ ഓക്കാമിൽ ജനിച്ച വില്യം ഓക്സ്ഫോർഡിലാണ് തന്റെ പഠനം നടത്തിയത്. ഫ്രാൻസിസ്ക്കൻ സഭാംഗമായിരുന്ന വില്യത്തിന്റെ പ്രധാന രചനകൾ:

1. സുമ്മാ ലോജിക്കേ (1323) - പാരീസിൽ വച്ച് പ്രസിദ്ധീകരിച്ചു.
2. ക്വോദിബേതാ സെപ്തം (1327) -
3. ജന്റിലോഗിയും തിയോളജിക്കും - 1495 ൽ ലിയോൺസിൽ വച്ച് പ്രസിദ്ധീകരിച്ചു.
4. ദെ സാക്രമെന്തോ അൾത്താരിസ് ദെ കോർപോരെ ക്രിസ്തി -

പീറ്റർ ലൊംബാർഡിന്റെ കൃതിക്ക് (Sentences) രചിച്ച വ്യാഖ്യാനത്തിന്റെ പേരിൽ മാർപാപ്പായുടെ കോടതിയിൽ വില്യം വിചാരണ ചെയ്യപ്പെട്ടു. 1324-ൽ ആരംഭിച്ച വിചാരണ രണ്ടു വർഷം നീണ്ടു. ഈ കാലമത്രെയും വില്യം അവിഞ്ഞോണിലെ ഫ്രാൻസിസ്ക്കൻ ഭവനത്തിൽ വീട്ടുതടങ്കലിലായിരുന്നു. 1326 ൽ ഓക്കാമിനെ പാഷണ്ഡിയായി പ്രഖ്യാപിച്ചു. പീറ്റർ ലൊംബാർഡിന്റെ കൃതിയുടെ വ്യാഖ്യാനത്തിലെ പിശകു കൂടാതെ ഫ്രാൻസിസ്ക്കൻ ദാരിദ്ര്യ സങ്കൽപവും ഈ പ്രഖ്യാപനത്തിന് ആക്കം കൂട്ടി. ഫ്രാൻസിസ്ക്കൻ ദാരിദ്ര്യ സങ്കൽപമനുസരിച്ച് ഈശോയും അപ്പസ്തോലന്മാരും യാതൊരുവിധ സമ്പത്തും വ്യക്തിപരമായോ സമൂഹമായോ സമ്പാദിച്ചിരുന്നില്ല. ഫ്രാൻസിസ്ക്കൻ അംഗങ്ങൾ ഈ വ്രതം പാലിക്കാൻ നിർബന്ധിതരായിരുന്നു. യോഹന്നാൻ 22-ാമൻ മാർപാപ്പ ഇതിനെതിരായ നിലപാടാണ് സ്വീകരിച്ചത്.

ഫ്രാൻസിസ്ക്കൻ വ്രതത്തിനെതിരേ മാർപാപ്പാ നിലപാടു കടുപ്പിച്ചതോടെ ഓക്കാം ഉൾപ്പെടെയുള്ള ഫ്രാൻസിസ്ക്കൻ നേതാക്കൾ അവിഞ്ഞോണിൽനിന്ന് ഒളിച്ചോടി ബവേരിയായിലെ പരിശുദ്ധ റോമാസാമ്രാജ്യത്തിന്റെ അധിപനായ ലൂയി നാലാമന്റെ പക്കൽ അഭയം തേടി. അനുവാദം കൂടാതെ അവിഞ്ഞോണിൽ നിന്നു പുറത്തുപോയതിന് വില്യമിന് സഭാഭ്രഷ്ടു കൽപിക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ തത്വചിന്തയെ സഭ നിരാകരിച്ചതായി തെളിവില്ല.

അക്കാലഘട്ടത്തിൽ, പാപ്പായുടെ അധികാരവും രാജാധികാരവും തമ്മിൽ നിരന്തര സംഘർഷത്തിലായിരുന്നു. പാപ്പായുമായി പിണങ്ങി രാജാവിന്റെ പക്ഷത്ത് എത്തിയതോടെ വില്യം രാജ്യകാര്യങ്ങളിൽ മാർപാപ്പയ്ക്ക് യാതൊരു അധികാരവുമില്ല എന്ന കർക്കശമായ നിലപാട് സ്വീകരിച്ചു തുടങ്ങി. ഇക്കാലത്തെ അദ്ദേഹത്തിന്റെ കൃതികൾ (Compendium errorum Johannis Papa XII, Quastionis Octode auctoritate summi Pontificis) രാഷ്ട്രത്തിന്റെ പരമാധികാരത്തെ അരക്കിട്ടുറപ്പിക്കുന്ന വാദമുഖങ്ങളാണ് നിരത്തിയത്. മാർപാപ്പയ്ക്ക് യാതൊരുവിധ ഭൗതിക അധികാരവുമില്ല എന്ന നിലപാടിൽ വില്യം ഉറച്ചുനിന്നു. രാജഭക്തിയുടെ ആധിക്യംമൂലം ലൂയി രാജാവിന്റെ മകന്റെ വഴിവിട്ട വിവാഹബന്ധത്തെയും വില്യം ന്യായീകരിച്ചു. അനേകം മാർപാപ്പാമാർ അംഗീകരിച്ച ഫ്രാൻസിസ്ക്കൻ ദാരിദ്ര്യവ്രതത്തെ തള്ളിപ്പറയുകവഴി ജോൺ 22-മൻ മാർപാപ്പാ പാഷണ്ഡതയിൽ വീണു എന്നും വില്യം വാദിച്ചു.

തത്വചിന്തയിൽ സ്കൊളാസ്റ്റിക് ചിന്തയുടെ ലളിതവൽക്കരണത്തിനുവേണ്ടിയാണ് ഓക്കാം വാദിച്ചത്. ഓക്കാമിന്റെ ആപ്തവാക്യം (Ockham's razor) "ആവശ്യമില്ലാതെ യാതൊന്നും പെരുപ്പിക്കരുത്" (Entia non sunt multiplicanda sine necessitate) എന്നതായിരുന്നു. തത്വചിന്തയിലെ സങ്കീർണ്ണ പ്രശ്നങ്ങളുടെ ഉത്തരമറിയാൻ മനുഷ്യമനസ്സിന് കഴിവില്ല എന്ന വാദമാണ് ഓക്കാം ഉന്നയിച്ചത്. അക്വിനാസിന്റെ അസ്തിത്വവും സത്തയും തമ്മിലുള്ള വിഭജനവും ക്രിയാത്മക - നിഷ്ക്രിയ ബുദ്ധികളുടെ വർഗ്ഗീകരണവും ഓക്കാം നിഷേ

ധിച്ചു. മനുഷ്യാത്മാവിന്റെ നിത്യതയോ ദൈവത്തിന്റെ ഏകത്വമോ അനന്തതയോ തെളിയിക്കാൻ മനുഷ്യബുദ്ധിക്ക് കഴിവില്ല എന്ന് ഓക്കാം വാദിച്ചു. തന്മൂലം ഓക്കാമിന്റെ തത്വചിന്ത സംശയവാദത്തിന്റെ (Skepticism) ഗണത്തിലാണ് സാധാരണ ഉൾപ്പെടുത്തുന്നത്.

നിത്യസത്യങ്ങൾ വെളിപാടിലൂടെ മാത്രമേ അറിയാനാകൂ എന്നതാണ് ഓക്കാമിന്റെ പ്രധാനവാദം. ദൈവത്തെയോ ദൈവശാസ്ത്രസത്യങ്ങളെയോ ബുദ്ധിയിലൂടെ അറിയാനുള്ള ശ്രമം പാഴ്‌വേലയാണെന്ന് ഓക്കാം വാദിച്ചു. ദൈവത്തിന്റെ സൃഷ്ടികർമ്മവും രക്ഷാകർമ്മവും തികച്ചും സ്വതന്ത്രപ്രവൃത്തിയാകയാൽ അവ സ്വാഭാവികമോ ബൗദ്ധികമോ ആയ യാതൊരുനിയമങ്ങൾക്കും വിധേയമായിരുന്നില്ല. അതിനാൽത്തന്നെ അവയെ ബുദ്ധികൊണ്ട് മനസ്സിലാക്കാനാവില്ല. ദൈവം പ്രപഞ്ചത്തിൽ ക്രമീകരിച്ച വസ്തുതകളെ കണ്ടെത്താൻ മാത്രമേ ബുദ്ധിയും ശാസ്ത്രവും ഉപകരിക്കുന്നുള്ളൂ.

ഓക്കാമിന്റെ മറ്റൊരു ശ്രദ്ധേയമായ നിലപാട് നാമവാദം (nominalism) അഥവാ ആശയവാദം (conceptualism) ആണ്. വ്യക്തികൾക്കും വൈയക്തികവസ്തുക്കൾക്കും മാത്രമേ അസ്ഥിത്വമുള്ളൂ. പൊതുവായ പ്രപഞ്ചം എന്നത് സാങ്കല്പികം മാത്രമാണ്. സാർവ്വത്രികമായവ (universals) മനുഷ്യമനസ്സിന്റെ അമൂർത്തീകരണം (abstraction) മാത്രമാകയാൽ അവയ്ക്ക് മനസ്സിനുവെളിയിൽ അസ്തിത്വമില്ല. തന്മൂലം ഉണ്മാശാസ്ത്രം (ontology) അടിസ്ഥാനരഹിതമാണെന്നും ഓക്കാം വാദിച്ചു. സാർവ്വത്രികമായവ കേവലം ആശയങ്ങളോ (conceptualism) ആശയങ്ങളുടെ പേരുകളോ (nominalism) ആണെന്ന ചിന്താഗതിയാണ് ഓക്കാം പുലർത്തിയിരുന്നത്.

ഭൗതിക കാര്യങ്ങളിലുള്ള സഭയുടെ അധികാരത്തെ എതിർത്തിരുന്നതിനാൽ ഓക്കാമിനെ ചരിത്രത്തിലെ "ആദ്യത്തെ പ്രൊട്ടസ്റ്റുകാരനാ"യാണ് വിശേഷിപ്പിക്കുന്നത്. എന്നാൽ ആത്മീയ മേഖലയിൽ സഭയ്ക്കുള്ള അധികാരത്തെ ഓക്കാം തന്റെ രചനകളിൽ ഉയർത്തിപ്പിടിച്ചിരുന്നു എന്നതു ശ്രദ്ധേയമാണ്. വിശ്വാസസത്യങ്ങളെ യുക്തികൊണ്ട് അറിയാനാകില്ല എന്ന കർക്കശ നിലപാടു സ്വീകരിച്ചപ്പോഴും വിശ്വാസ സത്യങ്ങളുടെ ഉള്ളടക്കത്തെയും ആധികാരികതയെയും ഓക്കാം എന്നും മുറുകെപ്പിടിച്ചിരുന്നു. സ്കൊളാസ്റ്റിക് ചിന്തയുടെ അതിസങ്കീർണ്ണതയെ ലളിതവൽക്കരിക്കണമെന്ന വാദവും ശരിയായ ഉദ്ദേശ്യത്തോടെയുള്ളതായിരുന്നു. എന്നാൽ സഭാവിരുദ്ധൻ എന്നു മുദ്രകുത്തപ്പെട്ടതിനാൽ ഓക്കാമിന്റെ ആശയങ്ങൾ അസ്വീകാര്യങ്ങളായി.





ഓക്കാം വാദിച്ച കാര്യങ്ങൾ എല്ലാംതന്നെ ഇന്നുസഭ അംഗീകരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തു എന്നതു സത്യമാണ്. എന്നാൽ, സഭയും രാഷ്ട്രവും തമ്മിലുള്ള തർക്കങ്ങൾ കൊടുമ്പിരികൊണ്ടിരുന്നകാലത്ത് സഭയെ തള്ളിപ്പറഞ്ഞ് രാജപക്ഷത്തു ചേർന്നു എന്നതായിരുന്നു ഓക്കാമിന്റെമേലുള്ള അപരാധം. യുദ്ധമുഖത്തുവച്ച് മറുപക്ഷം ചേർന്ന പടയാളിയെന്ന ആരോപണം ഓക്കാമിന്റെമേൽ ചരിത്രം ചാർത്തുന്നു.

### വി. ബൊനവെന്തൂര (St. Boneventure 1221 - 1274)

ഫ്രാൻസിസ്ക്കൻ താത്വിക ശ്രേണിയിലെ അതികായനാണ് വേദപാരംഗതനും അൽബാനോയുടെ മെത്രാനും കർദ്ദിനാളുമായിരുന്ന വി. ബൊനവെന്തുര. ജോൺ എന്ന മാമോദീസാ പേരുകാരനായിരുന്ന കുഞ്ഞിനെ രോഗസൗഖ്യത്തിനായി മാതാപിതാക്കൾ വി. ഫ്രാൻസീസിനരികിൽ കൊണ്ടുവന്നപ്പോൾ "നല്ലതു വരട്ടെ" (buona ventura) എന്ന അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽനിന്നാണ് ഈ പേര് ഉത്ഭവിച്ചത് എന്നൊരു ഐതിഹ്യമുണ്ട്. "സെറാഫുകളുടെ വേദപാരംഗതൻ" (seraphic doctor) എന്ന അപരനാമവും ഈ വിശുദ്ധനുണ്ട്. 36-ാം മത്തെ വയസ്സിൽ ഫ്രാൻസിസ്കൻ സഭയുടെ പരമാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ബൊനവെന്തൂരാ സഭയിൽ നഷ്ടപ്പെട്ട ഐക്യം വീണ്ടെടുത്തു. അംഗങ്ങൾ തന്നിഷ്ടംപോലെ ഫ്രാൻസീസിന്റെ ജീവിതകഥകൾ മെനയുകയും സഭാനിയമം എഴുതിയുണ്ടാക്കുകയും ചെയ്തിരുന്ന കാലമായിരുന്നു ഇത്. പാരീസിൽകൂടിയ സഭാകൗൺസിലിൽ ഫ്രാൻസീസിന്റെ ഔദ്യോഗിക ജീവചരിത്രവും സഭാ നിയമവും അംഗീകരിച്ചതോടെ ബാക്കിയെല്ലാം കത്തിച്ചുകളയാൻ ബൊനവെന്തൂരാ ഉത്തരവിട്ടത് ഏറെ വിവാദങ്ങളുണ്ടാക്കിയിരുന്നു. ഗ്രിഗറി പത്താമൻ മാർപാപ്പാ ബൊനവെന്തൂരായുടെ ആഗ്രഹത്തിനു വിരുദ്ധമായി അദ്ദേഹത്തെ കർദ്ദിനാളാക്കി. കർദ്ദിനാളിന്റെ തൊപ്പി കൈമാറാൻ ആശ്രമത്തിലെത്തിയ പേപ്പൽ പ്രതിനിധികൾ ആശ്രമത്തിനു വെളിയിൽ പാത്രം കഴുകുന്ന വിശുദ്ധനെയാണു കണ്ടത്. തന്റെ കൈ ഒഴിവില്ലാത്തതിനാൽ തൊപ്പി അടുത്തുള്ള മരക്കമ്പിൽതൂക്കിയിട്ട് പൊയ്ക്കൊള്ളാനാണ് ബൊനവെന്തൂരാ പറഞ്ഞത്. അധികാരത്തോടുള്ള നിർമ്മമത്വം ബൊനവെന്തൂരായുടെ ശൈലിയായിരുന്നു.

പീറ്റർ ലൊംബാർഡിന്റെ കൃതിക്ക് (sentences) രചിച്ച വ്യാഖ്യാനമാണ് ബൊനവെന്തൂരാ എന്ന ദൈവശാസ്ത്രജ്ഞനെ പ്രസിദ്ധനാക്കിയത്. ഈ കൃതിയിൽ ദൈവം, പരി. ത്രിത്വം, സൃഷ്ടി, മനുഷ്യന്റെ പതനം, മനുഷ്യാവതാരം, രക്ഷ, കൃപ, കൂദാശകൾ, അന്ത്യവിധി തുടങ്ങിയ പ്രമേയങ്ങളെ പ്രതിപാദിക്കുന്ന നാലുഭാഗങ്ങ

ളാണുള്ളത്.

അരിസ്റ്റോട്ടിലിനെക്കാൾ പ്ലേറ്റോയെ ഇഷ്ടപ്പെട്ട ബൊനവെന്തൂരാ എന്നാൽ നിയതമായ അർത്ഥത്തിൽ പ്ലേറ്റോണിക് ചിന്തയുടെ വക്താവായിരുന്നില്ല. എന്നാൽ, വി. ആഗസ്തീനോസിന്റെ ചിന്താ ധാരയുടെ മധ്യകാലവക്താവായാണ് ഇദ്ദേഹം അറിയപ്പെടുന്നത്. വി. ബൊനവെന്തൂരയുടെ പ്രധാന ദൈവശാസ്ത്ര-താത്വിക നില പാടുകൾ താഴെപ്പറയുന്നവയാണ്.

1. ആദം പാപം ചെയ്തിരുന്നില്ലെങ്കിൽ മനുഷ്യാവതാരം സംഭ വിക്കുമായിരുന്നില്ല.

2. മറിയം ജന്മപാപത്തിൽനിന്ന് ഒഴിവാക്കപ്പെട്ടു എന്നവാദത്തെ ബൊനവെന്തൂര സ്വീകരിച്ചിരുന്നില്ല.

3. ദൈവത്തിലേക്കുള്ള മൂന്നുവഴികൾ തത്വചിന്ത തുറന്നുതരു ന്നതായി ബൊനവെന്തൂര കരുതുന്നു. ഒന്നാമതായി, അചേതന വസ്തുക്കൾ ദൈവത്തിന്റെ കാല്പാടുകൾ പോലെയാണ്. അവ യെക്കുറിച്ചുള്ള വിചിന്തനം ദൈവത്തിലേക്കു നയിക്കും. രണ്ടാമ തായി, ബൗദ്ധിക ജീവികൾ ദൈവത്തിന്റെ ഛായയും സാദൃശ്യവു മാണ്. അതിനാൽ അവ ദൈവാന്വേഷികളാണ്. മൂന്നാമതായി, ഉൺമയെക്കുറിച്ചുള്ള (being) വിചിന്തനം ദൈവത്തിലേക്കു നയി ക്കുന്നു.

**ഡൺസ് സ്കോട്ടസ് (1266 – 1308)**

സ്കോട്ട്ലന്റിലെ ഡൺസ് നഗരത്തിൽ ജനിച്ച ജോഹാൻ ഡൺസ് ആണ് പിൽക്കാലത്ത് ഡൺസ് സ്കോട്ടസ് എന്ന പേരിൽ പ്രസിദ്ധനായ സ്കൊളാസ്റ്റിക് ചിന്തകൻ. 1291 ൽ ഫ്രാൻസിസ്കൻ സഭാവൈദികനായി അഭിഷിക്തനായ ഇദ്ദേഹം ഓക്സ്ഫോർ ഡിലെ അറിയപ്പെടുന്ന ചിന്തകനായിരുന്നു. ദീർഘകാലം ഫ്രാൻസിൽ പഠനം നടത്തിയ ഡൺസ് സ്കോട്ടസ് 1308 ൽ കൊളോ ണിൽവച്ച് മരണമടയുകയും അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു.

പീറ്റർ ലൊംബാർഡിന്റെ വിഖ്യാതകൃതിക്ക് (sentences) എഴു തിയ വ്യാഖ്യാനമാണ് ഡൺസ് സ്കോട്ടസിന്റെ പ്രധാനരചന. കൂടാതെ മറ്റുപല താർക്കിക അതിഭൗതികശാസ്ത്ര ഗ്രന്ഥങ്ങളും ഡൺസ് സ്കോട്ടസ് രചിച്ചിട്ടുണ്ട്. ഈ രചനകളിൽനിന്ന് ഇദ്ദേഹ ത്തിന്റെ ചിന്താസരണിയെ മനസ്സിലാക്കാം. അടിസ്ഥാനപരമായി ഡൺസ് സ്കോട്ടസ് ഒരു യാഥാർത്ഥ്യവാദിയായിരുന്നു. സ്കോട്ട സിന്റെ പ്രധാനചിന്തകൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

1. അതിഭൗതിക ശാസ്ത്രത്തിന്റെ പ്രമേയം ഉൺമ (being)ആ ണ്. ഈ ഉൺമയാകട്ടെ പൊതുസ്വഭാവമുള്ളതാണ് (ens in communi).





ഉൺമയുടെ പൊതുസ്വഭാവത്തിന് ഊന്നൽ നൽകുന്നതിലൂടെ സത്ത യും (essence) അസ്തിത്വവും (existence) തമ്മിൽ വ്യത്യാസമി ല്ലെന്ന് ഡൺസ് സ്കോട്ടസ് വാദിച്ചു. ഈ വാദം അക്വിനാസിന്റെ നിലപാടിന് എതിരായിരുന്നു. ദൈവമൊഴികെയുള്ള എല്ലാ അസ്ഥി ത്വങ്ങളിലും സത്തയും അസ്തിത്വവും വ്യതിരിക്തമാണ് എന്നാണ് അക്വീനാസ് വാദിച്ചത്. എന്നാൽ അസ്തിത്വമില്ലാത്തതിനെക്കുറിച്ച് നമുക്ക് വിചിന്തനം അസാധ്യമായതുകൊണ്ട് സത്തയും അസ്തി ത്വവും തമ്മിലുള്ള അന്തരം സാങ്കല്പികമാണെന്നാണ് സ്കോട്ട സിന്റെ നിലപാട്. ഇത് നിലനിൽക്കുന്നു (siest) = ഇത് എന്താണ് (quidest) എന്നവാദമാണ് ഇദ്ദേഹം മുന്നോട്ടുവെയ്ക്കുന്നത്.

2. പദാർത്ഥത്തെ (matter) വിശദീകരിക്കുന്നതിലും തോമസും സ്കോട്ടസും വ്യത്യസ്തനിലപാടുകാരായിരുന്നു. രൂപരഹിതമായ ഒരു ആദ്യപദാർത്ഥമുണ്ടെന്നും സൃഷ്ടിയിലെ സകലപരിണാമ ങ്ങൾക്കും കാരണം ഈ പദാർത്ഥമാണെന്നും സ്കോട്ടസ് വാദി ച്ചു. അക്വീനാസിന്റെ വീക്ഷണത്തിനെതിരായി, സൃഷ്ടി വസ്തു ക്കളെല്ലാം പദാർത്ഥവും (matter) രൂപവും (form) ചേർന്നതല്ലെന്ന് അദ്ദേഹം നിരീക്ഷിച്ചു. ഉദാഹരണമായി, മനുഷ്യാത്മാവിന് രൂപമി ല്ല. ഒരേ പദാർത്ഥത്തിന് വ്യത്യസ്തരൂപങ്ങളുണ്ടാകാമെന്നും അദ്ദേഹം വാദിച്ചു. ഉദാഹരണമായി, ആത്മാവും ശരീരത്തിന്റെ രൂപവും മനുഷ്യശരീരത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്ത രൂപ ങ്ങളാണ്. വസ്തുക്കളെ നയിക്കുന്നത് പൊതുസ്വഭാവം എന്ന തത്വ മല്ല വൈയക്തിക തത്വമാണ് (principle of individuation). കാരണം അസ്തിത്വമൊന്നും പൊതുവായിട്ടല്ല, വൈയക്തികമായാണ് നില കൊള്ളുന്നത്. തന്മൂലം ശരീരത്തിൽനിന്ന് വേർപെട്ട അവസ്ഥയിലും ആത്മാവിന് അറിയാനുള്ള കഴിവുണ്ട്.

3. സൃഷ്ടപ്രപഞ്ചവും ദൈവവും തമ്മിലുള്ള ബന്ധത്തെ വിശ ദീകരിക്കുന്നതിലും അക്വീനാസും സ്കോട്ടസും വ്യത്യസ്ത അഭിപ്രാ യമാണ് പുലർത്തിയിരുന്നത്. പ്രപഞ്ചത്തിലെ ഒരു വിശേഷണവും ദൈവത്തിനു ബാധകമല്ല എന്നനിലപാടാണ് അക്വീനാസ് സ്വീക രിച്ചത്. ഉദാ. മനുഷ്യൻ നന്മയാണ്, ദൈവം നന്മയാണ് എന്നീ പ്രസ്താവനകളിലെ "നന്മയാണ്" എന്ന വിശേഷണം ഒരിക്കലും സമാനാർത്ഥത്തിലല്ല മറിച്ച് സാദൃശ്യാർത്ഥത്തിലാണ് (analogous) എന്ന അക്വിനാസിന്റെ നിലപാടിനെ ഖണ്ഡിച്ചുകൊണ്ട് ചില പ്പോഴൊക്കെ ദൈവത്തെയും സൃഷ്ടവസ്തുക്കളെയും സമാന വിശേഷണത്തിൽ (univocal) സൂചിപ്പിക്കാനാവും എന്ന് സ്കോട്ടസ് വാദിച്ചു.

4. ദൈവത്തിന്റെ അസ്ഥിത്വം അനുഭവത്തിലൂടെ (a posteriori)

മാത്രമേ തെളിയിക്കാനാവൂ എന്ന് സ്കോട്ടസ് വാദിച്ചു. വസ്തുക്കളുടെ നിത്യവും അനന്തവുമായ ക്രമീകരണം അസാധ്യമാണ്. ക്രമീകരിക്കപ്പെട്ടവയ്ക്ക് അവയ്ക്കുവെളിയിൽ നിന്നുള്ള ഒരു കാരണം ഉണ്ടായിരിക്കണം. പ്രസ്തുത കാരണം അതിന്റെതന്നെ കാരണമായിരിക്കുകയുംവേണം. സ്കോട്ടസിന്റെ ഈ വാദം പ്രപഞ്ചക്രമത്തെ ആധാരമാക്കിയുള്ള അക്വിനാസിന്റെ ആസ്തികവാദത്തോടു സാമ്യമുള്ളതാണ്.

5. ഡൺസ് സ്കോട്ടസിന്റെ ഏറ്റവും വലിയ ദൈവശാസ്ത്ര സംഭാവനയായി കരുതപ്പെടുന്നത് പരി. മറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനമാണ്. ജന്മപാപത്തിന്റെ കറ മനുഷ്യകുലത്തിനു മാറ്റിക്കൊടുത്തത് ക്രിസ്തുവിന്റെ കുരിശുമരണമാണെങ്കിൽ കുരിശുമരണത്തിനു മുൻപേ മറിയം എങ്ങനെയാണ് ജന്മപാപരഹിതയാകുന്നത് എന്ന താത്വികപ്രശ്നമാണ് ദൈവശാസ്ത്രജ്ഞരെ കുഴക്കിയിരുന്നത്. മാതാവിന്റെ അമലോത്ഭവതിരുനാൾ ഏഴാം നൂറ്റാണ്ടുമുതലെങ്കിലും ആചരിച്ചിരുന്നെങ്കിലും അതിന്റെ ദൈവശാസ്ത്രം വിശദീകരിക്കുന്നതിൽ പണ്ഡിതന്മാർ വ്യത്യസ്ത അഭിപ്രായക്കാരായിരുന്നു. വി. ആൻസെലെത്തെ ഉദ്ധരിച്ചുകൊണ്ട് ഡൺസ് സ്കോട്ടസ് ഇപ്രകാരം എഴുതി. ദൈവത്തിന് അതിനു കഴിവുണ്ട് (potuit). അത് ന്യായയുക്തമാണെന്ന് ദൈവത്തിന് മനസ്സിലായി (decuit). അതിനാൽ ദൈവം അതു ചെയ്തു (ergo fetit). അമലോത്ഭവത്തെക്കുറിച്ചുള്ള ഡൺസ് സ്കോട്ടസിന്റെ വാദമുഖങ്ങൾ മൂന്നു പ്രസ്താവനകളിൽ സംഗ്രഹിക്കാം.

- എല്ലാ സൃഷ്ടികളെയുംപോലെ മറിയത്തിനും രക്ഷ ആവശ്യമായിരുന്നു. ഏതൊരു മനുഷ്യവ്യക്തിയെയുംപോലെ ക്രിസ്തുവിനാൽ മാത്രമേ മറിയവും രക്ഷിക്കപ്പെടുന്നുള്ളൂ.
- എന്നാൽ, യേശുവിന്റെ കുരിശിലെ ബലിയുടെ രക്ഷാകരമായ വരപ്രസാദത്തെ മറിയത്തിനു മുൻകൂട്ടി നൽകാൻ ദൈവം തിരുമനസ്സായി.
- അതിനാൽ അവൾ ജന്മപാപത്തിന്റെ കറപുരളാതെ ഗർഭംധരിക്കപ്പെട്ടു.

ഡൺസ് സ്കോട്ടസിന്റെ ഈ വാദം ഒൻപതാം പീയൂസ് മാർപാപ്പാ 1854 ൽ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ച അവസരത്തിൽ ഊന്നി പറയുന്നുണ്ട്. അമലോത്ഭവസത്യം കൂടാതെ, ഈശോയ്ക്ക് പ്രപഞ്ചത്തിലുള്ള പ്രഥമസ്ഥാനത്തെക്കുറിച്ചുള്ള ഡൺസ് സ്കോട്ടസിന്റെ പഠനത്തിനും സഭയുടെ അംഗീകാരം ലഭിച്ചു. 1925 ൽ "ക്രിസ്തുരാജതിരുനാൾ" ആരംഭിച്ചത് ഈ പശ്ചാത്തലത്തിലാണ്.



# 09

## ആധുനിക താത്വിക സരണികൾ

തത്വചിന്തയിൽ ഉപയോഗിക്കുന്ന പലപദങ്ങളുടെയും അർത്ഥവ്യാപ്തിയും ധ്വനിയും ശരിയാംവിധം ഗ്രഹിക്കുക എന്നത് ദൈവശാസ്ത്രപഠനത്തിന് അത്യന്താപേക്ഷിതമാണ്. ഇതുപതാം നൂറ്റാണ്ടിൽ പ്രചരിതമായ വിവിധ തത്വശാസ്ത്ര സരണികളെ പരിചയപ്പെടുത്തുക എന്നതാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

ഇരുപതാം നൂറ്റാണ്ടിലെ സവിശേഷതകളിൽ മുന്തിനിൽക്കുന്നത് ശാസ്ത്രത്തിന്റെയും സാങ്കേതിക ശാസ്ത്രത്തിന്റെയും വിസ്മയാവഹമായ പുരോഗതിയാണ്. ഊർജ്ജതന്ത്രത്തിലും ഖഗോളഭൗതികത്തിലും (Astro Physics) കൈവന്ന പുരോഗതിയും വമ്പിച്ചതാണ്. മാക്സ്പ്ലാങ്കിന്റെ ക്വാണ്ടം സിദ്ധാന്തം, ചതുർമാനദിക് - കാലസാംതത്യകം എന്ന സങ്കല്പത്തിന് രൂപം നൽകിയ ഐൻസ്റ്റൈന്റെ ആപേക്ഷികതാസിദ്ധാന്തം അണുകേന്ദ്രഭൗതികത്തിൽ സുസ്ഥിരമായ മാപനത്തിനു പകരം സംഭവ്യതയെയും ആസംഗത്തെയും അവതരിപ്പിച്ച ഹൈസൻബർഗ്, ഷ്റോഡിംഗർ തുടങ്ങിയവരുടെ അനിശ്ചിതത്വ സിദ്ധാന്തം എന്നിവ ഭൗതികപ്രപഞ്ചത്തെക്കുറിച്ചുള്ള നമ്മുടെ

വീക്ഷണത്തിന് സാരമായ മാറ്റം വരുത്തിയിട്ടുണ്ട. ആറ്റംബോംബ് അണുഊർജത്തിന്റെ സൃഷ്ടിപരവും സംഹാരപരവുമായ ഉപയോഗങ്ങളുടെ അളവറ്റ സാദ്ധ്യതകളിലേക്ക് വിരൽചുണ്ടുന്നു. പ്രപഞ്ചത്തെക്കുറിച്ചുയള്ള പത്തൊമ്പതാം നൂറ്റാണ്ടിലെ സങ്കല്പങ്ങളിൽ പലതും ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രജ്ഞന്മാർക്ക് തിരുത്തി എഴുതേണ്ടി വന്നിട്ടുണ്ട. പദാർത്ഥം ഇന്ന് പരിവർത്തനപ്രക്രിയക്ക് വിധേയമായ ഒന്നായിട്ടാണ് കണക്കാക്കപ്പെട്ടു പോരുന്നത്. ഒരിടത്തും നാം സ്ഥിരമായ ഗണിതീയവസ്തുക്കളെ കണ്ടുമുട്ടുന്നില്ല. ഈ മാറ്റം ഭൗതികവാദത്തിന് വലിയ ആഘാതം ഏൽപിച്ചിട്ടുണ്ടെങ്കിലും അത് ഒരു ആദ്ധ്യാത്മികവീക്ഷണത്തിന് അനുകൂലമാണെന്ന് പറയുക വയ്യ.

മനശ്ശാസ്ത്രത്തിന്റെ മണ്ഡലത്തിലും ഒരു രൂപാന്തരണം സംഭവിച്ചിട്ടുള്ളതായി കാണാം. ആധുനികമനഃശ്ശാസ്ത്രത്തിലെ രണ്ടു പ്രമുഖ സ്കൂളായ വ്യവഹാരവാദവും മാനസികാപഗ്രഥനവും മനുഷ്യമനസ്സിന്റെ ചേഷ്ടകളെക്കുറിച്ച് പരമ്പരാഗതമായ ആശയങ്ങളിലുള്ള നമ്മുടെ വിശ്വാസത്തെ മാറ്റിക്കളഞ്ഞിട്ടുണ്ട്. ശരീരക്രിയാവിജ്ഞാന സംബന്ധിയായ തത്വങ്ങൾ അനുസരിച്ച് മനഃശ്ശാസ്ത്രത്തെ വ്യാഖ്യനിച്ച പാവ്ലോവ് എന്ന റഷ്യൻ ശാസ്ത്രജ്ഞനാണ് വ്യവഹാരവാദത്തിന്റെ വികാസത്തിന് കാരണഭൂതൻ. എന്നാൽ വ്യവഹാരവാദത്തിന്റെ പ്രധാനശിൽപ്പി അമേരിക്കൻ മനഃശാസ്ത്രജ്ഞനായ വാട്ട്സൺ ആണ്. മാനസികാപഗ്രഥനം ഫ്രോയിഡിന്റെ പ്രതിഭയിൽ നിന്നാണ് ഉടലെടുത്തത്. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ സംസ്ക്കാരം ഏർപ്പെടുത്തുന്ന നിരോധങ്ങളും നമ്മുടെ സഹജപ്രവണതകളും തമ്മിലുള്ള സംഘട്ടനം ഒഴിച്ചു കൂടാൻ വയ്യാത്ത ഒന്നാണ്. മനസ്സിനെക്കുറിച്ചുള്ള യുക്തിവാദപരമായ ചിന്താഗതികൾക്കും അദ്ദേഹം വലിയ ആഘാതം ഏൽപിച്ചിട്ടുണ്ട്.

അതുപോലെ തന്നെ നവീനസാങ്കേതികശാസ്ത്രത്തിന്റെ പ്രാധാന്യത്തെ ഇന്ന് എത്ര ഊന്നി പറഞ്ഞാലും മതിയാവുകയില്ല. മെഷീനുകൾ ഇന്ന് നമ്മുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് നില ഉറപ്പിച്ചിരിക്കുകയാണ്.

മേൽപ്പറഞ്ഞ പ്രവണതകൾ ആധുനികതത്വചിന്തയിലും അതിന്റെതായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. തത്വചിന്തയെ സംബന്ധിച്ചിടത്തോളം ഇരുപതാം നൂറ്റാണ്ടിലെ സവിശേഷത ഏതെങ്കിലും ഒരു പ്രത്യേക സിദ്ധാന്തത്തിന്റെ മേൽക്കോയ്മ തത്വശാസ്ത്രലോകം അംഗീകരിക്കുന്നില്ല എന്നതാണ്. മുൻകാലങ്ങളിലെ സ്ഥിതി ഇതല്ലായിരുന്നു. ഉദാഹരണത്തിന് പതിനെട്ടാം നൂറ്റാണ്ടിൽ കാന്റിന്റെ തത്വശാസ്ത്രം സർവ്വപ്രധാനമായിരുന്നു.





**ആദ്ധ്യാത്മികപാരമ്പര്യം**

ഇരുപതാം നൂറ്റാണ്ടിലെ തത്വശാസ്ത്രത്തിലും ആദ്ധ്യാത്മിക പാരമ്പര്യം നിലനിന്നു പോരുന്നുണ്ട്. ആ പാരമ്പര്യത്തിന്റെ ആധുനികകാലത്തെ പ്രമുഖവക്താക്കൾ ഇറ്റലിയിൽ ക്രോച്ചെ, ജെന്റൈയിൽ എന്നിവരും ജർമ്മനിയിൽ യൂക്കൻ, നതോർപ്പ് എന്നിവരും ഇംഗ്ലണ്ടിൽ മക്ടഗർട്ട്, പ്രിംഗിൾ പാറ്റിസൺ തുടങ്ങിയവരുമാണ്. പ്രസ്തുത പാരമ്പര്യത്തിൽ കാന്റിന്റെയും ഹെഗലിന്റെയും സ്വാധീനം സ്പഷ്ടമാണ്. സാമൂഹ്യശാസ്ത്രം, ചരിത്രം എന്നിവയുടെ വീക്ഷണത്തിലുണ്ടായിട്ടുള്ള പുരോഗതി ആദർശവാദത്തെ കൂടുതൽ ചൈതന്യവത്താക്കിത്തീർത്തിട്ടുണ്ട്. ഇക്കാരണം കൊണ്ടു തന്നെയാണ് തത്വചിന്ത പത്തൊമ്പതാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതിനേക്കാളേറെ സാസ്ക്കാരിക കാര്യങ്ങളിൽ പ്രതിപത്തി കാണിക്കുന്നത്.

ജർമ്മനിയിലെ മാർബർഗ് സ്കൂൾ കാന്റിയൻ പാരമ്പര്യത്തെ നിലനിർത്തിപ്പോരുന്നു. ആ സ്കൂളിനെ പ്രതിനിധീകരിക്കുന്ന പ്രമുഖചിന്തകരാണ് ഹെർമാൻ കോഹനും പോൾ നതോർപും. കോഹൻ കാന്റിന്റെ - വസ്തു നിജരൂപത്തെ (thing-in-itself) നിരാകരിക്കുകയും ശാസ്ത്രത്തിന്റെ പൂർവ്വ കല്പനകളിൽ തന്റെ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രധാന ഉദ്ദേശ്യം കലയും ശാസ്ത്രവും തമ്മിൽ ഒരു സംശ്ലേഷണം ഉണ്ടാക്കുകയാണ്. ഈ സംശ്ലേഷണം അദ്ദേഹം സാസ്ക്കാരികബോധത്തിൽ ദർശിച്ചു. കോഹന്റെ തത്വശാസ്ത്രത്തിലെ ജ്ഞാനസംവർഗ്ഗങ്ങൾക്ക് കാന്റിന്റെ സംവർഗ്ഗങ്ങളെ അപേക്ഷിച്ച് കൂടുതൽ ഗതികവും സർഗ്ഗാത്മകവുമായ ഒരു ചുമതലയാണ് നിർവഹിക്കാനുള്ളത്. അദ്ദേഹത്തിന് ശാസ്ത്രങ്ങളെ ഏകീകരിക്കാൻ ഉതകുന്ന ഉൽപത്തിസംവർഗത്തിൽ പ്രത്യേക താൽപ്പര്യമുണ്ടായിരുന്നു. നതോർപിന് പല നിലകളിലും പ്ലേറ്റോയുമായിട്ടാണ് കൂടുതൽ അടുപ്പം. സാമൂഹ്യപ്രശ്നങ്ങളെയാണ് അദ്ദേഹം മൗലികപ്രശ്നങ്ങളായി കരുതിപ്പോന്നത്. തന്റെ ചരിത്രദർശനത്തിൽ അദ്ദേഹം സാമ്പത്തികവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ സ്ഥാപനങ്ങളെ വേർതിരിച്ചു കാണിക്കുകയും സാംസ്ക്കാരികസ്ഥാപനങ്ങൾ നമ്മുടെ സർഗ്ഗാത്മതയ്ക്കുള്ള അന്തശ്ചോദനത്തെ രൂപീകരിക്കുന്നു എന്നതുകൊണ്ട് മറ്റ് സ്ഥാപനങ്ങളേക്കാൾ കൂടുതൽ ശ്രേഷ്ഠമാണെന്ന് പ്രസ്താവിക്കുകയും ചെയ്തു.

ഹൈഡൽബർഗ് സർവ്വകലാശാലയിലെ വിൻഡൽബാൻഡും നവീനആദർശവാദത്തിന്റെ ഒരു പ്രമുഖവക്താവാണ്. അദ്ദേഹം

സാംസ്ക്കാരികകാര്യങ്ങളിൽ ബദ്ധശ്രദ്ധനും തത്വശാസ്ത്രചരിത്രത്തിന് വിലയേറിയ സംഭവങ്ങൾ നൽകിയ ദേഹവുമാണ്. മൂല്യങ്ങളെ സംബന്ധിച്ച പ്രശ്നങ്ങളിൽ അദ്ദേഹം പ്രത്യേകം താൽപ്പര്യം പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ശാസ്ത്രങ്ങളേക്കാൾ ഉന്നതസ്ഥാനത്ത് നില കൊള്ളുന്നവയാണ് മനുഷ്യത്വത്തെ സംബന്ധിച്ച മാനകനിയമങ്ങൾ. പ്രപഞ്ചത്തിൽ ഒരു നൈതികവ്യവസ്ഥ നിലനിൽക്കുന്നുണ്ടെന്നും ആ വ്യവസ്ഥ വിവിധ ചരിത്രപരസംസ്ക്കാരങ്ങളിലും പ്രകടിതമായിക്കാണാമെന്നും അദ്ദേഹം കരുതുന്നു. നൈതികമൂല്യങ്ങളേക്കാൾ ശ്രേഷ്ഠമാണ് സൗന്ദര്യമൂല്യങ്ങളെന്നും ഈ സൗന്ദര്യമൂല്യങ്ങൾ പ്രതിഭാശാലിയായ ഒരു വ്യക്തിയുടെ ജീവിതത്തിൽ തെളിഞ്ഞു കാണാമെന്നും അദ്ദേഹം പറഞ്ഞു. താർക്കികം, നൈതികം, കലാപരം എന്നീ മണ്ഡലങ്ങളുടെ ഏകീകരണത്തെയാണ് മതം പ്രതിനിധാനം ചെയ്യുന്നത്. യാഥാർത്ഥ്യവും മൂല്യവും തമ്മിലുള്ള ദ്വിത്വത്തെ തരണം ചെയ്ത് പരിപൂർണ്ണഏകീകരണം സാധിക്കുന്നത് മതത്തിൽ കൂടിയാണ്.

ഹൈഡൽബർഗ് സർവ്വകലാശാലയിലെ മറ്റൊരദ്ധ്യാപകനാണ് റിക്കെർട്ട്. പ്രകൃതിശാസ്ത്രങ്ങളും ചരിത്രശാസ്ത്രങ്ങളും തമ്മിൽ വലിയ അന്തരമുണ്ടെന്നും ശാസ്ത്രങ്ങൾ സാംസ്ക്കാരിക വികാസത്തിനു വിധേയമാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. ആദർശമാനകങ്ങളെ വാസ്തവികമൂല്യങ്ങളുമായി യോജിപ്പിക്കുവാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. പരികൽപനാത്മകകാര്യങ്ങളെക്കുറിച്ച് മാത്രമല്ല പ്രായോഗിക സങ്കൽപ്പങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ഒന്നാണ് ദർശനം എന്നദ്ദേഹം കരുതി. പ്രായോഗികസങ്കൽപ്പങ്ങളുടെ ഏറ്റവും നല്ല ഉദാഹരണം സദാചാരശാസ്ത്രത്തിൽ കാണാവുന്നതാണ്.

ആധുനികജർമ്മൻ ആദർശവാദത്തിന്റെ ഏറ്റവും സമുന്നതനായ വക്താവ് റുഡോൾഫ് യൂക്കൻ ആണ്. യൂക്കൻ കർമ്മത്തിന്റെ പ്രാധാന്യം ഊന്നി പറഞ്ഞു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, നമ്മിൽ അന്തർലീനമായിക്കിടക്കുന്ന ശക്തികളെ സാക്ഷാൽക്കരിക്കാൻ ആഹ്വാനം നൽകുന്ന ഒരാത്മീയപ്രക്രിയയാണ് ജീവിതം. യുക്തി മാത്രം പോരാ, വിശ്വാസവും വേണം. യൂക്കൻ വ്യക്തിയുടെ അന്തസ്സിലും ഈശ്വരന്റെ അസ്തിത്വത്തിലും വിശ്വസിക്കുന്നു. അതുകൊണ്ട് വ്യക്തിവാദപരമായ ചിന്താഗതികൾ അദ്ദേഹത്തിന്റെ ദർശനത്തിൽ തെളിഞ്ഞു കാണാം. അദ്ദേഹം തന്റെ ദർശനരീതിയെ ബുദ്ധിതത്വമീമാംസാപരം (Noological) എന്നാണ് വിശേഷിപ്പിച്ചത്. അതിനു കാരണം ആ രീതി വിശ്ലേഷണാത്മകമല്ല, ജീവി





തത്തെയും യാഥാർത്ഥ്യത്തെയും കുറിച്ചുള്ള ഒരു സമഗ്രവീക്ഷണമാണ് എന്നുള്ളതാണ്. പ്രകൃതിവാദാനുസാരിയായ വീക്ഷണഗതിയെ തന്റെ സമകാലികനായ മറ്റേതൊരു ചിന്തകനേക്കാളുമേറെ അദ്ദേഹം എതിർത്തു. അപ്രകാരമുള്ള ഒരു വീക്ഷണഗതി ധാർമ്മികപുരോഗതിയെ തടസ്സപ്പെടുത്തും എന്നും അദ്ദേഹം കരുതി.

## ചരിത്രമീംമാസ

ചരിത്രമീമാംസ തത്വശാസ്ത്രത്തിലെ ഒരു നൂതനപ്രസ്ഥാനമാണ് അതിന്റെ ആവിർഭാവം പത്തൊമ്പതാം നൂറ്റാണ്ടിൽ ഹെഗലിന്റെ കാലത്താണ്. ചരിത്രം ഹെഗലിന്റെ പക്ഷത്തിൽ, യാതൊരു വ്യവസ്ഥയുമില്ലാത്ത ഒരു പ്രക്രിയായ അന്ധമായ അവശ്യകതയ്ക്കു വിധേയമായ ഒന്നോ അല്ല; അത് ചില നിശ്ചിതനിയമങ്ങളെ നമുക്ക് കാട്ടിത്തരുന്നുണ്ട്. ചരിത്രത്തിന്റെ പരമമായ ലക്ഷ്യം സ്വാതന്ത്ര്യത്തിന്റെ സമ്പൂർണ്ണസാക്ഷാൽക്കാരമാണ്. അതിന്റെ മുൻപോട്ടുള്ള പ്രയാണം പരമചിത്തിന്റെ (Absolute spirit) കാലത്തിൽ കൂടിയുള്ള പ്രയാണം തന്നെയാണ്.

കാറൽ മാർക്സും ചരിത്രമീമാംസയെ സമ്പന്നമാക്കിയിട്ടുണ്ട്. പക്ഷേ അദ്ദേഹം പരമതത്വത്തെ കാലാതീതമായ ഒരു വസ്തുവായിട്ടല്ല സങ്കൽപ്പിക്കുന്നത്. നേരെ മറിച്ച് എല്ലാ മാനുഷവസ്തുക്കളെയും അദ്ദേഹം ചരിത്രസാഗരത്തിന്റെ അഗാധതയിൽ നിമജ്ജനം ചെയ്യുന്നു. അതിന്റെ ഫലമായി ആശയങ്ങൾ, സ്ഥാപനങ്ങൾ, നൈതികഅഭിവൃദ്ധികൾ എന്നിവയെല്ലാം സാമ്പത്തികോൽപ്പാദനത്തിന്റെ സാമൂഹ്യബന്ധങ്ങളിൽ അധിഷ്ഠിതമായിട്ടാണ് അദ്ദേഹം കാണുന്നത്. പക്ഷേ മാർക്സും പതിനെട്ടാം നൂറ്റാണ്ടിലെ പ്രബോധയുഗത്തിന്റെ (Age of Enlightenment) സന്തതിയാണ്. അദ്ദേഹവും ആ യുഗത്തെപോലെതന്നെ പുരോഗതിയുടെ അനിവാര്യതയിൽ അടിയുറച്ചു വിശ്വസിച്ചു. പക്ഷേ ചരിത്രപുരോഗതിയുടെ അന്തിമലക്ഷ്യം കമ്മ്യൂണിസവും വർഗ്ഗരഹിതമായ സമുദായസൃഷ്ടിയുമാണ്. ആ ലക്ഷ്യപ്രാപ്തി നേടുന്നതോ സാമ്പത്തികഘടനയുടെ സമൂലപരിവർത്തനം മുഖേനയും.

പക്ഷേ ചരിത്രത്തിന്റെ അനിവാര്യവും അപരിമിതവുമായ പുരോഗതിയിൽ വിശ്വസിക്കാത്ത ചിന്തകരുമുണ്ട്. അവരിൽ പ്രമുഖരാണ് അസ്ഥിത്വവാദത്തിന്റെ സ്ഥാപകപിതാക്കളായ കീർക്കെയോറും നീറ്റ്ഷേയും. അവർ ജീവിച്ചിരുന്ന കാലത്തെ എല്ലാംകൊണ്ടും പുരോഗതി പ്രാപിച്ച ഒന്നായിട്ടല്ല അവർ കണ്ടത്; ചില കാര്യങ്ങളിൽ അധോഗതിയാണ് ഉണ്ടായിട്ടുള്ളത് എന്നാണ് അവരുടെ

പക്ഷം. രണ്ടുപേർക്കും ഭാവിയിൽ രൂപംകൊള്ളാൻ പോകുന്ന ജന സമൂഹത്തെക്കുറിച്ച് വളരെയേറെ ഭയാശങ്കകൾ ഉണ്ടായിരുന്നു.

അസ്തിത്വവാദത്തിന്റെ ഒരു പ്രമുഖവക്താവായ കാൾ യാസ്പേഴ്സിനും ചരിത്രത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ചില വ്യക്തമായ അഭിപ്രായങ്ങൾ ഉണ്ടായിരുന്നു. മനുഷ്യന്റെ ആത്മചൈതന്യത്തെ ഉദ്ദീപിപ്പിക്കുകയും സമ്പന്നമാക്കിത്തീർക്കുകയുമാണ് ചരിത്രത്തിന്റെ ലക്ഷ്യം എന്നാണ് അദ്ദേഹം പറയുന്നത്.

പ്രൊഫസ്സർ എ.എൻ വൈറ്റ്ഹെഡ്ഡും ചരിത്രമീമാംസയെക്കുറിച്ച് ഗഹനമായി ചിന്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പക്ഷത്തിൽ മനുഷ്യപുരോഗതി മുഖ്യമായും നിലകൊള്ളുന്നത് സാങ്കേതികശാസ്ത്രത്തിന്റെ വളർച്ചയിലാണ്. സമകാലീനസംഭവങ്ങളെ വിലയിരുത്തുന്ന കൂട്ടത്തിൽ, യന്ത്രത്തിന്റെ പ്രാധാന്യത്തെയും ശാസ്ത്രീയരീതി ലോകത്തിന്റെ മുഖച്ഛായയെത്തന്നെ ആകെ മാറ്റി കളഞ്ഞതിനെയും അദ്ദേഹം പ്രത്യേകം എടുത്തുപറയുന്നുണ്ട്. വൈറ്റ്ഹെഡ്ഢിന്റെ ചരിത്രത്തെക്കുറിച്ചുള്ള ഈ വീക്ഷണം രാജാക്കന്മാരെയും യുദ്ധങ്ങളെയും സംബന്ധിച്ച വിവരങ്ങൾക്ക് അമിതപ്രാധാന്യം നൽകിയിരുന്ന പഴയ ചരിത്രസങ്കൽപ്പങ്ങൾക്ക് കടകവിരുദ്ധമാണ്.

## യഥാർത്ഥവാദം

ആധുനികയഥാർത്ഥവാദം വില്യം ജെയിംസിനോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. 'ചേതന നിലനിൽക്കുന്നുണ്ടോ?' എന്ന തന്റെ ഉപന്യാസത്തിൽ അദ്ദേഹം ആശയവാദത്തെയും അതുൾക്കൊള്ളുന്ന പാരമ്പര്യത്തെയും നഖശിഖാന്തം എതിർക്കുന്നുണ്ട്. ആശയവാദത്തെ എതിർക്കുന്ന കാര്യത്തിൽ ജെയിംസിന് പെറിയുടെ സഹായവും ഉണ്ട്. 1910– ൽ പെറി 'അഹം കേന്ദ്രികവിഷമാവസ്ഥ' (The egocentric predicament) എന്ന ലേഖനം എഴുതി. ആ ലേഖനത്തിൽ അദ്ദേഹം പറയുന്നത് അഹംകേന്ദ്രികവിഷമാവസ്ഥ എന്ന ആശയവാദത്തിന്റെ സത്യാവസ്ഥയെ തെളിയിക്കുന്നില്ല എന്നാണ്. ബാർക്കലിയുടെ സുപ്രസിദ്ധ അഭ്യുക്തിയായ 'ദൃശ്യതേ ഇതിവർത്തതേ' (Esse est Percipi), ആശയങ്ങൾ മാത്രമാണ് യഥാർത്ഥങ്ങളെന്നും വസ്തുനിഷ്ഠമായ ലോകം മാനസികമാണെന്നും, തെളിയിക്കുന്നില്ല. ഇത്തരത്തിലുള്ള യുക്തി വിചാരം നമ്മെ ആത്യന്തികമായി അഹംമാത്രവാദത്തിലേക്കു (Solipsism) നയിക്കുന്നു. അതായത് നമ്മുടെ വ്യക്തിഗതഅനുഭവം മാത്രമാണ് യഥാർത്ഥം എന്ന ചിന്താഗതിയിലേക്കു നമ്മെ നയിക്കുന്നു.

യഥാർത്ഥവാദികളുടെ അഭിപ്രായത്തിൽ ആശയവാദപരമായ ചിന്താഗതി ധിഷണാപരമായ പ്രഗതിരോധനം ഉണ്ടാക്കിത്തീർക്കുന്നു. തർക്കശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അത് രൂപവാദത്തിന് (Formalism) അമിതപ്രാധാന്യം നൽകുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. കൂടാതെ പെറിയുടെ അഭിപ്രായത്തിൽ അത് ഒരു രാദ്ധാന്തികനിലപാട് എടുക്കുവാൻ നമ്മെ നിർബന്ധിക്കുകയാണ്. അപ്രകാരമുള്ള ഒരു നിലപാട് എടുത്താൽ ശാസ്ത്രത്തിന്റെ പരീക്ഷാർത്ഥം ഉന്നയിക്കപ്പെടുന്ന നിഗമനങ്ങളുമായി അതിന് യോജിച്ചു പോകുവാൻ പ്രയാസം നേരിടും. ആശയവാദം ശാസ്ത്രപുരോഗതിക്ക് യാതൊരു സംഭാവനയും നൽകിയിട്ടില്ലാത്തതുകൊണ്ട് അത് ഒരു താണതരം തത്വശാസ്ത്രമാണെന്ന അഭിപ്രായവും പെറിക്കുണ്ട്.

ആദർശവാദത്തെപോലെ തന്നെ യഥാർത്ഥവാദവും പല രൂപത്തിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അമേരിക്കയിൽ അടുത്തകാലത്തായി രണ്ടു തരം യഥാർത്ഥവാദങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒന്ന് നവീനയഥാർത്ഥവാദവും മറ്റേത് വിമർശാത്മകയഥാർത്ഥവാകവും ആണ്. ആദ്യത്തേത് വിഷയവും വിഷയിയും തമ്മിൽ യാതൊരു വ്യത്യാസം ഉള്ളതായി കണക്കാക്കുന്നില്ല. കൂടാതെ അത് വസ്തുഗ്രഹണവും അവ്യുവഹിതമാണെന്നും പറയുന്നു. രണ്ടാമത്തേത് വിഷയിയ്ക്കും വിഷയത്തിനും ഇടയ്ക്ക് ഒരു മദ്ധ്യഘടകം ഉള്ളതായി കരുതുന്നു. ഈ ഘടകത്തെയാണ് സന്തായനസാരം എന്നു വിളിക്കുന്നത്.

ഇംഗ്ലണ്ടിൽ യഥാർത്ഥപ്രസ്ഥാനത്തിന്റെ ആധുനിക നേതാക്കളിൽ പ്രമുഖർ ബർട്രൻഡ് റസ്സലും സാമുവൽ അലക്സാൻഡറുമാണ്. ആശയവാദം ഉൾക്കൊള്ളുന്നതും സത്യത്തെക്കുറിച്ചുള്ള സംസക്തിസിദ്ധാന്തത്തിന് (Coherence theory of truth) അവലംബമായതുമായ സാസംക്തിസംബന്ധസിദ്ധാന്തത്തെ (Theory of internal relations) റസ്സൽ എതിർക്കുന്നു. ആ സിദ്ധാന്തം ഇന്ദ്രിയാനുഭവികമായി തെളിയിക്കപ്പെടാവുന്നതല്ലെന്നും അത് വേണ്ടത്ര തെളിവു നൽകി പ്രമാണീകരിക്കാൻ സാധിക്കാത്ത ചില നിഗമനങ്ങളിലേക്ക് നമ്മെ നയിക്കുന്നുവെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. അലക്സാൻഡറുടെ യഥാർത്ഥസിദ്ധാന്തം അനുസരിച്ച് നാം പ്രത്യക്ഷത്തിൽ കാണുന്ന യാഥാർത്ഥ്യമാണ്. അതിൽ നമ്മുടെ മനസ്സ് യാതൊരു പരിവർത്തനവും ഉണ്ടാക്കുന്നില്ല.

## പൂർണ്ണതാവാദം (absolutisation)

ഒരു വാദമേഖലയിലെ പ്രസ്താവനകൾ ഒന്നുകിൽ പൂർണ്ണമായും ശരി അല്ലെങ്കിൽ പൂർണ്ണമായും തെറ്റ് എന്ന നിലപാടാണിത്. ഇത്

പ്രധാനമായും രണ്ടു വിധത്തിലുണ്ട്. ഒന്നാമത്തേത്, ധാർമ്മിക പൂർണ്ണതാവാദമാണ് (moral absolutism). ചില അടിസ്ഥാന തത്വങ്ങളുടെയും സത്യങ്ങളുടെയും വെളിച്ചത്തിൽ പ്രവൃത്തികൾ പൂർണ്ണമായും തെറ്റാണ് അഥവാ ശരിയാണ് എന്ന നിലപാടു സ്വീകരിക്കുന്ന രീതിയാണിത്. പ്രവൃത്തിയുടെ ലക്ഷ്യമോ സാഹചര്യമോ പ്രവർത്തിച്ച വ്യക്തിയുടെ മാനസിക അവസ്ഥയോ പരിഗണിക്കാത്ത അവസ്ഥയാണിത്.

**യാദൃശ്ചികതാവാദം (accidentalism)**

പ്രപഞ്ചത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ തമ്മിൽ കാര്യകാരണബന്ധം ഇല്ലാത്തതിനാൽ അവയുടെ കാരണങ്ങൾ അന്വേഷിക്കുന്നത് അവിവേകമാണ്. പ്രപഞ്ചത്തിലെ വിവിധ സംഭവങ്ങൾ യാദൃശ്ചികമായി സംഭവിക്കുന്നതാണ്. മരണം, ദുരന്തങ്ങൾ, രോഗം, പ്രണയം എല്ലാം യാദൃശ്ചികമായി സംഭവിക്കുന്നതാണെന്ന നിലപാടാണിത്.

**മായാവാദം (acosmism)**

ദൃശ്യപ്രപഞ്ചം കേവലം മിഥ്യാകാഴ്ച മാത്രമാണെന്നും പ്രപഞ്ചത്തിന് യഥാർത്ഥനിലനില്പില്ല എന്നതുമാണ് ഈ വാദത്തിന്റെ പ്രത്യേകത. അദൃശ്യവും അതീന്ദ്രിയവുമായ ദൈവികശക്തി മാത്രമേ നിലനിൽക്കുന്നുള്ളൂ എന്നതാണ് ഇക്കൂട്ടരുടെ പ്രധാന വാദം. ഭാരതീയ ചിന്തയിലെ ശങ്കരാചാര്യരുടെ നിലപാട് ഇതിനോടു സാമ്യമുള്ളതാണ്.

**സൗന്ദര്യവാദം (acstheticism)**

ബ്രിട്ടനിൽ 19-ാം നൂറ്റാണ്ടിലെ കലാസാഹിത്യരംഗത്തു രൂപം കൊണ്ടനിലപാടാണിത്. കല ഒന്നും പഠിപ്പിക്കാനുള്ളതല്ല, ഗുണപാഠം നൽകൽ അതിന്റെ ലക്ഷ്യവുമായിരിക്കാൻ പാടില്ല. മറിച്ച്, കല ആസ്വാദനത്തിനുവേണ്ടി മാത്രമുള്ളതാണ് എന്ന നിലപാടാണ് ഇവർക്കുള്ളത്. സദാചാരത്തിന്റെ പേരിലുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തെ ഇവർ പുച്ഛിക്കുന്നു. പ്രസ്താവനകളും കല്പനകളുമല്ല നിർദ്ദേശങ്ങളാണു വേണ്ടതെന്ന് ഇവർ വാദിക്കുന്നു. ആസ്വാദനത്തിനുതകുന്ന നിറങ്ങളും താളങ്ങളും പ്രതീകങ്ങളുമാണ് കലയിൽ ആവശ്യമുള്ളതെന്ന് ഇവർ കരുതുന്നു.

**തലവര (വിധി) വാദം (fatalism)**

മനുഷ്യൻ സ്വതന്ത്രനല്ലെന്നും അവന്റെ ചിന്തകളും കണക്കുകൂട്ടലുകളും അർത്ഥശൂന്യമാണെന്നും കാരണം എല്ലാം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടു കഴിഞ്ഞതാണെന്നുമുള്ള വാദമാണിത്. ഉദാഹരണമായി, നിശ്ചിതരോഗത്താൽ ഇത്രാം വയസ്സിൽ മരിക്കണമെന്ന "വിധി" ഉള്ള മനുഷ്യനെ എത്ര വിദഗ്ധ വൈദ്യന്മാർ ചികിത്സിച്ചാലും സുഖപ്പെടുത്താനാവില്ല എന്ന നിലപാടാണിത്.





**വിശ്വാസവാദം (fideism)**

ദൈവത്തെയും ദൈവികരഹസ്യങ്ങളെയും അറിയാനുള്ള ശ്രമത്തിൽ യുക്തിയും ശാസ്ത്രീയമാർഗ്ഗങ്ങളും അപകടകരമോ അപ്രസക്തമോ ആണെന്ന വാദമാണിത്. ദൈവത്തെ അറിയാനുള്ള ഏകമാർഗ്ഗം വിശ്വാസം മാത്രമാണെന്നു കരുതുന്ന ഈ വാദഗതിക്കാർ യുക്തിപൂർവ്വമായ ദൈവാന്വേഷണത്തെ വിശ്വാസനിഷേധമായാണ് കരുതുന്നത്. വിശ്വാസം മാത്രം മതി (sola fide) എന്ന ഇവരുടെ നിലപാടിനെ ഒന്നാം വത്തിക്കാൻ കൗൺസിൽ തള്ളിക്കളഞ്ഞു.

**അടിസ്ഥാനവാദം (foundationalism)**

ഏതൊരു ജ്ഞാനതത്വമോ വിശ്വാസതത്വമോ ശരിയാണെന്ന് കരുതാനാകുന്നത് അവ അടിസ്ഥാനതത്വങ്ങളോട് ഒത്തുപോകുമ്പോൾ മാത്രമാണ് എന്നു കരുതുന്നതാണ് അടിസ്ഥാനവാദം. അടിസ്ഥാനതത്വം എന്നതിലൂടെ സ്വയം തെളിവാകുന്ന (self evident) തത്വങ്ങൾ എന്നാണ് അർത്ഥമാക്കുന്നത്. അടിസ്ഥാനവിശ്വാസങ്ങളും തത്വങ്ങളും മനസ്സിന്റെ അനുഭവത്തിലൂടെ സ്വയം തെളിയിക്കുന്നതിനാലാണ് അവയ്ക്ക് തെളിവ് ആവശ്യമില്ലാത്തത്.

**പ്രവർത്തനവാദം (functionalism)**

മനുഷ്യമനസ്സും ശരീരവും തമ്മിലുള്ള പ്രവർത്തനത്തെ വിശദീകരിക്കാൻ ആധുനിക തത്വചിന്ത ഉപയോഗിക്കുന്ന സങ്കേതമാണ് പ്രവർത്തനവാദം. മനസ്സിന്റെ വിവിധ അവസ്ഥകൾക്കു കാരണം ശാരീരികമായി നിർമ്മിക്കപ്പെടുന്ന ന്യൂടോണുകളാണെന്നും അതിന്റെ കാരണമന്വേഷിച്ച് അതിഭൗതിക ലോകത്തെക്കു പോകേണ്ടതില്ല എന്നുമാണ് പ്രവർത്തനവാദികളുടെ നിലപാട്.

**ജ്ഞാനവാദം (gnosticism)**

ആദ്യനൂറ്റാണ്ടുകളിൽ പ്രബലമായിരുന്ന പാഷണ്ഡതകളിലൊന്നായിട്ടാണ് ജ്ഞാനവാദം അറിയപ്പെടുന്നത്. എന്നാൽ, ആധുനിക കാലഘട്ടത്തിൽ പ്രപഞ്ചത്തിലെ നിഗൂഢജ്ഞാനങ്ങളെക്കുറിച്ചും അവ സ്വായത്തമാക്കാനുള്ള വഴികളെക്കുറിച്ചും പഠിപ്പിക്കുന്ന സകലപ്രസ്ഥാനങ്ങളും ജ്ഞാനവാദം എന്ന പേരിലാണ് അറിയപ്പെടുന്നത്.

**ആനന്ദവാദം (hedonism)**

ജീവിതത്തിലെ ഏറ്റവും സമുന്നതമായ മൂല്യം ആനന്ദമാണെന്നും ഏതൊരു പ്രവൃത്തിയുടെയും ഗുണദോഷങ്ങൾ നിർണ്ണയിക്കേണ്ടത് അതു പ്രദാനം ചെയ്യുന്ന സുഖസന്തോഷങ്ങളെ ആധാരമാക്കിയാണ് എന്നും വാദിക്കുന്ന ചിന്താഗതിയാണ് ആനന്ദവാദം. തികച്ചും വൈയക്തികവും സ്വാർത്ഥവുമായ സന്തോഷത്തെ ലക്ഷ്യം വയ്ക്കുന്ന ഈ വാദഗതി ഉപയോഗവാദത്തിന്റെ (utilitarianism) പ്രാഗ്രൂപമാണ്.

**മനുഷ്യമഹത്വവാദം (humanism)**

എല്ലാ മൂല്യങ്ങളുടെയും ഉറവിടം മനുഷ്യനാണ് എന്ന ചിന്താഗതിയാണ് മനുഷ്യമഹത്വവാദം. മതനിരപേക്ഷ മനുഷ്യമഹത്വവാദം (secular humanism) ജ്ഞാനത്തിന്റെ ഉറവിടമായി മനുഷ്യബുദ്ധിയെയും ധാർമ്മികതയെയും മാത്രമേ അംഗീകരിക്കുന്നുള്ളൂ. വിശ്വാസത്തെയും നിർവ്വചിക്കപ്പെട്ട വിശ്വാസസത്യങ്ങളെയും അവർ നിരാകരിക്കുന്നു. മനുഷ്യബുദ്ധിയുടെ അനന്തസാധ്യതയായി ശാസ്ത്രനേട്ടങ്ങളെ കാണുകയും ശാസ്ത്രത്തിന്റെ പിൻബലമില്ലാത്ത സകലതിനെയും നിഷേധിക്കുകയും ചെയ്യുന്ന മനോഭാവമാണ് ശാസ്ത്രീയ മനുഷ്യമഹത്വവാദം (scientific humanism). മനുഷ്യസ്വാതന്ത്ര്യത്തെയും സ്വത്വത്തെയും ക്രിസ്തീയ മൂല്യങ്ങളുടെയും പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന ദാർശനിക ശാഖയാണ് ക്രിസ്ത്യൻ മനുഷ്യമഹത്വവാദം (christian humanism).

**ആശയവാദം (idealism)**

യാഥാർത്ഥ്യവും അറിവും ആശയങ്ങളെ അഥവാ മാനസിക അനുഭവങ്ങളെ (ideas) ആധാരമാക്കിയുള്ളതാണ് എന്ന ചിന്താഗതിയാണ് ആശയവാദം. ഇത് പലതരത്തിലുണ്ട്. വസ്തുനിഷ്ഠ ആശയവാദം (objective idealism) എന്നത് എല്ലാം അറിയുന്നവനും അറിയുന്നതും തമ്മിലുള്ള ഐക്യത്തെക്കുറിച്ചാണ് പ്രതി പാദിക്കുന്നത്. വ്യക്തിനിഷ്ഠ ആശയവാദമാകട്ടെ (subjective idealism) മനുഷ്യന്റെ അനുഭവങ്ങളെ ഇന്ദ്രിയപരമായ അറിവുമായി ബന്ധിപ്പിച്ചാണ് മനസ്സിലാക്കുന്നത്. ആശയവാദത്തെ ഏറ്റവും ശ്രദ്ധേയമായി അവതരിപ്പിച്ചത് ഇമ്മാനുവൽ കാന്റ് ആണ്. വസ്തുക്കളെ അവയുടെ യാഥാർത്ഥ്യത്തിലല്ല അവ കാണപ്പെടുന്ന രൂപത്തിലാണ് നാം മനസ്സിലാക്കുന്നത് എന്നതായിരുന്നു കാന്റിന്റെ വാദം. നാം ഒരു വസ്തുവിനെ അനുഭവിക്കുന്നത് നമ്മുടെ കാഴ്ചപ്പാടിന്റെ കുറവുകളോടെയാണ്. അതീന്ദ്രിയ ആശയവാദം (transcendental





idealism) എന്ന ഈ ചിന്താഗതി അനുസരിച്ച് വസ്തുക്കളുടെ യാഥാർത്ഥ്യമറിയാനുള്ള മനുഷ്യന്റെ കഴിവ് അപൂർണ്ണമാണ്.

ഭൗതികവാദം പ്രപഞ്ചത്തിനാധാരമായി പദാർത്ഥത്തെയും ഊർജ്ജത്തെയും എപ്രകാരമാണോ കണക്കാക്കുന്നത് അപ്രകാരം തന്നെ ആശയവാദം പ്രപഞ്ചത്തിനടിസ്ഥാനമായി മനസ്സിനെ സങ്കൽപിക്കുന്നു. പാശ്ചാത്യ തത്വചിന്തയുടെ ചരിത്രത്തിൽ ഏറ്റവും പഴക്കം ചെന്ന ആശയവാദം പ്ലേറ്റോയുടേതാണ്. പ്രപഞ്ചത്തിൽ മനസ്സല്ലാതെ മറ്റൊന്നുമില്ലെന്ന് അവകാശപ്പെടുന്ന ഒരു തീവ്രമായ ആശയവാദമല്ല പ്ലേറ്റോ ലോകത്തിന് സംഭാവന ചെയ്തത്. അദ്ദേഹത്തിന്റെ ആശയവാദപ്രകാരം ലോകത്തിലെ അർത്ഥവത്തായ വസ്തുക്കളെല്ലാം ആശയങ്ങളാണ്. "ആശയങ്ങൾ" എന്ന പദം ഇവിടെ ഏതെങ്കിലും തരത്തിലുള്ള മാനസിക അവസ്ഥകളെയല്ല സൂചിപ്പിക്കുന്നത്. നേരെമറിച്ച് യഥാർത്ഥവസ്തുക്കളെ അഥവാ "രൂപങ്ങളെ" യാണ്. ഈ രൂപങ്ങൾ ഭൗതികങ്ങളല്ല. ഇവ ഗോചരവസ്തുക്കൾക്ക് മാതൃകകളായി വർത്തിക്കുന്ന ശാശ്വതരൂപങ്ങളാണ്. ഇവയാണ് ബ്രഹ്മാണ്ഡസത്യങ്ങൾ. പദാർത്ഥം, പ്ലേറ്റോയുടെ ഭാഷയിൽ പറയുകയാണെങ്കിൽ 'അസത്ത്' (Non being) ആണ്. അതിന്ന് അസ്ഥിത്വമില്ലെന്നല്ല അർത്ഥം. വെറും അർത്ഥശൂന്യമായ പ്രാകൃതവസ്തു എന്നതിൽ കവിഞ്ഞ് അതിന്ന് നിലനിൽപ്പില്ല എന്നുമാത്രം. അതുകൊണ്ടുതന്നെയാണ് അത് എല്ലാ ക്രമക്കേടിന്റെയും തിന്മയുടെയും അപൂർണ്ണതയുടെയും ഉറവിടമായി കണക്കാക്കപ്പെടുന്നത്. രൂപങ്ങൾ യുക്തികൊണ്ടോ ബുദ്ധികൊണ്ടോ മാത്രം അറിയപ്പെടുമ്പോൾ പദാർത്ഥലോകം നമുക്ക് പ്രത്യക്ഷപ്പെടുന്നത് ഇന്ദ്രിയങ്ങൾ വഴിയാണ്. രൂപങ്ങൾ മാറ്റമില്ലാത്തവയാണ്. അവ സദാ വർത്തിക്കുന്നു. എന്നാൽ ഐന്ദ്രിയലോകം എപ്പോഴും മാറിക്കൊണ്ടിരിക്കുകയാണ്. അത് യഥാർത്ഥത്തിൽ ഇല്ലാത്ത ഒന്നാണ്.

പ്ലേറ്റോയുടെ ആശയവാദത്തിൽ നിന്നും വ്യത്യസ്തമായ ഒന്നാണ് ബാർക്കലിയുടെ ആത്മനിഷ്ഠആശയവാദം ഈ സിദ്ധാന്തമനുസരിച്ച് സ്വതന്ത്ര്യമായ ഒരു ജഡവസ്തു എന്ന നിലയിൽ പദാർത്ഥം എന്നൊന്നില്ല. 'ഭൗതിക' വസ്തുക്കൾ ആനുഭാവികവസ്തുക്കൾ മാത്രമാണ്. ഒരു മനസ്സിലല്ലാതെ സ്വതന്ത്ര്യമായ അസ്ഥിത്വം അതിന്നില്ല. വൃക്ഷത്തെപ്പോലെയുള്ള ഒരു വസ്തു സംവേദനങ്ങളുടെ ഒരു സഞ്ചയം മാത്രമാണ്; സംവേദനങ്ങളാകട്ടെ തികച്ചും മാനസികങ്ങളാണ്. അതുകൊണ്ട് പ്രപഞ്ചം ഒരു മാനസികപ്രപഞ്ചമാണ്. മനസ്സുകളും ആത്മാക്കളും മാത്രമാണ് യാഥാർത്ഥ്യങ്ങൾ -ഈശ്വരനും മറ്റും പരിമിതാത്മാക്കളും.

പ്ലേറ്റോയുടെ ആശയവാദത്തിൽ നിന്നും ബാർക്കലിയുടെ ആശയവാദത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ആശയവാദമാണ് ലൈബ്നിസ്സ് ആവിഷ്ക്കരിച്ചത്. ഈ വാദപ്രകാരം ഭൗതികവസ്തുക്കൾ മൊണാഡുകൾ എന്നും ലൈബ്നിസ്സ് നാമകരണം ചെയ്ത ഒരുതരം പരമാണുക്കളാൽ ഉണ്ടാക്കപ്പെട്ടവയാണ്. മൊണാഡുകൾ ശക്തികേന്ദ്രങ്ങളാണ്, ഭൗതികവസ്തുക്കളല്ല. അവ പ്രത്യക്ഷബോധം, വികസിക്കുവാനുള്ള കഴിവ് എന്നിവയോടുകൂടിയ മാനസിക ഏകകങ്ങളാണ്. മനുഷ്യന്റെ ആത്മാവും ഒരു പ്രബല മൊണാഡാണ്. മറ്റ് മൊണാഡുകളിൽനിന്നും അതിനുള്ള വ്യത്യാസം അവ കൂടുതൽ വളർച്ച പ്രാപിച്ചിരിക്കുന്നു എന്നതാണ്.

പോൾസൺ, ഡബ്ല്യൂയു കെ ക്ലിഫോഡ്, സി.എ. സ്രോങ്ങ്, സാമുവൽ ബട്ലർ മുതലായ ചിന്തകർ ലൈബ്നിസ്സിന്റെ ആശയവാദത്തോട് വളരെ അടുപ്പമുള്ളതും എന്നാൽ നൂതനവുമായ ഒരുതരം ആശയവാദം അവതരിപ്പിച്ചിട്ടുണ്ട്. അതിന് സർവ്വചിത്തവാദം (Panpsychism) എന്ന പേരാണ് നൽകപ്പെട്ടിട്ടുള്ളത്. ഈ സിദ്ധാന്തപ്രകാരം യാഥാർത്ഥ്യം മാനസികമാണ്. എല്ലാ വസ്തുക്കളിലും മനസ്സ് പ്രവർത്തിക്കുന്നു. പ്രപഞ്ചത്തിലെ ഓരോ പരമാണുവും ഓരോ കണവും ജീവൻ, മനസ്സ്, ഓർമ്മശക്തി എന്നവയോടു കൂടിയതാണ്.

മേൽപറഞ്ഞ ആശയവാദങ്ങളിൽ നിന്നെല്ലാം വിഭിന്നമായ ഒരു ആശയവാദമാണ് ഇച്ഛാനിയന്ത്രണപരമായ ആശയവാദം. ഈ ആശയവാദപ്രകാരം, ഇച്ഛ, കേവലഇച്ഛ മാത്രമാണ്. പ്രപഞ്ചത്തിലെ മൗലികവസ്തു ഈ ലോകവീക്ഷണം അതിന്റെ ആധുനികരൂപത്തിൽ ആദ്യമായി നാം കാണുന്നത് കാന്റിന്റെ കൃതികളിലാണ്. പക്ഷെ, ഷോപ്പനോർ ആണ് ഈ സിദ്ധാന്തത്തിന്റെ യഥാർത്ഥ വക്താവ്. അദ്ദേഹത്തിന്റെ പക്ഷത്തിൽ സർവ്വപ്രധാനമായ വസ്തു ഇച്ഛയാണ്, ബുദ്ധിയല്ല. ആത്മാവ് പ്രവർത്തനമാണ്, പോരാട്ടമാണ്, ഇച്ഛയാണ്. ഒരാളുടെ ശരീരം അയാളുടെ ഇച്ഛയുടെ ബഹിർപ്രകടനം മാത്രമാണ്. അതുതന്നെയാണ് ബാഹ്യപ്രപഞ്ചത്തിന്റെയും സ്ഥിതി. പ്രപഞ്ചത്തിന്റെ ഹൃദയാന്തർഭാഗത്ത് സ്ഥിതിചെയ്യുന്നത് ഇച്ഛയാണ്, കേവലേച്ഛ. നാം കാണുന്നതും കേൾക്കുന്നതും സ്പർശിക്കുന്നതുമായ ഈ സ്ഥൂലപ്രപഞ്ചം സർവ്വേച്ഛയുടെ ബഹിർപ്രകടനവും.

മനസ്സിന് അതിന്റേതായ ഒരു ഘടനയുണ്ടെന്നും നമ്മുടെ അറിവ് ഈ ഘടനയെ വളരെയേറെ ആശ്രയിച്ചിരിക്കുന്നുവെന്നും കാന്റ് ചൂണ്ടിക്കാണിച്ചു. അതുകൊണ്ട് മനുഷ്യന് അറിയുവാൻ കഴിയുന്നത് വാസ്തവികമോ സംഭവ്യമോ ആയ അനുഭവലോകത്തിനുള്ളിൽ ഒതുക്കിനിർത്തിയിരിക്കുന്നു. അവന് ലോകത്തിന്റെ ഉല്പത്തിയെക്കുറിച്ചോ, ആത്മാവ്, ഈശ്വരൻ എന്നിവയെപ്പറ്റിയോ സിദ്ധാന്തപരമായ അറിവ് സമ്പാദിക്കുക സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മേൽപറഞ്ഞ വസ്തുക്കൾ അവന്റെ അനുഭവത്തിനധീതമാണ്. എന്നാൽ പ്രതിഭാസങ്ങൾക്കു പിന്നിൽ വസ്തുനിഷ്ഠമായ ഒരു യാഥാർത്ഥ്യം ഉണ്ടെന്നതിനെ കാന്റ് നിഷേധിക്കുന്നില്ല. ഈ യാഥാർത്ഥ്യത്തെ അദ്ദേഹം കേവല വസ്തുവെന്ന് വിളിക്കുന്നു. ഈ യാഥാർത്ഥ്യത്തെക്കുറിച്ച് സിദ്ധാന്തപരമായ അറിവ് ലഭിക്കുക സാധ്യമല്ല അതുകൊണ്ട് കാന്റിന്റെ ആശയവാദത്തെ ഗോചരവാദം എന്നു വിളിക്കാം.

ഹെഗൽ തുടങ്ങിയ ചിന്തകന്മാർ കേവല ആശയവാദത്തിന് വളരെയേറെ പ്രചാരം നൽകിയിട്ടുണ്ട്. കേവലആശയവാദം ഉടലെടുത്തത് ഫിക്ടെയിൽനിന്നാണ്. അദ്ദേഹത്തിന്റെ പക്ഷത്തിൽ, പരമയാഥാർത്ഥ്യം കേവല അഹംതത്വം (Absolute ego) ആണ്. എന്നാൽ ഹെഗൽ യാഥാർത്ഥ്യത്തെ യുക്തിയായി സങ്കൽപിക്കുന്നു. ലോകം മഹത്തായ ഒരു ചിന്താപ്രക്രിയയാണ്. യാഥാർ ത്ഥ്യത്തെക്കുറിച്ചുള്ള നിയമങ്ങൾ അറിയുവാൻ ചിന്തയെ സംബന്ധിച്ച നിയമങ്ങൾ അറിഞ്ഞാൽ മതി. ചിന്തയ്ക്ക് ബാഹ്യരൂപം നൽകുമ്പോൾ ഉണ്ടാകുന്ന വസ്തുവിനെയാണ് പ്രകൃതിയെന്നു വിളിക്കുന്നത്. പക്ഷെ പ്രകൃതിയല്ല കേവല ചിന്തയുടെ പരമമായ ലക്ഷ്യം. കേവലചിന്ത മനുഷ്യന്റെ ആത്മബോധത്തിൽ കൂടുതൽ പ്രകടമായി കാണുന്നു. എന്നാൽ അത് കാലം, മതം, തത്വചിന്ത എന്നിവയിലാണ് പൂർണ്ണ ലക്ഷ്യപ്രാപ്തി നേടുന്നത്.

ഹെഗലിനുശേഷം പലപ്രകാരത്തിലുള്ള വസ്തുനിഷ്ഠ ആശയവാദങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവയുടെ പ്രമുഖവക്താക്കളിൽ ചിലരാണ് ടി.എച്ച് ഗ്രീൻ, എഫ്.എച്ച്. ബ്രാഡ്‌ലി, ബർണ്ണാഡ് ബൊസാങ്കേ മുതലായവ. ഇവയെപ്പറ്റി പിന്നാലെ പ്രതിപാദിക്കാം.

### വ്യക്തിവാദം (individualism)

വ്യക്തിസ്വാതന്ത്ര്യത്തെയും വ്യക്തിപരമായ അവകാശങ്ങളെയും പരമമായ മൂല്യമായി കരുതുന്ന ചിന്താഗതിയാണ് വ്യക്തിവാദം. രാഷ്ട്രത്തിനോ സമൂഹത്തിനോ പൊതുനന്മയുടെ മറവിൽ വ്യക്തിസ്വാതന്ത്ര്യത്തിൽ കൈകടത്താൻ അവകാശമില്ലെന്ന നിലപാടാണ് വ്യക്തിവാദികൾ സ്വീകരിക്കുന്നത്. കമ്മ്യൂണിസം, ജനാധിപത്യ രാഷ്ട്ര സംവിധാനം എന്നിവ വിഭാവനം ചെയ്യുന്ന സാമൂഹിക കാഴ്ചപ്പാടിനു വിരുദ്ധമായിട്ടുള്ളതാണ് വ്യക്തിവാദം.

**അജ്ഞേയവാദം (agnosticism)**

ദൈവത്തെയും മതത്തെയുംകുറിച്ചുള്ള അവകാശവാദങ്ങളുടെ സാധുത പരിശോധിച്ചറിയാൻ കഴിയാത്തതിനാൽ അവയെ അവഗണിക്കുക എന്ന നിലപാടാണ് അജ്ഞേയവാദം. മനുഷ്യ ബുദ്ധിക്ക് അഗ്രാഹ്യമായതിനാൽ ദൈവത്തെ നിഷേധിക്കുന്നത് നാസ്തിക അജ്ഞേയവാദമാണ്. ദൈവത്തെ അറിയുവാൻ കഴിവി ല്ലെങ്കിലും ദൈവം ഉണ്ടെന്നു കരുതി ജീവിക്കുന്നത് ആസ്തിക അജ്ഞേയമാണ്.

**പ്രകൃതിവാദം**

പ്രകൃതിവാദാത്മകഭാവദശ ഇന്ന് പല യഥാർത്ഥവാദികളെയും പിടികൂടിയിട്ടുണ്ട്. പ്രകൃതിവാദത്തിന്റെ ആധുനികവക്താക്കളിൽ പ്രമുഖർ സന്തായനയും വുഡ്ബ്രിഡ്ജുമാണ്. അവരുടെ പക്ഷത്തിൽ അതിഭൗതികമണ്ഡലം പ്രത്യേകമായി നിലകൊള്ളുന്നില്ല. അതു കൊണ്ട് പൗരാണികആദ്ധ്യാത്മികമതങ്ങൾ ആധുനികമനുഷ്യന് സ്വീകാര്യമല്ല. മനുഷ്യൻ പ്രകൃതിയിലെ വസ്തുതകളുമായി പൊരു ത്തപ്പെട്ടു പോകുവാനാണ് ശ്രമിക്കേണ്ടത്.

പ്രകൃതിവാദപരമായ പാരമ്പര്യത്തെ രണ്ടു വ്യത്യസ്തകോണു കളിൽ കൂടിയാണ് പ്രകൃതിവാദികൾ വീക്ഷിക്കുന്നത്. ബർട്രൻഡ് റസ്സലിനെ പോലെയുള്ളവർ പറയുന്നത് മനുഷ്യരുടെ ആശകൾക്കും അഭിലാഷങ്ങൾക്കും പ്രകൃതി യാതൊരു വിലയും കല്പിക്കുന്നി ല്ലെന്നാണ്. നിരാശക്ക് ഇടം നല്കുന്ന ഒരു സിദ്ധാന്തമാണ് അത്. നേരെമറിച്ച് വുഡ്ബ്രിഡ്ജിനെപ്പോലുള്ള പ്രകൃതിവാദികൾ കുറെ ക്കൂടി ശുഭാപ്തിവിശ്വാസികളാണ്. തന്റെ ബുദ്ധി ഉപയോഗിച്ച് മനു ഷ്യന് പ്രകൃതിയെ കീഴടക്കാൻ കഴിയുമെന്നും കൂടുതൽ ശ്രേഷ്ഠ മായ ഒരു ജീവിതത്തിനുവേണ്ടി പാടുപെടുന്ന മനുഷ്യന് പ്രകൃതി തന്റെ സഹായഹസ്തം നീട്ടുമെന്നും അവർ വിശ്വസിക്കുന്നു.

പ്രകൃതിവാദികൾ തിന്മയെന്ന പ്രശ്നത്തെ അഭിമുഖീകരിക്കുന്നത് ആദർശവാദികളെപ്പോലെ അതിനെ അവഗണിച്ചുകൊണ്ടല്ല, ധീര മായി പരിഹാരം കണ്ടെത്തുവാൻ ശ്രമിച്ചുകൊണ്ടാണ്. അവരുടെ പക്ഷത്തിൽ അമരത്വം എന്നൊന്നില്ല. സദ്ഗുണത്തിനു മരണാന ന്തരം പ്രത്യേക ബഹുമതിയൊന്നും ലഭിക്കുന്നില്ല. എന്നാൽ നാം ലോകത്തെ ശാസ്ത്രീയരീതിയിൽ മനസിലാക്കാൻ ശ്രമിക്കുകയും വിപത്തുകളെ ധൈര്യസമേതം നേരിടുവാൻ തയ്യാറാവുകയും ചെയ്താൽ നമുക്ക് നമ്മുടെ സംഘടിത ബുദ്ധികൊണ്ട് ലോകത്തെ നന്നാക്കാൻ കഴിയും. പ്രകൃതിവാദം മനുഷ്യന്റെ അഹംകേന്ദ്രീക





ത്വത്തെയും മനുഷ്യന് പ്രപഞ്ചത്തിൽ ഉണ്ടെന്നു പറയുന്ന പ്രത്യേക പദവിയെയും എതിർക്കുന്നു.

**പ്രായോഗിതാവാദം**

തത്വചിന്തയുടെ ചരിത്രത്തിൽ പലതുകൊണ്ടും പുതുമ നിറഞ്ഞ ഒരു പ്രസ്ഥാനമാണ് പ്രായോഗിതാവാദം (Pragmatism). ഇത് പാശ്ചാ ത്യചിന്താഗതിയിൽ പ്രത്യേകിച്ചും അമേരിക്കൻ ചിന്താഗതിയിൽ, അതിന്റെതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. 'പ്രാഗ്മാറ്റിസം' എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് പെയിൽസെ എന്ന മഹാനാണ്. പക്ഷേ, വില്യം ജെയിംസാണ് അതിനെ ഇന്ന് പ്രചാരത്തിൽ ഇരി ക്കുന്ന അർത്ഥത്തിൽ ആദ്യമായി ഉപയോഗിച്ചത്. ക്രിയ എന്നർത്ഥം വരുന്ന പ്രാഗ്മാ എന്ന പദത്തിൽ നിന്നാണ് പ്രാഗ്മാറ്റിസം എന്ന വാക്കിന്റെ വ്യുൽപത്തി. പെയിർസെ പ്രയോഗിതാവാദത്തെ ഗണി തരീതിക്ക് സാദൃശ്യമായി കണക്കാക്കിയപ്പോൾ ജെയിംസിന്റെ അഭി പ്രേരണയും താല്പര്യവും പ്രധാനമായും സദാചാരപരവും മതപ രവുമായിരുന്നു.

ജെയിംസിന്റെ പ്രായോഗിതാവാദം ഒന്നാമതായി അർത്ഥത്തെ ക്കുറിച്ചുള്ള ഒരു സിദ്ധാന്തമാണ്. പലപ്പോഴും അത് സത്യത്തെക്കു റിച്ചുള്ള ഒരു നിർവചനം കൂടിയാണ്. പക്ഷേ, സത്യത്തെക്കുറിച്ചുള്ള നിർവചനത്തെ സംബന്ധിച്ചിടത്തോളം പ്രായോഗിതാവാദികൾ ഏകഭിപ്രായക്കാരല്ല. ഉദാഹരണമായി ദൈവം എന്ന പരികല്പന വ്യക്തിയെ സംബന്ധിച്ചിടത്തോളം തൃപ്തികരമായി പ്രവർത്തിക്കു ന്നുവെങ്കിൽ ആ പരികല്പന സത്യമാണ് എന്ന ജെയിംസിന്റെ സിദ്ധാന്തം പെയിർസെക്കോ ജോൺഡ്യുയിക്കോ സ്വീകാര്യമായി രുന്നില്ല. "ചിന്തയുടെ മാർഗ്ഗത്തിൽ കാര്യസാധകം ഏതോ അതു മാത്രമാണ്, ചുരുക്കത്തിൽ, യഥാർത്ഥമായിട്ടുള്ളത്" എന്നാണ് ജെയിംസ് സത്യത്തെ നിർവ്വചിച്ചിട്ടുള്ളത്. പക്ഷേ, സത്യവും സത്യാ പനീയതയും യഥാർത്ഥത്തിൽ ഒന്നു തന്നെയാണെന്ന് ജെയിംസ് പ്രഖ്യാപിക്കുമ്പോൾ അദ്ദേഹം ഡ്യൂയിയുടെ പരീക്ഷണവാദ ത്തെയും (Experimentalism) ബ്രിഡ്ജ്മാന്റെയും താർക്കിക പ്രത്യു ക്ഷവാദികളുടെയും സംക്രിയത്വവാദത്തെയും (Operationalism) പൂർവ്വധാരണം ചെയ്യുന്നുണ്ട്.

ജെയിംസിന്റെ പ്രയോഗിതവാദം ആശയങ്ങളെ അവയുടെ അന ന്തരഫലങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കുന്ന രീതി കൂടിയാണ്. പക്ഷേ, ഈ രീതി തന്റെ പ്രത്യേക ദാർശനികസിദ്ധാന്തങ്ങളെ ഉൾക്കൊള്ളുന്നതായി ജെയിംസിന് അഭിപ്രായമില്ല. പൊതുവെ പറ

ഞാൽ പ്രായോഗിതാവാദം ഒരു രീതി എന്ന നിലക്ക് ഏതെങ്കിലും മാറ്റമില്ലാത്ത ദാർശനിക നിഗമനത്തെ സൂചിപ്പിക്കുന്നില്ല. അത് ചിന്ത ഏതു ദിശയിൽ കൂടി സഞ്ചരിക്കുന്നു എന്ന് സാമാന്യമായി സൂചിപ്പിച്ചേക്കാം. ഉദാഹരണമായി ഇന്ദ്രിയാനുഭവവാദം എടുക്കാം. ഇന്ദ്രിയാനുഭവവാദത്തിന്റെ പഴയരൂപങ്ങളോട് പ്രായോഗിതാവാദികൾക്ക് എതിർപ്പ് ഉണ്ടെങ്കിലും അവർ തങ്ങളെ ഇന്ദ്രിയാനുഭവവാദികളായി തന്നെയാണ് കണക്കാക്കുന്നത്. ജെയിംസ് തന്റെ പ്രായോഗിതാവാദത്തെ ഒരുതരം ഉൽക്കടഇന്ദ്രിയാനുഭവവാദം ആയിട്ടാണ് വിശേഷിപ്പിക്കുന്നത്. അനുഭവം അതിന്റെ സ്വച്ഛതയിലും നൈർമല്യത്തിലും – അതായത് സംപ്രത്യയാത്മകചിന്തനംകൊണ്ട് അത് കൂട്ടിക്കുഴക്കപ്പെടുന്നതിനു മുമ്പ് – യാഥാർത്ഥ്യത്തിന്റെ തനിരൂപം കാട്ടിത്തരുന്നു.

പ്രായോഗികതാവാദത്തിന്റെ ഒരു പ്രമുഖ വക്താവാണ് സുപ്രസിദ്ധ അമേരിക്കൻ ദാർശനികനും വിദ്യാഭ്യാസവിചക്ഷണനുമായ ജോൺ ഡ്യൂയി ഡ്യുയി തന്റെ തത്വശാസ്ത്രത്തെ പരീക്ഷണവാദം എന്നോ കാരണവാദം (Instrumentalism) എന്നോ വിളിക്കാനാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. ജെയിംസിന്റെ പ്രായോഗിതാവാദത്തെപ്പോലെ തന്നെ ഡ്യൂയിയുടെതും, ഒന്നാമതായി അർത്ഥത്തെയും സത്യത്തെയും കുറിച്ചുള്ള ഒരു സിദ്ധാന്തമാണ്. രണ്ടാമതായി, ഒരു വിധം നമ്യമായ ചില ദാർശനികസിദ്ധാന്തങ്ങളുടെ സമൂഹവുമാണ്. കാരണവാദം എന്ന പേരിനാൽ അറിയപ്പെടുന്ന ഡ്യൂയിയുടെ പ്രയോഗിതാവാദത്തിന്റെ സവിശേഷത അനന്തരഫലങ്ങളെക്കുറിച്ചുള്ള അതിന്റെ നിർദ്ദേശമാണ്. ഒരു നിർണ്ണയത്തിന്റെ (judgement) അർത്ഥം അത് പ്രതീക്ഷിച്ച ഫലം ഉണ്ടാവുക എന്നാണ്. അതിന്റെ സത്യാവസ്ഥ തെളിയിക്കപ്പെടുന്നതോ പ്രസ്തുത ഫലത്തിന്റെ സത്യാപനത്തിൽ കൂടിയുമാണ്. എന്നാൽ ഒരു നിർണ്ണയത്തിന്റെ അർത്ഥവും സത്യാവസ്ഥയും വിശദീകരിക്കപ്പെടുന്ന അതിന്റെ അനന്തരഫലങ്ങൾ വില്യം ജെയിംസ് വിചാരിക്കുന്നതുപോലെ വൈകാരികമോ സൗന്ദര്യാത്മകമോ ആയ സംതൃപ്തിയെ മാത്രം പ്രദാനം ചെയ്യുന്നവയായിക്കൊള്ളണമെന്നില്ല. ഒരു തർക്കവാക്യം അന്വേഷകന് വൈകാരിക സംതൃപ്തി നൽകുന്നില്ലെങ്കിലും കരണം എന്ന നിലക്കോ പരീക്ഷണം എന്ന നിലക്കോ സത്യമാകാം.

**അസ്തിത്വവാദം (existentialism)**

മനുഷ്യന്റെ അസ്തിത്വം ചില അടിസ്ഥാന ആശങ്കകളാൽ പൂരിതമാണെന്നും തത്വചിന്ത ഈ ആശങ്കകളെ അഭിസംബോധന





ചെയ്യണമെന്നുമുള്ള വാദമാണ് (existentialism). മരണം, ഭയം, അസ്തിത്വബോധം, ഉൽകണ്ഠ തുടങ്ങിയവയൊക്കെയാണ് മനുഷ്യന്റെ അടിസ്ഥാന ആശങ്കകൾ. ഈ ആശങ്കകളെ പരിഹരിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ക്രിസ്തുവാണെന്ന വാദമാണ് ക്രിസ്ത്യൻ അസ്തിത്വവാദം (christian existentialism) എന്ന പേരിൽ അറിയപ്പെടുന്നത്.

അസ്തിത്വവാദം (Existentialism) ആധുനിക തത്വശാസ്ത്രത്തിലെ ഒരു പ്രമുഖ പ്രസ്ഥാനമാണ്. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം അതിന്റെ വ്യാപ്തി വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. അതിനു കാരണം യുദ്ധം വരുത്തിവെച്ച വിനകൾ മനുഷ്യരിൽ ഉണ്ടാക്കി തീർത്ത മിഥ്യാബോധത്തെ അത് തികച്ചും പ്രതിനിധാനം ചെയ്യുന്നുണ്ട് എന്നതു തന്നെ. ഒരു വ്യക്തിക്ക് തന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ തന്നിലേക്ക് തന്നെ തിരിയുകയോ ഗത്യന്തരമുള്ളൂ എന്ന് അത് നമ്മെ പഠിപ്പിക്കുന്നു.

അസ്തിത്വവാദത്തിന്റെ പിതാവ് കീർക്കേയോർ എന്ന ഡാനിഷ് ദാർശനികനാണ്. അദ്ദേഹത്തിന്റെ ആശയങ്ങളും സങ്കല്പങ്ങളും ജർമ്മൻ ചിന്തയിൽ വലിയ സ്വാധീനം ചെലുത്തി. അസ്തിത്വവാദത്തിന്റെ സാങ്കേതികവശം വികസിപ്പിച്ചത് ഹൈഡഗറും യാസ്പേഴ്സുമാണ്. കിർക്കേയോറാണ് “അസ്തിത്വം” എന്ന പദത്തിന് അസ്തിത്വവാദത്തിൽ ഇന്ന് നിലവിലുള്ള അർത്ഥം ആദ്യമായി നൽകിയത്. അദ്ദേഹം അസ്തിത്വവാദപരമായ ചിന്തയും അമൂർത്ത പരികല്പനയും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ചു. അമൂർത്ത ചിന്തനം താർക്കിക സമ്പ്രദായങ്ങൾ ഉപയോഗിച്ച് സംഭവ്യതകളുടെ ലോകത്തെക്കുറിച്ച് അന്വേഷണം നടത്തി സാപേക്ഷമായ അറിവ് പ്രദാനം ചെയ്യുമ്പോൾ അസ്തിത്വവാദപരമായ ചിന്ത യഥാർത്ഥവും മൂർത്തവുമായ വ്യക്തിയെക്കുറിച്ചുള്ള സത്യാവസ്ഥ വെളിപ്പെടുത്തിത്തരുന്നു. കീർക്കേയോറിന്റെ പക്ഷത്തിൽ അസ്തിത്വവാദപരമായ ചിന്തയുടെ പരമലക്ഷ്യം ഈശ്വരസാക്ഷാൽക്കാരമാണ്. ആ സാക്ഷാൽക്കാരം താല്ക്കാലികമായിട്ടെങ്കിലും ഒരു വ്യക്തിക്ക് ലഭ്യമാകുന്നത് അയാളുടെ വരണാത്മകമായ ആന്തരാനുഭവത്തിൽ കൂടിയാണ്.

ഹൈഡഗറുടെ തത്വശാസ്ത്രത്തിലെ കാതലായ പ്രശ്നം ഉണ്മയെ സംബന്ധിച്ചതാകുന്നു. ഹൈഡഗർ ഉണ്മയെ കാലാതീതവും ശാശ്വതമായ ഒന്നായിട്ടല്ല വിഭാവനം ചെയ്യുന്നത്. നേരെ മറിച്ച് കാലികവും ചരിത്രപരവും മനുഷ്യജീവിതത്തെ കേന്ദ്രീകരിക്കുന്നതുമായ ഒന്നായിട്ടാണ്. അദ്ദേഹം ഒരു വ്യക്തിയെ ഒരു വ്യക്തി

എന്ന നിലയ്ക്കും, ചുറ്റുപാടിനോട് ഘടിപ്പിച്ചും, മറ്റു മനുഷ്യരോടു ബന്ധപ്പെടുത്തിയും അപഗ്രഥനം ചെയ്യുന്നു. ഒരു വ്യക്തിയുടെ അസ്തിത്വം സാന്തവും കാലികവുമാണെന്നും ഇ സാന്തതയെകുറിച്ചും അസ്ഥായിത്വത്തെക്കുറിച്ചും ആ വ്യക്തിക്കുള്ള ബോധമാണ് അയാളുടെ അസ്തിത്വത്തിന് അതിന്റെതായ സവിശേഷത പ്രദാനം ചെയ്യുന്നതെന്നും അദ്ദേഹം വിശ്വസിക്കുന്നു. ഓരോ മനുഷ്യനും അയാളുടെ ജീവിതകാലം മുഴുവനും മരണത്തിന്റെ അനിവാര്യതയെ ഓർത്ത് ദുരന്തമായ ആശങ്കയോടു കൂടി കഴിച്ചു കൂട്ടുന്നു. സ്വന്തം മരണത്തെയോർത്ത് വ്യാകുലപ്പെടുന്ന മനുഷ്യന് എല്ലാം ശൂന്യയായി തോന്നുന്നു. ഈ ശൂന്യത വെറും ഇല്ലായ്മയല്ല, അത് ഒരു മൗലികയാഥാർത്ഥ്യമാണ്. മരണത്തെ ശൂന്യതയുമായി ഘടിപ്പിക്കുക മൂലം ഹൈഡഗർ മരണത്തിന് ഒരു വ്യക്തിയുടെ വെറും ഇല്ലായ്മയ്ക്കപ്പുറം ഒരു പദവി അനുവദിച്ചു കൊടുക്കുന്നുണ്ട്. ഇതാണ് മനുഷ്യന്റെ അസ്തിത്വം "മരണത്തിനു വേണ്ടിയുള്ള ഒരു ഭാവമാണ്" എന്ന അദ്ദേഹത്തിന്റെ പ്രസ്താവനയുടെ സാരം. കൂടാതെ ഒരു വ്യക്തിയുടെ അസ്തിത്വത്തിന്റെ സവിശേഷതകളെ വർണ്ണിക്കുന്ന കൂട്ടത്തിൽ ഹൈഡഗർ കീർക്കയോറിനെ പോലെ തന്നെ മനുഷ്യന്റെ എല്ലാ തീരുമാനങ്ങളിലും കർമ്മങ്ങളിലും ആപച്ഛങ്കയുടെ അംശം നിലനിൽക്കുന്നുണ്ടെന്ന് പറയുന്നു. ഒരു വ്യക്തിയുടെ തത്വചിന്താപരമായ നിലപാട് ഉൾപ്പെടെയുള്ള എല്ലാ തീരുമാനങ്ങളും അയാൾക്കു മാത്രമല്ല ആപത്ത് വരുത്തി വെയ്ക്കുന്നത്; ഒരളവു വരെ അവ മറ്റുള്ളവരെയും പ്രതികൂലമായി ബാധിക്കുന്നു. അതുപോലെ തന്നെ ഒരു വ്യക്തി അയാളുടെ തന്നെ തടവുകാരനായി ത്തീരുന്നില്ല. നിശ്ചയദാർഢ്യത്തോടെ ശ്രമിച്ചാൽ അയാൾക്ക് സ്വാനുഭവത്തിന്നുപരിയായ ഒരു നിലയെ പ്രാപിക്കാൻ കഴിയും. എന്നാൽ ഈ നില കീർക്കേയോറിന്റെതുപോലെ ദൈവസന്നിധിയെ പ്രാപിക്കലല്ല.

കാൾ യാസ്പേഴ്സിന്റെ തത്വശാസ്ത്രം അസ്തിത്വവാദത്തിന്റെ ഒരു ലൗകികപാഠാന്തപരമാണ്. ഒന്നാമതായി യാസ്പേഴ്സിന്റെ പക്ഷത്തിൽ തത്വശാസ്ത്രം ഒരു ജീവിതരീതിയാണ്. അതു വെറും ധിക്ഷണാപരമായ അനുശാസനമല്ല. ഏറ്റവും മാനവമായിട്ടുള്ളതോ അതിന്റെ പ്രകാശനമാണ് തത്വശാസ്ത്രം. മനുഷ്യർ അവരുടെ മാനവതെ കുറിച്ച് ബോധമുളവാകുന്ന മാത്രയിൽ തന്നെ തത്വചിന്തകരായി തീരുന്നു. പ്രാകൃതികാവ്യവസ്ഥ, പ്രകൃതിയുടെ ഉല്പത്തി, ലക്ഷ്യം എന്നിവയെക്കുറിച്ച് അത്ഭുതം കൊള്ളുക മനുഷ്യ സ്വഭാവത്തിന്റെ കൂടപ്പിറപ്പാണ്. ഇതുകൊണ്ട് പ്രായോഗികമായി യാതൊരു ഗുണവും ഉണ്ടാവുകയില്ലെങ്കിലും അത്ഭുതം തോന്നാത്ത മനുഷ്യൻ





ഒരു മനുഷ്യനല്ല, മൃഗമാണ്. രണ്ടാമതായി തനിക്കു ലഭിക്കുന്ന അറിവുകൊണ്ട് മനുഷ്യൻ തികച്ചും തൃപ്തനല്ല. സംതൃപ്തിയെ സംശയം എപ്പോഴും പിന്തുടരുന്നു. നിശ്ചിതി ഒരിക്കലും സ്ഥിരമല്ല. മൂന്നാമതായി, തത്വചിന്ത ആത്മവിസ്മൃതിയാണ്. നാം നമ്മുടെ സംശയങ്ങൾക്ക് നിവാരണം തേടുന്ന അവസരങ്ങളിൽ നമ്മിൽ നിന്നകലുകയും വസ്തുക്കളിൽ ലീനമായിത്തീരുകയും ചെയ്യുന്നു. അത്ഭുതം, സംശയം, ആത്മവിസ്മൃതി ഇവ മൂന്നുമാണ് തത്വവിചാരത്തിന്റെ സവിശേഷതകൾ. പക്ഷേ ഇവമൂലം നമുക്ക് ലഭ്യമാകുന്ന പരമസത്യം നമ്മുടെ ചുറ്റുപാടിൽ നിലനിൽക്കുന്നതും നമുക്ക് തരണം ചെയ്യാൻ കഴിയാത്തതും ആയ ചില പരിമിതികളെക്കുറിച്ചുള്ള നമ്മുടെ തീവ്രബോധമാണ്. നാം മരിക്കുന്നു, നാം കഷ്ടപ്പെടുന്നു, നാം പോരാടുന്നു, നാം നമ്മുടെ വിധിക്ക് വിധേയരാകുന്നു, നാം അപരാധം ചെയ്യുന്നു - ഈ പരമാർത്ഥ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുകയോ ഇവയിൽനിന്ന് സൂത്രത്തിൽ ഒഴിഞ്ഞു മാറുകയോ ചെയ്യാം. എന്നാൽ ഇവയെ ഒരിക്കലും നിസ്സാരമാക്കി തള്ളിക്കളയാവുന്നതല്ല. യാസ്പേഴ്സിന്റെ അഭിപ്രായത്തിൽ മനുഷ്യജീവിതത്തിന്റെ ലക്ഷ്യം പ്രമാണയുക്തമായ അസ്തിത്വത്തെ പ്രാപിക്കലാണ്. ഇത് സാദ്ധ്യമായിത്തീരുന്നത് ആത്മചൈതന്യത്തെ കൂടുതൽ അഗാധവും വിസ്തൃതവുമാക്കി തീർക്കുക വഴിയാണ്. ഇതിനുള്ള ഒരു ഉപാധിയാണ് തത്വചിന്ത; എന്തെന്നാൽ ജീവിതത്തെ ചൈതന്യവത്താക്കി തീർക്കുകയാണ് അതിന്റെ കർത്തവ്യം. ഏതൊരു മനുഷ്യനും അയാളുടെ ആശയങ്ങൾക്കുപരിയായ ഒരു വ്യക്തിത്വമുണ്ട്. ഇക്കാര്യം വിസ്മരിക്കുക മൂലമാണ് അയാൾ ഏതെങ്കിലും ഒരു പ്രത്യയശാസ്ത്രത്തിന്റെ അന്ധനായ അനുഗാമിയായി ത്തീരുന്നത്. യാസ്പേഴ്സിന്റെ പക്ഷത്തിൽ ദർശനം സിദ്ധാന്തങ്ങളുടെ വെറും ഒരു സമാഹാരമല്ല, അത് ഓരോ മനുഷ്യനിലും അർത്ഥവത്തായ ജീവിതത്തെക്കുറിച്ച് ബോധം ഉളവാക്കുന്ന ഒരു പ്രവർത്തനമാണ്.

അസ്തിത്വവാദത്തിന്റെ മറ്റൊരു പ്രമുഖവക്താവാണ് പ്രസിദ്ധ ഫ്രഞ്ച് സാഹിത്യകാരനായ ജീൻപോൾ സാർത്ര്. അദ്ദേഹം സത്തകളെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. അവയിൽ ആദ്യത്തേത് ഭൗതിക സത്തയാണ്. അതിനെ കുറിച്ച് 'സ്ഥിതി ചെയ്യുന്നു' എന്നു മാത്രമേ നമുക്ക് പറയാൻ സാധിക്കൂ. അത് അനർത്ഥകമായതും നിശ്ശേഷ്ടമായതുമാണ്. അതിനെ ശൂന്യത എന്നാണ് സാർത്ര് വിളിക്കുന്നത്. ഭൗതികസത്തയിൽ വിടവുകളുണ്ടാകുമ്പോഴാണ് ബോധം ഉദിക്കുന്നത്. അതുകൊണ്ടാണ് സത്തയുടെ ഒരു രോഗമാണ് ബോധമെന്ന്

അദ്ദേഹം പറയുന്നത്. മൂന്നാമത്തെ സത്ത അപരന്റെ അസ്തിത്വ മാണ്. മറ്റൊരുത്തനെ നാം മനസ്സിൽ സങ്കൽപിക്കുകയല്ല വെളി യിൽ കണ്ടുമുട്ടുകയാണ് ചെയ്യുന്നത്.

**ഭൗതികവാദം (materialism)**

അടിസ്ഥാനപരമായി നിലകൊള്ളുന്നത് പദാർത്ഥം മാത്രമാണെ ന്നും പ്രാപഞ്ചിക പ്രതിഭാസങ്ങളത്രെയും പദാർത്ഥങ്ങളുടെ പ്രതിപ്രവർത്തനം വഴി സംഭവിക്കുന്നതാണ് എന്ന വാദഗതിയാണ് ഭൗതികവാദം. ആശയങ്ങളും വാദഗതികളും പദാർത്ഥപരമായാണ് നിലകൊള്ളുന്നത് എന്ന മാർക്സിയൻ ഭൗതികവാദത്തെ വൈരു ധ്യാത്മക ഭൗമികവാദം (dialectical materialism) എന്നാണ് വിശേഷി പ്പിക്കുന്നത്. മനുഷ്യന്റെ അവബോധമല്ല, അവന്റെ അസ്തിത്വത്തെ നിർണ്ണയിക്കുന്നത്. മറിച്ച്, സമൂഹത്തിലെ അവന്റെ നിലനിൽപ്പാണ് അവബോധത്തെ നിർണ്ണയിക്കുന്നത്. തന്മൂലം അതിജീവനത്തി നായി സാമ്പത്തികമായി മനുഷ്യൻ ആർജ്ജിച്ചവയാണ് ചരിത്രത്തി ന്റെ ഗതിനിർണ്ണയിച്ചത് എന്ന മാർക്സിയ നിലപാടിനെ ചരിത്രപര മായ ഭൗതികവാദം (historical materialism) എന്നും വിശേഷിപ്പി ക്കാറുണ്ട്.

പ്രപഞ്ചത്തിലെ ഒരേ ഒരു സത്ത പദാർത്ഥമാണെന്നും അതാണ് മൗലികവസ്തുവെന്നുമുള്ള സിദ്ധാന്തത്തെയാണ് ഭൗതികവാദ മെന്നു പറയുന്നത്. പ്രപഞ്ചം ഭൗതികപരമാണെന്നും പദാർത്ഥ നിർമ്മിതമാണ് എല്ലാ വസ്തുക്കളെന്നും അത് പറയുന്നു. മനസ്സ് പദാർത്ഥത്തിന്റെ വെറും ഒരു രൂപമോ ചേഷ്ടയോ മാത്രമാണ്.

ഗ്രീക്ക്ചിന്തകനായ ഡെമോക്രിറ്റസ്സിനെ ആദ്യത്തെ ഭൗതികവാ ദിയായി കണക്കാക്കുന്നതിൽ തെറ്റില്ല. ഭൗതികപരമാണുക്കളാലാണ് പ്രപഞ്ചം നിർമ്മിക്കപ്പെട്ടിട്ടുള്ളത് എന്നാണ് അദ്ദേഹത്തിന്റെ സിദ്ധാ ന്തം. ഇന്ദ്രിയഗോചരങ്ങളും അല്ലാത്തവയുമായ എല്ലാ വസ്തുക്കളും പരമാണുക്കളുടെ സംഘാതങ്ങളോ സഞ്ചയങ്ങളോ മാത്രമാണ്. മന സ്സെന്നോ ആത്മാവെന്നോ വിളിക്കാവുന്ന ഒരു വസ്തുത പ്രത്യേക മായില്ല. പ്രകൃതിനിയമങ്ങൾക്കനുസൃതമായല്ലാതെ യാദൃശ്ചികമായി ഒന്നും സംഭവിക്കുന്നില്ല. പരമാണുക്കൾ നിത്യങ്ങളായതുകൊണ്ട് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതല്ല. പരമാണുക്കൾ ശൂന്യമണ്ഡല ത്തിൽക്കൂടി സദാ ചലിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിയിൽ ലക്ഷ്യ ങ്ങളോ ഉദ്ദേശ്യങ്ങളോ ഇല്ല; സ്വാതന്ത്ര്യവുമില്ല.

ആധുനികകാലങ്ങളിൽ പ്രാകൃതികത്വം എന്ന പദമാണ് 'ഭൗതി കവാദം' എന്ന പദത്തേക്കാൾ കൂടുതലായി ഉപയോഗിച്ചു കാണു ന്നത്. പ്രാകൃതികവാദം, ഊർജ്ജം, ചലനം, പ്രാകൃതികനിയമം, കാരണനിർണ്ണയം മുതലായ പദങ്ങൾ വളരെയധികം ഉപയോഗി ച്ചുവരുന്നു. പൊതുവേ പറഞ്ഞാൽ, ഊർജ്ജതന്ത്രം, രസതന്ത്രം തുടങ്ങിയ ഭൗതികശാസ്ത്രങ്ങൾക്കാണ് പ്രാകൃതികവാദം പ്രാധാന്യം നൽകിയിട്ടുള്ളത്. ഈ ശാസ്ത്രങ്ങളുടെ നിയമങ്ങൾ ജൈവവസ്തുക്കളെയും മനസ്സിനെയും മനുഷ്യചരിത്രത്തെയും സ്ഥാപനങ്ങളെയും വിശദീകരിക്കുവാൻ പര്യാപ്തങ്ങളാണ് എന്ന് അത് വിശ്വസിക്കുന്നു. കൂടാതെ അത് ഊർജ്ജസംരക്ഷണനിയമ ത്തിന് വലിയ പ്രാധാന്യം കല്പിക്കുന്നു. പരിണാമവാദത്തെയും അത് വളരെ ആശ്രയിക്കുന്നുണ്ട്.

ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭകാലം മുതൽ യാന്ത്രികവാദം, പ്രകൃതിയെക്കുറിച്ചുള്ള യാന്ത്രികസങ്കൽപം എന്നീ സിദ്ധാന്ത ങ്ങൾക്കാണ് കൂടുതൽ പ്രചാരം. ഈ സിദ്ധാന്തങ്ങളും ലോകത്തെ വിശദീകരിക്കുവാൻ ഊർജ്ജതന്ത്രത്തിലെയും രസതന്ത്രത്തിലെയും നിയമങ്ങളെയാണ് അവലംബിക്കുന്നത്.

**ഏകതാവാദം (monism)**

ഊർജ്ജത്തിനും പദാർത്ഥത്തിനും ആധാരമായി പ്രപഞ്ചത്തിൽ ഒരു തത്വമോ സത്തയോ മാത്രമേയുള്ളൂ എന്ന വാദമാണ് ഏകതാ വാദം. ദ്വന്ദ്വവാദത്തിനു (dualism) വിരുദ്ധമായ ഏകതാവാദം ദൈവവും പ്രപഞ്ചവും ഒന്നുതന്നെ എന്ന ചിന്താഗതിയാണു പുലർ ത്തുന്നത്.

**യുക്തിവാദം (rationalism)**

മനുഷ്യബുദ്ധിമാത്രമാണ് ജ്ഞാനത്തിന്റെ ഏക ഉറവിടം എന്ന നിലപാടാണ് യുക്തിവാദത്തിനുള്ളത്. അനുഭവവാദത്തെ (empiricism) ഖണ്ഡിക്കുന്ന യുക്തിവാദത്തിന്റെ ആധുനികകാല പ്രണേതാവ് റെനെ ഡെക്കാർട്ട് ആണ്. മനുഷ്യബുദ്ധിക്ക് ഉപരി യായി മറ്റൊന്നുമില്ല എന്നു കരുതുന്ന യുക്തിവാദികൾ ബുദ്ധിയുടെ കണ്ടെത്തലുകളായ, ശാസ്ത്രജ്ഞാനത്തെയും ബൗദ്ധിക ജ്ഞാന ത്തെയും നിരന്തരമായ വിമർശനാത്മക വിശകലനത്തിനു വിധേയ മാക്കണമെന്ന് വാദിക്കുന്നു (critical rationalism). എങ്കിൽ മാത്രമേ അവയുടെ ആധികാരികതയ്ക്ക് നവമായ അംഗീകാരം ലഭിക്കുക യുള്ളൂ എന്നും ഇവർ കരുതുന്നു.

**യാഥാർത്ഥ്യവാദം (realism)**

അറിയുന്നതിൽനിന്നും കാണപ്പെടുന്നതിൽനിന്നും ഭിന്നമായി ഒരു വസ്തുവിനെ സത്താപരമായി മനസ്സിലാക്കാനാകും എന്ന കാഴ്ചപ്പാടാണ് യാഥാർത്ഥ്യവാദം.

### താർക്കിക പ്രത്യക്ഷവാദം

താർക്കികപ്രത്യക്ഷവാദം ഈ നൂറ്റാണ്ടിലെ തത്വശാസ്ത്രത്തിലെ ഏറ്റവും സ്വാധീനമുള്ള ഒരു പ്രസ്ഥാനമാണ്. ഇതിന്റെ ആവിർഭാവം 'വിയന്നാവലയം' എന്ന പേരിനാൽ അറിയപ്പെടുന്ന ശാസ്ത്രകാര ന്മാരുടെ സംഘത്തിൽ നിന്നാണ്. ഈ സംഘത്തിന് ഡേവിഡ് ഹ്യൂമിന്റെ സന്ദേഹപരമായ ഇന്ദ്രിയാനുഭവവാദത്തോടും മാക്ക്, പോയിൻകാറെ എന്നിവരുടെ ശാസ്ത്രീയസങ്കേതവാദത്തോടും ചരി ത്രപരമായ ബന്ധമുണ്ട്. വിയന്നവലയത്തിലെ ഒരു പ്രമുഖാംഗമായ റുഡോൾഫ് കാർമപ്പ് ആണ് പ്രത്യക്ഷവാദത്തിന് പ്രബലവും സൂക്ഷ്മ വുമായ ഒരാവിഷ്ക്കരണം നൽകിയത്. അദ്ദേഹമാണ് നവീനപ്ര ത്യക്ഷവാദം അമേരിക്കകാർക്ക് പരിചയപ്പെടുത്തി കൊടുത്തത്. അമേരിക്കയിലെ പ്രബല ദാർശനികപ്രസ്ഥാനങ്ങളായ പ്രായോഗി കതാവാദം, സംക്രിയാത്മകവാദം, യഥാർത്ഥവാദം മുതലായവയു മായി സാമ്യമുള്ളതുകൊണ്ട് പ്രത്യക്ഷവാദത്തിന് അമേരിക്കയിൽ പ്രചാരം സിദ്ധിക്കുവാൻ പ്രയാസമൊന്നുമുണ്ടായില്ല. ഇംഗ്ലണ്ടിൽ താർക്കികപ്രത്യക്ഷവാദം ജി.ഇ. മൂർ, ബർട്രൻഡ് റസ്സൽ മുതലായ വരുടെ അപഗ്രഥനാത്മകവും വാസ്തവികതാപരവുമായ ദർശന ങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

താർക്കികപ്രത്യക്ഷവാദത്തിന് പല രൂപങ്ങളുണ്ട്. എങ്കിലും അവ യ്ക്കെല്ലാം ചില പൊതു സിദ്ധാന്തങ്ങൾ കാണാം. അർത്ഥത്തിന്റെ ഉരകല്ലായി സത്യാപനീയതയെ ഉപയോഗിക്കലാണ് പ്രത്യക്ഷവാ ദത്തിന്റെ കൂടുതലായ അംശം. ഒരു പ്രസ്താവന അർത്ഥവത്തായി തീരുന്നത് അനുഭവത്തിൽകൂടി അതിനെ സത്യാപനം ചെയ്യുവാൻ സാധിക്കുമ്പോൾ മാത്രമാണ്. സത്യാപനീയത പ്രത്യക്ഷമോ പരോ ക്ഷമോ ആകാം, അത് സൈദ്ധാന്തികമോ പ്രായോഗികമോ ആകാം.

താർക്കികപ്രത്യക്ഷവാദം അറിവിന്റെ ആകാരപരങ്ങളായ വശ ങ്ങളെക്കുറിച്ചും ആനുഭവികങ്ങളായ വശങ്ങളെക്കുറിച്ചും അന്വേ ഷണം നടത്തിയിട്ടുണ്ട്. ആകാരപരമായ വശത്തെ സംബന്ധിച്ചിട ത്തോളം അത് ആധുനികഗണിതശാസ്ത്രത്തിന്റെ നേട്ടങ്ങളെയും ഭാഷാവിശ്ലേഷണപരമോ പുനരുക്തിപരമോ ആണെന്ന് സമർത്ഥി ക്കുന്നു. അത് കാന്റിന്റെ സംശ്ലേഷാത്മക പ്രാഗനുഭവജ്ഞാനത്തിന്റെ സാധുതയെ ചോദ്യം ചെയ്യുന്നു; അത് ലൈബ്നിസ് പറയുന്നതു പോലെ അനുഭവനിരപേക്ഷമായതെല്ലാം വിശ്ലേഷാത്മകമാണെന്നു പറയുന്നു. ശരിയായ അനുഭവനിരപേക്ഷമായതെല്ലാം വിശ്ലേഷാ ത്മകമാണെന്നും പറയുന്നു. ശരിയായ അനുഭവനിരപേക്ഷവാക്യം പുനരുക്തി മാത്രമാണെന്നും അത് പറയുന്നു.





ജ്ഞാനത്തിന്റെ പ്രത്യക്ഷവാദപരമായ അപഗ്രഥനം പരമ്പരാഗ തമായ തത്വമീമാംസയ്ക്ക് വലിയ ആഘാതം ഏല്പിച്ചിട്ടുണ്ട്. പര മ്പരാഗതമായ തത്വമീമാംസ മുഴുവനും അർത്ഥശൂന്യമായ അബ ദ്ധജഡിലവുമാണെന്ന് അത് വിധിയെഴുതി. പഴയ ദാർശനികഗ്ര ന്ഥങ്ങളിലെ വാക്യങ്ങൾ വസ്തുതയെ സംബന്ധിച്ചിടത്തോളം ഇന്ദ്രിയാനുഭവികങ്ങളോ വിശ്ലേഷാത്മകപുനരുക്തികളോ അല്ലെന്ന് അത് പ്രസ്താവിക്കുന്നു.

താർക്കികപ്രത്യക്ഷവാദം ബർട്രൻഡ് റസ്സലിന് ഒരു നൂതന ദാർശ നികരീതി ആവിഷ്ക്കരിക്കുന്നതിന് പ്രചോദനം നൽകിയിട്ടുണ്ട്. ശാസ്ത്രീയരീതി തത്വശാസ്ത്രത്തിലും ഫലപ്രദമാംവണ്ണം ഉപയോ ഗിക്കാം എന്നാണ് റസ്സൽ പറയുന്നത്. ദത്തസാമഗ്രികളെ സംബ ന്ധിച്ചോ തത്വശാസ്ത്രവും തത്വശാസ്ത്രത്തിന്റെ താല്പര്യങ്ങൾ കൂടുതൽ സാമാന്യവും യുക്തിവിചാരം കൂടുതൽ കണിശവും ആണെന്ന് മാത്രം. സാമാന്യബുദ്ധിയുടെയും ശാസ്ത്രത്തിന്റെയും അഭിവചനങ്ങൾ പൊതുവെ സ്വീകാര്യങ്ങളാണെങ്കിലും അവ കുറ്റ മറ്റവയാണെന്ന് പറയുക വയ്യ. ഈ കുറവുകളെ 'ദാർശനികവി മർശനം' വഴി ദൂരീകരിക്കാവുന്നതാണ്. അതാണ് തത്വശാസ്ത്ര ത്തിലെ യുക്തിവിചാരം കൂടുതൽ കണിശമാണെന്നു പറയുവാൻ കാരണം. സാമാന്യമനുഷ്യരും ശാസ്ത്രജ്ഞരും വരുത്തുന്ന ജ്ഞാന മീമാംസപരമായ തെറ്റുകൾ രണ്ടു വിധമാണ്. ഒന്നാമതായി, തെളി യിക്കപ്പെടാത്ത സംകല്പനകളെ ഉപയോഗിക്കാനുള്ള പ്രവണത; രണ്ടാമതായി; അഭ്യുപഗമങ്ങളോ അനുമിതങ്ങളോ ആയ വസ്തു ക്കളെക്കുറിച്ചുള്ള പരമാർശനം. പ്രമാണപരമായും അന്തർവസ്തു പരമായും ശാസ്ത്രത്തിന്റെ അഭിവചനങ്ങൾ ന്യൂനതയോടു കൂടി യവയാണ്. ന്യൂനതകളെ പരിഹരിക്കാൻ റസ്സൽ നിർദ്ദേശിക്കുന്ന മാർഗ്ഗം പാദ്ധതികസംശയം അഥവാ വ്യവസ്ഥിതസംശയം ഉളവാ ക്കുക എന്നതാണ്.

പക്ഷേ വിമർശനത്തിനു പിന്നാലെ പുനർനിർമ്മാണവും വേണം. അതിന് ഗണിതതർക്കശാസ്ത്രത്തിന്റെ കഴിവുകൾ ഉപയോഗപ്പെ ടുത്താം എന്നാണ് റസ്സൽ പറയുന്നത്. തർക്കശാസ്ത്രത്തിന്റെ സൃഷ്ടിപരമോ അല്ലെങ്കിൽ സംശ്ലേഷാത്മകമോ ആയ കർത്തവ്യം അനുമാനങ്ങളെയും സംകല്പനകളെയും മാറ്റി നിർത്തി അവയ്ക്കു പകരം താർക്കിക നിർമ്മിതികളെ അവലംബിക്കുക എന്നതാണ്.

# 10

## ദൈവാസ്തിത്വം

ദൈവം വിശ്വാസത്തിന്റെ വിഷയമാണെങ്കിലും സ്വാഭാവിക ബുദ്ധികൊണ്ട് ദൈവാസ്ഥിത്വം ഗ്രഹിക്കാനാകും എന്നാണ് കത്തോലിക്കാ സഭ പഠിപ്പിക്കുന്നത്. ബുദ്ധിയുടെ പ്രകാശത്തിൽ ദൈവത്തെ അറിയാനാവില്ല എന്നു കരുതുന്നവരെ ഒന്നാം വത്തിക്കാൻ കൗൺസിൽ സത്യവിശ്വാസ വിരുദ്ധരായാണ് കരുതിയിരുന്നത് (D 1806). മനുഷ്യന്റെ അറിവിന്റെ ആത്യന്തിക ലക്ഷ്യം ദൈവമാകയാലും അറിയാനുള്ള മനുഷ്യന്റെ സ്വാഭാവിക മാർഗ്ഗം ബുദ്ധിയാകയാലും ബുദ്ധി ദൈവത്തെ കണ്ടെത്താനുള്ള മാർഗ്ഗമാണെന്ന് കൗൺസിൽ പഠിപ്പിച്ചു. വിശ്വാസത്തിന്റെ പരിപ്രേക്ഷ്യത്തിനു വെളിയിലും ദൈവാസ്ഥിത്വത്തിനു സാധുതയുണ്ട് എന്ന ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ കണ്ടെത്തലിന് ഏറെ പ്രസക്തിയുണ്ട്. വിശുദ്ധഗ്രന്ഥവും ഇത്തരത്തിൽ ചിന്തിക്കുന്നുണ്ട് എന്നതിനാൽ യുക്ത്യാധിഷ്ഠിതമായ ദൈവാന്വേഷണത്തിന്റെ പ്രസക്തിയും മാർഗ്ഗങ്ങളുമാണ് തുടർന്നു ചർച്ചചെയ്യുന്നത്.

**1.** സ്രഷ്ടപ്രപഞ്ചത്തെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ സ്രഷ്ടാവിലെത്താൻ സാധിക്കും. ജ്ഞാനം 13:5ൽ



സൃഷ്ടിയുടെ സൗന്ദര്യത്തിൽ സ്രഷ്ടാവിന്റെ സൗന്ദര്യവും നന്മയുമാണ് വെളിപ്പെടുന്നത് എന്നു സാക്ഷ്യപ്പെടുത്തുന്നുണ്ട്. റോമാ 1:20-ൽ "സൃഷ്ടിയ്ക്കപ്പെട്ട ദൃശ്യവസ്തുക്കളിൽ നിന്ന് അദൃശ്യനായ സ്രഷ്ടാവിലേക്ക് എത്തിച്ചേരാനാകും" എന്നു വ്യക്തമാക്കുന്നുണ്ട്. ഒന്നോർത്താൽ ഈ ഭൂമിയുടെ സങ്കീർണ്ണത സ്രഷ്ടാവിന്റെ കരവിരുതിനു സാക്ഷ്യമല്ലേ. സൂര്യനു ചുറ്റും കറങ്ങി വർഷങ്ങളും ഋതുക്കളും സൃഷ്ടിക്കുന്ന ഭൂമി സ്വന്തം അച്ചുതണ്ടിൽ കറങ്ങി ഇരവും പകലും ഉരുവാക്കുന്നു. ഭൗമിക അന്തരീക്ഷം നിലവിലുള്ള ഭൂമിയുടെ വലിപ്പവുമായി അഭേദ്യം ബന്ധപ്പെട്ടതാണ്. ഭൂമി വ്യാഴത്തെപ്പോലെ വലുതായാൽ അന്തരീക്ഷത്തിൽ ഹൈഡ്രജൻ മാത്രമായും ശുക്രനെപ്പോലെ ചെറുതായാൽ അന്തരീക്ഷം തന്നെ അസാധ്യമായും തീരുമായിരുന്നു. സൂര്യനോട് കൂടുതൽ അടുത്തായിരുന്നെങ്കിൽ അന്തരീക്ഷത്തിലെ ഊഷ്മാവ് നൂറു ഡിഗ്രിയ്ക്കു മുകളിലായിരുന്നേനെ. സൂര്യനിൽനിന്ന് കുറേകൂടി അകലെയായിരുന്നെങ്കിൽ അന്തരീക്ഷോഷ്മാവ് - 100ഡിഗ്രിയിലും താഴെ ആകുമായിരുന്നു. രണ്ടും ജീവന്റെ നിലനില്പ് അസാധ്യമാക്കുമായിരുന്നു. ഭൂമി കൃത്യമായ ഭ്രമണപഥത്തിൽ കറങ്ങുന്നു എന്നതുതന്നെ ദൈവം എന്ന സ്രഷ്ടാവിനുള്ള തെളിവല്ലേ?

**2.** ഓരോ വ്യക്തിയുടെയും മനസ്സാക്ഷി ദൈവമുണ്ട് എന്നതിനുള്ള തെളിവാണ്. റോമാ 2:14 ൽ ഹൃദയങ്ങളിൽ എഴുതപ്പെട്ട ദൈവനിയമമായിട്ടാണ് മനസ്സാക്ഷിയെ വിശേഷിപ്പിക്കുന്നത്. ശരീരത്തിന്റെ ഓരോ കോശങ്ങളും മനസ്സിന്റെ സർവ്വമോഹങ്ങളും ചില പാപകരമായ സന്തോഷങ്ങൾക്കായി ദാഹിക്കുന്ന സന്ദർഭങ്ങളിലും പ്രസ്തുത പ്രവൃത്തികൾ തിന്മയെന്നു വിധിക്കുന്ന ഒരു സ്വരം നാം കേൾക്കാറുണ്ടല്ലോ. തീർച്ചയായും അത് വ്യക്തിക്ക് അതീതമായ ദൈവസ്വരമാണ്. നിരന്തരമായ മുന്നറിയിപ്പുകളെ അവഗണിച്ച് പാപത്തിൽ വീഴാനിടയായാൽ തെറ്റുപറ്റിയതോർത്ത് അനുതപിക്കാനും തിരുത്താനും ആഹ്വാനം ചെയ്യുന്ന സ്വരവും അന്തരംഗത്തിൽ നാം കേൾക്കാറുണ്ട്. ഈ സ്വരവും നമ്മുടെ അസ്ഥിത്വത്തിന് അതീതമായ സത്യത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. സമാനമായി, സ്വതവേ സ്വാർത്ഥനായ മനുഷ്യന് അപരന്റെ സങ്കടങ്ങളിൽ കരളലിയാനുള്ള പ്രേരണ നൽകുന്നതും അനീതിക്കെതിരായ നിലപാടുകൾ സ്വീകരിക്കാനുള്ള പ്രചോദനം ലഭിക്കുന്നതും ദൈവവിശ്വാസത്തിൽനിന്നാണ്.

**3.** ദൈവത്തെക്കുറിച്ചുള്ള ധാരണ മനുഷ്യന്റെ ആന്തരികതയിൽ സഹജമായുള്ളതാണ് (idea innata). സഭാപിതാക്കന്മാരായ വി.

ജസ്റ്റിനും (Apol. 2.6) വി.ക്ലെമന്റും (Stran.V.14.133.7) ഈ ചിന്തയുടെ വക്താക്കളായിരുന്നു. മനുഷ്യാത്മാവിൽ ദൈവം നൽകിയ ദാനമാണ് (animaedos) ദൈവാവബോധമെന്ന് തെർത്തുല്യനും സാക്ഷ്യപ്പെടുത്തുന്നുണ്ട്. നമുക്കറിയാവുന്ന സ്വാഭാവിക യുക്തിയുടെ തത്വങ്ങളിലൂടെ ദൈവാസ്തിത്വം ബോധ്യപ്പെടാനാകും എന്നതിനാൽ ദൈവാവബോധം മനുഷ്യനിൽ സഹജമായുള്ളതാണെന്ന് വി. തോമസ് അക്വീനാസും (Boe. Trin. q.i.a. 3ad.6) സമർത്ഥിക്കുന്നുണ്ട്. എത്ര കഠിനമായ രീതിയിൽ നിരീശ്വരവാദം പ്രസംഗിക്കുന്നവരുടെയും ഉള്ളിന്റെയുള്ളിൽ ദൈവാവബോധമുണ്ട്. അതിനാലാണ് ജീവിതസായാഹ്നത്തിൽ പല നിരീശ്വരവാദികളും വിശ്വാസത്തിലേക്കും മതജീവിതത്തിലേക്കും തിരിച്ചു വരുന്നത്. മനുഷ്യന്റെ അന്തരാത്മാവിലെ ശ്രീകോവിലിൽ സഹജമായുള്ള ദൈവാവബോധത്തോടുള്ള വ്യക്തിയുടെ പ്രതികരണമനുസരിച്ച് അത് വളരുകയോ തളരുകയോ ചെയ്യുന്നു. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നതിന്റെ പൊരുളും മനുഷ്യനിലെ സഹജമായ ദൈവാവബോധത്തിലേക്കാണ് നയിക്കുന്നത്. ഒരു ഉദാഹരണത്തിലൂടെ മനുഷ്യനിലെ സഹജമായ ദൈവാവബോധം വ്യക്തമാക്കാം. സിംകാർഡുള്ള ഒരു മൊബൈൽ ഫോൺ മൊബൈൽ റേഞ്ചില്ലാത്ത സ്ഥലത്തു സൂക്ഷിക്കുന്നിടത്തോളം കാലം ഫോൺ ഉള്ളതും ഇല്ലാത്തതും തുല്യമാണ്. മൊബൈൽ റേഞ്ചില്ല എന്നത് ഫോണിൽ സിംകാർഡില്ല എന്നതിനു തെളിവായി അവതരിപ്പിക്കുന്നത് വൈരുദ്ധ്യമാണ്. സമാനമായ രീതിയിൽ ചിലരിൽ ദൈവാഭിമുഖ്യമില്ല എന്നത് ദൈവമില്ല എന്നതിനുള്ള തെളിവല്ല.

**4.** അതിസ്വാഭാവികവും യുക്ത്യാതീതവുമായ അനേകം അത്ഭുതങ്ങൾ ലോകത്തു സംഭവിക്കുന്നുണ്ട്. ദൈവത്തോടുള്ള പ്രാർത്ഥനയിലൂടെ രോഗങ്ങൾ വിട്ടുമാറുന്നതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. വൈദ്യശാസ്ത്രം പരാജയപ്പെടുന്നിടത്ത് പ്രാർത്ഥന വിജയിക്കുന്നെങ്കിൽ അതിന്റെ അർത്ഥം പ്രാർത്ഥനയുടെ ലക്ഷ്യമായ ദൈവം സത്യമായും സജീവനും സർവ്വശക്തനുമാണെന്നല്ലേ. സകലതിന്മകളിലും മുഴുകി ജീവിച്ചിരുന്നവർ ദൈവാനുഭവത്തിന്റെ സ്പർശത്താൽ എന്നേയ്ക്കുമായി മാനസാന്തരപ്പെടുന്നതു നാം കാണുന്നില്ലേ? വി. ആഗസ്തീനോസു മുതൽ നമ്മുടെ നാട്ടിൽപുറങ്ങളിൽവരെ ഈ സത്യത്തിന് എത്രയോ സാക്ഷികളുണ്ട് ! ഇപ്രകാരമൊരു മാറ്റത്തിനു നിദാനമായി വർത്തിക്കുവാൻ ദൈവത്തിനല്ലാതെ മറ്റേതൊരു ശക്തിയ്ക്കാണു സാധിക്കുക? നിരീശ്വരവാദികൾ ദൈവവിശ്വാസികളെ അപേക്ഷിച്ച് ജീവിതനൈരാശ്യത്തിലും അർത്ഥശൂന്യതയിലുമാണ് ജീവിതം അവസാനിപ്പിക്കുന്നത്. ലോകം





കണ്ട വിഖ്യാത നിരീശ്വരവാദികളിൽ നല്ലൊരു പങ്കും ആത്മഹത്യ ചെയ്യുകയായിരുന്നു.

**5.** ബൗദ്ധികവും യുക്ത്യാധിഷ്ഠിതവുമായവയ്ക്കപ്പുറത്താണ് യാഥാർത്ഥ്യം എന്ന് ജീവിതസത്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. സ്നേഹം എന്ന മൂല്യത്തെ യുക്തികൊണ്ട് അളക്കാനാകുമോ? സ്വന്തം ജീവൻ വിലകൊടുത്ത് അപരനെ രക്ഷിക്കുന്നതിന്റെ യുക്തിരാഹിത്യം യുക്തിവാദികൾക്കു മനസ്സിലാകില്ല. മാതൃത്വം, പിതൃത്വം, ദാമ്പത്യവിശ്വസ്തത, പരസ്പരവിശ്വാസം തുടങ്ങിയവയൊക്കെ യുക്തികൊണ്ടു വിശദീകരിക്കാനാവാത്ത തലത്തിലാണ്. യുക്തി തന്നെ ദൈവാസ്ഥിത്വത്തിനു തെളിവാണെന്ന വിക്ടർ റിപ്പെർട്ടിന്റെ അഭിപ്രായം ശരിയാണ്. കാരണം ഇന്ദ്രിയപരവും പദാർത്ഥപരവുമായവയ്ക്കപ്പുറത്താണല്ലോ യുക്തിയുടെ സ്ഥാനം. ഭൗതികവാദിയ്ക്ക് യുക്തിവാദിയാകാനാകില്ല എന്നാണ് ഈ ചിന്തകന്റെ വാദം. കാരണം യുക്തി ഭൗതികതയുടെ മേഖലയിൽ നിന്നുള്ളതല്ല.

## 6. വി. അക്വീനാസിന്റെ അഞ്ചുവഴികൾ (Quinque Viae)

സുമ്മാ തിയോളജിക്കായുടെ ആദ്യഭാഗത്ത് വി. തോമസ് അക്വീനാസ് ദൈവാസ്തിത്വം തെളിയിക്കാനുള്ള അഞ്ചു വഴികൾ നിരത്തുന്നുണ്ട്. അരിസ്റ്റോട്ടിലിന്റെ അതിഭൗതിക തത്വങ്ങളെ (Meta physical principles) ആധാരമാക്കിയുള്ള ഈ വഴികൾ പ്രമേയാനുബന്ധ വാദഗതി (infinite regression) അനുസരിച്ചുള്ളതാകയാൽ ഒരു പ്രസ്താവനയുടെ സാധുത തൊട്ടുമുൻപുള്ള പ്രസ്താവനയുടെ സാധുതയുമായി ബന്ധപ്പെട്ടതാണ്. ദൈവാസ്തിത്വം ഗ്രഹിക്കാനുള്ള അക്വീനാസിന്റെ അഞ്ചുവഴികൾ ചുവടെ ചേർക്കുന്നു:

(i) ചലനാത്മകമായ ഈ പ്രപഞ്ചത്തിന് അചഞ്ചലനായ ഒരു നിയന്താവുണ്ടായിരിക്കണം; ആ നിയന്താവു ദൈവമാണ് (S.T.I.2.3). ചലിക്കുന്നവയ്ക്കെല്ലാം ശക്തിപ്രദാനം ചെയ്യാൻ ഒരു ബാഹ്യഇടപെടലുണ്ട്. എത്ര നല്ല കാറും ഇന്ധനം തീർന്നാൽ ഓട്ടം നിലയ്ക്കും. എത്ര വിദഗ്ദമായി സംവിധാനം ചെയ്യപ്പെട്ട റോക്കറ്റും നിയന്ത്രണം നഷ്ടമായാൽ കടലിൽ വീഴും. ഏറെ സൂക്ഷ്മതയോടെ നിർമ്മിച്ച ബഹിരാകാശ ഉപഗ്രഹങ്ങൾ നിശ്ചിതകാലം കഴിഞ്ഞാൽ പ്രവർത്തനരഹിതമാകുന്നു. ചലനം അസ്തിത്വത്തിനു സഹജസ്വഭാവമല്ല. മനുഷ്യന്റെ ജീവൻ പിരിയുമ്പോൾ അവൻ നിശ്ചലനാകുന്നു. ചലനാത്മകതയിലെ ബാഹ്യപ്രേരണയുടെ അനിവാര്യത ദൈവാസ്ഥിത്വത്തിനു തെളിവാണെന്നാണ് അക്വീനാസ് സമർത്ഥി

ക്കുന്നത്. "അനന്തമജ്ഞാതമവർണ്ണനീയമായ" അന്തമറ്റ പ്രപഞ്ച ഗോളങ്ങളുടെ അനന്തപ്രയാണങ്ങൾക്കു നിയന്താവില്ല എന്നു ചിന്തി ക്കുന്നതിലെ യുക്തിഭംഗം നാസ്തികർ തിരിച്ചറിയാത്തതിനെക്കു റിച്ചാണ് അക്വീനാസ് അത്ഭുതപ്പെടുന്നത്. യുക്തിവാദമാണ് ഏറ്റവും വലിയ യുക്തിനിഷേധം.

(ii) ഉളവായതിനെല്ലാം ഒരു കാരണമുള്ളതിനാൽ സകലകാര ണങ്ങൾക്കും നിദാനമായി കാരണരഹിതമായ ഒരു ആദികാരണ മുണ്ടായിരിക്കണം; ആ ആദികാരണമാണ് ദൈവം. മക്കളുടെ കാര ണവർ മാതാപിതാക്കൾ ആയിരിക്കുന്നതുപോലെ ചെടികൾക്കു മാതൃവൃക്ഷങ്ങളുണ്ട്. കാരണമില്ലാത്ത ഉൺമ മിഥ്യയാണ്. ഓരോ മനുഷ്യശരീരത്തിലെയും നാഭീനാളം പ്രസ്തുത ശരീരത്തെ അതിന്റെ കാരണമായ മാതാവിനോടു ബന്ധിപ്പിക്കുന്നു. ആരും സ്വയംഭൂവാകുന്നില്ല, എല്ലാവർക്കും മുൻതലമുറയോടു ബന്ധമുണ്ട് എന്നതിന്റെ മുദ്രയാണ് ശരീരത്തിലെ പുക്കിൾകുഴി. ആദ്യ മനു ഷ്യന്റെ അസ്ഥിത്വത്തിനു നിദാനമായ ആദികാരണത്തെ അക്വീനാസ് ദൈവം എന്നു വിളിക്കുന്നു. കാരണമില്ലാതെയാണ് ഉൺമ രൂപം കൊള്ളുന്നത് എന്നു ചിന്തിക്കുന്നതിനേക്കാൾ യുക്തി അക്വീ നാസിന്റെ ആദികാരണം എന്ന വാദത്തിലുണ്ട്.

(iii) അനുഭവയോഗ്യമായ നന്മകളെല്ലാം താരതമ്യത്തിലൂടെ മാത്രം മൂല്യനിർണ്ണയം നടത്താവുന്ന ആപേക്ഷിക നന്മകളാണ്. ഇന്ദ്രിയ വിഷയമായ ഈ നന്മകളെയെല്ലാം മൂല്യവത്താക്കാൻ ആപേ ക്ഷികമല്ലാത്ത ഒരു പരമനന്മയുണ്ടാകണം; ആ പരമനന്മയാണു ദൈവം. ദൈവമില്ലെങ്കിൽ മനുഷ്യന്റെ സകല നന്മാസങ്കല്പങ്ങളും ആപേക്ഷികവും വ്യക്ത്യധിഷ്ഠിതവുമായി മാറും. കൊലപാതകം തിന്മയാണെന്ന് പറയുവാൻ പരമനന്മയായ ദൈവത്തിനേ കഴിയൂ. ഇഷ്ടമില്ലാത്തവരെയും ശത്രുസൈനികനെയും വധശിക്ഷ വിധി ക്കപ്പെട്ടവനെയും കൊല്ലുന്നത് ശരിയാണ് എന്ന് പലപ്പോഴും പറ യേണ്ടിവരുന്നത് നമ്മുടെ നന്മകൾ ആപേക്ഷികമായതുകൊണ്ടാ ണ്. പരമമായ നന്മയ്ക്കു മാത്രമേ വിശ്വമാനവികതയുടെ അതിരി ല്ലാത്ത സഹോദര്യത്തിന്റെ വാതിൽ തുറക്കാനാകുകയുള്ളൂ. ദൈവ മെന്ന പരമനന്മ നിഷേധിക്കപ്പെടുന്ന സമൂഹങ്ങളിൽ നന്മകളത്രയും വൈയക്തികങ്ങളാകുന്നു; സനാതന മൂല്യങ്ങൾ അപ്രസക്തമാകു ന്നു. നാസ്തികതയുടെ അനിവാര്യമായ ദുരന്തം വർഗ്ഗസമരമാണ്.

(iv) ഇന്ദ്രിയവിഷയമായ അസ്ഥിത്വങ്ങളത്രയും ക്ഷണികമാക യാൽ അവ ഇല്ലാതിരുന്നതും ഇല്ലാതാകുന്നതുമായ ഒരു കാലം ഉണ്ടായിരുന്നു എന്നോ ഉണ്ടാകും എന്നോ കരുതണം. ക്ഷണികാ





സ്ഥിത്വങ്ങൾ അനിവാര്യമായൊരു നിത്യാസ്ഥിത്വത്തെക്കുറിച്ചുള്ള ചിന്തയിലേക്കു നയിക്കുമെന്നും പ്രസ്തുത നിത്യാസ്ഥിത്വം ദൈവ മാണെന്നും അക്വിനാസ് കരുതുന്നു (ST.I.2.3). നാം ഇല്ലാതിരുന്ന കാലമുണ്ടായിരുന്നു. നാം ഇല്ലാതാകുന്ന കാലവുമുണ്ട്. എന്നാൽ നമ്മുടെ ചരിത്രത്തെ അസ്ഥിത്വത്തിന്റെ സമഗ്ര ചരിത്രവുമായി ബന്ധി പ്പിക്കണമെങ്കിൽ നിത്യമായ ഒരു അസ്ഥിത്വം അനിവാര്യമാണ്. തെർമോ ഡൈനാമിക്സിലെ ആദ്യ നിയമം തന്നെ "പദാർത്ഥ ത്തെയോ ഊർജ്ജത്തെയോ നിർമ്മിക്കാനോ നശിപ്പിക്കാനോ" സാധിക്കില്ല എന്നാണ്. അതായത് പ്രപഞ്ചത്തിൽ യാതൊന്നും പുതുതായി കൂട്ടിച്ചേർക്കപ്പെടുകയോ പ്രപഞ്ചത്തിൽനിന്ന് യാതൊന്നും നശിപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല. പ്രപഞ്ചം ശൂന്യ തയിൽ നിന്നു വന്നു ശൂന്യതയിലേക്കു മടങ്ങുമെന്നു പഠിപ്പിക്കുന്ന നാസ്തികർ ശാസ്ത്രീയ യുക്തി നഷ്ടപ്പെട്ടവരാണ്.

(v) ചിന്താശൂന്യവും യുക്തിരഹിതവുമായ ജീവികൾപോലും നിയതമായ ഒരു ലക്ഷ്യത്തിലേക്കാണ് അനുദിനം പ്രവർത്തിക്കു ന്നത്. അചേതനമായവപോലും പ്രപഞ്ചത്തിൽ അവയുടെ ലക്ഷ്യം നിറവേറ്റുന്നുണ്ട്. നിശ്ചിത സമയത്ത് പിടയോടു കൗതുകം തോന്നുന്ന കോഴിപ്പൂവനും തീരത്തടിച്ചു തകരാനായി മാത്രം വീണ്ടും വീണ്ടും ഓടിയെത്തുന്ന തിരമാലകളും വെയിലിൽ നീരാ വിയായുയരുന്ന കടൽവെള്ളവും മഴയായി പെയ്തിറങ്ങുന്ന മേഘ ങ്ങളും തേൻകുടിക്കുന്നതിനിടയിൽ പൂക്കളിൽ നിന്നു പൂക്കളിലേക്കു പരാഗണം നടത്തുന്ന പൂമ്പാറ്റകളും തങ്ങളുടെ പ്രവൃത്തിയുടെ യുക്തി അറിയാതെ പ്രവർത്തിക്കുന്നവയാണ്. യുക്തിയുടെ നിഗൂ ഢസമസ്യകളെ കൂട്ടിയോജിപ്പിച്ച് സകലപ്രവൃത്തികൾക്കും നിയ തമായ ഒരു ലക്ഷ്യം നൽകാൻ സർവ്വജ്ഞാനീയ ദൈവത്തിനേ കഴിയൂ (ST.I.2.3).

### 7. പ്രപഞ്ചത്തിലെ മാറ്റത്തെ ആധാരമാക്കിയുള്ള വാദം

പ്രപഞ്ചത്തിലെ അനുസ്യൂതമായ മാറ്റം ദൈവാസ്തിത്വത്തിനു തെളിവായി ചിന്തകർ ചൂണ്ടികാട്ടുന്നുണ്ട്. മനുഷ്യനും, മരവും, തോടും, പുഴയും മാറ്റത്തിനു വിധേയമാണ്. ഉൺമ എന്നത് ആയി രിക്കലല്ല ആയിത്തീരലാണ് (being is becoming). ചക്കക്കുരുവിന് പ്ലാവായി തീരാനുള്ള സാധ്യതയുണ്ടെങ്കിലും അതു പ്ലാവല്ല. പ്ലാവാ യിത്തീരുന്നതുവരെ പ്ലാവിന് അസ്തിത്വമുണ്ടെന്ന് പറയാനാവില്ല; ചക്കക്കുരുവിനു മാത്രമേ അസ്തിത്വമുള്ളൂ. ഇല്ലാത്ത പ്ലാവിന് അതിനു തന്നെ കാരണമാകാനാവില്ല (something does not exist,

cannot cause anything) എന്നത് വ്യക്തമാണല്ലോ. തന്മൂലം പ്ലാവിന്റെ ഉൺമയ്ക്ക് പുറമേനിന്നുള്ള ഒരു കാരണം ആവശ്യമാണ്.

മാറ്റത്തിനു വിധേയമാക്കുന്ന വസ്തുവിനുതന്നെ മാറ്റത്തിന്റെ കാരണം വിശദീകരിക്കാനാവില്ല. ഇല്ലാത്തത് നൽകാനാവില്ല (nemo dat quod non habet) എന്ന തത്വമനുസരിച്ചും മാറ്റത്തിലൂടെ രൂപപ്പെട്ടവ മാറ്റത്തിനു മുൻപ് ഉണ്ടായിരുന്നില്ല എന്നതിനാലും മാറ്റത്തിന്റെ കാരണം ബാഹ്യമാണെന്ന് അനുമാനിക്കാം. പ്രപഞ്ചമാകെ ചലനാത്മകവും മാറ്റത്തിന് നിരന്തരം വിധേയവുമാകയാൽ പ്രപഞ്ചാതീതവും മാറ്റത്തിനു വിധേയമാകാത്തതുമായ ഒരു കാരണം ഈ മാറ്റങ്ങൾക്ക് പിന്നിൽ ഉണ്ടാകണം. ഭൗതീക പ്രപഞ്ചം മാറ്റത്തിനു വിധേയമായികൊണ്ടിരിക്കുന്നു എന്നതിൽനിന്നും മാറ്റമില്ലാത്തതും അതിഭൗതീകവുമായ ഒരു സത്യത്തിന്റെ അസ്തിത്വം വ്യക്തമാണ്. ഈ അസ്തിത്വത്തെയാണ് ദൈവം എന്ന് മതങ്ങൾ വിളിക്കുന്നത്.

### 8. സമയം, നശ്വരത ഇവയെ ആധാരമാക്കിയുള്ള വാദം

സമയത്തെയും നശ്വരതെയും ആധാരമാക്കി ദൈവാസ്തിത്വത്തെ താത്വികമായി തെളിയിക്കാമെന്നു കരുതുന്ന ചിന്തകരുണ്ട്. ഇവരുടെ വാദഗതികളെ ചുവടെ ചേർക്കുംവിധം സംഗ്രഹിക്കാം.

(i) നമുക്കു ചുറ്റും അസ്തിത്വമെടുക്കുന്നതും അസ്തിത്വമൊടുക്കുന്നതുമായ വസ്തുക്കളുണ്ട്. ഉദാഹരണമായി ഒരു വിത്തു മുളച്ചു ചെടിയായി, മരമായി വളരുന്നു. സാവകാശം അത് നശിച്ച് ഇല്ലാതാകുന്നു.

(ii) ഉണ്ടാകുന്നതും നശിക്കുന്നതുമായവ ശാശ്വതമായി നിലനിൽക്കുന്നില്ല. കാരണം അവയുടെ അസ്തിത്വരാഹിത്യം ഒരു യാഥാർത്ഥമാണ്.

(iii) ശാശ്വതമായ ഒരു അസ്തിത്വമില്ലായിരുന്നെങ്കിൽ അസ്തിത്വരാഹിത്യം മാത്രമേ അവശേഷിക്കുമായിരുന്നുള്ളൂ. ഇപ്പോൾ കാണുന്ന ലോകം ഉണ്ടാകുമായിരുന്നില്ല.

(iv) പ്രപഞ്ചത്തിന് അസ്തിത്വമുണ്ടെങ്കിൽ, യാതൊന്നും ഉണ്ടാകുന്നതിനു മുൻപേ ഉണ്ടായിരുന്ന ഒന്നിനോട് അത് (പ്രപഞ്ചത്തിന്റെ അസ്തിത്വം) കടപ്പെട്ടിരിക്കുന്നു.

(v) കാരണം ഇല്ലായ്മയിൽനിന്ന് ഇല്ലായ്മ മാത്രമേ ഉണ്ടാകൂ. അതിൽനിന്ന് പ്രപഞ്ചം രൂപം കൊള്ളുമായിരുന്നില്ല.

(vi) പ്രപഞ്ചം ആരംഭമില്ലാതെ അനാദി ആയിരുന്നെങ്കിൽ ചരിത്രം അനന്തമാകുമായിരുന്നു. ഓരോ ജീവിയിലും നിത്യത തനതു സ്വഭാവമാകുമായിരുന്നു. എന്നാൽ ജീവികളിലെ നിത്യത





സത്യമല്ലാത്തതിനാൽ പ്രപഞ്ചത്തിന് ആരംഭവുമുണ്ട്.

(vii) അനിവാര്യമായതും (necessary) നിലനിൽക്കാതിരിക്കാനാവാത്തതുമായ അസ്തിത്വം കൂടാതെ താൽക്കാലിക അസ്തിത്വങ്ങളെ വിശദീകരിക്കാനാവില്ല. ഈ അനിവാര്യമായ അസ്തിത്വമാണ് ദൈവം.

### 9. അറേബ്യൻ തത്വചിന്തയിലെ “കലാം” വാദം

മുസ്ലീം, ക്രിസ്ത്യൻ വിശ്വാസികളുടെ ഇടയിൽ ഏറെ പ്രചാരം സിദ്ധിച്ച തത്വചിന്താസരണിയാണ് “കലാം” വാദം. “കലാം”എന്ന അറബി പദത്തിന് “സംസാരം” എന്നാണർത്ഥം. ഈ വാദം വളരെ ലളിതമാണ്:

(i) നിലനിൽക്കുന്നവയ്ക്കെല്ലാം അവയുടെ അസ്തിത്വത്തിന് ഒരു കാരണമുണ്ട്.

(ii) ഇപ്പോൾ നിലനിൽക്കുന്ന പ്രപഞ്ചത്തിന് ഒരു ആരംഭമുണ്ട്.

(iii) അതിനാൽ പ്രപഞ്ചത്തിന്റെ നിലനില്പിന് ഒരു കാരണമുണ്ട്. ഈ കാരണത്തെ ദൈവം എന്നു കരുതാം.

മേൽ പറഞ്ഞ പ്രസ്താവനകളിൽ ഒന്നാമത്തേത് സംശയരഹിതമായ സത്യമാണ്. രണ്ടാമത്തെ പ്രസ്താവനയ്ക്ക് ശാസ്ത്രീയ പിൻബലമുണ്ട്. മഹാവിസ്ഫോടന സിദ്ധാന്തവും, വിവിധ പ്രപഞ്ചോല്പത്തി സിദ്ധാന്തങ്ങളും ഈ വാദത്തെ സാധൂകരിക്കുന്നുണ്ട്.

പ്രപഞ്ചോല്പത്തിക്ക് കാരണം ആവശ്യമുണ്ട് എന്ന പ്രസ്താവനയ്ക്കാണ് താത്വിക വിശകലനം ആവശ്യമുള്ളത്. പ്രപഞ്ചത്തിന് ഉത്ഭവമില്ലായിരുന്നെങ്കിൽ അത് നിത്യമാകുമായിരുന്നു. അനന്തതയിൽ ആരംഭിച്ച് അനന്തതയിൽ അവസാനിക്കുമായിരുന്നു. സമയത്തിന് ഭാവി - വർത്തമാന - ഭൂതകാല വ്യത്യാസങ്ങൾ ഉണ്ടാകുമായിരുന്നില്ല. സമയമെന്നത് അപ്രസക്തവും അനാവശ്യവുമാകുമായിരുന്നു. ഇന്ന് എന്നതോ നാളെ എന്നതോ അവാസ്തവമാകുമായിരുന്നു. എന്നാൽ സമയത്തിന്റെ പ്രസക്തി പ്രപഞ്ചത്തിൽ നിരന്തരം വ്യക്തമാകുന്നതിനാൽ പ്രപഞ്ചം അനന്തതയിൽ രൂപംകൊണ്ടതല്ല എന്നു വ്യക്തമാകും.

മരണാനന്തരമുള്ള ഭാവി നിത്യതയിൽ വിശ്വസിക്കുന്നവർക്ക് എന്തുകൊണ്ട് പ്രപഞ്ചത്തിന്റെ ഭൂതകാല നിത്യതയിൽ വിശ്വസിക്കാനാവുന്നില്ല എന്ന് ചോദിക്കുന്നവരുണ്ട്. മരണാനന്തരം ദൈവത്തോട് ഐക്യപ്പെടുന്നവരുടെ നിത്യതയെക്കുറിച്ച് ബൈബിൾ പ്രതിപാദിക്കുന്നുണ്ട് എന്നത് സത്യമാണ്. എന്നാൽ, പ്രസ്തുത നിത്യത

യഥാർത്ഥത്തിൽ നിത്യതയല്ല. കാരണം, ആരംഭമുള്ളവരുടെ അനശ്വരതമാത്രമാണ് ഇവിടെ പരാമർശിക്കുന്നത്. തന്മൂലം മരണാനന്തരമുള്ള നിത്യതയെക്കുറിച്ചുള്ള ചിന്തയും അനാദിയായ പ്രപഞ്ചത്തിന്റെ അനന്തതയെക്കുറിച്ചുള്ള ചിന്തയും തികച്ചും വ്യത്യസ്തമാണ്.

### 10. മനുഷ്യാവബോധം ആധാരമാക്കിയുള്ള തെളിവ്

മനുഷ്യന്റെ അവബോധം (Consciousness) ദൈവാസ്തിത്വത്തിനു തെളിവായി ചിന്തകൾ ചൂണ്ടിക്കാട്ടുന്നുണ്ട്. ഈ പ്രപഞ്ചത്തിലെ എത്ര വലിയ മഹാശക്തിക്കും (ഉദാ. കാറ്റ്, ഇടിമിന്നൽ, പേമാരി, ഭൂകമ്പം...) സ്വയം അറിയാനോ പരസ്പരം അറിയാനോ കഴിവില്ല. എന്നാൽ മനുഷ്യനാകട്ടെ ഈ ശക്തികളെ അറിയാനും തന്നെത്തന്നെ അറിയാനും കഴിവുണ്ട്. ബോധരഹിതമായ വസ്തു - ശക്തികളുടെ പ്രപഞ്ചത്തിനു നടുവിൽ മനുഷ്യൻമാത്രം അവബോധത്തിന്റെ അസാധാരണത്വവുമായി നിലകൊള്ളുന്നതിൽ ദൈവാസ്തിത്വത്തിനു തെളിവുണ്ടെന്നാണ് നാസ്തിക ചിന്തകരുടെ വിലയിരുത്തൽ. അവരുടെ വാദഗതികൾ ചുവടെ ചേർക്കുന്നു.

(i) പ്രപഞ്ചത്തെ മനുഷ്യന് മനസ്സിലാക്കാനാകുന്നു. അതായത് മനുഷ്യബുദ്ധിയുടെ ഗ്രാഹ്യമേഖലയുടെ വിഷയമാണ് പ്രപഞ്ചം.

(ii) ഗ്രാഹ്യമായ ഈ പ്രപഞ്ചവും മനുഷ്യന്റെ അവബോധവും ഒന്നുകിൽ ഒരു ബുദ്ധിയിൽനിന്നുത്ഭവിച്ചതാകണം; അതല്ലെങ്കിൽ യാദൃശ്ചികമായി സംഭവിച്ചതാകണം.

(iii) അവബോധം എല്ലാ മനുഷ്യരിലും സാർവ്വത്രികമായതിനാലും അറിയുന്നവയ്ക്ക് പൊതുസ്വഭാവമുള്ളതിനാലും ഇത് യാദൃശ്ചികമായി സംഭവിച്ചതല്ല.

(iv) അതിനാൽ ഗ്രാഹ്യപ്രപഞ്ചവും മനുഷ്യാവബോധവും മറ്റൊരു ബോധത്തിൽനിന്നും ഉത്ഭവിക്കുന്നതാണ്. ഈ ബോധത്തെ ദൈവം എന്നു വിളിക്കാം.

### 11. സത്യത്തെ ആധാരമാക്കിയുള്ള വാദം

വി. ആഗസ്തീനോസു പുണ്യവാനാണ് സത്യത്തെ ആധാരമാക്കിയുള്ള ദൈവാസ്തിത്വവാദത്തിന്റെ ഉപജ്ഞാതാവ്. ഇതിന്റെ പ്രധാനവാദഗതികൾ ചുവടെ ചേർക്കുന്നു:

(i) നമ്മുടെ പരിമിതമായ ബുദ്ധിക്കും മനസ്സിനും നിത്യസത്യങ്ങൾ അറിയാൻ കഴിയുന്നുണ്ട്.





(ii) സത്യം എപ്പോഴും ഒരു മനസ്സിനോടു ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്.

(iii) എന്നാൽ നിത്യസത്യങ്ങൾ മനുഷ്യമനസ്സിനോടു ബന്ധപ്പെട്ടല്ല നിലകൊള്ളുന്നത്, കാരണം മനുഷ്യമനസ്സിന് നിത്യതയോ അനന്തതയോ ഇല്ല.

(iv) അതിനാൽ നിത്യസത്യങ്ങൾ നിലകൊള്ളുന്ന നിത്യമായ ഒരു മനസ്സ് മനുഷ്യനുപരിയായുണ്ട്. ഈ മനസ്സാണ് ദൈവം.

ഈ വാദഗതിയുടെ അടിസ്ഥാനം പ്ലേറ്റോണിക് ചിന്താധാരയാണ്. നിത്യവും ഗ്രാഹ്യവുമായ രൂപങ്ങൾ (Forms) എല്ലാ അറിവിലും അന്തർലീനമാണ് എന്ന പ്ലേറ്റോണിക് ചിന്തയിലാണ് ഈ വാദത്തിന്റെ അടിത്തറ. എന്നാൽ പ്ലേറ്റോണിക് ചിന്തയ്ക്കുവെളിയിൽ ഈ വാദഗതിക്കു പിൻബലമില്ല.

### 12. മനസ്സാക്ഷിയെ അടിസ്ഥാനമാക്കിയുള്ള വാദം

വസ്തുനിഷ്ഠമായ ധാർമ്മികതയെ (moral objectivism) നിഷേധിക്കുകയും വ്യക്തിനിഷ്ഠമായ ധാർമ്മികതയെ (moral subjectivism) ആശ്ലേഷിക്കുകയും ചെയ്യുന്ന മനോഭാവമാണ് ആധുനിക മനുഷ്യനുള്ളത്. എല്ലാവർക്കും ബാധകമായ സാർവ്വത്രിക നിയമങ്ങൾ ഇല്ലെന്നും ഓരോരുത്തരും സ്വന്തം മനസ്സാക്ഷിയുടെ സ്വരം അനുസരിച്ചാൽ മതി എന്നതുമാണ് ആധുനിക മനുഷ്യന്റെ നിലപാട്. എന്നാൽ മനസ്സാക്ഷിയെ അനുസരിക്കുന്നതുതന്നെ ദൈവസ്തിത്വത്തിനു തെളിവായി കരുതാനാകുമെന്നു വാദിക്കുന്ന ചിന്തകരുണ്ട്. വ്യക്തിനിഷ്ഠമായി സ്വന്തം മനസ്സാക്ഷിയെ അനുസരിച്ച് ഓരോ മനുഷ്യനും ജീവിക്കുമ്പോഴും ഒരേ കാര്യങ്ങൾ ഒട്ടേറെപ്പേർ തെറ്റായിക്കരുതി ഒഴിവാക്കുകയും മറ്റുചില കാര്യങ്ങൾ നന്മയായി കരുതി ഒട്ടേറെപ്പേർ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. മനസ്സാക്ഷിയുടെ അധികാരത്തെ ഒരുപാടുപേർ ഒരുപോലെ അനുസരിക്കുന്നെങ്കിൽ ആ അധികാരം എവിടെനിന്നു വന്നു. നാലു സാധ്യതകളാണുള്ളത്.

(i) പ്രകൃതിയിൽനിന്ന്
(ii) സ്വന്തം ഉള്ളിൽനിന്ന്
(iii) മറ്റുള്ളവരിൽനിന്ന് (സമൂഹത്തിൽനിന്ന്)
(iv) സർവ്വാതിശായിയായ സത്യത്തിൽനിന്ന് (ദൈവത്തിൽനിന്ന്)

**1.** മനസ്സാക്ഷിയുടെ ഉത്ഭവം പ്രപഞ്ചത്തിൽ നിന്നാകാനാവില്ല. കാരണം പ്രപഞ്ചത്തിലെ മൃഗങ്ങൾക്കോ സസ്യങ്ങൾക്കോ മനസ്സാ

ക്ഷിയില്ല. പ്രപഞ്ചം എന്നത് ഇത്തരം അസ്തിത്വങ്ങളുടെ ഒരു പൊതുനാമം മാത്രമാകയാൽ പ്രപഞ്ചത്തെ മനസ്സാക്ഷിയുടെ ഉറവിടമായി കരുതാനാവില്ല.

**2.** മനസ്സാക്ഷിയുടെ അധികാരം വ്യക്തിയിൽനിന്നുതന്നെ ഉത്ഭവിക്കുന്നതാകാൻ തരമില്ല. കാരണം വ്യക്തിയുടെ സർവ്വാധിപത്യത്തിലേക്കാണത് നയിക്കുന്നത്. ഒരുവന് ശരിയെന്നു തോന്നുന്നത് സകലരും അനുസരിക്കേണ്ട ഏകാധിപത്യ ദുരന്തമായിരിക്കും ഇതിന്റെ ഫലം.

**3.** മനസ്സാക്ഷി സമൂഹത്തിൽനിന്നാകാനും തരമില്ല. കാരണം തങ്ങളുടെ കാഴ്ചപ്പാടുകളെയും അവബോധങ്ങളെയും മറ്റുള്ളവർക്ക് എപ്രകാരമാണ് നമ്മുടെ മേൽ അടിച്ചേൽപ്പിക്കാൻ കഴിയുന്നത്. അത്തരം ഒരു വ്യവസ്ഥിതി അടിമത്തത്തിന് സമാനമായിരിക്കും.

**4.** അതിനാൽ മനസ്സാക്ഷിയുടെ അധികാരം സർവ്വാതിശായിയായ ദൈവത്തിൽ നിന്നാകാതെ തരമില്ല. സകലത്തിനും ഉപരിയായ സത്യത്തിൽനിന്നു വരുന്നതിനാലാണ് ശരിയായി ഗ്രഹിക്കപ്പെട്ട മനസ്സാക്ഷികൾ (well informed conscience) എപ്പോഴും സമാനമായി ചിന്തിക്കുന്നത്.

**13.** തത്വചിന്തകനും ഗണിതശാസ്ത്രജ്ഞനുമായ പാസ്കലിന്റെ (1623–62) അഭിപ്രായത്തിൽ ദൈവം ഉണ്ടോ ഇല്ലയോ എന്ന് അറിയാനാകില്ല. ദൈവം ഉണ്ടെന്നു വിശ്വസിച്ചാൽ മരണാനന്തരം നിത്യജീവിതം കിട്ടും എന്നു പറയപ്പെടുന്നതിനാൽ ദൈവത്തിൽ വിശ്വസിക്കുക. ദൈവം ഇല്ലെന്നു കരുതി ജീവിച്ചാൽ ചില താത്കാലിക സന്തോഷങ്ങൾ മാത്രമേ കിട്ടൂ. താത്കാലിക സന്തോഷങ്ങൾക്കുവേണ്ടി നിത്യാനന്ദം നഷ്ടമാക്കിയതിന്റെ ദുഃഖം ഒഴിവാക്കാൻ ദൈവത്തിൽ വിശ്വസിക്കുന്നതാണു ലാഭകരം എന്നതാണ് പാസ്കലിന്റെ ഒരു പരിധി വരെ അജ്ഞേയവാദപരമായ നിലപാട്.

**14.** കാന്റിന്റെ അഭിപ്രായത്തിൽ യാഥാർത്ഥ്യത്തെ അതിന്റെ സത്തയിൽ അറിയാൻ മനുഷ്യനു കഴിവില്ലാത്തതിനാൽ ദൈവാസ്തിത്വം പൂർണ്ണമായും ഗ്രഹിക്കാൻ മനുഷ്യനു കഴിയില്ല. ദൈവത്തെക്കുറിച്ചുള്ള ചില അനുഭവങ്ങൾ മാത്രമേ മനുഷ്യനു സാധ്യമായിട്ടുള്ളൂ. ധാർമ്മിക മേഖലയിൽ സ്വയം പര്യാപ്തമായ തത്വങ്ങൾ ലക്ഷ്യമാക്കി ദൈവത്തിൽ വിശ്വസിക്കുന്നത് പ്രായോഗികാർത്ഥത്തിൽ മനുഷ്യന് പ്രയോജനകരമാണെന്ന് കാന്റ് വാദിച്ചു.





**15. വി. ആൻസെലമിന്റെ സത്താസ്തിത്വവാദം**

കാന്റർബറിയിലെ ആർച്ചുബിഷപ്പും വിഖ്യാതചിന്തകനുമായ വി. ആൻസെലമും പിൽക്കാലത്ത് ഡെക്കാർട്ടും വികസിപ്പിച്ച സത്താസ്ഥിത്വവാദം ഇപ്രകാരമാണ്: ദൈവത്തെക്കുറിച്ചുള്ള ആശയം നമ്മുടെ മനസ്സിൽ രൂപപ്പെടുന്നതിനാൽ അതിനു സാദൃശ്യമായ അസ്ഥിത്വം ഉണ്ടായിരിക്കണം. അസ്ഥിത്വമില്ലാത്ത ചിന്ത അപൂർണ്ണമാകയാൽ ദൈവിക ചിന്ത ദൈവാസ്ഥിത്വത്തിനു തെളിവാണെന്ന് ഇവർ വാദിച്ചു.

ആൻസെലമിന്റെ വാദങ്ങളെ ചുവടെ ചേർക്കുംവിധം സംഗ്രഹിക്കാം.

(i) അസ്ഥിത്വത്തിന്റെ പൂർണ്ണത മനസ്സിലും യാഥാർത്ഥ്യത്തിലും നിലനിൽക്കുമ്പോഴാണ്. മനസ്സിൽമാത്രം നിലകൊള്ളുന്ന അസ്തിത്വം അയഥാർത്ഥമാണ്.

(ii) ദൈവം എന്നതിലൂടെ അർത്ഥമാക്കുന്നത് "ഏതൊന്നിനെക്കാളും വലുതായി മറ്റൊന്നു ചിന്തിക്കാനാവുന്നില്ലയോ അതാണ്".

(iii) ദൈവം മനസ്സിൽ മാത്രം അസ്തിത്വമുള്ളതും യാഥാർത്ഥ്യത്തിലില്ലാത്തതുമാണെന്നു കരുതുക.

(iv) അപ്പോൾ, അതിനെക്കാളും പൂർണ്ണതയുള്ള അസ്തിത്വത്തെക്കുറിച്ചു ചിന്തിക്കാനാവും. കാരണം, ദൈവത്തെക്കുറിച്ചുള്ള മനുഷ്യമനസ്സിന്റെ സകല വിശേഷണങ്ങൾക്കുമൊപ്പം അതിന്റെ യഥാർത്ഥതലത്തിലുള്ള അസ്തിത്വത്തെക്കുറിച്ചും മനുഷ്യനു ചിന്തിക്കാനാകും.

(v) എന്നാൽ, അപ്രകാരമൊരു ചിന്ത അസ്ഥാനത്താണ്. കാരണം ദൈവം എന്നത് ഏതൊന്നിനേക്കാളും വലുതായി മറ്റൊന്നു ചിന്തിക്കാനാവാത്തതാണ്.

(vi) അതിനാൽ ദൈവം മനസ്സിലും യാഥാർത്ഥ്യത്തിലും നിലകൊള്ളുന്നു.

വി. ആൻസെലമിന്റെ ഈ വാദത്തിന്റെ ആധുനികഭാഷ്യം റെനെ ഡെക്കാർട്ട് അവതരിപ്പിക്കുന്നുണ്ട്. ഡെക്കാർട്ടിന്റെ അഭിപ്രായത്തിൽ, ആശയത്തിന്റെ (idea) അനിവാര്യഭാഗമായി സത്തയെ (being) കരുതാനാവില്ല. മറിച്ച്, നമ്മുടെ മനസ്സിൽ നിയതമായ ആശയത്തെ രൂപപ്പെടുത്താൻ ദൈവത്തിനു മാത്രമേ കഴിയൂ. ഡെക്കാർട്ടിന്റെ വാദഗതികൾ ചുവടെ ചേർക്കുന്നു.

(i) നമുക്ക് പലകാര്യങ്ങളെക്കുറിച്ചും ആശയങ്ങളുണ്ട്.

(ii) ഇവ ഒന്നുകിൽ നമ്മുടെതന്നെ ഉള്ളിൽ അല്ലെങ്കിൽ ബാഹ്യ ലോകത്തുനിന്നോ ഉയർന്നുവരുന്നതാണ്.

(iii) നമ്മുടെ ആശയങ്ങളിലൊന്ന് പൂർണ്ണവും അനന്തവുമായ ഒരുസത്യത്തെ-ദൈവത്തെക്കുറിച്ചാണ്.

(iv) ദൈവം എന്ന ആശയത്തിന് നമ്മുടെ ഉള്ളിൽനിന്ന് ഉദിക്കാനാവില്ല. കാരണം നാം അപൂർണ്ണരും അനന്തതയില്ലാത്തവരുമാണ്.

(v) അതിനാൽ അനന്തവും പൂർണ്ണവുമായ ഒരു ബാഹ്യസത്യത്തിൽനിന്നേ ഈ ആശയം രൂപംകൊള്ളൂ.

(vi) പൂർണ്ണതയും അനന്തതയും ഉള്ള ഏകസത്യം ദൈവമാകയാൽ ഈ ആശയം ദൈവത്തിൽനിന്നാണ് രൂപം കൊള്ളുന്നത്. അതിനാൽ ദൈവമുണ്ട്.

**16.** ന്യൂറോസയൻസിലെ പുതിയ കണ്ടെത്തലുകൾ മനുഷ്യന്റെ ദൈവാഭിമുഖ്യത്തിന് നിദാനമായ ദൈവകേന്ദ്രം (God Spot) കണ്ടെത്തിയിട്ടുണ്ട്. പ്രകാശവേഗത്തിൽ സഞ്ചരിക്കുന്ന ഒരു വസ്തുവിന് കാലത്തിൽ പ്രായമേറുന്നില്ലെന്ന കണ്ടെത്തലിലൂടെ ആപേക്ഷിക സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ മതങ്ങൾ പഠിപ്പിച്ച നിത്യജീവിതം എന്ന കാഴ്ചപ്പാടിന് ശാസ്ത്രീയ അടിത്തറ പ്രദാനം ചെയ്യുന്നു. സ്ഥല കാലങ്ങളിൽ മാത്രം വിചിന്തനം നടത്തുന്ന ഭൗതിക ശാസ്ത്രം ഇന്ന് കാലഹരണപ്പെടുകയും ഭൗതികശാസ്ത്രത്തിന്റെ വിചിന്തനതലങ്ങൾ (categories) പതിനൊന്നോളം ആയി വളരുകയും ചെയ്തപ്പോൾ അതിഭൗതികതയും ഭൗതികതയും തമ്മിലുള്ള അതിരുകൾ അലിഞ്ഞില്ലാതാകുകയാണ്. കണികാപരീക്ഷണത്തിലൂടെ കണ്ടെത്തപ്പെട്ട ദൈവകണം പദാർത്ഥവും ഊർജ്ജവും തമ്മിലുള്ള ബന്ധത്തെ മാത്രമല്ല ഭൗതികവും അതിഭൗതികവും തമ്മിലുള്ള ബന്ധത്തെയും വെളിപ്പെടുത്തുന്നുണ്ട്. മതങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട നിത്യസത്യങ്ങൾക്ക് ശാസ്ത്ര ഗവേഷണാത്മക തെളിവുകളുമായി പിന്തുണ നൽകുന്ന കാഴ്ചയാണ് ആധുനികശാസ്ത്രം അവതരിപ്പിക്കുന്നത്.





# 11

## യൂദാസ് തെറ്റുകാരനോ? :
## ദൈവത്തിന്റെ മുന്നറിവും മനുഷ്യസ്വാതന്ത്ര്യവും

ദൈവത്തിന്റെ മുന്നറിവ് (foreknowledge) മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുന്നതല്ലേ എന്ന താത്വിക പ്രശ്നം തത്ത്വചിന്തകരുടെ ഉറക്കം കെടുത്തുന്ന പ്രശ്നമാണ്. പ്രായോഗികജീവിതത്തിൽ സാധാരണ വിശ്വാസികളെയും ഈ പ്രശ്നം വ്യത്യസ്തരൂപത്തിൽ അലട്ടാറുണ്ട്. ഉദാഹരണമായി, ഇപ്രകാരമൊരു തിന്മ സംഭവിക്കുമെന്ന് അറിയാമായിരുന്നിട്ടും എന്തുകൊണ്ട് ദൈവം അത് തടയുന്നില്ല എന്നു ചോദിക്കുന്നവരുണ്ട്. എല്ലാം ദൈവം മുൻകൂട്ടിതീരുമാനിച്ചതുപോലെയാണ് സംഭവിക്കുന്നതെങ്കിൽ മനുഷ്യന്റെ നിത്യ രക്ഷയോ നിത്യ ശിക്ഷയോ പോലും നിശ്ചയിക്കപ്പെട്ടു കഴിഞ്ഞതല്ലേ? മനുഷ്യ പ്രയത്നത്തിനോ മനുഷ്യൻ ചെയ്യുന്ന നന്മ-തിന്മകൾക്കോ അതിനെ സ്വാധീനിക്കാനാവുമോ? എല്ലാം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതെങ്കിൽ മനുഷ്യസ്വാതന്ത്ര്യം എന്നത് ഒരു മരീചികയും അതിനാൽത്തന്നെ പുണ്യ-പാപ വിവേചനം കേവലമൊരു പ്രഹേളികയുമാകില്ലേ. എല്ലാം വിധിയാണ്, തലേവരയാണ് എന്ന് പരിതപിക്കുന്ന ഭാരതീയ സാമാന്യചിന്തയും ക്രൈസ്തവ ചിന്തയും തമ്മിൽ അടിസ്ഥാന

പരമായി എന്തെങ്കിലും വ്യത്യാസമുണ്ടോ? തുടങ്ങിയ ന്യായയുക്തമായ ചോദ്യങ്ങൾ പലരും ഉന്നയിക്കാറുണ്ട്. ഈ പ്രശ്നത്തിന്റെ ഏറ്റവും ജനകീയമായ പ്രതിഫലനം " യൂദാസ് തെറ്റുകാരനാണോ?" എന്ന ജ്ഞാന വാദത്തിന്റെ ചോദ്യം തന്നെയാണ്. രക്ഷാകര പദ്ധതിയിൽ ദൈവം മുൻകൂട്ടി നിശ്ചയിച്ച റോൾ അഭിനയിക്കുക മാത്രം ചെയ്ത യൂദാസിനെ തെറ്റുകാരനായി വിധിക്കാമോ എന്നതാണ് ഈ ചോദ്യത്തിലെ വ്യംഗ്യം.

ഈ പ്രതിസന്ധിയുടെ പൊരുളിനെ താത്വികമായി ഇപ്രകാരം സംഗ്രഹിക്കാം:

1. ദൈവത്തിന് മനുഷ്യന്റെ ഭാവിയെക്കുറിച്ച് മുന്നറിവില്ല എങ്കിൽ അവിടുന്ന് സർവ്വജ്ഞാനിയല്ല.

2. ദൈവത്തിന് മനുഷ്യന്റെ ഭാവിയെക്കുറിച്ച് മുന്നറിവ് ഉണ്ടെങ്കിൽ മനുഷ്യൻ സ്വതന്ത്രനല്ല. മുൻകൂട്ടി സംവിധാനം ചെയ്യപ്പെട്ട നാടകത്തിലെ കേവലമൊരു കഥാപാത്രം മാത്രമാണ് മനുഷ്യൻ.

3. ദൈവത്തിന്റെ മുന്നറിവും മനുഷ്യസ്വാതന്ത്ര്യവും തമ്മിൽ ബന്ധമൊന്നുമില്ല. ഈ വാദം അഗീകരിച്ചാൽ ദൈവ-മനുഷ്യബന്ധം സാങ്കല്പികമാകും.

ഈ താത്വികപ്രശ്നം മതവിശ്വാസികളെ മാത്രമല്ല നിരീശ്വരവാദികളെയും മനഃശ്ശാസ്ത്രജ്ഞരെയും ന്യായാധിപന്മാരെയും കുഴക്കുന്ന ചോദ്യമാണ്. മനുഷ്യൻ സ്വതന്ത്ര്യനാണ് എന്ന ആധാരശിലയിലാണ് സകലധാർമ്മിക നിയമങ്ങളും നീതിന്യായ വ്യവസ്ഥിതികളും കെട്ടിപ്പെടുത്തിരിക്കുന്നത്. ഒരുവൻ ചെയ്യുന്ന തെറ്റോ ശരിയോ അത് അവന്റെ മാത്രം ഉത്തരവാദിത്വത്തിലുള്ളതാണ് എന്ന അടിസ്ഥാന തത്ത്വത്തിൽ നിന്നെ ധാർമ്മിക വിലയിരുത്തലുകൾ സാധ്യമാവുകയുള്ളൂ. നീതിന്യായ നടപടികൾക്ക് ഈ തത്വം ആധാരശിലയാണ്. എന്നാൽ മനുഷ്യൻ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട വഴികളിലൂടെ മാത്രം ചലിക്കാൻ വിധിക്കപ്പെട്ടവനാണെങ്കിൽ ഈ വാദഗതികളെല്ലാം അസ്ഥാനത്താകും. ഒരുവൻ ക്രിമിനലായും സ്വവർഗ്ഗാനുരാഗിയായും സാമൂഹ്യവിരുദ്ധനായും ജനനത്തിനുമുമ്പേ നിശ്ചയിക്കപ്പെട്ടവനാണെങ്കിൽ അവനെ കുറ്റം വിധിക്കാനാകുമോ. നിരീശ്വരചിന്തകരും മനഃശ്ശാസ്ത്രജ്ഞരും ഈ വാദം ഉന്നയിക്കുന്നതിനാൽ മുന്നറിവും സ്വാതന്ത്ര്യവും തമ്മിലുള്ള പാരമ്പര്യത്തെക്കുറിച്ചുള്ള വിചിന്തനത്തിന് മതേതരമായ മാനമുണ്ട്.

ആധുനിക തത്വചിന്ത അവതരിപ്പിക്കുന്ന ജ്ഞാനവിധി വാദവും (Epistemic determinism) മുന്നറിവും സ്വാതന്ത്ര്യവും തമ്മിലുള്ള





ബന്ധത്തെ ആധാരമാക്കിയുള്ളതാണ്. മറ്റൊരാൾക്ക് നമ്മുടെ പ്രവൃത്തിയെക്കുറിച്ചു മുന്നറിവുണ്ടായിരിക്കുകയും പ്രസ്തുത മുന്നറിവ് ശരിയായിരിക്കുകയും ചെയ്യുന്നെങ്കിൽ നമ്മുടെ സ്വാതന്ത്ര്യം കേവലം മരീചിക മാത്രമാണ്. ഉദാഹരണമായി നാളെ പ്രഭാത ഭക്ഷണത്തിന് ഭർത്താവ് ചായയാണ് കുടിക്കുന്നത് എന്ന് ഭാര്യ മുൻകൂട്ടി അറിയുകയും അപ്രകാരം അവൾ ചായ ഉണ്ടാക്കി വിളമ്പുകയും ചെയ്യുന്നുവെങ്കിൽ ഭർത്താവിന്റെ മുമ്പിൽ മറ്റെന്തെങ്കിലും കുടിക്കാനുള്ള സ്വാതന്ത്ര്യമില്ല എന്നു പറയേണ്ടിവരും. ഒരുവന്റെ പ്രവൃത്തിയെ മറ്റൊരാൾ മുൻകൂട്ടി അറിയുന്നു എന്നത് സാമൂഹിക വ്യവസ്ഥിതിയെ ബാധിക്കുന്ന വിഷയമാണ്. വിദ്യാഭ്യാസമില്ലാതെ കുഞ്ഞുങ്ങൾ വളർന്നാൽ അവർ രാഷ്ട്രനിർമ്മാണത്തിൽ നിസ്സംഗരും സാമൂഹ്യവിരുദ്ധരുമാകാം എന്ന് അറിയാമായിരുന്ന സമൂഹം പ്രസ്തുത ഉത്തരവാദിത്വത്തിനു നേരെ മുഖം തിരിച്ചു നിൽക്കുന്നത് സാമൂഹ്യവ്യവസ്ഥിതിയെത്തന്നെ തകിടം മറിക്കില്ലേ. ചുരുക്കത്തിൽ മുന്നറിവും സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധം കേവലം അമൂർത്തമായൊരു താത്വിക പ്രശ്നം മാത്രമല്ല അതിന് മതേതരവും സാമൂഹികവുമായ ഒട്ടേറെ മാനങ്ങളുണ്ട്.

സങ്കീർണ്ണമായ ഈ താത്വികപ്രശ്നത്തിന് വ്യത്യസ്തങ്ങളായ ഉത്തരങ്ങളാണ് തത്വചിന്തകന്മാർ കണ്ടെത്തിയത്. ഇവയിൽ ശ്രദ്ധേയമായ ചില ഉത്തരങ്ങൾ പരിശോധിക്കാം.

1. മോഡ്സ് മയ്മോണിഡസിന്റെ (1135-1204) അഭിപ്രായത്തിൽ ദൈവത്തിന് ഭാവിയെക്കുറിച്ച് പൂർണ്ണജ്ഞാനമുണ്ട്. എന്നാൽ അവിടുന്ന് മനുഷ്യരുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെമാനിച്ച് മനുഷ്യന്റെ അനുദിന പ്രവർത്തനങ്ങളിൽ നിന്ന് അകലം സൂക്ഷിക്കുന്നു. ഉദാഹരണമായി അടുത്ത ഞായറാഴ്ച നാം ധരിക്കുന്ന ഷൂസിന്റെ നിറവും ഷർട്ടിന്റെ ബ്രാന്റും ഏതെന്ന് ദൈവം അന്വേഷിക്കുന്നില്ല. ദൈവത്തിന് അവ അറിയാൻ കഴിയാഞ്ഞിട്ടല്ല, മറിച്ച് അവിടുന്ന് അത് അറിയുന്നില്ല എന്നു തീരുമാനിച്ചു. ഈ വ്യാഖ്യാനമനുസരിച്ച് ഭാവിയെക്കുറിച്ചുള്ള ദൈവത്തിന്റെ ജ്ഞാനം മനുഷ്യന്റെ ദൈനംദിന പ്രവർത്തനങ്ങളിലെ സ്വാതന്ത്ര്യത്തിനു വിഘാതമല്ല. എന്നാൽ ചില കാര്യങ്ങൾ ബോധപൂർവ്വമായിട്ടല്ലെങ്കിൽ കൂടി ദൈവം അറിയുന്നില്ല എന്നു പറയുന്നത് ദൈവത്തിന്റെ സർവ്വജ്ഞാനിയായ സ്വഭാവത്തിനു നിരക്കുന്നതല്ല. കൂടാതെ മനുഷ്യന്റെ അനുദിനപ്രവൃത്തികൾ ദൈവത്തിന് അജ്ഞാതമാണെങ്കിൽ ദൈവപരിപാലനം എന്നതും അസ്ഥാനത്താകും.

ഈ താർക്കിക പ്രശ്നത്തിൽ തർക്കശാസ്ത്രത്തിലെ ചില അടിസ്ഥാനതത്വങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്.

1. ശരിയും തെറ്റും സമയാതീതമാണ് എന്ന അടിസ്ഥാന തത്വം (Logical determinism) ഈ പ്രശ്നത്തിന്റെ പിന്നിലുണ്ട്. നാളെ സംഭവിക്കാനിരിക്കുന്ന കാര്യത്തെക്കുറിച്ച് നമുക്കുള്ള അറിവ് ശരിയാണെങ്കിൽ പ്രസ്തുത അറിവ് ഇന്നും ശരിയാണ്. അതിനാൽ അറിഞ്ഞതിനനുസരിച്ചേ പ്രസ്തുത കാര്യം സംഭവിക്കുകയുള്ളൂ. നിശ്ചയിക്കപ്പെട്ട പരിണതിയെ തടയാൻ മനുഷ്യന് കഴിയില്ല.

2. ശരിയായ ഏതൊരു അറിവും അപ്രതിരോധ്യമാംവിധം സംഭവ്യമാണ് എന്ന തത്വവും (Epistemic determinism) ഈ പ്രശ്നത്തിനു പിന്നിലുണ്ട്. അറിഞ്ഞത് ശരിയെങ്കിൽ അതിന്റെ സംഭവ്യതയിൽ മനുഷ്യന് പ്രത്യേകം സ്വാതന്ത്ര്യമില്ല എന്നതാണ് ഈ വാദത്തിന്റെ പൊരുൾ.

3. എല്ലാ സംഭവങ്ങളുടെയും കാരണമായി വർത്തിക്കുന്ന പ്രാപഞ്ചികനിയമങ്ങൾ ഉള്ളതിനാൽ പ്രസ്തുത നിയമങ്ങൾക്കനുസരിച്ച് എല്ലാം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്. (Causal determinism). താഴേയ്ക്കു മാത്രമേ വീഴൂ എന്ന പ്രപഞ്ചനിയമമനുസരിച്ച് തെങ്ങിൽ നിന്നു വീഴുന്ന തേങ്ങയ്ക്ക് മറ്റുരീതിയിൽ സംഭവിക്കാൻ സ്വാതന്ത്ര്യമില്ല.

## ദൈവത്തിന്റെ അറിവ് നിഴലുപോലെ

ദൈവത്തിന്റെ മുന്നറിവ് മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല എന്നു സമർത്ഥിക്കാൻ തത്വചിന്തകർ ഉപയോഗിച്ച ഉപമാനങ്ങളിലൊന്നാണ് "നിഴലുപോലെ" എന്നത് നിഴൽ രൂപത്തിനൊപ്പമാണ്. രൂപം വലത്തേക്കു തിരിഞ്ഞാൽ നിഴലും വലത്തേക്കു തിരിയുന്നു; ഇടത്തേക്ക് തിരിഞ്ഞാൽ ഇടത്തേക്കും. രൂപം കുനിയുന്നതും നിവരുന്നതും ഓടുന്നതും ചാടുന്നതും നിഴലും അനുധാവനം ചെയ്യുന്നു. നിഴൽ രൂപത്തിന്റെ പ്രവൃത്തികളെ നിയന്ത്രിക്കുകയല്ല രൂപത്തിന്റെ പ്രവർത്തികളെ പ്രതിഫലിപ്പിക്കുകയാണ് ചെയ്യുന്നത്. സമാനമായി ദൈവത്തിന്റെ മുന്നറിവ് മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുകയല്ല മനുഷ്യപ്രവൃത്തിയെ പ്രതിഫലിപ്പിക്കുകയാണ് ചെയ്യുന്നത്. അമേരിക്കൻ ചിന്തകനായ വില്യം ലെയ്ൻക്രായിഗ് ഈ വാദമുഖത്തെ സംഗ്രഹിക്കുന്നത് ഇപ്രകാരമാണ്.

"ജോൺ തിങ്കളാഴ്ച നാലുമണിക്ക് പൂന്തോട്ടത്തിൽ പുല്ലുവെട്ടുകയാണ് എന്ന് ദൈവം മുൻകൂട്ടി അറിയാൻ കാരണം ആ സമയത്ത് ജോൺ പൂന്തോട്ടത്തിൽ പുല്ലുവെട്ടുന്നതുകൊണ്ടാണ്. ജോണിന് പുല്ലുവെട്ടാതിരിക്കാൻ സ്വാതന്ത്ര്യമുണ്ട്. അപ്രകാരം വെട്ടാതിരിക്കുന്നെങ്കിൽ അവൻ പുല്ലുവെട്ടില്ല എന്നതായിരിക്കും ദൈവത്തിന്റെ മുന്നറിവ്. താൻ ഇഷ്ടപ്പെടുന്നതു ചെയ്യാൻ ജോണിനു സ്വാതന്ത്ര്യമുണ്ട്. ജോൺ സ്വതന്ത്ര്യമായി ചെയ്യുന്ന ഏതു പ്രവൃത്തിയെയും ദൈവത്തിന്റെ മുന്നറിവ് നിഴലുപോലെ പിന്തുടരുന്നു എന്നതാണ് സത്യം; സമയഗണനയിൽ നിഴല് വസ്തുവിന് ശേഷമാണ് സംഭവിക്കുന്നതെങ്കിലും".

നിഴലു വസ്തുവിനുശേഷമാണ് (അഥവാ വസ്തുവിനൊപ്പമാണ്) രൂപപ്പെടുന്നതെങ്കിലും നിഴൽ വസ്തുവിനെ സ്വാധീനിക്കുന്നില്ല എന്നും മനസ്സിലാക്കാൻ ഈ ഉപമ സഹായകമാണ്. ദൈവത്തിന്റെ മുന്നറിവിനെ പഴിച്ച് ആർക്കും സ്വന്തം പ്രവൃത്തിയുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല എന്നതാണ് ഈ ഉപമ വ്യക്തമാക്കുന്നത്.

ഈ പ്രതിസന്ധിയെ അവതരിപ്പിക്കുന്ന അരിസ്റ്റോട്ടിലിന്റെ "നാളത്തെ കടൽയുദ്ധം" (Tommorrow's Sea Battle) എന്ന താത്വിവിവരണം (C.fr. Interpretatione, 9) ഏറെ ശ്രദ്ധേയമാണ്:

> രണ്ടു സേനാനായകർ നാളത്തെ കടൽ യുദ്ധത്തിനായി തങ്ങളുടെ സൈന്യങ്ങളെ നയിക്കുന്നു. രണ്ട് സാധ്യതകളേയുള്ളു ഒന്നുകിൽ ഒന്നാമൻ ജയിക്കുന്നു, രണ്ടാമൻ തോൽക്കുന്നു. അല്ലെങ്കിൽ രണ്ടാമൻ ജയിക്കുന്നു, ഒന്നാമൻ തോൽക്കുന്നു. ഒന്നാമൻ ജയിക്കുന്നു എന്ന പ്രസ്താവന ഇന്ന് ശരിയാണെങ്കിൽ രണ്ടാമന്റെ അധ്വാനവും യുദ്ധത്തിനായുള്ള ഒരുക്കവും പാഴ്വേലയല്ലേ. അവയൊന്നും യുദ്ധപരിണതിയെ സ്വാധീനിക്കുന്നില്ല. എപ്രകാരം നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ, അതുതന്നെയായിരിക്കും ഭാവിയിൽ സംഭവിക്കുന്നത്. മനുഷ്യന്റെ അധ്വാനവും ആസൂത്രണങ്ങളും ഒരുക്കങ്ങളും പാഴ്വേലയാണ്. തലവര മാറ്റി വരക്കാനാവില്ല എന്ന ഗതികേടിന്റെ വിധി തത്വത്തിലാണ് (Fatalism) അരിസ്റ്റോട്ടിൽ എത്തിനിൽക്കുന്നത്.

എന്നാൽ ഈ വിവരണത്തെ യുക്തിസഹമായി സമീപിച്ചാൽ ചില താത്വികപ്രശ്നങ്ങളെ അരിസ്റ്റോട്ടിൽ സമർത്ഥമായി അവഗണിച്ചിരിക്കുന്നതു കാണാം.

I. ഒരു കാര്യം സംഭവിക്കുന്നതുവരെ അതിനെക്കുറിച്ചുള്ള നിഗമനം (മുന്നറിവ്) സത്യമല്ല. ഗോഡ്സെ ഗാന്ധിജിയെ വെടിവെച്ചു

കൊല്ലും എന്ന മുന്നറിവ് 1948 ജനുവരി 30 ലെ പ്രാർത്ഥനായോഗം വരെ കേവലമായ നിഗമനം മാത്രമാണ്. മനുഷ്യ പ്രവൃത്തിയുടെ സ്വതന്ത്ര്യമായ ഇടപെടലിലൂടെ അതിനെ തടയാൻ കഴിയുമായിരുന്നു. സമർത്ഥനായ ഒരു പോലീസ് ഉദ്യോഗസ്ഥനോ ഇന്റലിജൻസ് മേധാവിയോ യഥാസമയം ഉണർന്നു പ്രവർത്തിച്ചിരുന്നെങ്കിൽ പ്രസ്തുത മരണം ഒഴിവാക്കാമായിരുന്നു. പലരുടെയും കൃത്യവിലോപത്തെയും സ്വാതന്ത്ര്യദുരുപയോഗത്തെയും വെള്ളപൂശാൻ "ദൈവത്തിന്റെ മുന്നറിവിനെ" യും "വിധി" യെയും പഴിക്കുന്നു എന്നതല്ലേ സത്യം. അരിസ്റ്റോട്ടിലിന്റെ കഥയിലെ രണ്ടാം സൈനികൻ പരാജയപ്പെടുന്നത് ദൈവത്തിന്റെ മുന്നറിവു മൂലമല്ല. അദ്ദേഹത്തിന്റെ ആസൂത്രണക്കുറവും കർമ്മശേഷിക്കുറവും മൂലമാണ്.

II. മുന്നറിവുകൾ യാഥാർത്ഥ്യവൽക്കരിക്കുന്നില്ലെങ്കിൽ ഏതൊരു മുന്നറിവും സാങ്കല്പികമായി മാത്രം നിലകൊള്ളുകയേയുള്ളൂ. അരിസ്റ്റോട്ടിലിന്റെ കഥയിലെ ഒന്നാമൻ പൊരുതാതെ കിടന്നുറങ്ങിയിരുന്നെങ്കിൽ, അഥവാ അവ് രണ്ടുപേരും പിൻവാങ്ങി യുദ്ധമേ നടന്നില്ലായിരുന്നെങ്കിൽ ഒന്നാമന്റെ വിജയം കേവലം സാങ്കല്പിക തലത്തിൽ മാത്രമേ സംഭവിക്കുന്നുള്ളൂ. മറ്റൊരു ഉദാഹരണം പരിശോധിക്കാം. ലോട്ടറി ടിക്കറ്റിന്റെ ഒന്നാം സമ്മാനാർഹന് ഒരു കോടി രൂപ ലഭിക്കുമെന്ന് അറിയിപ്പുകണ്ട് ആളുകൾ ലോട്ടറി എടുക്കുന്നു. ആർക്കെങ്കിലും ഒരാൾക്കുകിട്ടും അതു താനായിരിക്കും എന്ന പ്രതീക്ഷയിലാണ് ലോട്ടറി എടുക്കുന്നത്. എന്നാൽ ലോട്ടറിയുടെ നടത്തിപ്പുകാർ നറുക്കെടുപ്പു നടത്തുകയോ സമ്മാനം നൽകുകയോ ചെയ്തില്ല. സമാനസാധ്യതയെക്കുറിച്ചുള്ള മുന്നറിവിനെ അസ്ഥാനത്താക്കിയത് ദൈവമല്ല മനുഷ്യന്റെ കാപട്യമാണെന്നു വ്യക്തമല്ലേ.

III. മേൽപറഞ്ഞ രണ്ടു പ്രസ്താവനകളുടെയും സംയുക്തരൂപമാണ് മൂന്നാമത്തെ പ്രസ്താവന. അരിസ്റ്റോട്ടിലിന്റെ കഥയിലെ സാധ്യതകളെക്കുറിച്ചുള്ള രണ്ടു നിഗമനങ്ങളും (ഒന്നുകിൽ ഒന്നാമൻ അല്ലെങ്കിൽ രണ്ടാമൻ ജയിക്കും) അവ സംഭവിക്കുന്നതിനു മുൻപ് ഒരുപോലെ സത്യമായ പ്രമേയങ്ങളാണ്. അതിൽ ഒന്നു മാത്രമേ സത്യമായിട്ടുള്ളൂ എന്ന നിഗമനത്തിൽ യുക്തിരാഹിത്യമുണ്ട്. പ്രസ്തുത സാധ്യതകളെ സാക്ഷാത്കരിക്കുന്നത് മനുഷ്യ പ്രയത്നമാണ്. ആ പ്രയത്നത്തിൽ മനുഷ്യപൂർണ്ണമായും സ്വതന്ത്ര്യനാണുതാനും.





## ദൈവത്തിന്റെ മധ്യജ്ഞാനം

16-ാം നൂറ്റാണ്ടിലെ വിഖ്യാത ജസ്യൂട്ട് ചിന്തകനായ ലൂയിസ് ദെ മൊലീനയാണ് (1536-1600) മധ്യജ്ഞാനം (Middle Knowledge) എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്. മറ്റു രണ്ടു ദൈവീക ജ്ഞാനങ്ങൾക്കും ഇടയിലുള്ള ജ്ഞാനമാകയാലാണ് ഇതിനെ മധ്യജ്ഞാനം എന്ന് അദ്ദേഹം നാമകരണം ചെയ്തത്: മൊലീനയുടെ വീക്ഷണത്തിലെ ദൈവീക ജ്ഞാനത്തിലെ മൂന്ന് തലങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്വാഭാവിക ജ്ഞാനം (Scientia) - ദൈവം തന്റെ സ്വഭാവത്താൽ (Nature) സകലതും സമ്പൂർണ്ണമായി അറിയുന്നു. ഇതാണ് സ്വാഭാവിക ദൈവീക ജ്ഞാനം (Natural Knowledge) ഈ അറിവിന്റെ വിഷയങ്ങൾ അവയിൽത്തന്നെ സത്യങ്ങളും മനുഷ്യന്റെ സാമാന്യബുദ്ധിക്ക് ഗ്രാഹ്യവുമായ സത്യങ്ങളാണ്. (ഉദാ :- എല്ലാ അവിവാഹിതരും വിവാഹം കഴിക്കാത്തവരാണ്; 2+2=4). സ്വാഭാവിക ജ്ഞാനം ദൈവേച്ഛയോടു (Divine Will) ബന്ധപ്പെടാതെ നിലകൊള്ളുന്നതാണെന്നും (Prevolitional) മൊലീന വാദിക്കുന്നു. അതിനാൽത്തന്നെ ഈ ജ്ഞാനം പ്രവർത്യുന്മുഖമല്ല.

2. ദൈവം തന്റെ ഇച്ഛയാൽ (Divine Will) അറിയുന്നതിനെയാണ് സ്വതന്ത്ര്യജ്ഞാനം (Free Knowledge) എന്ന് വിളിക്കുന്നത്. തന്റെ ഇച്ഛയാൽ ദൈവം അസ്ഥിത്വം നൽകിയവരെക്കുറിച്ചുള്ള അറിവാണിത്. (ഉദാ:- തോമസ് ജീവിക്കുന്നു, എവറസ്റ്റ് നിലനിൽക്കുന്നു.......). ദൈവത്തിന്റെ ഇച്ഛയെ ആധാരമാക്കിയ ജ്ഞാനമാകയാൽ ഈ ജ്ഞാനത്തിനനുസരിച്ച് പ്രവർത്തിക്കാനോ പ്രവർത്തിക്കാതിരിക്കാനോ ദൈവത്തിന് കഴിയുന്നു. ഈ ജ്ഞാനത്തിന്റെ ഉള്ളടക്കം ദൈവീക തീരുമാനത്തിനനുസരിച്ച് മാറാവുന്നതാണ്. സൃഷ്ടി നടത്തുന്ന ജ്ഞാനം ഇതാണ്.

3. മധ്യജ്ഞാനം (Middle Knowledge) എന്നത് മേൽപറഞ്ഞ രണ്ടു അറിവുകൾക്കും മധ്യേയുള്ള ജ്ഞാനമാണ്. സ്വാഭാവിക ജ്ഞാനംപോലെ ഈ ജ്ഞാനവും ഇച്ഛയെ ആധാരമാക്കിയുള്ളതല്ലാത്തതിനാൽ സൃഷ്ടിക്കു മുൻപേയുള്ളതാണ്. അതിനാൽ ഈ ജ്ഞാനം ദൈവത്തിന്റെ തീരുമാനത്തിന്റെ ഭാഗമല്ല. എന്നാൽ സ്വതന്ത്ര്യജ്ഞാനം പോലെ ഈ അറിവിന്റെ ഉള്ളടക്കത്തിനു മാറ്റം വരാം. നിശ്ചിതരീതിയിൽ സൃഷ്ടിക്കുകയും നിയതമായ സാഹചര്യം ഒരുക്കുകയും ചെയ്താൽ ഒരു വ്യക്തി എപ്രകാരം മുന്നോട്ട് പോകുമെന്ന് സൃഷ്ടിക്കു മുന്നേയുള്ള ദൈവത്തിന്റെ അറിവാണ്

മധ്യജ്ഞാനം (Seientia Media) ജോസഫിന് മേരിയെ വിവാഹം ചെയ്യാൻ അവസരം നൽകിയാൽ അവൻ അത് സ്വാതന്ത്ര്യത്തോടെ ചെയ്യുമെന്ന് ദൈവത്തിനറിയാം. എന്നാൽ, ഈ തീരുമാനം ജോസഫിന്റേതാണ്. മേരിയെ വിവാഹം ചെയ്യാതിരിക്കാൻ ജോസഫിന് സ്വാതന്ത്ര്യമുണ്ട്. ഗോലിയാത്തിനെ നേരിടാൻ ദാവീദിന് അവസരം നൽകിയാൽ അവൻ അതിൽ വിജയിക്കുമെന്ന് ദൈവത്തിനറിയാം. യേശുവിന്റെ ശിഷ്യഗണത്തിലംഗമാക്കിയാൽ യൂദാസ് യേശുവിനെ ഒറ്റുമെന്ന് ദൈവത്തിനറിയാം. എന്നാൽ ഗോലിയാത്തിനെ നേരിടാനുള്ള തീരുമാനവും യേശുവിനെ ഒറ്റാനുള്ള തീരുമാനവും വ്യക്തികളുടെ സ്വതന്ത്രതീരുമാനമായിരുന്നു.

ചുരുക്കത്തിൽ ദൈവത്തിന്റെ സർവ്വജ്ഞാനത്തിൽ ഭൂത-വർത്തമാന -ഭാവികാല ജ്ഞാനതലങ്ങൾ മാത്രമല്ല നിശ്ചിതസാഹചര്യങ്ങൾ നൽകിയാൽ വ്യക്തികൾ എങ്ങനെ പ്രതികരിക്കും എന്ന ജ്ഞാനം (Conditional future Contingent Knowledge) കൂടി ഉണ്ട് എന്ന കണ്ടെത്തലാണ് മൊലീന നടത്തുന്നത്. ദൈവത്തിന്റെ മുന്നറിവിനെ (Fore - knowledge) മധ്യജ്ഞാനമായാണ് മൊലീന മനസ്സിലാക്കുന്നത്.

## ദൈവം നിത്യമായ വർത്തമാനകാല നിമിഷം

മനുഷ്യ സ്വാതന്ത്ര്യവും ദൈവീകമുന്നറിവും തമ്മിലുള്ള വൈരുധ്യത്തെക്കുറിച്ച് ആദ്യത്തെ ആധികാരിക പഠനം സെവേറിന്തസ് ബൊയേത്തിയൂസ് (എ.ഡി 480-524) എന്ന റോമൻ ചിന്തകന്റേതാണ്. അരിസ്റ്റോട്ടിലിന്റെ കൃതികളെ ലത്തീൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുകയും സ്കൊളസ്റ്റിക് ദൈവശാസ്ത്രചിന്താധാരക്ക് വഴിതുറക്കുകയും ചെയ്ത ബൊയേത്തിയൂസിന് ദൈവശാസ്ത്രത്തിൽ പ്രാമാണികമായൊരു സ്ഥാനമുണ്ട്. ദൈവത്തിന്റെ മുന്നറിവ് മനുഷ്യസ്വാതന്ത്ര്യത്തിനു വിഘാതമല്ല എന്ന വാദമാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. (proses III-VI). അദ്ദേഹത്തിന്റെ വാദമുഖങ്ങളെ ചുവടെ ചേർക്കും വിധം സംഗ്രഹിക്കാം.

1. അറിയപ്പെടുന്നവയെല്ലാം അറിയുന്നവന്റെ സ്വഭാവത്തിനും പ്രകൃതിക്കും അനുസൃതമായാണ് അറിയുന്നത്.

2. ദൈവത്തിന്റെ സ്വഭാവവും പ്രകൃതിയും നിത്യവും മാറ്റമില്ലാത്തതും (eternal and necessary) ആണ്.

3. അതിനാൽ ദൈവത്തിന്റെ എല്ലാ അറിവും നിത്യമാണ്. അതുപോലെ അവിടുത്തെ ജ്ഞാനം മാറ്റമില്ലാത്തതുമാണ്.





ദൈവത്തിന്റെ മുന്നറിവ് എന്ന പദപ്രയോഗം തന്നെ അസ്ഥാനത്താണെന്നാണ് ബൊയേത്തിയൂസ് വാദിക്കുന്നത്. ഭൂത-വർത്തമാന-ഭാവി കാല ത്രയങ്ങൾ കേവലം മനുഷ്യനു മാത്രം ബാധകമായ സമയഗണനയാണ്. നിത്യനായ ദൈവത്തിന് ഭൂതകാലമോ ഭാവികാലമോ ഇല്ല. അവിടുത്തെ സമയം എന്നത് നിത്യമായ വർത്തമാനകാല നിമിഷമാണ്. അനാദിയും അനന്തവുമായ ദൈവാസ്ഥിത്വം സമയാതീതമാണ് എന്ന സത്യം അംഗീകരിക്കുമ്പോൾതന്നെ "ദൈവത്തിന്റെ മുന്നറിവും മനുഷ്യസ്വാതന്ത്ര്യവും തമ്മിലുള്ള വൈരുദ്ധ്യം" എന്നത് അർത്ഥശൂന്യമായ വാദമായി മാറുന്നു.

മനുഷ്യനെ സംബന്ധിച്ചുമാത്രമേ മുന്നറിവ്, പിന്നറിവ് എന്നീ അറിവുകൾ ബാധകമാകുന്നുള്ളൂ. കാരണം മനുഷ്യന്റെ അറിവുകൾ ഇന്ദ്രിയപരതയുടെ അനുഭവതലത്തിന്റെ ബാക്കിപത്രമാണ്. പഞ്ചസാര നിലവിൽ വന്ന് നൂറ്റാണ്ടുകൾ കഴിഞ്ഞാലും അതിനെ സ്വന്തം നാവിൽ രുചിച്ചറിയുംവരെ പഞ്ചസാരയുടെ മധുരം മനുഷ്യന് അറിയില്ല. പഞ്ചസാരയെക്കുറിച്ച് കേട്ടിട്ടുള്ള മുന്നറിവും പഞ്ചസാരയെ സ്വയം രുചിച്ച പിന്നറിവും ചേർന്നതാണ് മനുഷ്യന്റെ അറിവ്. എന്നാൽ പഞ്ചസാര എന്ന പദമോ വസ്തുവോ രൂപം കൊള്ളുന്നതിനു മുൻപേ ദൈവം പഞ്ചസാരയെ പൂർണ്ണമായും അറിയുന്നു എന്നതാണു സത്യം. മനുഷ്യജ്ഞാനത്തിന്റെ പരിമിതിയിൽ ദൈവജ്ഞാനത്തെ മനസ്സിലാക്കാൻ ശ്രമിച്ചതിന്റെ വൈകല്യമാണ് ദൈവത്തിന്റെ മുന്നറിവും മനുഷ്യ സ്വാതന്ത്ര്യവും തമ്മിലുള്ള വൈരുധ്യത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത് എന്നാണ് ബൊയേത്തിയൂസ് വാദിക്കുന്നത്.

ദൈവം മാറ്റമില്ലാത്തവനായതിനാൽ ദൈവീകജ്ഞാനം മാറ്റമില്ലാത്തതാണ്. ദൈവം അറിയുന്നതും അറിഞ്ഞവ സംഭവിക്കുന്നതും നിത്യമായ വർത്തമാനകാല നിമിഷത്തിലാകയാൽ ദൈവത്തിന്റെ അറിവും അവയുടെ പൂർത്തീകരണവും തമ്മിൽ സമയാന്തരമില്ല. എന്നാൽ പ്രപഞ്ചം ദൈവത്തെപ്പോലെ നിത്യമായ വർത്തമാനകാലത്തിലല്ല നിലകൊള്ളുന്നത്. ദൈവം ആഗ്രഹിക്കുന്നതും അനുവദിക്കുന്നതുമായ കാലം മാത്രമേ പ്രപഞ്ചത്തിന് അസ്ഥിത്വമുള്ളൂ. ബൊയേത്തിയൂസിന്റെ ഈ വാദം പിൽക്കാലതത്വചിന്തയെ ദൂരവ്യാപകമായി സ്വാധീനിച്ചിട്ടുണ്ട്. മധ്യകാല ചിന്തകരായ കാന്റർബറിയിലെ ആൻസെലം, തോമസ് അക്വിനാസ് ആധുനിക തത്വചിന്തകനായ ലൈബ്നിസ്, ഉത്തരാധുനിക ചിന്തകരായ പോൾ ഹെല്മം, ബ്രയാൻ ലഫ്റ്റോ, നോർമൻ ക്രെറ്റ്സ്മാൻ, എലയോനോ സ്റ്റംപ് എന്നിവർ ഈ ചിന്താധാര പിന്തുടരുന്നവരാണ്.

ഇവരിൽ വി. അക്വിനാസിന്റെ ചിന്ത ഏറെ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ വാദമനുസരിച്ച് മാനുഷികജ്ഞാനത്തിന് രണ്ടു തലങ്ങളുണ്ട്. ഒരു വസ്തു അതിന്റെ അസ്ഥിത്വത്തിലെത്തിയ ശേഷം (Effect) അതിനെ മനസ്സിലാക്കുന്നതാണ് ആദ്യതലം. ദൃശ്യമായ തലത്തിൽ കാണപ്പെടുന്ന പ്രസ്തുത വസ്തുവിനെക്കുറിച്ചുള്ള അറിവ് തികച്ചും വർത്തമാനകാലത്തിലാണ്. എന്നാൽ പ്രസ്തുത വസ്തു രൂപം കൊള്ളുന്നതിനു മുൻപ് അതിന്റെ കാരണമായ അവസ്ഥയിൽ (Cause) അതിനെക്കുറിച്ച് അറിയാൻ കഴിയുന്നു എന്നതാണ് രണ്ടാം തലം. കാര്യ-കാരണ തലങ്ങളെയാണ് അറിവിന്റെ ഭിന്നതലങ്ങളായി അക്വിനാസ് കരുതുന്നത്. ഉദാഹരണം ഒരു കമ്പ്യൂട്ടറിനെ അതിന്റെ അഭിനവ അവസ്ഥയിലുള്ള കാര്യജ്ഞാനമായും അതിന്റെ കണ്ടുപിടുത്തത്തിനു കാരണമായ വസ്തുക്കളുടെയും വ്യക്തികളുടെയും ചിന്താവസ്ഥയിലിരുന്ന കമ്പ്യൂട്ടറിനെ കാരണജ്ഞാനമായും നമുക്ക് മനസ്സിലാക്കാം. മനുഷ്യനിൽ ഈ രണ്ടു ജ്ഞാനങ്ങളും രണ്ടു ഘട്ടങ്ങളായി നടക്കുമ്പോൾ ദൈവത്തിൽ നിത്യമായ വർത്തമാനകാലത്തിൽ നടക്കുന്നു എന്നാണ് അക്വിനാസ് വാദിക്കുന്നത് (SCG I.67).

ദൈവത്തിൽ യാതൊരു ജ്ഞാനവും ബാഹ്യമല്ല ആന്തരികമാണ് എന്ന് ആഗസ്തീനോസ് പുണ്യവാൻ പഠിപ്പിച്ചതും സമാനമായ അർത്ഥത്തിലാണ്.

ദൈവത്തിന്റെ മുന്നറിവ് മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല.

മുൻകൂട്ടി അറിയുന്നതു ദൈവവും സ്വാതന്ത്ര്യം അനുഭവിക്കുന്നതു മനുഷ്യനുമാകയാൽ ഇവയുടെ പാരസ്പര്യത്തിൽ സങ്കീർണ്ണത ആരോപിക്കേണ്ടതില്ല. ഉദാഹരണമായി, ഒരു യുവാവും യുവതിയും തമ്മിലുള്ള പ്രണയത്തിന്റെ തീവ്രതയും ആത്മാർത്ഥതയും അറിയാവുന്ന മൂന്നാമതൊരാൾ അവർ തമ്മിൽ വിവാഹിതരാകുമെന്ന് മുൻകൂട്ടി അറിയുന്നു. എന്നാൽ പ്രസ്തുത മുന്നറിവ് പ്രണയിക്കുന്നവരുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്നില്ല. അവർ പ്രണയിക്കുന്നതും പ്രണയത്തിൽ ആഴപ്പെടുന്നതും ജീവിതകാലം മുഴുവൻ ഒരുമിച്ചു താമസിക്കാൻ തീരുമാനിക്കുന്നതും അതിനായി വിവാഹിതരാകുന്നതും തികച്ചും സ്വതന്ത്ര്യമായ തീരുമാനങ്ങളിലൂടെയാണ്. പ്രസ്തുത വിവരങ്ങൾ മൂന്നാമതൊരാൾ മുൻകൂട്ടി അറിഞ്ഞിരുന്നു എന്നത് അവരുടെ പ്രവൃത്തിയെ സ്വാധീനിക്കുന്ന വിഷയമല്ലല്ലോ.

ദൈവം മുൻകൂട്ടി അറിഞ്ഞാൽ പിന്നെ മനുഷ്യൻ സ്വതന്ത്ര്യനല്ല എന്ന വാദത്തിൽ യുക്തിരാഹിത്യമുണ്ട്. കാരണം അറിയുക എന്ന





ക്രിയയുടെ കർത്താവു ദൈവവും സ്വതന്ത്ര്യനാവുക എന്ന ക്രിയയുടെ കർത്താവ് മനുഷ്യനുമാണ്. രണ്ടു ക്രിയകളുടെയും ഫലം അനുഭവിക്കുന്നത് വ്യത്യസ്ത കർത്താക്കളാണെന്നു വ്യക്തം. വ്യത്യസ്ത ക്രിയകളുടെ ഫലം പരസ്പരപൂരകങ്ങളാകുന്ന അപൂർവ്വ സന്ദർഭങ്ങളുണ്ടാകാം എന്നത് സത്യമാണ്. ഉദാഹരണമായി, രാമൻ കൃഷ്ണനെ കുത്തി; കൃഷ്ണൻ മരിച്ചു എന്ന വാക്യത്തിലെ രണ്ടു ക്രിയകളുടെയും കർത്താക്കൾ വ്യത്യസ്തരാണെങ്കിലും അവ തമ്മിൽ അനിവാര്യബന്ധമുണ്ട്. എന്നാൽ "രാമൻ പാലു കുടിച്ചു"; "കൃഷ്ണൻ സുഖം പ്രാപിച്ചു" എന്നീ വാക്യങ്ങളിലെ ക്രിയകൾ തമ്മിൽ അനിവാര്യബന്ധമില്ലാത്തതിനാൽ ഒന്നുമറ്റൊന്നിന്റെ ഫലമായി സംഭവിച്ചതാണെന്നും പറയാനാകില്ല. സമാനമായി, ദൈവം അറിയുന്നു എന്നതും മനുഷ്യൻ സ്വതന്ത്രനല്ല എന്നു പറയുന്നതും പാരസ്പര്യമില്ലാത്ത പ്രസ്താവനകളാണ്. ഒരു ഉദാഹരണത്തിലൂടെ ഈ വസ്തുത വ്യക്തമാക്കാം. മുറിയുടെ ഭിത്തിയിൽ ഇരിക്കുന്ന പ്രാണിയെ പിടിക്കാൻ ഒരു പല്ലി സാവകാശം സമീപിക്കുന്നത് മുറിയിലിരിക്കുന്ന തോമസ് കാണുന്നു. പല്ലി പ്രാണിയെ പിടിക്കുമെന്ന സത്യം തോമസ് മുൻകൂട്ടി അറിയുന്നു. തോമസ് നോക്കിയിരിക്കേ ഏതാനും നിമിഷങ്ങൾക്കുള്ളിൽ പ്രാണിയെ പല്ലി പിടിക്കുക തന്നെചെയ്തു. ഇവിടെ, പ്രാണിയെ കണ്ടെത്തിയതും തന്ത്രപൂർവ്വം സമീപിച്ചതും പിടിയിലാക്കി ആഹരിച്ചതും പല്ലിയുടെ സ്വതന്ത്ര്യമായ പ്രവൃത്തികളായിരുന്നു. പ്രാണിയെ അപകടത്തിലാക്കിയത് പ്രാണിയുടെ അശ്രദ്ധയും അസ്ഥാനത്തുള്ള ഇരിപ്പുമായിരുന്നു. ഇവയാകട്ടെ പ്രാണി സ്വതന്ത്ര്യമായി തിരഞ്ഞെടുത്തവയായിരുന്നു. പ്രാണിയെ രക്ഷിക്കാൻ തോമസ് ഇടപെടുകയാണെങ്കിൽ അത് അവയുടെ സ്വാതന്ത്ര്യത്തിലുള്ള കടന്നുകയറ്റമാകുമായിരുന്നു. ചുരുക്കത്തിൽ ദൈവം അറിയുന്നു എന്നതല്ല; അറിഞ്ഞതനുസരിച്ച് ഇടപെടുകയാണെങ്കിൽ മാത്രമേ മനുഷ്യന്റെ സ്വാതന്ത്ര്യം ഹനിക്കപ്പെടുകയുള്ളൂ എന്ന് അനുമാനിക്കാം.

## യൂദാസ് തെറ്റുകാരനോ?

യൂദാസ് തെറ്റുകാരനോ അതോ രക്ഷാകര പദ്ധതിയിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട തന്റെ ഭാഗം ആടിത്തീർത്ത ഒരു കഥാപാത്രം മാത്രമാണോ? ഈ പ്രശ്നത്തിന്റെ താത്വിക വിശകലനം ഇതിനോടകം നാം പൂർത്തിയാക്കിയതാണ്. യൂദാസ് ഒറ്റുകാരനായിത്തീരുമെന്ന ദൈവത്തിന്റെ മുന്നറിവുമൂലം യൂദാസിന് യേശുവിനെ ഒറ്റാതിരിക്കാൻ കഴിയുമായിരുന്നില്ല എന്നാണ് ഒരു കൂട്ടരുടെ വാദം. മറ്റൊരുകൂട്ടരാകട്ടെ യൂദാസിന്റെ ഒറ്റലിനെ രക്ഷാകര കർമ്മത്തിന്റെ

പൂർത്തീകരണത്തിനായുള്ള പുണ്യപ്രവൃത്തിയായിട്ടാണ് വിലയിരുത്തുന്നത്. (യൂദാസിന്റെ സുവിശേഷം എന്ന കൃതി ഈ വിഭാഗത്തിൽപ്പെടും).

എന്നാൽ യൂദാസിന്റെ പ്രവൃത്തികൾ അവന്റെ സ്വതന്ത്ര്യമായ തീരുമാനത്തിന്റെ ഫലമായിരുന്നു. അവൻ നടത്തുന്ന വഞ്ചനയെക്കുറിച്ചുള്ള നിരന്തരമായ മുന്നറിയിപ്പ് ക്രിസ്തുനാഥൻ യൂദാസിന് നൽകിയതാണ്. എന്നിട്ടും അവൻ ഒറ്റുകാരനായത് അവന്റെ സ്വന്തം തീരുമാനപ്രകാരമായിരുന്നു എന്ന് വ്യക്തമാണ്. താൻ ചെയ്തത് തെറ്റാണെന്നു തിരിച്ചറിയാനും സ്വതന്ത്ര്യമായ തീരുമാനത്തെ പ്രതി ആത്മഹത്യചെയ്യാനും യൂദാസിന് സ്വാതന്ത്ര്യമുണ്ടായിരുന്നെന്ന് ബൈബിൾ വിവരണം സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിൽ യേശുവിനെ ഒറ്റിയപ്പോഴും അവന് സ്വാതന്ത്ര്യമുണ്ടായിരുന്നു.

യൂദാസ് യേശുവിനെ ഒറ്റിയില്ലായിരുന്നെങ്കിൽ രക്ഷാകരചരിതം പൂർത്തീകരിക്കപ്പെടാതെ പോകുമായിരുന്നില്ലേ എന്ന ചോദ്യവും അപ്രസക്തമാണ്. രക്ഷാകരചരിത്രം ദൈവവും സാത്താനും തമ്മിലുള്ള സംഘർഷമാണ്. അല്ലാതെ യേശുവും യൂദാസും തമ്മിലുള്ള സംഘർഷമല്ല. ആരും ഒറ്റിയില്ലെങ്കിലും ക്രിസ്തുവിന്റെ കുരിശുമരണത്തിന് തിന്മയുടെ ശക്തി കളമൊരുക്കുകയായിരുന്നു. ഈ സംഘർഷത്തിൽ യൂദാസിന്റെ പക്ഷത്ത് രണ്ടു സാധ്യതകളേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകിൽ ദൈവപക്ഷത്ത് നിലയുറപ്പിക്കുക, അല്ലെങ്കിൽ സാത്താന്റെ പക്ഷത്ത് നിൽക്കുക. യൂദാസ് ബോധപൂർവ്വം രണ്ടാമത്തെ വഴി (സാത്താന്റെ പക്ഷം) തിരഞ്ഞെടുത്തു എന്നതാണ് സത്യം. ഓരോ തിന്മയിലും ആവർത്തിക്കപ്പെടുന്ന യാഥാർത്ഥ്യമാണിത്. ജീവനും മരണവും ഒരുപോലെ മുന്നിൽ വയ്ക്കപ്പെടുമ്പോൾ ജീവനെ വെടിഞ്ഞ് മരണം വരിക്കാൻ മനുഷ്യൻ തീരുമാനിക്കുന്നതാണല്ലോ സകലതിന്മകളുടെയും അടിസ്ഥാനം. ദൈവവിരുദ്ധപക്ഷത്ത് നിക്ഷിപ്ത താല്പര്യങ്ങളെ പ്രതിപക്ഷം ചേരുന്നവർ പലപ്പോഴും പ്രസ്തുത നിലപാടു മാറ്റത്തിന്റെ ഉത്തരവാദിത്വം ദൈവത്തിൽ ആരോപിക്കുന്നത് ദൈവനിന്ദയാണ്.



# 12

## പിശാചിന്റെ ഉത്ഭവം എവിടെ നിന്ന്?

മനുഷ്യമനസ്സിനെ എക്കാലവും മഥിച്ച സങ്കീർണ്ണ പ്രശ്നങ്ങളിലൊന്ന് തിന്മയുടെ ഉത്ഭവം എവിടെനിന്ന് എന്ന ചോദ്യമായിരുന്നു. കുറേക്കൂടി ലളിതമായി ചോദിച്ചാൽ പിശാചിനെ സൃഷ്ടിച്ചതാര് എന്ന ചോദ്യം ഒരു പ്രഹേളികയായി ശേഷിക്കുന്നു. സർവ്വനന്മയായ ദൈവം തിന്മയുടെ മൂർത്തിമദ്ഭാവമായ പിശാചിനെ സൃഷ്ടിച്ചു എന്നത് അചിന്ത്യമാം വിധം അസംഭവ്യമാണ്. ദൈവത്തിന് എല്ലാം സാധ്യമാണെന്ന് പറയുമെങ്കിലും ദൈവത്തിന് ഒരിക്കലും സാധിക്കാത്ത കാര്യം പിശാചിനെ സൃഷ്ടിക്കുക എന്നതാണ്. കാരണം ദൈവസ്വഭാവത്തിനു കടകവിരുദ്ധമാണ്. തീക്കനലിൽ നിന്ന് ഐസ് കട്ട രൂപപ്പെടുത്തുന്നതും വെള്ളത്തിൽ അടുപ്പു കൂട്ടി തീ കത്തിക്കുന്നതും ദൈവത്തിൽ നിന്ന് പിശാചു രൂപപ്പെടുന്നതിനേക്കാൾ എത്രയോ ലളിതമായ വൈരുദ്ധ്യങ്ങളാണ്.

വിവിധ മതങ്ങൾ ഈ പ്രതിസന്ധിയെ അഭിമുഖീകരിച്ചത് വ്യത്യസ്തങ്ങളായ രീതിയിലായിരുന്നു. ഇസ്ലാമിക വീക്ഷണത്തിൽ സാത്താൻ എന്നതിനു തുല്യമായി "ശയ്ത്താൻ" (shaitan) എന്ന നാമവിശേഷണമാണുള്ളത്. "വഴിതെറ്റിക്കുന്ന", "അകറ്റുന്ന" എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. പിശാചിന്റെ വ്യക്തിരൂപത്തിന് ഇബ്ലീസ് എന്നാണ് പേര്. ആദാമിനെ ആദരിക്കാനുള്ള അല്ലാഹുവിന്റെ കല്പന ധിക്കരിച്ചതാണ് ഇബിലീസ് എന്ന മാലാഖയുടെ പാപകരമായ രൂപാന്തീകരണത്തിനു കാരണമായത് (ഖുറാൻ 7:11 - 12)

## പിശാചിനെക്കുറിച്ചുള്ള സെമിറ്റിക് വീക്ഷണം

പിശാചിനെക്കുറിച്ച് ബൈബിൾ ഏറെയൊന്നും പറയുന്നില്ലെങ്കിലും ഒറ്റപ്പെട്ട പരാമർശങ്ങൾ കാണാനാകും (ഉൽപ 3:16; ഏശ 14:1215; എസെ 28:1219; മത്താ 4:1-11). അഹന്തമൂലം സ്വർഗ്ഗത്തിൽനിന്നു നിപതിച്ച മാലാഖയാണ് സാത്താൻ എന്ന സൂചന ബൈബിൾ നൽകുന്നുണ്ട് (ഏശ 14:12-15; എസെ 28:12-19). സാത്താൻ ഈശോയെ പരീക്ഷിക്കുന്നതും (മത്താ 4:1-11), ഈശോ സാത്താനെ ബഹിഷ്ക്കരിക്കുന്നതുമായ സംഭവങ്ങൾ (ഉദാ. ലൂക്കാ 8:27-33) സാത്താന്റെ അനിഷേധ്യമായ അസ്ഥിത്വത്തിനു തെളിവാണ്.

പിശാചിനെക്കുറിച്ചുള്ള വിചിന്തനങ്ങളിൽ നാല് തരം തെറ്റിദ്ധാരണകൾ മനുഷ്യനെ ബാധിക്കാറുണ്ട്. ഇവയ്ക്കു പിന്നിൽ പിശാചു തന്നെയാണുള്ളത്.

1. പിശാച് ഇല്ല; അവന്റെ അസ്തിത്വം സാങ്കൽപികം മാത്രമാണ് എന്ന് ചിന്ത.

2. ഏതു കാര്യത്തിലും പിശാചിന്റെ സാന്നിധ്യം കാണുന്നതും ചിന്തയും അപകടകരമാണ്. രോഗമുണ്ടായാൽ, സാമ്പത്തിക തകർച്ച വന്നാൽ, അപകടം സംഭവിച്ചാൽ, കുടുംബത്തിൽ മരണമുണ്ടായാൽ, കാലാവസ്ഥയിലെ മാറ്റങ്ങൾ സംഭവിക്കുമ്പോൾ..... എല്ലാം പിശാചു മൂലമാണെന്നു വാദിക്കുന്നതാണ് രണ്ടാമത്തെ അബദ്ധചിന്ത.

3. പിശാചിനെ സർവ്വ ഐശ്വര്യങ്ങളുടെയും അനുഗ്രഹങ്ങളുടെയും സുഖസന്തോഷങ്ങളുടെയും നാഥനായി കരുതി ആരാധിക്കണം എന്ന വാദമാണ് മൂന്നാമത്തെ തെറ്റിദ്ധാരണ (laveyan satanism). ലോകത്ത് വർദ്ധിച്ചു വരുന്ന പിശാച് ആരാധനകൾ





(black masses) ഇതിനു തെളിവാണ്. പ്രകാശത്തെക്കാൾ ഇരുളിനെ സ്നേഹിക്കുന്നവരാണിവർ (യോഹ 3:19; 2 കോറി 11:14-15).

4. പിശാചിന്റെ മേൽ വിജയം നേടിയ ഈശോമിശിഹായെക്കാൾ പിശാചിനു പ്രാധാന്യം നൽകുന്ന പ്രവണതയാണ് നാലാമത്തെ അപകടം. പല വചന പ്രഘോഷകർക്കും ഭൂതോച്ചാടർക്കും വന്നു ഭവിക്കുന്ന അപകടമാണിത്.

പൈശാചിക സാന്നിധ്യത്തിന്റെ ഏറ്റവും വലിയ തെളിവ് ദൈവികമായതെല്ലാം അപ്രസക്തവും അയഥാർത്ഥവുമായി തോന്നും എന്നതാണ്. ദൈവവിശ്വാസം അന്ധവിശ്വാസവുമായും ദൈവനിഷേധം ബൗദ്ധികനവോത്ഥാനമായും തോന്നുന്നത് പൈശാചിക സാന്നിധ്യം മൂലമാണ്. ആധുനിക ലോകത്തിൽ പ്രബലമായികൊണ്ടിരിക്കുന്ന ഈ ചിന്താഗതിയുടെ അപകടം പലരും തിരിച്ചറിയുന്നില്ല എന്നതാണു സത്യം.

പിശാചിന് മനുഷ്യനേക്കാൾ ശക്തിയുള്ളതിനാൽ പിശാചിനെ സ്വന്തം ശക്തിയാൽ നേരിടാൻ മനുഷ്യന് കഴിയില്ല. എന്നാൽ, പിശാചിന്റെമേൽ വിജയം നേടിയ ഈശോതന്നെ പിശാചിനെതിരേ പൊരുതാനുള്ള ആയുധങ്ങൾ നമുക്ക് നൽകിയിട്ടുണ്ട് (എഫേ 6:10-11).. യേശു നാമത്തിനു മുന്നിൽ പിശാചു പാലായനം ചെയ്യുന്നു (യാക്കോ 2:19; യൂദാ 1:9). സാത്താനെ നിത്യമായും പരാദയപ്പെടുത്തിയത് ഈശോ മാത്രമാണ്. അതിനാൽ അവിടുത്തെനാമത്തിൽ മാത്രമേ പിശാചിനെ ബഹിഷ്കരിക്കാ മാവുകയുള്ളൂ. യേശുവിൽ വിശ്വസിക്കുന്നവർ സാത്താന്റെ ശക്തിയിൽനിന്നും സംരക്ഷിതരാണ് (യോഹ 3:16; 1 പത്രോ 5:8-10). പിശാചിന്റെമേൽ ക്രിസ്തു ലേടിയ വിജയത്തിൽ നാം നേരിട്ടു പങ്കാളികളാകുന്നത് കൂദാശകളിലൂടെയാണ്.

### പിശാച് യഹൂദപാരമ്പര്യത്തിൽ

പഴയനിയമത്തിൽ സാത്താൻ (satan) എന്ന ഹീബ്രുപദം 31 തവണ ഉപയോഗിക്കുന്നുണ്ട്. "എതിരാളി" അഥവാ "കുറ്റാരോപകൻ" എന്നീ മൂലാത്ഥങ്ങളുള്ള ഈ പദം ജോബ് 1-2 അധ്യായങ്ങളിൽ 10 തവണയും സഖറിയ 3:1-2 ൽ മൂന്നു തവണയും ഉപയോഗിക്കുന്നുണ്ട്. കൂടാതെ, സംഖ്യ 22: 22; ദിന 21: 1; സങ്കീ 109: 9; 1 സാമു 29: 4; 2 സാമു 19: 22; 1 രാജാ 5: 4; 11:14; 1 രാജാ 11: 23,25 എന്നീ വചനഭാഗങ്ങളിലും സാത്താനെക്കുറിച്ചുള്ള പരമാർശങ്ങളുണ്ട്. "ഹാസാത്താൻ" എന്ന ഹീബ്രു പദത്തെ (= എതിരാളി) ഗ്രീക്കു സപ്തതി ബൈബിൾ "ദിയാബൊളോസ്" (=കുറ്റാരോപകൻ) എന്നാണ്

ചിലപ്പോൾ വിവർത്തനം ചെയ്തിരിക്കുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ "സാത്താൻ" എന്ന പദത്തെ വിവർത്തനം ചെയ്യാതെ ലിപ്യന്തരണം നടത്തിയും (translitcration) സപ്തതി ബൈബിൾ ഉപയോഗിക്കുന്നുണ്ട് (ഉദാ. സഖ 3:1.2).

യഹൂദ വെളിപാടു സാഹിത്യത്തിൽ, വിശിഷ്യാ ഏനോക്കിന്റെ പുസ്തകത്തിൽ പിശാചിനെ "സാത്താനേൽ " എന്നാണ് വിശേഷിപ്പിക്കുന്നത്.മുഖ്യദൂതന്മാരായ മിഖായേൽ, ഗബ്രിയേൽ, ഊറിയേൽ..... തുടങ്ങിയവരുടെ പേരുകളോടുള്ള സമാനത ഇവിടെ വ്യക്തമാണ് (2 ഏനോക്ക് 18:3). സാത്താൻ സ്വർഗ്ഗത്തിൽ നിന്നു നിപതിച്ച മാലാഖയാണെന്നും (2 ഏനോക്ക് 18:2:4) നന്മയും തിന്മയും തിരിച്ചറിയുന്നവനാണെന്നും (2 ഏനോ 31:4). ഈ ഗ്രന്ഥം സമർത്ഥിക്കുന്നുണ്ട്."ജ്ജൂബിലിയുടെ ഗ്രന്ഥം" എന്ന അപ്രമാണിക ഗ്രന്ഥത്തിൽ ഇസഹാക്കിനെ ബലിയർപ്പിക്കാൻ അബ്രാഹത്തോട് ആവശ്യപ്പെടാൻ ദൈവത്തെ നിർബന്ധിക്കുന്ന "മസ്തേമാ" എന്ന ശക്തിയെയാണ് പിശാചായി വിളിക്കുന്നത്. യഹൂദ റബ്ബിമാരുടെ വ്യാഖ്യാനമനുസരിച്ച് മൂന്നു തരത്തിലുള്ള പൈശാചിക പ്രവർത്തികൾക്ക് ബൈബിൾ സാക്ഷ്യം വഹിക്കുന്നുണ്ട്.

(1) മനുഷ്യനെതിരായി നിരന്തരം ആരോപണം ഉന്നയിക്കുന്നവൻ (സഖ 3:1-2).

(2) മനുഷ്യനെ ദൈവത്തിൽനിന്നകറ്റാൻ ദുഷ്പ്രേരണകളും പ്രലോഭനങ്ങളും നൽകുന്നവൻ(ഉൽപ 3:1-6;1 ദിന 21:1).

(3) സ്വർഗ്ഗീയ സദസ്സിൽ മനുഷ്യന്റെ നിത്യനാശത്തിനുവേണ്ടി നിരന്തരം വാദിക്കുന്നവൻ (ജോബ് 2:1).

എന്നാൽ മധ്യകാല റബ്ബിനിക് ചിന്തകർ സാത്താന്റെ വ്യക്തിപരമായ അസ്ഥിത്വത്തെ നിഷേധിക്കുകയും ഉൽപ 6:5 നെ ആധാരമാക്കി സാത്താൻ എന്നത് മനുഷ്യമനസ്സിലെ കേവലമായ ഒരു ദുഷ്പ്രേരണ (yetzcr hara) മാത്രമാണെന്നും വാദിച്ചു.ഹദിസിക് ചിന്തന്മാർ മനുഷ്യന്റെ പാപാസക്തിയെ പരിശോധിക്കുന്ന ദൈവദൂതനായി സാത്താനെ കരുതാറുണ്ട്.

**സാത്താന്റെ വിവിധ വിശേഷണം**

ക്രിസ്തീയ പാരമ്പര്യം വ്യത്യസ്യ നാമങ്ങൾ സാത്താന് ചാർത്തി നൽകിയിട്ടുണ്ട്.ഇവയിൽ പലതും സാത്താന്റെ സ്വഭാവത്തെയും പ്രവർത്തനങ്ങളെയും ആധാരമാക്കിയുള്ളതാണ്.





1. ദൈവത്തിന്റെ "എതിരാളി" എന്ന നിലയിൽ "സാത്താൻ" എന്ന ഹീബ്രുപദം ഉപയോഗിക്കപ്പെടുന്നു.

2. നിരന്തരമായി കുറ്റാരോപണം ഉയർത്തുന്നവൻ എന്ന അർത്ഥത്തിൽ "ദിയാബൊളോസ്" എന്ന ഗ്രീക്കു പദം ഉപയോഗിക്കുന്നു.(നിരന്തരമായി എറിയുന്നവൻ എന്നാണ് ഈ പദത്തിന്റെ മൂല്യാർത്ഥം).

3. "ഈച്ചകളുടെ അധിനാഥൻ" എന്ന പരിഹാസപ്പേരായ "ബേൽസെബൂൽ "എന്ന് പേര് പിശാചിനെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. ഫിലിസ്ത്യദേവനായ "ബാൽ-സബൂൽ" (രാജാവായ ബാൽ) എന്നതിന്റെ പരിഹാസരൂപമാണ് ഈ പദം എന്നു കരുതപ്പെടുന്നു.

4. ഹവ്വായെ പ്രലോഭിച്ച പാമ്പിനെ പിശാചായി ചിത്രീകരിക്കുന്ന പാരമ്പര്യം വെളി 20: 2-3 ന്റെ പശ്ചാത്തലത്തിൽ വി.ജസ്റ്റിൻ ആരംഭിച്ചതാണ് (Dial.Try. 45,79).

5. നാലാം നൂറ്റാണ്ടുമുതലാണ് ഏശ 14:12 ലെ വീണു പോയ മാലാഖയെ "ലൂസിഫർ" എന്നു വിളിച്ചു തുടങ്ങിയത്

6. ഈ ലോകത്തിന്റെ അധിപൻ (യോഹ 12:31 ;14:30) എന്ന വിശേഷണവും സാത്താന് നൽകപ്പെടുന്നുണ്ട് (2 കോറി 4:4).

7. അനുസരണക്കേടിന്റെ ആത്മാവ് (എഫേ 2:2) എന്ന വിശേഷണവും സാത്താന്റെ പര്യായമായി ഉപയോഗിക്കാറുണ്ട്.നിയമരാഹിത്യത്തിന്റെ ആത്മാവ് (2 തെസ്സ 2:7) എന്ന വിശേഷണവും സമാനമായ അർത്ഥത്തിലുള്ളതാണ്.

8. വെളിപാടു ഗ്രന്ഥം പുരാതന സർപ്പം, വ്യാളി തുടങ്ങിയ പദങ്ങൾ (12:9;20:2)പിശാചിന്റെ പര്യായങ്ങളായി ഉപയോഗിക്കുന്നുണ്ട്. അഗാധത്തിന്റെ മാലാഖ (9:11) എന്നവിശേഷണം (abaddon, apollyon) ഏറെ അർത്ഥക്ലിഷ്ടത ഉളവാകുന്നതാണ്.

പിശാചിനെക്കുറിച്ച് ബൈബിൾ നൽകുന്ന വിവരണങ്ങൾ ചേർത്തുവച്ചാൽ താഴെ പറയുന്ന ചിത്രം വ്യക്തമാകും.

1. മാലാഖമാരിൽ ഒരാളായി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനായിരുന്നു സാത്താൻ (കൊളോ 1:16-17; ജോബ് 2:1-2; വെളി 9:11)

2. മനുഷ്യ സൃഷ്ടിക്കുമുമ്പേ സാത്താൻ സൃഷ്ടിക്കപ്പെട്ടിരുന്നു (ഉൽപ 3:1).

3. മാലാഖമാരുടെ ഇടയിലെ പ്രമുഖ സ്ഥാനം വീഴ്ചയ്ക്കുമുൻപ് സാത്താൻ അലങ്കരിച്ചിരുന്നു (യൂദാ 1:8-9).

4. കാലാന്തരത്തിൽ സാത്താൻ എന്ന മാലാഖ പാപം ചെയ്തു (1 യോഹ 3:8; യോഹ 8:44). ഈ പാപം അഹന്തയുമായി ബന്ധപ്പെട്ടതായിരുന്നു (1 തിമോ 3:2,6).

5. സ്വതന്ത്ര്യമായ മനസ്സും ഇച്ഛാശക്തിയുമുള്ള സത്തയായാണ് ദൈവം സാത്താനെ സൃഷ്ടിച്ചത്.അതുകൊണ്ടാണ് പാപം ചെയ്യാൻ അവനു സാധിച്ചത് (2 പത്രോ 2:4; യൂദാ 1:6).

6. സ്വന്തമായ ഇച്ഛാശക്തിയും സ്വതന്ത്രമായ മനസ്സും ഉള്ളതിനാൽ അവന്റെ പാപങ്ങൾക്ക് അവൻ തന്നെയാണ് ഉത്തരവാദി (ജോബ് 1:6-7; 2: 1-2 ; മത്താ 25:41,46).

**പിശാചിന്റെ ഉത്ഭവം-ഐതിഹ്യങ്ങൾ**

പിശാചിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള കൃത്യമായ വിവരണങ്ങളൊന്നും തന്നെ ബൈബിളിൽ ഇല്ല. മധ്യപൂർവ്വദേശങ്ങളിലെ പരമ്പരാഗത വിശ്വാസവും അപ്രമാണിക ഗ്രന്ഥങ്ങളിലെ വിവരണങ്ങളും ചേർന്ന് രൂപംകൊടുത്ത ഒരു കഥയാണ് പലപ്പോഴും പിശാചിന്റെ ഉത്ഭവകാരണമായ ബൈബിളിൽ അവതരിപ്പിക്കുന്നത്. ഈ കഥയുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

ലൂസിഫർ എന്ന ശക്തനും നന്മനിറഞ്ഞവനുമായ മാലാഖ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു.അതീവജ്ഞാനിയും അതി സുന്ദരനും മഹത്വപൂർണ്ണനുമായിരുന്ന ഈ മാലാഖ സാവകാശം അഹങ്കാരിയായി മാറി, ദൈവത്തെത്തന്നെ അട്ടിമറിക്കാനുള്ള ചിന്തയുമായി ഈ മാലാഖ ഗൂഢാലോചന ആരംഭിച്ചു. മാലാഖമാരിൽ മൂന്നിലൊരുഭാഗത്തിന്റെ പിന്തുണ സമാഹരിച്ച ലൂസിഫർ ദൈവത്തിനെതിരായി തുറന്ന യുദ്ധം പ്രഖ്യാപിച്ചു. മുഖ്യദൂതനായ മിഖാലേയിന്റെ നേതൃത്വത്തിലുള്ള സ്വർഗ്ഗീയ സൈന്യത്തോടു പരാജയപ്പെട്ട ലൂസിഫർ ഭൂമിയിലേക്ക് നിപതിച്ചു. അന്നുമുതൽ വഴിതെറ്റിയവനും അഗ്നിജ്വാലകളാൽ നിരന്തരം വേകുന്നവനും ദുഷ്ടതയുടെ മൂർത്ത രൂപവുമായി സാത്താനേ ഭൂമിയിൽ ദൈവത്തിനെതിരായി പടയൊരുക്കം നടത്തുകയാണ്. മനുഷ്യനെ തന്റെ സഹായിയാക്കുക എന്നതിനേക്കാൾ മനുഷ്യനെ നശിപ്പിച്ച് ദൈവിക പദ്ധതിയെ തകിടെ മറിക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം.





ഏതൊരു പൗരാണിക ഐതിഹ്യത്തിലുമെന്നതുപോലെ ഈ കഥയിലും അതിഭാവുകത്വവും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തതുമായ അനേകം വസ്തുതകളുണ്ടെന്ന് പ്രഥമദൃഷ്ട്യാ തന്നെ ബോധ്യപ്പെടും. എന്നാൽ കഥയിൽ ഗുണപാഠപരമായ പല സന്ദേശങ്ങളും അടങ്ങിയിട്ടുണ്ട്. എത്രമേൽ ഉന്നതനാണെങ്കിലും അഹന്തമൂലം അധപതനത്തിന്റെ ആഴങ്ങളിൽ നിപതിക്കാം എന്ന സത്യവും സാത്താൻ നിരന്തരമായി ദൈവിക പദ്ധതിയെ തകിടം നറിക്കാൻ ശ്രമിക്കുന്നവനാണെന്ന സത്യവും ഈ കഥയുടെ ഗുണപാഠങ്ങളാണ്.

ആഖ്യാന തത്വചിന്തയുടെ (narrative philosophy) പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ഈ കഥയിൽ ശക്തമായ ചില പ്രമേയങ്ങൾ അടങ്ങിയിട്ടുണ്ട്.ദൈവം സൃഷ്ടിച്ചപ്പോൾ പിശാച് നന്മ നിറഞ്ഞ മാലാഖയായിരുന്നതിനാൽ തിന്മയ്ക്ക് കാരണം ദൈവമല്ല. പിശാച് എന്ന ദുഷ്ടാരൂപിയുടെ സ്രാഷ്ടാവ് ദൈവമല്ലതാനും. ഏതൊരു സ്വതന്ത്ര നന്മയ്ക്കും സമ്പൂർണ്ണ തിന്മയാകാനുള്ള സാധ്യത ഡെമോക്ലീസിന്റെ വാളുപോലെ ശേഷിക്കുന്നു എന്ന സത്യം ഈ കഥ വ്യക്തമാക്കുന്നു. ഈ കഥയുടെ അംശങ്ങൾ വിശുദ്ധഗ്രന്ഥകർത്താക്കൾക്കു സ്വീകാര്യ മായതിന്റെ കാരണവും മറ്റൊന്നല്ല. ഏശ 14:12-15 ; എസെ 28:13- 17 എന്നീ വിവരണങ്ങൾ ചുവടെ ചേർക്കുന്നു.

**ഏശ 14:12-15**

12 Djkvkns³d ]p{X\mb {]`mX\Ivj{Xta, \o F§s\
BImi¯p\n¶p hoWp! P\XIsf IogS¡nbncp¶ \ns¶
F§s\ XdbnÂ sh«nhogv¯n! 13 \o X¶¯m³ ]dªp: Rm³
kzÀK¯nte¡p Ibdpw. D¶X¯nÂ ssZh¯ns³d
\Ivj{X§Ä¡p]cn Fs³d knwlmk\w Rm³ kvYm]n¡pw.
D¯cZn¡ns³d AXnÀ¯nbnse kamKa]ÀhX¯ns³d
apIfnÂ Rm\ncn¡pw;14 D¶Xamb taL§Ä¡p aotX Rm³
Ibdpw. Rm³ AXyp¶Xs\t¸mse B Ipw.15 F¶mÂ, \o
]mXmf¯ns³d AKm[KÀ¯¯nte¡p XÅnbnSs¸«ncn¡p¶p

**എസെ 28:13-17**

13 \o ssZh¯ns³d tXm«amb GZ\nembncp¶p. amWnIyw,
]pjycmKw, kqcyIm´w, ]XvacmKw, N\v{ZIm´w, tKmtaZIw,
C\v{Z\oew, sshUqcyw, acXIw F¶nh\ns¶ s]mXnªncp¶p.
\ns³d Xw_pcphpw ]pÃmwIpgepw kzÀW \nÀanXambncp¶p.
\o krjvSn¡s¸« Znhkw Xs¶ AhsbÃmw Hcp¡nbncp¶p.14
Hcp A`njnIvXsIcq_ns\ \n\¡p ImhÂ\nÀ¯n. \o

ssZh¯ns³d hnipZv[KncnbnÂ Bbncp¶p. Xot]mse
Xnf§p¶ cXv\§fpsS CSbnÂ \o k©cn¨p.15 \ns¶
krjvSn¨ \mÄapXÂ A[Àaw \n¶nÂ {]XyIvjs¸«Xphsc \o
\njvIf¦\mbncp¶p.16 hym]mc¯ns³d s]cp¸¯nÂ
A{Iahpw ]m]hpw \n¶nÂ \ndªp. AXpsImïv
ssZh¯ns³d KncnbnÂ\n¶v \ns¶ Rm³ AipZv[hkvXphmbn
Zqscsbdnªp. \n\¡p ImhÂ\n¶ sIcq_v Xnf§p¶
cXv\§fpsSbnSbnÂ\n¶v \ns¶ B«n¸pd¯m¡n. \ns³d
ku\vZcy¯nÂ \o Al¦cn¨p.17 \ns³d alnabv¡mbn
PvRm\s¯ \o Zpcp]tbmKs¸Sp¯n. \ns¶ Rm³
\nes¯dnªp Ifªp. cmPm¡³amÀ¡p Iïp ckn¡m³
\ns¶ Rm³ AhcpsS ap¼nÂ \nÀ¯n.

മേൽ പറഞ്ഞ രണ്ടുവചന ഭാഗങ്ങളും ആലങ്കാരിക ഭാഷയിലും പ്രതീകാത്മകമായ അർത്ഥത്തിലുമാണ് ഈ ഐതിഹ്യ കഥയെ പരാമർശിക്കുന്നത് എന്നത് ശ്രദ്ധേയമാണ് ഏശ 14:3-27 ൽ നേരിട്ട് അഭിസംബോധ ചെയ്യുന്നത് ബാബിലോൺ രാജാവിനെയും എസെ 28:2-19 ൽ വിവക്ഷിക്കുന്നത് ടയിർ രാജാവിനെയുമാണ്. തിന്മയുടെ മൂർത്തി രൂപങ്ങളായ ഈ രാജാക്കന്മാരുടെ ഭാവിയെ ഐതിഹ്യ കഥയിലെ ലൂസിഫറിന്റെ പതനത്തോട് ആലങ്കാരികമായി താരതമ്യം ചെയ്യുന്നതാണ് ഈ പ്രവാചക വചനങ്ങൾ. അതിനാൽത്തന്നെ ഈ വചന ഭാഗങ്ങളെ സാത്താന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ബൈബിൾ വീക്ഷണമായി അക്ഷരാർത്ഥത്തിൽ മനസ്സിലാക്കുക ആയാസകരമാണ്. എന്നാൽ,പ്രതീകാത്മകവും ആലങ്കാരികവുമായി അവതരിപ്പിക്കുന്നു എന്നത് വിവരണത്തിന്റെ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നു എന്നു കരുതാനാവില്ല. ഉദാഹരണമായി അബ്രഹാത്തിന്റെ രണ്ടുമക്കളെയും രണ്ടുഭാര്യമാരെയും പ്രതീകാത്മകമായി രണ്ടു ഉടമ്പടികളുടെ പ്രതിനിധികളായി പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നത് (ഗലാ 4:21-31)ചരിത്ര പരതയെ നിഷേധിക്കാനല്ല.സമാനമായി ഈ വചന ഭാഗങ്ങളിലും പ്രതീകാത്മക വിവരണം യാഥാർത്ഥ്യത്തെ നിഷേധിക്കുന്നില്ല എന്നു വാദിക്കുന്ന പണ്ഡിതന്മാരുമുണ്ട്.

വെളി 12:1-13 ലെ പരാമർശമാണ് സാത്താന്റെ പതനത്തെക്കുറിച്ചുള്ള മറ്റൊരു സൂചന

1 kzÀK¯nÂ henb HcSbmfw ImWs¸«p: kqcys\
DSbmSbm¡nb Hcp kv{Xo. AhfpsS ]mZ§Ä¡SnbnÂ N\v{Z³.
inckvknÂ ]{´ïp \Ivj{X§ÄsImïpÅ IncoSw. 2 AhÄ
KÀ`nWnbmbncp¶p. {]khthZ\bmÂ AhÄ \ne hnfn¨p.
{]kht¢i¯mÂ AhÄ sRcp§n. 3 kzÀK¯nÂ
asämcSbmfw IqSn ImWs¸«p. CXm, AKv\nab\mb Hcp{K
kÀ¸w. AXn\p Ggp Xebpw ]¯p sIm¼pw. XeIfnÂ Ggp
IncoS§Ä. 4 AXns³d hmÂ BImi¯nse \Ivj{X§fnÂ





aq¶nsem¶ns\ hmcn¡q«n `qanbnte¡v Fdnªp. B kv{Xo
{]khn¡p¶ Ipªns\ hngp§m³ kÀ¸w AhfpsS ap¼nÂ
Im¯p\n¶p.5 AhÄ Hcm¬Ip«nsb {]khn¨p. kIe
P\]Z§sfbpw Ccp¼pZ¬UpsImïv `cn¡m\pÅh\mWv
Ah³ . AhfpsS inip ssZh¯ns³dbpw AhnSps¯
knwlmk\¯ns³dbpw ASpt¯¡v kwhln¡s¸«p.6 B
kv{Xo acp`qanbnte¡v HmSnt¸mbn. AhnsS Bbnc¯nbncp¶q
änbdp]Xp Znhkw Ahsf t]mäp¶Xn\p ssZhw kPvPam¡nb
Hcp kvYeapïmbncp¶p. 7 A\´cw, kzÀK¯nÂ Hcp
bpZv[apïmbn. anJmtbepw Ahs³d ZqX³amcpw kÀ¸t¯mSp
t]mcmSn. kÀ¸hpw Ahs³d ZqX³amcpw FXnÀ¯pbpZv[w
sNbvXp. 8 F¶mÂ, AhÀ ]cmPnXcmbn. AtXmsS kzÀK¯nÂ
AhÀ¡v CSanÃmXmbn.9 B henb kÀ¸w, kÀhtemIs¯bpw
h©n¡p¶ km¯ms\¶pw ]nimsN¶pw hnfn¡s¸Sp¶ B
]pcmX\kÀ¸w, `qanbnte¡p hens¨dnbs¸«p; Aht\mSpIqSn
Ahs³d ZqX³amcpw. 10 kzÀK¯nÂ Hcp henb kzcw
hnfn¨p]dbp¶Xp Rm³ tI«p: Ct¸mÄ \½psS ssZh¯ns³d
cIvjbpw iIvXnbpw cmPyhpw AhnSps¯ A`njnIvXs³d
A[nImchpw BKXambncn¡p¶p. Fs´¶mÂ, \½psS
ktlmZcsc Zpjn¡pIbpw cm]IÂ ssZhkaIvjw Ahsc
]gn]dbpIbpw sNbvXncp¶h³ hens¨dnbs¸«p. 11 AhcmIs«
IpªmSns³d cIvXw sImïpw kz´w kmIvjy¯ns³d hN\w
sImïpw Ahs³d taÂ hnPbw t\Sn. Poh³ \ÂIm\pw AhÀ
X¿mdmbn. 12 AXn\mÂ, kzÀKta, AXnÂ hkn¡p¶htc,
B\\vZn¡phn³. F¶mÂ, `qant, kap{Zta, \n§Ä¡p ZpcnXw!
Npcp§nb kabta Ahtijn¡p¶pÅq F¶dnªv Acniw
sImïp ]nimNp \n§fpsS ASpt¯¡v Cd§nbn«pïv.13 Xm³
`qanbnte¡v Fdnbs¸«p F¶p Iït¸mÄ, B¬Ip«nsb
{]khn¨ kv{Xosb At\zjn¨v kÀ¸w ]pds¸«p.

ദൈവത്തിന്റെ രക്ഷാ പദ്ധതിയെയും (ഉൽപ 3:1415) ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയും തടസ്സപ്പെടുത്താനും തകിടം മറിക്കാനുമുള്ള പിശാചിന്റെ പാഴ്ശ്രമങ്ങളെയാണ് വെളിപാടു ഗ്രന്ഥകാരൻ ഇവിടെ ദൃശ്യവൽക്കരിക്കുന്നത് എന്ന് അനുമാനിക്കാം. ഐതിഹ്യ കഥയിലെ മൂന്നിലൊരു ഭാഗം മാലാഖമാരെ സൂചിപ്പിക്കുന്നതാണ് "നക്ഷത്രങ്ങളിൽ മൂന്നിലൊരു ഭാഗം"എന്ന പരാമർശം എന്നു വ്യഖ്യാനിക്കുന്നവരുണ്ട്. നക്ഷത്രങ്ങൾ ഭൂമിയിലേക്ക് എറിയപ്പെട്ടത് പിശാചുകൾക്ക് ഭൂമിയിൽ അലഞ്ഞു നടക്കാൻ കിട്ടിയ ശിക്ഷയെ അനുസ്മരിപ്പിക്കുന്നതാണ് എന്നാണ് ഇക്കൂട്ടരുടെ വാദം. എന്നാൽ, ഇത്തരം ആനുഷംഗികവും അതിശയോക്തിപരവുമായ സാമ്യങ്ങൾ ആരോപിച്ച് ഈ വചന ഭാഗത്തെ പിശാചിന്റെ ഉത്ഭവകഥയുമായി താരതമ്യപ്പെടുത്താനാവില്ല.

ചുരുക്കത്തിൽ, പിശാചിന്റെ ഉത്ഭവത്തെക്കുറിച്ച് നിലനിന്നിരുന്ന ഐതീഹ്യങ്ങളെക്കുറിച്ച് പഴയനിയമ പുതിയനിയമ ഗ്രന്ഥകർത്താക്കൾക്ക് വ്യക്തമായ അറിവുകളുണ്ടായിരുന്നു. ഈ കഥയെ അവർ തങ്ങളുടെ വിവരണങ്ങളിൽ ആലങ്കാരികമായി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഐതിഹ്യത്തെ പിശാചിന്റെ ഉത്ഭവകഥയായി അവതരിപ്പിക്കാൻ വിശുദ്ധഗ്രന്ഥകാരൻമാർ ശ്രമിച്ചിരുന്നില്ല എന്നതു വ്യക്തമാണ്.

മറ്റു മൂന്നു വചനഭാഗങ്ങൾക്കൂടി സാത്താന്റെ പതനത്തെക്കുറിച്ച് വ്യക്തമായ സൂചനകൾ നൽകുന്നുണ്ട് (ലൂക്കാ10:17-20; വെളി 9:1-12, 12:1-13).വെളി 12:1-13 ന്റെ വ്യാഖ്യാനം ഈ ഗ്രന്ഥത്തിൽ അന്യത്ര ചേർത്തിട്ടുള്ളതിനാൽ ഇതര വചനഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

17 Fgp]¯ncïpt]cpw kt´mjt¯msS Xncn¨ph¶p ]dªp: IÀ¯mth, \ns³d \ma¯nÂ ]nimNp¡Ä t]mepw R§Ä¡p Iogvs¸Sp¶p.18 Ah³ ]dªp: km¯m³ kzÀK¯nÂ\n¶v CSnan¶Ât]mse \n]Xn¡p¶Xp Rm³ Iïp.19 CXm, ]m¼pIfpsSbpw tXfpIfpsSbpw i{Xphns³d kIe iIvXnIfpsSbpw aotX Nhn«n \S¡m³ \n§Ä¡p Rm³ A[nImcw X¶ncn¡p¶p. H¶pw \n§sf D]{Zhn¡pIbnÃ.20 F¶mÂ, ]nimNp¡Ä \n§Ä¡p IogS§p¶p F¶XnÂ \n§Ä kt´mjnt¡ïm; adn¨v, \n§fpsS t]cpIÄ kzÀK¯nÂ FgpXs¸«ncn¡p¶p F¶XnÂ kt´mjn¡phn³.

ഈശോയും പരസ്യ ജീവിതവും അതിന്റെ തുടർച്ചയായി ശിഷ്യരുടെ പ്രേഷിത പ്രവർത്തനവും നടക്കുന്നതിന്റെ ഫലമായി സാത്താന്റെ അധികാര കോട്ടകൾ തകർന്നു വീഴുന്നതിനെയാണ് ആകാശത്തുനിന്നു പതിക്കുന്ന ഇടിമിന്നലിനോട് ഇവിടെ ഉപമിക്കുന്നത്. പിശാചുക്കളെ ബന്ധിച്ചും ബഹിഷ്കരിച്ചുമുള്ള യേശുവിന്റെ പ്രവൃത്തികളാണ് പിശാചിന്റെ പതനത്തിനു നിമിത്തമാകുന്നത്. തന്മൂലം ഈ വചനഭാഗം പിശാചിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യത്തെ പ്രത്യക്ഷത്തിൽ സാധൂകരിക്കുന്നതായി കരുതാനാവില്ല.തുടർന്ന് വെളി 9:1-12 പരിശോധിക്കാം.

1 A©mas¯ ZqX³ Imlfw apg¡n. At¸mÄ BImi¯p\n¶p `qanbnte¡v Hcp \Ivj{Xw hogp¶Xp Rm³ Iïp. ]mXmfKÀ¯¯ns³d Xmt¡mÂ AXn\p \Âs¸«p.2 AXp ]mXmfKÀ¯w Xpd¶p. AhnsS\n¶p henb Xo¨qfbnÂ\n¶v F¶t]mse ]pIs]m§n.3 B ]pIsImïv kqcy\pw A´coIvjhpw Ccpïpt]mbn. B ]pIbnÂ\n¶p sh«pInfnIÄ `qanbnte¡p ]pds¸«p h¶p. `qanbnse tXfpIfptSXpt]mepÅ iIvXn Ahbv¡p \ÂIs¸«p.4 s\ddnbnÂ ssZh¯ns³d ap{ZbnÃm¯ a\pjyscbÃmsX aämscbpw, `qanbnse ]pÃns\tbm ]¨s¨SnIsftbm hrIvj§sftbm D]{Zhn¡cpsX¶v AhtbmSp IÂ]n¨p.5 a\pjysc sImÃm\Ã, A©pamkw ]oUn¸n¨p sRcp¡m\mWv Ahbv¡v A \phmZw \ÂIs¸«Xv.6 AhcpsS ]oU\amIs« tXfpIp¯pt¼mgt¯Xp t]mseXs¶. B \mfpIfnÂ a\pjyÀ acWs¯tXSpw; ]Ivtj, Isï¯pIbnÃ. AhÀ acn¡m³ B{Kln¡pw; F¶mÂ, acWw AhcnÂ\n¶v HmSnbIepw.7 sh«pInfnIÄ ]St¡m¸Wnª Ip XncIÄ¡p kZriambncp¶p. AhbpsS XebnÂ kzÀWIncoSw t]mse Ft´m H¶v. apJw a\pjyapJwt]msebpw.8 Ahbv¡p kv{XoIfptSXpt]mepÅ XeapSn. knwl§fptSXpt]mepÅ ]ÃpIÄ.9 Ccp ¼pIhN§Ä t]mepÅ iev¡§Ä, AhbpsS NndIpIfpsS i_vZw t]mÀ¡f¯nte¡p ]mbp¶ At\Iw AizcY§fpsS i_vZw t]mse.10 Ahbv¡p tXfp IfptSXpt]mse hmepw hnjapÅpw Dïmbncp¶p. Cu hmepIfnÂ A©pamkt¯¡p a\pjysc ]oUn¸n¡m³ t]m¶ iIvXnbpïmbncp¶p.11 ]mXmf¯ns³d ZqX\mWv AhbpsS cmPmhv. Ahs³d t]cv sl{_mb `mjbnÂ A_tZm³, {Ko¡p`mjbnÂ At¸mfntbm³.12 H¶mas¯ ZpcnXw IS¶pt]mbn cïp ZpcnX§ÄIqSn C\nbpw hcm\ncn¡p¶p.

ഈ വചനഭാഗത്തെ അടിത്തട്ടില്ലാത്ത ആഴങ്ങളിൽ പതിച്ചവനായി പിശാചിനെക്കുറിച്ചു പരമാർശിക്കുന്നത് പിശാചിന്റെ അറുതിയില്ലാത്ത പാപായക്തിയും നിത്യനാശത്തെയും സൂചിപ്പിക്കുന്ന പദപ്രയോഗമായി കരുതുന്നമാണ് കൂടുതൽ ഉത്തമം. ഈ അവസ്ഥയെ പിശാചിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യത്തിലെ പതനമായി വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടാണ്.20:1-3 ൽ പാതാളത്തിലെ ആഴങ്ങളുടെ താക്കാലുമായി വരുന്ന മാലാഖയെക്കുറിച്ചുള്ള സൂചന ഈ വ്യാഖ്യാനത്തെ ശരിവയ്ക്കുന്നുണ്ട്.

### അതിഭൗതികശാസ്ത്രം ( Metaphysics)

അതിഭൗതികയാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള താത്വികവിശകലനങ്ങളാണ് അതിഭൗതികശാസ്ത്രം. യാഥാർത്ഥ്യം,അസ്ഥിത്വം,സമയം,നിത്യത,സ്വർഗ്ഗം,ആത്മാവ് ഇവയെല്ലാം അതിഭൗതികശാസ്ത്രത്തിന്റെ വിചിന്തനവിഷയങ്ങളാണ്. അതിഭൗതികശാസ്ത്രം വിവിധ വിഭാഗങ്ങളായി

വേർപിരിഞ്ഞിട്ടുണ്ട്. യാഥാർത്ഥ്യം എന്നത് മനസ്സിന്റെ സൃഷ്ടിമാത്രമായ അതിഭൗതികങ്ങളാണെന്നു വാദിക്കുന്ന ആശയവാദവും (idealism) യാഥാർത്ഥ്യം മനസ്സിൽനിന്നു വ്യത്യസ്തവും സ്വതന്ത്രവുമായി നിലകൊള്ളുന്നതാണെന്നുവാദിക്കുന്ന യാഥാർത്ഥ്യവാദവും (realism) അതിഭൗതികവാദത്തിന്റെ വകഭേദങ്ങളാണ്. അതിഭൗതികവാദം യാഥാർത്ഥ്യത്തെ മൂർത്തം, അമൂർത്തം, സാർവ്വത്രികം എന്നിങ്ങനെ മൂന്നായി തരംതിരിക്കാറുണ്ട്. സ്ഥലത്തിലും സമയത്തിലും നിലകൊള്ളുന്നവയാണ് മൂർത്തമായവ (ഉദാ, കല്ല്, മരം, മനുഷ്യൻ). അമൂർത്തമായ സ്ഥലസമയങ്ങൾക്ക് അതീതമാണ് (ഉദാ, സംഖ്യകൾ, ആത്മാവ്). സാർവ്വത്രികങ്ങളാകട്ടെ വിവിധ മൂർത്ത യാഥാർത്ഥ്യങ്ങൾ ഒരുപോലെ കരുതുന്ന യാഥാർത്ഥ്യങ്ങളാണ് (ഉദാ, നിറങ്ങൾ, സ്ത്രീ - പുല്ലിംഗങ്ങൾ). യഥാർത്ഥത്തിൽ സാർവ്വത്രികങ്ങളില്ലെന്നു വാദിക്കുന്ന നാമവാദവും (nominalism) സാർവ്വത്രികങ്ങൾ അസ്ഥിത്വത്തിന്റെ അനിവാര്യതയാണെന്നു കരുതുന്ന യാഥാർത്ഥ്യവാദവും (realism) അതിഭൗതികവാദത്തിന്റെ ഉൾപ്പിരിവുകളാണ്. അസ്ഥിത്വത്തിൽ സത്തയും ഗുണങ്ങളും (Substance and accidents) ഉൾച്ചേർന്നിട്ടുണ്ടെന്ന് അതിഭൗതികവാദം സമർത്ഥിക്കുന്നു. (അപ്പത്തെ അപ്പമാക്കുന്നതെന്തോഅതുസത്തയും അപ്പത്തിന്റെ നിറവും രുചിയും അതിന്റെ ഗുണങ്ങളുമാണ്).